# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 11 | ലക്കം - 11 | തുലാം - 1194 | നവംബർ 2018




# തത്ത്വമസി

# എറണാകുളം കരയോഗം നവരാത്രി ആഘോഷം....





# ഉള്ളടക്കം

വാല്യം 11 | ലക്കം 11 | നവംബർ 2018


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 9 |
| വാസ്തു | 10 |
| ഭാരതത്തിലെ ഋഷികവികൾ | 11 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| മഹാഭാരത കഥ | 17 |
| വ്യക്തിവിശേഷം | 19 |
| പുതുജന്മം | 20 |
| ഹരിസുധാലഹരി | 24 |
| പാതഞ്ജലയോഗ ദർശനം | 25 |
| ഹാസ്യത്തിലെ ഭാഷ | 27 |
| സൂര്യൻ അസ്തമിക്കാത്ത രാവുകളുടെ നാട് | 32 |
| പറയാൻ ബാക്കിവെച്ചത് | 35 |
| കേരളക്ഷേത്രതത്ത്വവും ശൈലികളും | 37 |
| ആദരാഞ്ജലികൾ | 41 |
| നാമജപയാത്ര | 42 |
| ഭൂകമ്പവും സുനാമിയും | 43 |
| ധാർമ്മിക മൂല്യങ്ങൾക്ക് ശാസ്ത്രീയ അടിസ്ഥാനമുണ്ട് | 45 |
| വൈറ്റമിൻ ബി$_{12}$ (ആരോഗ്യരംഗം) | 47 |
| ഈശോപനിഷത്ത് - ആശയാനുവാദം | 49 |
| പ്രളയ ചിന്തകൾ | 50 |
| രണ്ടാം ജന്മം | 52 |
| മാസഫലം | 56 |
| മാട്രിമോണിയൽ | 57-66 |


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

## എഡിറ്റോറിയൽ

# രാഷ്ട്രഭരണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം

സൃഷ്ടികർത്താവ് ലോകത്തിലുള്ള ജീവികൾക്കൊക്കെയും ഒരേ രൂപം നല്കാതെ വ്യത്യസ്ഥ രൂപഭാവസ്വഭാവങ്ങൾ നല്കിയിരിക്കുന്നത് അവയ്ക്കോരോന്നിനും വ്യത്യസ്ഥമായ ധർമ്മാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാനുള്ളതുകൊണ്ടാണ്. ദൈവം കല്പിച്ചു തന്നിട്ടുള്ള നമ്മുടെ ഈ രൂപഭാവങ്ങൾക്കനുസരിച്ചുള്ള ധർമ്മനിഷ്ഠയോടുകൂടിയ കർമ്മാചരണങ്ങളുമായി ജീവിതം അനുഭവിച്ച് അതിന്റെ പൂർണ്ണതയിലെത്തിക്കുകയാണ് വേണ്ടത്. അല്ലാതെ എല്ലാ കാര്യങ്ങളിലും എല്ലാവർക്കും തുല്യത എന്നത് അസാദ്ധ്യമാണ് - അസംഭവ്യമാണ്. പരസ്പര അംഗീകാരത്തോടുകൂടിയ സമഭാവനയാണ് എല്ലായിടങ്ങളിലും ഉണ്ടാകേണ്ടത്. അതുണ്ടാകണമെങ്കിൽ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും- എല്ലാവർക്കും കുടുംബം മുതൽ ഭരണരംഗം വരെ സമത്വമുണ്ടായിരിക്കണം- സമസ്ത മേഖലകളിലും തുല്യപ്രാതിനിധ്യസ്വഭാവമുള്ള സമൂഹമുണ്ടാവണം.

വിദ്യാഭ്യാസം തൊഴിൽ നിയമനിർമ്മാണം നിയമപരിപാലനം തുടങ്ങിയ രംഗങ്ങളിൽ സ്ത്രീകൾക്ക് പുരുഷന് തുല്യമായ പ്രാതിനിധ്യം ഉണ്ടായെങ്കിൽ മാത്രമെ സമൂഹത്തിൽ സമത്വബോധം ഉണ്ടാവുകയുള്ളൂ. സ്ത്രീപുരുഷ സമത്വത്തിനുവേണ്ടി വാതോരാതെ പ്രസംഗിക്കുന്നവരുടെ തനിനിറം വ്യക്തമാകണമെങ്കിൽ ആ മേഖലകളിലെ സ്ത്രീസാന്നിദ്ധ്യം ഒന്ന് പരിശോധിക്കേണ്ടതാണ്. രാഷ്ട്രീയ പാർട്ടികളാൽ നിയന്ത്രിക്കപ്പെടുന്ന ഭരണസംവിധാനമാണല്ലോ

നമുക്കുള്ളത്. ഇന്ത്യയിൽ ഇന്നു നിലവിലുള്ള ഏതെങ്കിലും രാഷ്ട്രീയ പാർട്ടി അവരുടെ ഉന്നത സ്ഥാനങ്ങളിൽ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്ക് തുല്യ പ്രാതിനിധ്യം നല്കിയിട്ടുണ്ടോ ? ഇല്ല എന്നുള്ളതാണ് സത്യം. ഇനി ഭരണരംഗം പരിശോധിച്ചാലോ, നിയമനിർമ്മാണ സഭകളിൽ എത്ര ശതമാനമുണ്ട് സ്ത്രീ പ്രതിനിധികൾ. സംസ്ഥാന അസംബ്ലികളിലായാലും പാർലമെന്റിലായാലും സ്ത്രീസാന്നിദ്ധ്യം എത്രയോ കുറവാണ്. ഏതെങ്കിലും പാർട്ടി, ആകെ ജനസംഖ്യയുടെ പകുതിയുള്ള സ്ത്രീകൾക്ക് 50% സീറ്റ് മത്സരിക്കുവാനെങ്കിലും നല്കിയിട്ടുണ്ടോ? ഇതുവരെ അങ്ങനെ സംഭവിച്ചതായി അറിവില്ല. എന്നാൽ എല്ലാ രാഷ്ട്രീയക്കാരും സ്ത്രീപുരുഷ സമത്വത്തേക്കുറിച്ച് മത്സരിച്ചാണ് പ്രസംഗിക്കുന്നത്.

ഇനി നിയമ പരിപാലനരംഗമെടുത്താലോ അവിടെയും സ്ത്രീസാന്നിദ്ധ്യം പകുതിയുണ്ടോ? പോലീസ് വകുപ്പിൽ കുറെയൊക്കെ, നേർപകുതിയില്ലെങ്കിലും സ്ത്രീകൾക്ക് സ്ഥാനമാനങ്ങൾ നല്കുന്നുണ്ട്. എന്നാൽ നീതിന്യായം നടപ്പാക്കേണ്ട കോടതികളിൽ സ്ത്രീസാന്നിദ്ധ്യം- മജിസ്ട്രേറ്റുമാരുടെയും ജഡ്ജിമാരുടെയും ഒക്കെ പട്ടിക പരിശോധിച്ചാൽ മനസ്സിലാകും തുലോം കുറവാണെന്ന്. അതുകൊണ്ട് നിയമനിർമ്മാണം നടത്തുന്ന രാഷ്ട്രീയ നേതൃത്വത്തോട് ഒന്നേ അഭ്യർത്ഥിക്കുവാനുള്ളു, പ്രസംഗം പോരാ, പ്രവർത്തിയാണ് വേണ്ടത് എന്ന് . രാഷ്ട്രഭരണരംഗത്ത് സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചാൽ മാത്രമെ അവരിന്നനുഭവിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാവുകയുള്ളൂ. രാഷ്ട്രീയ നേതൃത്വമുൾപ്പടെ എല്ലാ സംഘടനകളിലും, സംസ്ഥാന നിയമസഭകളിലും, പാർലമെന്റിലും, മന്ത്രിസഭയിലുമെല്ലാം കൃത്യമായി സ്ത്രീകൾക്ക് തുല്യ പ്രാതിനിധ്യം ഉറപ്പാക്കുവാനുള്ള നിയമനിർമ്മാണം നടത്തുക - നടപ്പിലാക്കുക.

സ്ത്രീസാന്നിദ്ധ്യം എല്ലാ മേഖലകളിലും നിർബന്ധമായും തുല്യമായി ഉണ്ടാവേണ്ടതാണ്, അതിനുവേണ്ടി നിയമനിർമ്മാണം നടത്തേണ്ടതാണ് എന്ന ആവശ്യം ഉന്നയിക്കുന്നതിനോടൊപ്പം അടിയന്തിരമായി പ്രാധാന്യം കൊടുക്കേണ്ടത് സ്ത്രീസുരക്ഷയ്ക്കല്ലേ ? അതല്ലെ ഇന്നിന്റെ ആവശ്യം.

നമ്മുടെ നാട്ടിൽ ഇന്ന് സ്ത്രീക്ക് വേണ്ടത് പരിപൂർണ്ണ സുരക്ഷയാണ്, സുരക്ഷാബോധമാണ്. ഏത് പാതിരാവിലും ഏത് റോഡിലൂടെയും ഒറ്റയ്ക്ക് നടന്നു പോയാലും അവൾ ആക്രമിക്കപ്പെടുകയില്ല എന്ന അവസ്ഥ - അതാണ് ഇവിടെ ആദ്യം ഉണ്ടാകേണ്ടത്. അതിനുതകുന്ന അവബോധങ്ങളിലൂടെ നമ്മുടെ സമൂഹത്തിനെ ആ നിലയിലേക്ക് പരിവർത്തനം ചെയ്യുകയാണ് വേണ്ടത്. സാംസ്കാരികമായ ആ ഔന്നത്യത്തിലേയ്ക്ക് സമൂഹത്തെ ഉയർത്തിക്കൊണ്ടു വരുവാനുള്ള ശ്രമങ്ങളാണ് രാഷ്ട്രീയരംഗത്തും സാംസ്കാരിക മേഖലകളിലും പ്രവർത്തിക്കുന്നവരിൽ നിന്നും ഉണ്ടാകേണ്ടത്. ഉപരിപ്ലവങ്ങളായ മുദ്രാവാക്യങ്ങൾ കൊണ്ടോ, വികലമായ വിപ്ലവ മാർഗ്ഗങ്ങളിലൂടെയോ അല്ല. സ്ത്രീസുരക്ഷയും സമത്വവുമൊന്നും നേടിയെടുക്കേണ്ടത്. അത് ബോധപരിവർത്തനത്തിന്റെ പാതയിലൂടെയുള്ള ക്രമാനുഗതമായ പ്രയാണത്തിൽ സ്വാഭാവികമായും സംഭവിക്കുന്നതാണ്. അങ്ങനെയുള്ള പരിവർത്തനങ്ങൾ സംബോധനത്തിലൂടെയും സംവാദങ്ങളിലൂടെയുമാണ് ഉണ്ടാവേണ്ടത്. അല്ലാതെ അധികാരത്തിന്റെ അടിച്ചമർത്തലുകൾകൊണ്ട് ഒരു സുപ്രഭാതത്തിൽ എല്ലാം മാറ്റി മറിക്കാം എന്ന് ചിന്തിച്ചാൽ, അതനുസരിച്ച് പ്രവർത്തിച്ചാൽ ഫലം മറിച്ചാകും. ചിലപ്പോൾ ആദ്യം വിജയം അവർക്ക് ലഭിച്ചേക്കാം. പക്ഷേ അവസാനം അവർ ഒറ്റപ്പെടും. പരാജയത്തിന്റെ പടുകുഴിയിൽ പതിക്കുമെന്നതിൽ സംശയമില്ല.

**കരയോഗാംഗത്വം എടുക്കൂ**
**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**93 വർഷം സേവനപാരമ്പര്യമുള്ള ഈ സമുദായ സംഘടനയിൽ അംഗത്വം എടുക്കാനുള്ള അവസരം.**
**കരയോഗാംഗങ്ങളുടെ കുടുംബാഗംങ്ങളോ സുഹൃത്തുക്കളോ ആയവർക്ക് കരയോഗം നിയമാവലി അനുസരിച്ച് അംഗത്വം എടുക്കാനുള്ള അവസരം പ്രയോജനപ്പെടുത്തുക.**
***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***
Email: ekmkgm@gmail.com





# ജനറൽ സെക്രട്ടറിയുടെ പംക്തി

മതനിരപേക്ഷതയുടെ സൗഹൃദാന്തരീക്ഷത്തെ കലുഷിതമാക്കിയ ദിനങ്ങളാണ് കടന്നുപോയത്.സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ നിർബന്ധിതമാണെന്നും ആയത് അനുസരിക്കാൻ ഭാരതത്തിലെ ഓരോ പൗരനും കടമപ്പെട്ടവനുമാണെന്നും ഉള്ള ഉത്തമബോധ്യത്തോടു തന്നെയാണ് ഇത് ഇവിടെ കുറിക്കുന്നത്. ജനാധിപത്യ രാജ്യത്ത് എന്തു നിയമം നടപ്പിലാക്കുമ്പോഴും ജനങ്ങളുടെ സഹകരണത്തോടെ, അടിച്ചേല്പിക്കൽ ഒഴിവാക്കി, സമവായത്തോടെ, സാവകാശം കാര്യങ്ങൾ കൈകാര്യം ചെയ്യലാണ് ഒരു ജനകീയ സർക്കാരിന്റെ അല്ലെങ്കിൽ അതിന്റെ തലവന്റെ കടമ. ശബരിമലയിലെ സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട സമാധാനപരമായ പ്രതിഷേധത്തെ മനഃപൂർവ്വം കലാപമാക്കി മാറ്റി മർദ്ദിച്ചൊതുക്കുവാൻ ശ്രമിക്കുന്നത് തികച്ചും അപലപനീയമാണ്.അതിന് വഴിമരുന്നിടുകയും അവസരങ്ങളൊരുക്കുകയും ചെയ്യുന്ന രീതിയിൽ സർക്കാർ പ്രതിനിധികൾ പ്രകോപനപരവും നിന്ദ്യവും അധിക്ഷേപരൂപത്തിലുള്ളതുമായ പരാമർശങ്ങൾ നടത്തുന്നതും സംസ്ക്കാരത്തിന്റെ ഭാഗമല്ല എന്നും അത് പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയേയുള്ളൂ എന്നും മനസ്സിലാക്കി കൊടുക്കുവാൻ ഭരണകർത്താക്കളും അതിന്റെ തലവനും ശ്രമിക്കുന്നില്ല എന്ന് വളരെ സങ്കടത്തോടെ പറഞ്ഞുകൊള്ളട്ടെ.

കേരളത്തിലെ ആദ്യത്തെ ജനാധിപത്യ മന്ത്രിസഭ ഉണ്ടായപ്പോൾ അതിന്റെ ആദ്യത്തെ പാർലമെന്ററി യോഗം കൂടിയത് 1957 മാർച്ച് 25ന് എറണാകുളം കരയോഗത്തിന്റെ ടി.ഡി.എം.ഹാളിലായിരുന്നു. ഇഎംഎസ് നമ്പൂതിരിപ്പാട്, ജസ്ററിസ് വി.ആർ.കൃഷ്ണയ്യർ തുടങ്ങിയവരടങ്ങിയ ആദ്യമന്ത്രിസഭ രൂപം കൊണ്ടതും ഇവിടെ വെച്ചു തന്നെയാണ്. എറണാകുളം രവിപുരത്തുള്ള അതിപ്രശസ്തമായ ആലപ്പാട്ട് തറവാട്ടിൽ നിന്നുമാണ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുവാൻ ഏപ്രിൽ 4ന് ഇഎംഎസ് നമ്പൂതിരിപ്പാട് പുറപ്പെട്ടത് എന്നതും ചരിത്രം. ഈ പ്രസ്ഥാനങ്ങളും ഹൈന്ദവ ഭവനങ്ങളും അടക്കം സവർണ്ണർ എന്ന് ഇപ്പോൾ അധിക്ഷേപിക്കുന്ന നമ്പൂതിരി, നായർ സമുദായാംഗങ്ങൾ അക്കാലത്ത് ചെയ്ത സഹായങ്ങളെല്ലാം മറന്ന് നാല് വോട്ടിനു വേണ്ടി ഭൂരിപക്ഷമെന്നും ന്യൂനപക്ഷമെന്നും പറഞ്ഞ് ഹൈന്ദവ സമുദായത്തെയും അവന്റെ സംസ്ക്കാരത്തെയും ആചാരാനുഷ്ഠാനങ്ങളെയും ആരാധനാലയങ്ങളെയും തച്ചുടച്ച് തകർക്കുന്ന ഈ സമീപനം നല്ലതാണോ എന്ന് പുനഃപരിശോധിക്കുവാൻ ഇനിയും അവസരമുണ്ട്. അത് പാഴാക്കരുത്. ഞങ്ങൾക്ക് ഞങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ തുടരണമെന്നും അതാരെയും വേദനിപ്പിക്കുവാനോ ഇല്ലാതാക്കുവാനോ അല്ല എന്നും ഉറക്കെ പറയുമ്പോൾ സമാധാനാന്തരീക്ഷത്തിൽ അയ്യപ്പനാമം ജപിക്കുന്ന കോടാനുകോടി അമ്മമാരെയും ഭക്തൻമാരെയും കുട്ടികളെയും ഭീകരരെ വേട്ടയാടുന്നതു പോലെ ലാത്തിയും ബൂട്ടും ഉപയോഗിച്ച് അടിച്ചമർത്തുന്നത് ഭൂഷണമല്ല.

അയ്യപ്പനാമം ജപിച്ച എല്ലാവരേയും ആർഎസ്എസും സംഘപരിവാറുമായി അധിക്ഷേപിക്കുകയാണങ്കിൽ നിങ്ങൾക്ക് ഞങ്ങളെ സംഘപരിവാറാക്കി പ്രഖ്യാപിക്കാം. ഈ കലിയുഗത്തിൽ പ്രാർത്ഥനയാണ് ഏറ്റവും വലിയ പരിഹാരമെന്ന് വിശ്വസിക്കുന്ന ഹൈന്ദവ സമൂഹം പ്രാർത്ഥന എന്ന ആയുധം ശക്തിയായി ഉപയോഗിക്കുവാനും നിരന്തരമായ നാമജപത്തിലൂടെ ഈ സംസ്ക്കാരവും ആചാരങ്ങളും അനുഷ്ഠാനങ്ങളും ധർമ്മവും സംരക്ഷിക്കുന്നതിന് മരണം വരെ ഉണ്ടാവുമെന്ന് പ്രഖ്യാപിക്കുന്നതിൽ സന്തോഷമുണ്ട്. അയ്യപ്പന്റെ നാമത്തിൽ ഒരിക്കൽ കൂടി കേരളത്തിലെ ഭരണാധികാരികളോടുള്ള അഭ്യർത്ഥന സമവായത്തിലൂടെയും ചർച്ചയിലൂടെയും ശബരിമല പ്രശ്നം പരിഹരിക്കുന്നതിന് എല്ലാ വൈര്യവും ധാർഷ്ട്യവും വെടിഞ്ഞ് അടിയന്തിര നടപടി സ്വീകരിക്കണമെന്നതാണ്.

മേൽപറഞ്ഞ ശബരിമല വിഷയവുമായി ബന്ധപ്പെട്ട് 7.10.18ൽ എറണാകുളത്തെ വിവിധ സാമുദായിക സാംസ്ക്കാരിക നേതാക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടുകയും ടി യോഗത്തിൽ പ്രയാർ ഗോപാലകൃഷ്ണൻ, അജയ് തറയിൽ, ചേന്നാസ് ഡോ. ദിനേശൻ നമ്പൂതിരിപ്പാട്, ചേന്നാസ് സി.പി.നാരായണൻ നമ്പൂതിരിപ്പാട്, ബ്രഹ്മശ്രീ. പുലിയന്നൂർ ശശി നമ്പൂതിരിപ്പാട്, പുലിയന്നൂർ അനുജൻ നാരായണൻ നമ്പൂതിരിപ്പാട്, കെ. ശിവശങ്കരൻ, ഡോ.കെ.എസ്.രാധാകൃഷ്ണൻ, ശ്രീകുമാരി രാമചന്ദ്രൻ, ടി.ജി.പത്മനാഭൻ നായർ, ഹരികൃഷ്ണൻ പോറ്റി, ടി.വി.കൃഷ്ണമണി, പി.രാജേന്ദ്രപ്രസാദ്, വി.ആർ.നാരായണൻ,

അഡ്വ.ഗോവിന്ദ് ഭരതൻ, നാരായണൻ എമ്പ്രാൻ, പി.രംഗദാസപ്രഭു, സി.ജി.രാജഗോപാൽ, വിജയകുമാർ തന്ത്രി, മോഹനൻ കെ.പി., ടി. ആർ ഉണ്ണികൃഷ്ണ വാര്യർ, വെങ്കിട്ടരാമൻ, കെ.വി.ഭാസ്കരൻ, കെ.എൻ.രഘുനാഥൻ, ചപ്പാണി മുത്തു, സുകുമാരൻ തന്ത്രി, കിഷോർ ശ്യാംജി കുരുവ, ഡി.വിജയകുമാർ തുടങ്ങിയവർ പങ്കെടുക്കുകയും ചെയ്തു. ഈ യോഗ തീരുമാനപ്രകാരം 13.10.2018 ന് ജാതിമതഭേദമെന്യെ എല്ലാ അയ്യപ്പഭക്തൻമാരെയും പങ്കെടുപ്പിച്ചുകൊണ്ട് എറണാകുളം ശിവക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടയിൽ നിന്നും ഒരു നാമജപയാത്ര നടത്തി. 50,000 ലധികം മാളികപ്പുറങ്ങളും അയ്യപ്പൻമാരും പങ്കെടുത്ത നാമജപയാത്രയ്ക്ക് ഭരത് സുരേഷ്ഗോപി എം.പി, പ്രൊഫ.കെ.വി.തോമസ്.എം.പി., ബെന്നി ബെഹനാൻ യുഡിഎഫ് കൺവീനർ, ഹൈബി ഈഡൻ എംഎൽഎ, എൻ.വേണുഗോപാൽ, ഡോ.കെ.എസ്.രാധാകൃഷ്ണൻ, ചേന്നാസ് ഡോ.ദിനേശൻ നമ്പൂതിരിപ്പാട്, പന്തളം കൊട്ടാരം പ്രതിനിധി ശശികുമാർ വർമ്മ, ബിജു നാരായണൻ, വിജയ് മാധവ്, എസ്.ജെ.ആർ.കുമാർ, അജയ് തറയിൽ, പി. രങ്കദാസപ്രഭു, എം.എം.ഗോവിന്ദൻകുട്ടി, അഡ്വ.സുഭാഷ് ചന്ദ്, സി.ജി.രാജഗോപാൽ, കെ.കെ.പീതാംബരൻ മാസ്റ്റർ, രാഹുൽ ഈശ്വർ, ആലപ്പാട്ട് മുരളീധരൻ, പി.രാജേന്ദ്രപ്രസാദ്, കെ.പി.കെ.മേനോൻ, പി.രാമചന്ദ്രൻ, അഡ്വ.എ.ബാലഗോപാലൻ, കെ.ജനാർദ്ദനൻ തുടങ്ങിയവർ നേതൃത്വം നല്കി.

2018ലെ നവരാത്രി ആഘോഷമത്സരങ്ങളിൽ 4 വിഭാഗങ്ങളിലായി 1378 അപേക്ഷകർക്കായി, 45 ഇനങ്ങളിൽ സെപ്റ്റംബർ 9 മുതൽ ഒക്ടോബർ 14 വരെ കരയോഗത്തിന്റെ വിവിധ ഹാളുകളിലായി മത്സരങ്ങൾ നടത്തുകയുണ്ടായി. 428 വിജയികൾക്ക് ഒക്ടോബർ 19ന് കൂടിയ സമാപനയോഗത്തിൽ സമ്മാനം വിതരണം ചെയ്തു. അന്നേ ദിവസം 50 വർഷം കരയോഗാംഗത്വം പൂർത്തിയാക്കിയ അംഗങ്ങൾക്കും പ്രശസ്ത വിജയവും ഉന്നത സ്ഥാനമാനങ്ങൾ ലഭിച്ചവർക്കും കരയോഗം പ്രസിഡന്റ് ഉപഹാരം നല്കി.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ 'കിർമ്മീരവധം' കഥകളി നവംബർ 27, ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

മുൻലക്കത്തിൽ പ്രതിപാദിച്ചതുപോലെ എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടിയിൽ പ്രളയകെടുതി കാരണം മാറ്റി വച്ച ഓഗസ്റ്റ് മാസ പരിപാടിയായ സത്യൻ അച്ചതിന്റെ 'വെൻട്രിലോക്കിസം' നവംബർ മാസം 9-ാം തീയതി, വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നവംബർ മാസം 25, ഞായറാഴ്ച, വൈകുന്നേരം 5.00 മണിക്ക് 'ദ് പിയാനിസ്റ്റ്' എന്ന സിനിമയുടെ പ്രദർശനം നടത്തുന്നു.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

-ജനറൽ സെക്രട്ടറി


മാംഗല്യം

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**

***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**

**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**

**ഡി.എച്ച്.റോഡ്, കൊച്ചി 682 016**

**ഫോൺ: 0484 2361160 (Ext.32), 2369589**

**Web: www.karayogammangalyam.com/**

**www.karayogammangalyam.in**

**Email: ekmkgm@gmail.com**


## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ**

**ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ്**

**എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**





# ബാല ലോകം

**ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)**

പ്രിയപ്പെട്ട കൂട്ടുകാരെ,

ഈ മാസം രണ്ടു മൂന്നു വിശേഷദിനങ്ങൾ വരുന്നു. മലയാളഭാഷാവാരവും, ശിശുദിനവും, ദീപാവലിയും. നവംബർ ഒന്ന് മുതൽ ഒരാഴ്ച നാം മലയാളഭാഷാവാരം ആഘോഷിക്കുകയാണ്. കൂട്ടുകാരും ആ ദിവസങ്ങളിൽ മലയാളഭാഷയുടെ വളർച്ചയ്ക്ക് വേണ്ടി പരിശ്രമിക്കണം.

കെ.പി. കേശവമേനോൻ എന്ന പ്രഗത്ഭനായ വ്യക്തിയെക്കുറിച്ചു കൂട്ടുകാർ കേട്ടിട്ടുണ്ടോ? ഏറെ ചിട്ടയോടെ മലയാളഭാഷ കൈകാര്യം ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടപ്പോഴും എഴുത്തിന് ഒരു കുറവുമുണ്ടായിരുന്നില്ല. ഒരിക്കൽ പേനയിലെ മഷി തീർന്നപ്പോഴും അറിയാതെ അദ്ദേഹം എഴുതിക്കൊണ്ടിരുന്നുവത്രെ. ഒടുവിൽ പകർത്തി എഴുതുന്ന ആളാണ് ഇത് കണ്ടു പിടിച്ചു അദ്ദേഹത്തോട് പറഞ്ഞത്. അറിവിന്റെ ഖനി തേടുന്നവർക്കു ശരീരത്തിന്റെ പോരായ്മകളൊന്നും ഒരു പ്രശ്നമല്ലെന്നു കൂട്ടുകാർക്കു മനസ്സിലായല്ലോ?

ഒരു വിഷയത്തെക്കുറിച്ചു എന്തെങ്കിലും എഴുതാൻ തോന്നിയാൽ പല പുസ്തകങ്ങളും വായിക്കാൻ ശ്രമിക്കണം കേട്ടോ. അവിടെയാണ് കൂട്ടുകാരുടെ അറിവ് വർദ്ധിക്കുന്നത്.

ആദ്യം നവംബർ ഒന്ന്... (1956 ൽ) കേരളം എന്ന സംസ്ഥാനം രൂപീകൃതമായ സുദിനം . ഈ ദിവസം നമ്മൾ കേരളപ്പിറവിയായി കൊണ്ടാടുന്നു. കേരളം എന്ന പേരിന് കാരണമായത് ഇവിടുത്തെ കേരസമൃദ്ധിയാണെന്ന് കരുതപ്പെടുന്നു. മഹാവിഷ്ണുവിന്റെ ഒരു അവതാരമായി കരുതുന്ന പരശുരാമനുമായി ബന്ധപ്പെടുത്തിയുള്ള ഒരു പരാമർശം പണ്ട് മുതലേ പ്രചാരത്തിലുള്ളതിനാലാവാം ദൈവത്തിന്റെ സ്വന്തം നാട് എന്ന് നമ്മുടെ കേരളത്തെ വിശേഷിപ്പിക്കുന്നത്! അതിനുപരിയായി ഇവിടുത്തെ ജനനന്മയും സംസ്കാരവും ആതിഥ്യ മര്യാദയും ഏറെ ശ്ലാഘിക്കപ്പെട്ടിട്ടുള്ളതത്രെ. കേരളപ്പിറവി ആഘോഷങ്ങളുടെ ഭാഗമായി വർഷം തോറും കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിൽ പ്രസിഡന്റ്സ് ട്രോഫി വള്ളം കളി മത്സരം സംഘടിപ്പിക്കാറുണ്ട്.

തുടർന്ന്, നവംബർ 6 -ാം തീയതിയാണ് ഈ വർഷത്തെ ദീപാവലി. ദീപാവലി എന്നാൽ ദീപങ്ങളുടെ കൂട്ടം. ശ്രീകൃഷ്ണൻ നരകാസുരനെ വധിച്ച സംഭവം ആഘോഷിക്കുന്ന ദിവസമാണിത്. ശ്രീരാമന്റെ സ്ഥാനാരോഹണ ദിവസമായും ഇത് കണക്കാക്കപ്പെടുന്നു. ഏതായാലും തിന്മയാകുന്ന അന്ധകാരത്തിനു മുകളിൽ നന്മയാകുന്ന പ്രകാശത്തിന്റെ വിജയം എന്നത് തന്നെയാണ് ദീപാവലി നൽകുന്ന സന്ദേശം. കേരളം, തമിഴ്നാട്, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ വീടുകൾ ദീപം കൊണ്ടലങ്കരിച്ചും പുതു വസ്ത്രങ്ങളണിഞ്ഞും പടക്കം പൊട്ടിച്ചും മറ്റും ദീപാവലി ആഘോഷിക്കുന്നു. പിന്നെ നവംബർ 14. കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ട ശിശുദിനം. സ്വതന്ത്ര ഭാരതത്തിലെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രുവിന്റെ ജന്മദിനമാണന്ന്. കുട്ടികളെ ഏറെ സ്നേഹിച്ചിരുന്ന ഒരു മഹാനായ വ്യക്തിയായിരുന്നു അദ്ദേഹം. കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകി ഉത്തമ പൗരന്മാരായി വളർത്തിയെടുത്താൽ മാത്രമേ രാഷ്ട്രത്തിന്റെ ഭാവി സുരക്ഷിതമാവൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തിരുന്നു. കുട്ടികൾ സ്നേഹപൂർവ്വം ചാച്ചാനെഹ്റു (ചാച്ചാ =ചിറ്റപ്പൻ ) എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. കുഞ്ഞുങ്ങളോടുള്ള വാത്സല്യത്തിന്റെ പ്രതീകമായാവാം അദ്ദേഹം എന്നും ഒരു പനിനീർപ്പൂ വസ്ത്രത്തിൽ ചൂടിയിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജയിൽ വാസം അനുഭവിക്കുന്നതിനിടയിലാണ് അദ്ദേഹം മൂന്നു പ്രശസ്ത ഗ്രന്ഥങ്ങൾ രചിച്ചത്. വിശ്വചരിത്രാവലോകം, ആത്മകഥ, ഇന്ത്യയെക്കണ്ടെത്തൽ എന്നിവയാണ് ആ ഗ്രന്ഥങ്ങൾ. കുട്ടികൾക്ക് നല്ലൊരു വായനാനുഭവം തന്നെയാവും ഈ പുസ്തകങ്ങൾ. 1955 ൽ അത്യുന്നത രാഷ്ട്രബഹുമതിയായ ഭാരതരത്നം അദ്ദേഹത്തിന് നൽകപ്പെട്ടു.

## എറണാകുളം കരയോഗം
## 13.11.2018 മുതൽ 15.12.2018 വരെയുള്ള പരിപാടികൾ

| | | |
|---|---|---|
| 13.11.2018 ചൊവ്വ | 6.00 p.m. | : 'തപസ്സ്' പഠനശിബിരം - ആരംഭം |
| 14.11.2018 ബുധൻ | 6.00 p.m. | : 'തപസ്സ്' പഠനശിബിരം |
| 15.11.2018 വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | 6.00 p.m. | : 'തപസ്സ്' പഠനശിബിരം |
| 16.11.2018 വെള്ളി | 6.00 p.m. | : 'തപസ്സ്' പഠനശിബിരം |
| 17.11.2018 ശനി | 6.00 p.m. | : 'തപസ്സ്' പഠനശിബിരം |
| 18.11.2018 ഞായർ | 6.00 p.m. | : 'തപസ്സ്' പഠനശിബിരം |
| 19.11.2018 തിങ്കൾ | 6.00 p.m. | : 'തപസ്സ്' പഠനശിബിരം |
| 20.11.2018 ചൊവ്വ | 6.00 p.m. | : 'തപസ്സ്' പഠനശിബിരം |
| 21.11.2018 ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | 6.00 p.m. | : 'തപസ്സ്' പഠനശിബിരം |
| 22.11.2018 വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | 6.00 p.m. | : 'തപസ്സ്' പഠനശിബിരം |
| 23.11.2018 വെള്ളി | 6.00 p.m. | : 'തപസ്സ്' പഠനശിബിരം - സമാപനം |
| 24.11.2018 ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 25.11.2018 ഞായർ | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് -സിനിമപ്രദർശനം-ദ് പിയാനിസ്റ്റ് |
| 27.11.2018 ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ്- കഥകളി- |
| 28.11.2018 ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | 4.00 p.m. | : വിമൺസ് ഫോറം |
| 29.11.2018 വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 1.12.2018 ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 5.12.2018 ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 6.12.2018 വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 9.12.2018 ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| 12.12.2018 ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 13.12.2018 വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 14.12.2018 വെള്ളി | 6.30 p.m. | : ബീം ഡിസംബർ മാസ പരിപാടി- ഗസൽ, സൂഫി,ഖവാലി സംഗീത സന്ധ്യ- കാരവൺ,കൊച്ചി |
| 15.11.2018 ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |

## ശ്രീമന്നാരായണീയ ദിനം 2018

**2018 ഡിസംബർ 14-ാം തീയതി (വെള്ളിയാഴ്ച) നാരായണീയ ദിനത്തിൽ ശ്രീമതി രാജം. ആർ. മേനോന്റെ നേതൃത്വത്തിൽ ടി.ഡി.എം ഹാളിൽ രാവിലെ 7.30 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.**

**ജനറൽ സെക്രട്ടറി**





രാഗപരിചയം

# അഠാണ

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

29-ാമത്തെ മേളകർത്താ രാഗമായ ശങ്കരാഭരണത്തിന്റെ ജന്യരാഗമാണ് അഠാണ.

ആരോഹണം : സ രി മ പ നി സ

അവരോഹണം : സ നി ധ പ മ പ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു : ശ്രുതി രിഷഭം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു: ശ്രുതി ധൈവതം, കാകളി നിഷാദം

ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ക്രമമല്ലാതെ ഏഴും സ്വരങ്ങൾ വരുന്നതിനാൽ അഠാണ ഒരു ഔഡവ - വക്ര സമ്പൂർണ്ണ രാഗമാകുന്നു. ശങ്കരാഭരണത്തിൽ ഇല്ലാത്ത സാധാരണ ഗാന്ധാരവും (മ പ ഗ ാ മ പ ാ ) കൈശികി നിഷാദവും (പ ധ ധ നി നി സ -പ ധ നി പ) അന്യസ്വരങ്ങളായി വരുന്നതു കൊണ്ട് ഇതൊരു ദ്വി അന്യസ്വര ഭാഷാംഗ രാഗമാണ്.

എപ്പോൾ ആലപിച്ചാലും ശോഭിക്കുന്ന സർവ്വകാലിക രാഗം കൂടിയാണ് അഠാണ. വീരരസം ആണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്ന ഭാവം. മടുപ്പിക്കുന്ന ഒരു സംഗീത പരിപാടിയിൽ തന്നെ, അഠാണ രാഗം ആലപിക്കുന്നതിലൂടെ സദസ്സിന്റെ ഉന്മേഷം വീണ്ടെടുക്കാനാവുന്നതാണ്.

സംഗീതനൃത്ത നാടകങ്ങൾ, രാഗമാലിക തുടങ്ങിയവയ്ക്ക് അനുയോജ്യമായ രാഗമാണിത്. അഠാണ അപ്പയ്യർ എന്ന സംഗീതജ്ഞൻ അഠാണ രാഗം കൈകാര്യം ചെയ്യുന്നതിൽ നിപുണനായിരുന്നു എന്നു ചരിത്രം ഉണ്ട്. ഊത്തുക്കാട് വെങ്കട സുബ്ബയ്യരുടെ 'മധുര മധുര വേണുഗീതം' എന്ന കൃതി നൃത്തത്തിനു വേണ്ടി ഉപയോഗിച്ചു വരുന്നതായി കാണാം. 'ബാലകനകമയ' എന്നു തുടങ്ങുന്ന ത്യാഗരാജകൃതി സാഗര സംഗമം എന്ന ചലച്ചിത്രത്തിൽ ഉപയോഗിച്ചതായും കാണാം.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | |
|---|---|---|---|---|
| 1. ബൃഹസ്പതേ | - | ത്രിപുട | - | മുത്തുസ്വാമി ദീക്ഷിതർ |
| 2. നാരദ ഗാനലോല | - | രൂപകം | - | ത്യാഗരാജ സ്വാമി |
| 3. നീയിറങ്കായനിൽ | - | ആദി | - | പാപനാശം ശിവൻ |
| 4. സകലഗ്രഹബല | - | ഖണ്ഡചാപ്പ് | - | പുരന്ദര ദാസർ |
| 5. ശ്രീകുമാരനഗര | - | ആദി | - | സ്വാതിതിരുനാൾ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. നീ വിൺ പൂ പോൽ | - | ഇന്നലെ |
| 2. നാടൻ പാട്ടിന്റെ | - | ബാബുമോൻ |
| 3. കണ്ടതുണ്ടോ സഖീ (തുടക്കം) | - | മന്ത്രവാദി |
| 4. പ്രണയമലർക്കാവിൽ (ഗാനത്തിന്റെ തുടക്കം ) | - | മല്ലനും മാതേവനും |
| 5. ശങ്കര ദിഗ് വിജയം ('ഋഷികുലനിലയം' എന്നു തുടങ്ങുന്ന ഭാഗം) | - | ജഗദ്ഗുരു ആദിശങ്കരൻ |
| 6. ശ്രീമദ് ചന്ദന | - | അമ്മേ നാരായണ |
| 7. വർകിറാൽ ഉന്നൈ തേടി | - | തങ്കപ്പദുമൈ |
| 8. യാർ തരുവാർ ഇന്ത | - | മഹാകവി കാളിദാസ് |

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2018 നവംബർ മാസം 11-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

***ജനറൽ സെക്രട്ടറി***

വാസ്തു

# വാസ്തു

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

എറണാകുളം ടൗണിന്റെ കിഴക്കു ഭാഗത്ത് മനോഹരമായ ഒരു വീട് സന്ദർശിക്കാൻ ഇടവന്നു. ഉദ്ദേശം 6 ഏക്കർ സ്ഥലത്ത് 3 നിലകളിലായി പഴയശൈലിയിലുള്ള ഉദ്ദേശം നൂറ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വീടാണ്. പറമ്പ് കിഴക്കോട്ടും വടക്കോട്ടും തട്ടു തട്ടായി കിടക്കുന്നു. വീടിന്റെ വടക്കു കിഴക്കു മൂലയിൽ വലിയ ഒരു കുളവും, കുളിക്കടവും ഉണ്ട്. ഇപ്പോൾ താമസിക്കുന്നത് മൂന്നാമത്തെ തലമുറക്കാരാണ്. വീടിനോട് ചേർന്ന് വടക്കു ഭാഗത്ത് പ്രത്യേകം അടുക്കള, ഊണുമുറി , ജോലിക്കാർക്കു താമസിക്കാനുള്ള സ്ഥലം, തൊഴുത്ത് കിണർ എന്നിവയുണ്ട്. വീടിന്റെ കിഴക്കു ഭാഗം തെക്കു നിന്ന് വടക്കേ അറ്റം വരെ നല്ല വീതിയുള്ള വരാന്തയുണ്ട്.




മൂന്നു കൊല്ലം മുമ്പ്, വീട്ടിൽ ചെറിയ വ്യത്യാസങ്ങൾ വരുത്തി. അതായത് , വീട്ടിൽ കയറി വരാനുള്ള ചവിട്ടു പടി, വീടിന്റെ വടക്കുവശത്തു ള്ളതിന് പുറമേ, തെക്കു ഭാഗത്തു കൂടി പുതിയതായി ഉണ്ടാക്കി. തെക്കു കിഴക്കേ ഭാഗത്ത് കിടപ്പു മുറി പുറമെനിന്നും, വാതിൽ വെച്ച് ഓഫീസ് മുറിയാക്കി, അതിനോട് ചേർന്ന് വടക്കു ഭാഗത്ത് മഴവെള്ളം വീഴാൻ പാകത്തിന് നടുമുറ്റവും വീടിന്റെ പുറത്ത് വീടിന്റെ വടക്കു കിഴക്കേ ഭാഗത്ത് ഒരു മൂന്നു നില കെട്ടിടം പുതിയതായി പണി കഴിച്ചു. അതിന്റെ Ground Floor ൽ ആറു കാറുകൾ പാർക്ക് ചെയ്യാൻ പാകത്തിന് സൗകര്യപ്പെടുത്തി, അതിന് മുകളിലായി 2 നിലകൾ വേലക്കാർക്ക് താമസിക്കാൻ ശരിയാക്കി. അതിന്റെ മുന്നിലായി 4 കാലുള്ള മനോഹരമായ ഒരു സിറ്റൗട്ട് നിർമ്മിച്ചു.




കഴിഞ്ഞ രണ്ടു കൊല്ലമായി , കോടികൾ വരുമാനം ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ വരവ് കുറയുകയും പലതരത്തിലുള്ള വിഷമങ്ങളും അനുഭവപ്പെട്ടു തുടങ്ങി.

താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുകയുണ്ടായി.

വീട്ടിലേക്ക് കയറുന്ന പടി, കിഴക്കു തെക്കിന് പകരം, കിഴക്കു വടക്കുള്ളത് ഉപയോഗിക്കുക.

വീടിന്റെ മദ്ധ്യത്തിന്റെ തെക്കായി, പുതിയതായി ഉണ്ടാക്കിയ നടുമുറ്റം ഉയർത്തി പഴയപോലെ ഹാളിന്റെ ഒരു ഭാഗമായി ഉപയോഗിക്കുക. വീടിന്റെ വടക്കു - കിഴക്കു ഭാഗത്ത് കിഴക്കു പടിഞ്ഞാറായി പണിത പുതിയ മൂന്നു നില കെട്ടിടവും നാലു കാലിൽ പണിത സിറ്റൗട്ടും പൊളിച്ചുമാറ്റി വടക്കു കിഴക്കേ ഭാഗം പഴയ പടിയാക്കുക.

ധാരാളം പഴയ മനോഹരമായ വീടുകളിൽ (പൂർവ്വികന്മാരുണ്ടാക്കിയത് ) സുഖമായി ജീവിച്ചു കൊണ്ടിരിക്കുമ്പോൾ പുതിയ തലമുറ എന്തു ചെയ്യുമ്പോഴും പലപ്പോഴും കൂടുതൽ തവണ ചിന്തിച്ചു വേണം വീടിന്റെ ഭംഗി കൂട്ടുന്നത് സൗകര്യങ്ങൾ കൂട്ടുന്നതും, മാറ്റങ്ങൾ വരുത്തുന്നതും.

പലരും ധരിച്ചിരിക്കുന്നത് തെക്കു പടിഞ്ഞാറെ മൂലയിൽ മാസ്റ്റർ ബെഡ്റൂം വന്നാൽ അതിൽ കിടന്നാൽ എല്ലാവിധ ഗുണങ്ങളും ലഭിക്കുമെന്നാണ്. എന്നാൽ പല വീടുകളിലും, പല തരത്തിലുള്ള പ്രശ്നങ്ങൾക്ക് കാരണങ്ങൾ അതിന്റെ ശാസ്ത്രീയ വശം അറിയാത്തതുകൊണ്ടു മാത്രമാണ്.

ഇതിനോട് ഒന്നിച്ചു കൊടുത്തിരിക്കുന്ന സ്കെച്ച് കാണുക. South West Bedroom ന് വടക്കു കിഴക്കേ മൂലയിൽ വാതിലും തെക്കു ഭാഗത്ത് ചെറിയ ജനാലയും പടിഞ്ഞാറു ഭാഗത്ത് അലമാരകളും ആകുന്നു. North west bedroom ലെ സ്കെച്ച് പരിശോധിക്കുക. അതിൽ തെക്കു പടിഞ്ഞാറൻ കാറ്റ് കടന്ന് വടക്ക് കിഴക്കേ മൂലയിൽ കൂടി കടന്നു പോകുന്നതുകൊണ്ട് വീണ്ടും, വീണ്ടും കാറ്റു വന്നു

**(ശേഷം 16-ാം പേജിൽ)**





തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### തുകാറാം

എ.ഡി.1608 ൽ (1598 എന്നു മറ്റൊരുഭിപ്രായവും നിലവിലുണ്ട്) മഹാരാഷ്ട്രയിലെ ഒരു വൈശ്യകുടുംബത്തിലാണ് തുകാറാം ജനിച്ചത്. ആദ്യകാലത്ത് കുടുംബവ്യാപാരം ഏറ്റെടുത്തു നടത്തിപ്പോന്നു. 1630 ലെ ക്ഷാമത്തിൽ പത്നിയും ഏകപുത്രനും മരണത്തിനു കീഴടങ്ങിയത് തുകാറാമിനെ ദുഃഖിതനാക്കി. വ്യാപാരത്തിലുണ്ടായ നഷ്ടവും അദ്ദേഹത്തെ തളർത്തി. ലൗകികജീവിതം വെടിഞ്ഞ് അദ്ദേഹം ആത്മീയതയിലഭയം തേടി. ആദ്ധ്യാത്മികജീവിതത്തിനിടെ പുരാണങ്ങളും മറ്റനേകം പുണ്യഗ്രന്ഥങ്ങളും വായിച്ചുൾക്കൊണ്ടു. അദ്ദേഹത്തിന്റെ ഭക്തിഭാവം അഭംഗുകളായി വിരിഞ്ഞു. ആത്മീയാനുഭൂതിയുടെ അനന്തരഫലമായിരുന്നു 'മന്ത്രഗീത' എന്ന ഗീതാഭാഷ്യം. ജ്ഞാനേശ്വരിയോളം ഗൗരവമേറിയ ഒരു കൃതിയായിരുന്നില്ല ഇത്. ശൂദ്രനായ തുകാറാം പുരാണഗ്രന്ഥങ്ങൾ പഠിച്ചതും ഭഗവദ്ഗീതക്കു ഭാഷ്യം രചിച്ചതും ഏറെ വിമർശനങ്ങൾക്കു വഴിവെച്ചു. സംസ്കൃതകൃതികളെ മൊഴിമാറ്റം ചെയ്തതിനെ ചൊല്ലി ശത്രുക്കൾ അദ്ദേഹത്തെ കുറ്റപ്പെടുത്തി. വിമർശനങ്ങളുടെ കൊടുങ്കാറ്റടങ്ങിയതോടെ മന്ത്രഗീതയെ സാധാരണക്കാർ കൈനീട്ടി സ്വീകരിച്ചു. കൃതിയുടെയും രചയിതാവിന്റെയും ജനസമ്മതി അനുദിനം വർദ്ധിച്ചു. തുകാറാമിന് ധാരാളം ശിഷ്യന്മാരും അനുയായികളുമുണ്ടായി.

ഈർഷ്യപെരുത്ത ചില ബ്രാഹ്മണർ തുകാറാമിന്റെ അഭംഗുകളുടെ കയ്യെഴുത്തുപ്രതിയെടുത്ത് നദിയിലെറിഞ്ഞുകളഞ്ഞു. പ്രകോപിതനായെങ്കിലും അദ്ദേഹം ശാന്തത കൈവെടിഞ്ഞില്ല. സമൂഹത്തിലെ തിന്മകൾക്കെതിരെ അദ്ദേഹം നിശ്ശബ്ദം പോരാടി. ജാതിവ്യവസ്ഥയെയും കപടഭക്തിയെയും ബ്രാഹ്മണമേധാവിത്വത്തെയും വിമർശിച്ചു. അതോടെ വിപ്ലവകാരിയായ സാമൂഹ്യപരിഷ്കർത്താവ് എന്ന ഖ്യാതി നേടി. അഭംഗുകളിലൂടെ അദ്ദേഹം തന്റെ ദർശനങ്ങളെ വെളിപ്പെടുത്തി; സമൂഹത്തിലെ തിന്മകളെ എതിർത്തു. ഈശ്വരനെ സ്തുതിക്കാനും അദ്ദേഹം അഭംഗുകളെ പ്രയോജനപ്പെടുത്തി. ഭഗവാൻ വിഠലനായിരുന്നു അദ്ദേഹത്തിന്റെ ഉപാസനാമൂർത്തി.

വാർക്കരിഭക്തിസമ്പ്രദായത്തിന്റെ സുവർണ്ണദശയിലാണ് തുകാറാം ജീവിച്ചിരുന്നത്. അദ്ദേഹത്തിന്റെ കാവ്യസുധ മറാത്തിസാഹിത്യത്തെ ഉന്നതശ്രേണിയിലെത്തിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. ഏകദൈവസിദ്ധാന്തത്തിൽ വിശ്വസിച്ചുപോന്ന തുകാറാം പുരോഹിതവർഗത്തെ വിമർശിച്ചു. തുകാറാമിന്റെ അന്ത്യത്തെക്കുറിച്ച് വസ്തുനിഷ്ഠമായ രേഖകൾ ലഭ്യമല്ല. ശിഷ്യയായ ബഹിനാബായിയുടെ ആത്മകഥയിൽ ഗുരുവിന്റെ അൽഭുതസിദ്ധികളെക്കുറിച്ചു ചില സൂചനകൾ കാണാമെങ്കിലും അദ്ദേഹത്തിന്റെ സമാധിയെക്കുറിച്ച് അവരും മൗനം പാലിക്കുകയാണ്. ശകവർഷം 1571 ൽ (എ.ഡി. 1659) ധ്യാനാവസ്ഥയിലിരിക്കെ അദ്ദേഹത്തിന്റെ ആത്മാവ് ഈശ്വരനിൽ വിലയം പ്രാപിച്ചു എന്ന വിശ്വാസത്തിനാണ് പ്രാബല്യം.ഇന്നും മഹാരാഷ്ട്രജനതക്ക് ഭാഗവതധർമ്മമെന്നാൽ തുകാറാമും അദ്ദേഹത്തിന്റെ രചനകളുമാണ്.

### രാംദാസ്

സഗുണഭക്തിയുടെ പ്രചാരകനെന്ന നിലക്കാണ് രാംദാസ് മഹാരാഷ്ട്ര ജനതയുടെ ആത്മീയ ജീവിതത്തെ സ്വാധീനിച്ചത്. ധനുർധാരിയായ ശ്രീരാമനെയും ഹനുമാനെയും ഉപാസിച്ച രാംദാസ് ഏകനാഥിന്റെ ദർശനങ്ങളുടെ പ്രചാരകനായിരുന്നു. എ.ഡി. 1608 – ൽ ഭൂജാതനായ രാംദാസ് കുട്ടിക്കാലത്തുതന്നെ സ്വഗൃഹമുപേക്ഷിച്ചിറങ്ങി. ആദ്ധ്യാത്മികസത്യം തേടി വർഷങ്ങളോളം പല ദിക്കിലും അലഞ്ഞുതിരിഞ്ഞു. യോഗ്യനായ ഒരു ഗുരുവിനെത്തേടി പുണ്യതീർത്ഥങ്ങളിൽ ചുറ്റിനടന്നു. എ.ഡി.1644–ൽ അദ്ദേഹം കൃഷ്ണാനദീതടത്തിലെത്തി. ശാന്തസുന്ദരമായ നദിയും പരിസരവും അദ്ദേഹത്തിനു ബോധിച്ചു. അവിടെ താമസിച്ചുകൊണ്ടാണ് സമാധിയാകുവോളം അദ്ദേഹം തന്റെ ആത്മീയദർശനങ്ങളെ പ്രചരിപ്പിച്ചത്. 'ദാസബോധ'യാണ് രാംദാസിന്റെ പ്രമുഖകൃതി. ഗുരുവും സന്യാസിയും തമ്മിലുള്ള അന്തരം, ഭക്തിയുടെ ഒമ്പതു ഭാവങ്ങൾ, മോക്ഷം, അർദ്ധനാരീശ്വരഭാവം തുടങ്ങിയ വിഷയങ്ങളിലേക്ക് ഈ കൃതി വെളിച്ചം വീശുന്നു. ധാർമ്മികമൂല്യങ്ങളെക്കുറിച്ചും പുരുഷാർത്ഥത്തെക്കുറിച്ചും ദാസബോധയിൽ ദീർഘമായ വിവരണങ്ങൾ കാണാം. രചനകളിൽ അദ്ദേഹം സാമൂഹ്യ

വിമർശനത്തിനും മുതിരുന്നുണ്ട്.രാമായണകാണ്ഡങ്ങൾ, ആനന്ദവൻ-ഭുവൻ അഥവാ ഭവിഷ്യപുരാണം, കരുണാഷ്ടക്, മനാംചെശ്ലോക് തുടങ്ങിയവയാണ് രാംദാസിന്റെ പ്രമുഖകൃതികൾ. മൂല്യച്യുതിയിൽനിന്നു സമൂഹത്തെ രക്ഷിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. മറാത്തി സിംഹമായ ശിവജിയുടെ സമകാലികനായിരുന്നു രാംദാസ്. 'പൊവഡകൾ' രചിച്ച് ശിവജിയെയും രാജമാതാവായ ജീജാബായിയെയും പ്രീതിപ്പെടുത്തിയ അഗ്നിദാസും (അജ്നൻദാസ്) രാംദാസിന്റെ സമകാലികനായിരുന്നു. എ.ഡി. 1680 -ൽ ശിവജി ദിവംഗതനായി. കൃത്യം ഒരുവർഷത്തിനുശേഷം 1681-ൽ രാംദാസ് സമാധിയായി. അദ്ദേഹത്തിന്റെ അനുയായികൾ സ്വയം രാമദാസന്മാർ എന്നു വിശേഷിപ്പിക്കയും ഗുരുവിന്റെ ദർശനങ്ങളെ പ്രചരിപ്പിക്കയും ചെയ്തു. ജയരാംസ്വാമി, രംഗനാഥസ്വാമി, കേശവസ്വാമി, അനന്തമൂർത്തിബ്രാഹ്മണൽകർ എന്നിവർ പ്രമുഖ രാമദാസന്മാരാണ്. കല്ല്യാൺ, ഉദ്ദവ്, വേണാബായി എന്നിവർ രാംദാസിന്റെ ശിഷ്യരിൽ പ്രമുഖരായിരുന്നു.

**സദ്ഗുരുനാംദേവ്**

മഹാരാഷ്ട്രയിലെ ഋഷികവികൾക്കിടയിൽ പ്രമുഖസ്ഥാനമലങ്കരിക്കുന്ന വ്യക്തിയാണ് സന്ത് നാംദേവ്. സദ്ഗുരു എന്നു വാഴ്ത്തപ്പെടുന്ന ഇദ്ദേഹം ഛീപിജാതി എന്ന അധഃകൃതവർഗത്തിൽപ്പെടുന്നു. മഹാരാഷ്ട്രയിലെ സത്താറ ജില്ലയിൽപ്പെട്ട നരസീബമനി എന്ന കൊച്ചുഗ്രാമത്തിൽ എ.ഡി. 1327-ൽ ജനിച്ചു. തയ്യൽക്കാരനായ ദാമാശേറും ഗോനാബായിയുമായിരുന്നു മാതാപിതാക്കൾ. അമ്മ പറഞ്ഞുകൊടുത്ത പുരാണകഥകളും ഗ്രാമത്തിലെ സന്യാസിമാരുമായുണ്ടായ സമ്പർക്കവും ബാല്യത്തിൽത്തന്നെ നാംദേവിനെ ഭക്തിമാർഗ്ഗത്തിലേക്കു നയിച്ചു.

ഹരിഭക്തനായ ദാമാശേറ് വീട്ടിൽ ഒരു കൃഷ്ണവിഗ്രഹം സൂക്ഷിച്ചിരുന്നു. അതിനുമുമ്പിൽ ഭക്തിപൂർവ്വം പാൽ നിവേദിക്കുക അദ്ദേഹത്തിന്റെ നിത്യശീലമായിരുന്നു. ഒരുനാൾ അദ്ദേഹത്തിന് അത്യാവശ്യമായി ഒരു യാത്ര പോവേണ്ടി വന്നു. കൃഷ്ണവിഗ്രഹത്തിനു പാൽ നേദിക്കാൻ അദ്ദേഹം നാംദേവിനെ ചുമതലപ്പെടുത്തി. 'ഉണ്ണികൃഷ്ണനെക്കൊണ്ട് പാൽ മുഴുവൻ കുടിപ്പിക്കണം കേട്ടോ!' അദ്ദേഹം കൊച്ചുമകന്റെ ചുരുൾ മുടിയിൽ വിരലോടിച്ചുകൊണ്ട് ഓർമ്മപ്പെടുത്തി. 'അക്കാര്യം ഞാനേറ്റു അച്ഛാ,' നാംദേവ് പുഞ്ചിരിയോടെ അച്ഛനെ യാത്രയാക്കി.

പിറ്റേന്നു രാവിലെ നാംദേവ് കൊച്ചുമൊന്തയിൽ പാലുമായി വിഗ്രഹത്തിന്റെ മുമ്പിലെത്തി. 'കൃഷ്ണാ പാൽ കുടിക്ക്,' കുട്ടി വിഗ്രഹത്തോട് അപേക്ഷിച്ചു. കരിങ്കൽ വിഗ്രഹമുണ്ടോ പാൽ കുടിക്കുന്നു.? 'കൃഷ്ണാ പാൽ കുടിക്ക് ; ഇല്ലെങ്കിൽ അച്ഛൻ വന്നാൽ കോപിക്കുമേ' കൊച്ചുനാംദേവ് വീണ്ടും അപേക്ഷിച്ചു. എന്നിട്ടും വിഗ്രഹം അനുസരിച്ചില്ല. 'നിനക്കും വഴക്കുകേൾക്കും; എനിക്കും വഴക്കുകേൾക്കും', അവൻ പരിഭവിച്ചു. വിഗ്രഹം വായ് തുറന്നില്ല. നാംദേവ് കരയാൻ തുടങ്ങി. പെട്ടെന്ന് മൊന്തയിലെ പാൽ കുറേശ്ശെ കുറെശ്ശെയായി അപ്രത്യക്ഷമായി - ആരോ വലിച്ചു കുടിച്ചപോലെ! 'രക്ഷപ്പെട്ടു! ഇനി നമുക്കു രണ്ടാൾക്കും വഴക്കുകേൾക്കേണ്ടി വരില്ലല്ലോ!' നാംദേവ് ആശ്വാസപൂർവ്വം മൊന്ത കഴുകി കമിഴ്ത്തി. വൈകുന്നേരം വീട്ടിൽ മടങ്ങിയെത്തിയ ദാമാശേറ് വിവരമറിഞ്ഞു. തന്റെ പുത്രൻ ദൈവാനുഗ്രഹം ലഭിച്ച കുഞ്ഞാണെന്നറിഞ്ഞ അദ്ദേഹം ആഹ്ലാദിച്ചു.സ്വന്തം കൃതികളിൽ നാംദേവ് ബാല്യത്തിലുണ്ടായ ഈ അനുഭവത്തെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്. എട്ടു വയസ്സുതികഞ്ഞപ്പോൾ മാതാപിതാക്കൾ നാംദേവിന്റെ വിവാഹം നടത്തി.കൗമാരമെത്തിയതോടെ ചില കൂട്ടുകെട്ടുകളിലകപ്പെട്ട നാംദേവ് ദുർവൃത്തനായിത്തീർന്നു. വീടുകളിൽ കയറി കൊള്ളയടിക്കുകയായിരുന്നു ഈ സംഘത്തിന്റെ പ്രധാനതൊഴിൽ.ഒരുനാൾ അവിചാരിതമായി നാംദേവ് ഒരു ക്ഷേത്രത്തിലെത്തി. അവിടെ ഒരു കോണിൽ ഒരു യുവതിയെയും തൊട്ടരുകിലായി തളർന്നു കിടക്കുന്ന അവളുടെ നാലു വയസ്സുകാരൻ കുഞ്ഞിനെയും കണ്ടു. നാംദേവ് അവരെത്തന്നെ ശ്രദ്ധിച്ചുകൊണ്ട് മാറിനിന്നു. അതിനിടെ ധനികനായ ഒരു ഭക്തൻ ധാരാളം മധുരപലഹാരങ്ങളും പായസവുമൊക്കെയായി അമ്പലത്തിലെത്തി. ഭക്ഷ്യപേയവസ്തുക്കൾ ഭഗവാനുമുമ്പിൽ നിരത്തിവെച്ചതിനുശേഷം അയാൾ പ്രാർത്ഥനയിൽ മുഴുകി. യുവതിയുടെ കുഞ്ഞ് ആർത്തിയോടെ മധുരപലഹാരങ്ങളിലേക്കുനോക്കി. വിശപ്പുസഹിയാതെ അവൻ കരഞ്ഞുതുടങ്ങി. യുവതി അവനെ ശകാരിച്ചു. ഇതെല്ലാം നിരീക്ഷിച്ചുകൊണ്ടുനിന്ന നാംദേവ് യുവതിയെ സമീപിച്ചു. ദുഷ്ടന്മാരായ ചില തസ്കരന്മാർ തന്റെ ഭർത്താവിനെ വധിച്ചുവെന്നും തങ്ങളുടെ ധനമെല്ലാം അപഹരിച്ചെന്നും അവൾ കണ്ണീരോടെ അറിയിച്ചു.

'വീടും ജീവിതമാർഗ്ഗവും നഷ്ടപ്പെട്ട ഞങ്ങൾക്ക് ഈ ക്ഷേത്രമല്ലാതെ മറ്റൊരാശ്രയമില്ല. അന്തിയുറങ്ങാനിടമായെങ്കിലും എന്റെ കുഞ്ഞ് പട്ടിണി കിടക്കേണ്ടിവരുന്നതാണ് സങ്കടം', അവൾ ഏങ്ങിയേങ്ങി കരഞ്ഞു.

നാംദേവ് നടുങ്ങിപ്പോയി. ഏതാനും ദിവസം മുമ്പ് താനും സംഘവും ചേർന്നു നടത്തിയ പാതകത്തിന്റെ ഇരകളാണ് മുമ്പിൽ നിൽക്കുന്നത്! എത്ര വലിയ പാപമാണ് തങ്ങൾ പ്രവർത്തിച്ചത്! അദ്ദേഹത്തിന്റെ ഹൃദയം തകർന്നു. പശ്ചാത്താപത്താൽ വിവശനായ നാംദേവ് ക്ഷേത്രത്തിൽ നിന്നിറങ്ങിയോടി,





പണ്ഡർപൂരിലെ വിഠോബ സന്നിധിയിൽ ചെന്നുവീണു. പശ്ചാത്താപത്തിന്റെ കണ്ണീർകൊണ്ട് ഭഗവാന്റെ തൃപ്പാദങ്ങൾ കഴുകി. ഉൾക്കണ്ണു തുറന്ന അദ്ദേഹം ഭക്തിമാർഗത്തിലൂടെ ചരിക്കാനുറച്ചു.ഗുരുവിനുവേണ്ടിയുള്ള അന്വേഷണം അദ്ദേഹത്തെ ഒരു ശിവാലയത്തിലെത്തിച്ചു. അവിടെ ശിവലിംഗത്തിനുമേൽ കാൽകയറ്റിവെച്ചു വിശ്രമിക്കുന്ന ബിസോബഖേചർ എന്ന സന്യാസിയെ കണ്ടു.

'ഞാനെന്തു ചെയ്യാൻ? എവിടേക്കു തിരിഞ്ഞു കിടന്നാലും ഈ ശിവലിംഗം എന്റെ പാദം തേടി വരുന്നു', ഖേചർ അറിയിച്ചു. അതിയോഗ്യനായ ഒരു ഗുരുവിന്റെ മുന്നിലാണ് താൻ നിൽക്കുന്നതെന്നു മനസ്സിലായ നാംദേവ് അവിടെവെച്ചുതന്നെ ഖേചറിനെ ഗുരുവായി വരിച്ചു.

പിൽക്കാലത്ത് പ്രമുഖനായ സന്ത് ജ്ഞാനേശ്വറിനെ പരിചയപ്പെട്ടു. അവർക്കിടയിൽ ഗാഢമായ സൗഹൃദം ഉടലെടുത്തു.(ചില ഗവേഷകർ നാംദേവിനെ സന്ത്ജ്ഞാനേശ്വറിന്റെ ശിഷ്യനായി പരിഗണിക്കുന്നു) ജ്ഞാനേശ്വറും ശിഷ്യരുമൊത്ത് നാംദേവ് പഞ്ചാബ്, ഗുജറാത്ത് തുടങ്ങിയ ദേശങ്ങളിൽ തീർത്ഥയാത്രചെയ്തു. പണ്ഡർപൂർ എത്തിയപ്പോൾ വിഠോബാ ക്ഷേത്രത്തിൽത്തങ്ങി.ക്രമേണ വിഠലഭക്തി പ്രചരിപ്പിക്കാൻ തുടങ്ങി. വിഠോബയെ പ്രകീർത്തിച്ച് മറാഠിയിൽ ഒട്ടേറെ അഭംഗുകൾ രചിച്ചു. സരളഭക്തിയായിരുന്നു ഈ കൃതികളുടെ മുഖമുദ്ര. ഹിന്ദിയിലും അദ്ദേഹം നിരവധി ഗീതങ്ങൾ രചിച്ചു. സിക്ക്മതഗ്രന്ഥമായ ഗുരു ഗ്രന്ഥ്സാഹെബിൽ 'നാംദേവി ദി മുഖ്ബാനി' എന്ന പേരിൽ നാംദേവിന്റെ രചനകൾ ഉൾപ്പെടുത്തിക്കാണാം.ആദി, തീർത്ഥാവലി, സമാധി എന്നീ മൂന്നുഖണ്ഡങ്ങളടങ്ങിയ രചനയിൽ സന്ത്ജ്ഞാനേശ്വറിനെയാണ് പ്രകീർത്തിക്കുന്നത്. നിർഗുണഭക്തിയുടെ പാത തിരഞ്ഞെടുത്തതോടെ, അദ്ദേഹം വാർക്കരി സമ്പ്രദായം ആവിഷ്കരിച്ചു. പരമാത്മാവിന്റെ സാധകനെന്നനിലക്ക് അദ്ദേഹം ഈശ്വരനെ രാമൻ, കേശവൻ, വിഠൽ, മുരാരി, റഹിം, കരിം, അള്ളാഹ് എന്നെല്ലാം സംബോധന ചെയ്തു. ആദ്യകാലകൃതികളിൽ അജാമിളൻ, പൂതന, ദ്രൗപദി, അഹല്യ മുതലായവരെ ഉദ്ധരിച്ച് ഹരിയെ വാഴ്ത്തി. കൃഷ്ണനെ ഹിരണ്യകശിപുഹന്താ, കേശിനിഷൂദനൻ, കാളിയമർദ്ദകൻ എന്നെല്ലാം പാടിപ്പുകഴ്ത്തി.

ഒരിക്കൽ സുൽത്താൻ മുഹമ്മദ്ബിൻ തുഗ്ളക്ക് നാംദേവിനെ പരീക്ഷിക്കാനുറച്ചു. ചത്തുകിടന്ന ഒരു പശുവിനെ പുനരുജ്ജീവിപ്പിക്കുക എന്ന് സുൽത്താൻ നാംദേവിനോടു കൽപ്പിച്ചു. 'ഇല്ലെങ്കിൽ കൊമ്പനാനയുടെ ചവിട്ടേറ്റു മരിക്കുക!' സുൽത്താൻ ഗർജ്ജിച്ചു. നാംദേവിന് പശുവിനെ ജീവിപ്പിക്കാനായില്ല. സുൽത്താന്റെ കൽപ്പനപ്രകാരം സൈനികർ മദമിളകിയ ഒരു കൊമ്പനെ നാംദേവിനു നേർക്കഴിച്ചുവിട്ടു. കൊലവിളിയോടെ പാഞ്ഞടുത്ത ആന നാംദേവിനു മുമ്പിൽ കൊമ്പുകുത്തി. അടുത്തക്ഷണം ഭഗവൽപ്രസാദത്താൽ ചത്ത പശുവിനു ജീവൻ വീണ്ടുകിട്ടി. പ്രസന്നനായ സുൽത്താൻ നാംദേവിനെ അംഗീകരിച്ചു. (മുഹമ്മദ്ബിൻ തുഗ്ലക്കല്ല ഫിറോസ് തുഗ്ലക്കാണ് നാംദേവിനെ പരീക്ഷിച്ചതെന്ന് ചില ഗവേഷകർ കരുതുന്നു. ബീദർ സുൽത്താനാണു പരീക്ഷിച്ചതെന്നു വിശ്വസിക്കുന്നവരുമുണ്ട്.)

ഒരിക്കൽ സാക്ഷാൽ ഭഗവാൻ നാംദേവിന്റെ പുരമേഞ്ഞുകൊടുത്തതായ ഒരു കഥ ഗ്രാമീണർക്കിടയിലുണ്ട്.

മറ്റൊരു കഥ ഇങ്ങനെ: വിഠോബക്ഷേത്രത്തിൽ ഒരുനാൾ ദർശനത്തിനെത്തിയ നാംദേവിനെ ബ്രാഹ്മണർ തടഞ്ഞു. ദുഃഖിതനായ നാംദേവ് ക്ഷേത്രത്തിന്റെ പിന്നാമ്പുറത്തു ചെന്നു വിങ്ങിപ്പൊട്ടി. പൊടുന്നനെ ക്ഷേത്രമതിലിന്റെ പിൻഭാഗം പിളരുകയും ശ്രീകോവിൽ പിന്നാക്കം തിരിയുകയും ചെയ്തു. പിളർപ്പിലൂടെ നാംദേവ് ഭഗവാനെ കൺകുളിർക്കെ കണ്ടുതൊഴുതുവത്രേ!

ഹിന്ദിയിലും മറാഠിയിലുമായി നാംദേവിന്റെ 120 കൃതികൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ 61 എണ്ണം ഗുരുഗ്രന്ഥസാഹെബ്ബിൽ ഉൾപ്പെടുത്തിക്കാണാം.

സമകാലികസമൂഹത്തിൽ പ്രചാരമുള്ള നാടൻ ഭാഷയിലാണ് നാംദേവ് അഭംഗുകൾ രചിച്ചത്; അപൂർവ്വം ചില കൃതികൾ ഖഡീബോലിയിലും രചിച്ചു! രചനകളിൽ മസ്കീൻ, ഗനി, ദീഗർ, ദാനാ, ബീനാ, കുജാ, ആമദ് തുടങ്ങിയ പാർസി പദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. ഹിന്ദികൃതികളിൽ മറാഠി ഭാഷയുടെ സ്വാധീനവും കാണാം.

ഉത്തരദിക്കുകളിൽ ദീർഘമായ യാത്രകൾ ചെയ്തതിനിടെ കുറച്ചുകാലം നാംദേവ് ഹരിദ്വാറിൽ തങ്ങി. അന്നദ്ദേഹത്തിന് ഏകദേശം 55 വയസ്സായിരുന്നു പ്രായം. ഏതാനും വർഷങ്ങൾക്കുശേഷം അദ്ദേഹം പഞ്ചാബിലേക്കുപോയി. അവിടെ ഗുർദാസ്പൂർ ജില്ലയിലെ ബടാലാ താലൂക്കും പ്രകൃതിഭംഗിയും അദ്ദേഹത്തെ ഏറെ ആകർഷിച്ചു. അവിടെ ഒരു തടാകക്കരയിൽ അദ്ദേഹം ആശ്രമം കെട്ടിപ്പാർത്തു. ഇവിടെ വെച്ച് എ.ഡി. 1407-ൽ അദ്ദേഹം പരമപദംപൂകി. ഈ ഗ്രാമം പിൽക്കാലത്ത് 'ഘമൻ' എന്ന പേരിൽ അറിയപ്പെട്ടു. ഇന്നും ഘമൻവാസികൾ മാഘമാസം തോറും നാംദേവിന് ശ്രദ്ധാഞ്ജലി അർപ്പിച്ചുപോരുന്നു.നാംദേവിന്റെ സമാധിയോടെ വാർക്കരിസമ്പ്രദായം ശോഷിച്ചു പോയെങ്കിലും ഗൂർദാസ്പൂർ,ജലന്ധർ, ഹിസാർ തുടങ്ങിയ ജില്ലകളിൽ ഇന്നും നാംദേവിന്റെ അനുയായികളെ കാണാം.

ക്ഷേത്രങ്ങളിലൂടെ

# വെള്ളാമശ്ശേരി ഗരുഡൻകാവ്

ഇന്ദിരാഭായി (ഫോൺ: 80785 52892)

ഭഗവാൻ മഹാവിഷ്ണുവിന്റെ വാഹനമായ ഗരുഡന്റെ സാന്നിദ്ധ്യം കുടിക്കൊള്ളുന്ന ഒരു ക്ഷേത്രമാണ് ഗരുഡൻ കാവ്. പ്രപഞ്ച ശക്തികളുടെ പ്രഭവകേന്ദ്രങ്ങളെന്നു വിശേഷിപ്പിക്കുന്ന ക്ഷേത്രങ്ങൾക്കും ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾക്കും പല പ്രത്യേകതകളും ഉള്ളതായി കാണാം. മലപ്പുറം ജില്ലയിലെ ഗരുഡൻകാവ് എന്ന ക്ഷേത്രത്തിനും ക്ഷേത്രഭൂമിക്കും അങ്ങനെ ചില പ്രത്യേകതകളും ഐതിഹ്യപ്പെരുമകളുമുണ്ട്. കേരളത്തിൽ ഗരുഡപ്രതിഷ്ഠയുള്ള ഒരു അപൂർവ്വക്ഷേത്രമാണിത്. ഗരുഡഭഗവാനു മുന്നിൽ ആയുസ്സിനു വേണ്ടി നാഗങ്ങൾ മനുഷ്യരൂപം പൂണ്ടെത്തുന്നു എന്നു വിശ്വസിക്കുന്ന ക്ഷേത്രമാണ് ഗരുഡൻ കാവ്. കൂർമ്മാവതാര സാന്നിദ്ധ്യം കുടിക്കൊള്ളുന്ന ക്ഷേത്രമെന്നും വെള്ളാമകളുടെ വാസസ്ഥലമെന്നും ഉള്ള പ്രത്യേകതയും ഗരുഡൻ കാവിനുണ്ട്. വെള്ളാമകളുടെ വാസസ്ഥലമെന്നതിനാൽ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം വെള്ളാമശ്ശേരി എന്നറിയപ്പെടുന്നു. അമ്മയെ ഒരു പാടു സ്നേഹിച്ച പുത്രൻ എന്ന് പുരാണങ്ങൾ വിശേഷിപ്പിക്കുന്ന പക്ഷി ശ്രേഷ്ഠനും വിഷ്ണു ഭഗവാന്റെ വാഹനവുമായ ഗരുഡനെ പ്രതിഷ്ഠിച്ചിരിക്കുന്ന ഒരു അപൂർവ്വ ക്ഷേത്രമാണ് വെള്ളാമശ്ശേരി ഗരുഡൻകാവ്.

ഒരേ സമയം വാക്കു പാലിക്കുകയും തന്റെ അമ്മയെ ചതിയിലൂടെ ദാസ്യപ്രവൃത്തി ചെയ്യിപ്പിച്ച നാഗങ്ങൾക്ക് ശിക്ഷ കൊടുക്കുകയും ചെയ്ത ഗരുഡൻ മാതൃപുത്ര സ്നേഹത്തിന്റെ ഉത്തമ ഉദാഹരണമാണ് . അമ്മയ്ക്കു വേണ്ടി ത്യാഗം സഹിക്കുവാൻ തയ്യാറായ പക്ഷിശ്രേഷ്ഠന്റെ കേരളത്തിലെ ഒരു പ്രധാന ക്ഷേത്രമാണ് വെള്ളാമശ്ശേരി ഗരുഡൻ കാവ്.

വീരന്മാരായ പുത്രന്മാരുണ്ടാകുവാൻ കദ്രുവിനും വിനതയ്ക്കും കശ്യപൻ വരം നൽകുന്നു. എങ്ങനെയുള്ള സന്താനങ്ങൾ വേണം എന്ന് കശ്യപൻ അവരോടു ചോദിച്ചു. ആയിരം നാഗങ്ങൾ തനിക്കു മക്കളായി പിറക്കണം എന്ന് കദ്രു ആവശ്യപ്പെട്ടു. കദ്രുവിന്റെ പുത്രന്മാരേക്കാൾ ശക്തരായ രണ്ടു മക്കൾ തനിക്കുണ്ടാകണമെന്നു വിനതയും ആഗ്രഹിച്ചു. കശ്യപൻ കൊടുത്ത വരമനുസരിച്ച് കദ്രുവിന് മുട്ടകൾ വിരിഞ്ഞ് ആയിരം നാഗങ്ങൾ പിറന്നു. തന്റെ മുട്ടകൾ വിരിയാത്തതിൽ വിനത അക്ഷമയായി രണ്ടു മുട്ടകളിലൊന്ന് പൊട്ടിച്ചു. പൂർണ്ണ വളർച്ചയെത്താത്ത അരുണൻ പുറത്തു വന്നു. തന്നെ പൂർണ്ണ വളർച്ചയെത്താൻ അനുവദിക്കാത്ത അമ്മയെ കദ്രുവിന്റെ ദാസിയാകാൻ ഇടവരട്ടെയെന്ന് അരുണൻ ശപിച്ചു. തന്റെ തെറ്റു മനസ്സിലാക്കിയ വിനത ശാപമോചനത്തിനപേക്ഷിച്ചു. ഒരു പുത്രൻ കൂടി പിറക്കുമെന്നും ആ പുത്രൻ അമ്മയുടെ ശാപമോചനത്തിനു വഴിയുണ്ടാക്കുമെന്നും അരുണൻ വിനതയോടു പറഞ്ഞു. പാലാഴിമഥനകാലത്താണു അരുണന്റെ ശാപം ഫലിച്ചത്. പാലാഴിമഥനത്തിൽ ദേവേന്ദ്രനു ലഭിച്ച ഉച്ചൈശ്രവസ്സ് എന്ന കുതിരയുടെ വാലിന്റെ നിറത്തെ ചൊല്ലി കദ്രുവും വിനതയും തമ്മിൽ തർക്കമുണ്ടായി. കുതിരയുടെ വാൽ കറുത്തതെന്നു കദ്രുവും വെളുത്തതെന്നു വിനതയും വാദിച്ചു. പന്തയത്തിൽ തോല്ക്കുന്നയാൾ ജയിക്കുന്നയാളിന്റെ ദാസിയാകും എന്ന നിബന്ധനയും വെച്ചു. പന്തയത്തിൽ തോല്ക്കും എന്നു മനസ്സിലായ കദ്രു തന്റെ മക്കളായ നാഗങ്ങളോട് കുതിരയുടെ വാലിൽ പറ്റിച്ചേർന്നു കിടക്കുവാൻ നിർദ്ദേശിച്ചു. കുതിരയുടെ വാൽ കറുത്തതാണ് എന്നു തോന്നും വിധം നാഗങ്ങൾ പറ്റി കിടന്നു. ഇങ്ങനെ ചതിയിലൂടെ കദ്രു വിനതയെ തോല്പിച്ചു. വിനത അങ്ങനെ കദ്രുവിന്റെ ദാസിയാകുകയും ചെയ്തു. വിനതയുടെ രണ്ടാമത്തെ മകനായി ഗരുഡൻ ജനിച്ചു. തന്റെ അമ്മയെ ചതിയിലൂടെ ദാസിയാക്കിയ കഥകളെല്ലാം ഗരുഡൻ മനസ്സിലാക്കി. ഗരുഡൻ അമ്മയെ ദാസ്യവൃത്തിയിൽ നിന്നു മോചിപ്പിക്കുവാനുള്ള മാർഗ്ഗം തേടി നാഗങ്ങളുടെ അടുത്തെത്തി. ദേവലോകത്തു നിന്നും അമൃതുകൊണ്ടു വന്നു തന്നാൽ ദാസ്യവൃത്തിയിൽ നിന്നും അമ്മയെ മോചിപ്പിക്കാം എന്ന് നാഗങ്ങൾ ഗരുഡനു വാക്കു നൽകി. തന്റെ ലക്ഷ്യം വിജയകരമാക്കുവാൻ ഗരുഡൻ കശ്യപനോടും വിനതയോടും അനുഗ്രഹവും വാങ്ങി അമൃതു തേടി ദേവലോകത്തേക്കു പുറപ്പെട്ടു. ദേവന്മാരെ പരാജയപ്പെടുത്തി ഗരുഡൻ അമൃത് സ്വന്തമാക്കി. ഗരുഡന്റെ കഴിവും സാമർത്ഥ്യവും മാതൃസ്നേഹവും കണ്ട് സംപ്രീതനായ വിഷ്ണു ഭഗവാൻ ഗരുഡന് വരം നല്കുവാൻ തയ്യാറായി. ഗരുഡൻ വിഷ്ണു ഭഗവാന്റെ വാഹനമാകുവാനുള്ള അവസരവും അമൃതു ഭക്ഷിക്കാതെ തന്നെ അമരനാക്കണമെന്നും ഭഗവാനോടപേക്ഷിച്ചു. ഈ സമയം ദേവേന്ദ്രൻ ഗരുഡനിൽ നിന്നും അമൃതകുംഭം കൈക്കലാക്കുവാൻ ശ്രമിച്ചു. ഗരുഡനോടേറ്റു മുട്ടിയെങ്കിലും തന്റെ ശ്രമം ഫലിക്കാതെ വന്ന ദേവേന്ദ്രൻ അമൃതകുംഭം തിരികെ നല്കാനാവശ്യപ്പെട്ടു. നാഗങ്ങളെ ഭക്ഷണമാക്കാനുള്ള കഴിവു നൽകിയാൽ അമൃതകുംഭം തിരികെ നൽകാം എന്നു ഗരുഡൻ പറഞ്ഞു. ദേവേന്ദ്രൻ അതു സമ്മതിക്കുകയും ചെയ്തു. തന്റെ അമ്മയ്ക്കു നൽകിയ വാക്കു പാലിക്കുവാൻ വേണ്ടി അമൃതകുംഭം നാഗങ്ങളെ ഏല്പിക്കുമെന്നും അവർ ദേഹശുദ്ധി വരുത്തുവാൻ തയ്യാറെടുക്കുന്ന സമയം നോക്കി അമൃതകുംഭം എടുത്തുകൊള്ളുവാനും ഗരുഡൻ ദേവേന്ദ്രനോടു പറഞ്ഞു. ദർഭപുല്ലിന്റെ പുറത്ത് അമൃതകുംഭം വച്ച് നാഗങ്ങൾ ദേഹശുദ്ധി വരുത്തുവാൻ പോയ തക്കം നോക്കി ദേവേന്ദ്രൻ അമൃതകുംഭം കൈക്കലാക്കുകയും ചെയ്തു. തിരിച്ചെത്തിയ നാഗങ്ങൾ ദർഭപുല്ലിനു മുകളിൽ കുംഭം കാണാതെ അമൃതിനു വേണ്ടി പുല്ലിൽ നക്കുകയും നാവ് രണ്ടായി പിളർന്നു എന്നുമാണ് കഥ.

നാഗങ്ങളുടെ ശത്രുവായ ഗരുഡനെ പ്രാർത്ഥിച്ച് ഒരു വർഷം കൂടി ആയുസ്സു നീട്ടിക്കിട്ടുവാൻ വേണ്ടി നാഗങ്ങൾ മണ്ഡലക്കാലത്ത് മനുഷ്യരൂപം പൂണ്ട് ഗരുഡൻകാവിലെത്തും എന്നു വിശ്വസിക്കുന്നു. ഇവിടെ മണ്ഡലക്കാലം ഗരുഡോത്സവമായി ആഘോഷിക്കുന്നു. വെള്ളാമശ്ശേരി ഗരുഡൻകാവ് മഹാവിഷ്ണുക്ഷേത്രമാണെങ്കിലും ഗരുഡന് കൂടുതൽ പ്രാധാന്യം കല്പിക്കുന്നതിനാൽ ഗരുഡൻകാവ് എന്നാണ് അറിയപ്പെടുന്നത്. നൂറ്റാണ്ടുകൾക്കു മുമ്പ് ഒരു മഹർഷിവര്യൻ ഇവിടെ തപസ്സു ചെയ്തു മഹാവിഷ്ണുവിനെ പ്രത്യക്ഷപ്പെടുത്തി. അദ്ദേഹം മനുഷ്യന് പാപമോക്ഷം ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ കാട്ടിത്തരേണമേ എന്ന് വിഷ്ണു ഭഗവാനോടപേക്ഷിച്ചു. വിഷ്ണു ഭഗവാൻ തന്റെ വാഹനമായ ഗരുഡന് പാപമോചനത്തിനുള്ള തത്ത്വങ്ങൾ വിശദീകരിച്ച് കൊടുത്ത് ഈ തത്ത്വങ്ങൾ മനുഷ്യനന്മക്കായി ഉപകരിക്കുവാൻ ഗരുഡനെ ഭൂമിയിലേയ്ക്കയക്കുകയും ചെയ്തു. ഗരുഡൻ വന്നിരുന്നത് ഇന്നത്തെ ഗരുഡൻകാവിലെ തീർത്ഥക്കുളത്തിനടുത്താണ് എന്നു വിശ്വസിക്കുന്നു. വെട്ടത്തു രാജാവ് ഇവിടെ ക്ഷേത്രം പണി കഴിപ്പിച്ച് വിഷ്ണു ഭഗവാന്റെ കൂർമ്മാവതാര സാന്നിദ്ധ്യത്തെ ഇവിടെ പ്രതിഷ്ഠിച്ചു എന്നാണ് ഐതിഹ്യം. ക്ഷേത്രം പണി കഴിപ്പിച്ച് വിഷ്ണു പ്രതിഷ്ഠ നടത്തിയ കാലത്ത് ഗരുഡപ്രതിഷ്ഠയുണ്ടായിരുന്നില്ല.

ഒരിക്കൽ പെരുന്തച്ചൻ തന്റെ കരവിരുതുകൾ കൊണ്ട് മനോഹരമാക്കിയ ഒരു ഗരുഡശില്പം തീർത്തു. തച്ചൻ ഈ ശില്പം വെട്ടത്തു രാജാവിനു സമ്മാനിച്ചു. രാജാവിന് ശില്പം വളരെയിഷ്ടപ്പെട്ടു. അദ്ദേഹം ഈ ശില്പത്തിനു ജീവനുണ്ടായിരുന്നെങ്കിൽ എന്നു പറഞ്ഞു. ഇതു കേട്ട പെരുന്തച്ചൻ അതിനു പ്രയാസമില്ല , വേണമെങ്കിൽ അതിനു ജീവൻ വയ്ക്കും എന്നു പറഞ്ഞു. രാജാവ് അത് വിശ്വസിച്ചില്ല. തച്ചൻ പതിവ്രതയായ സ്ത്രീ സ്പർശിച്ചാൽ ഈ ശില്പത്തിനു ജീവൻ വയ്ക്കും എന്നു രാജാവിനെ അറിയിച്ചു. തച്ചനോട് ശില്പത്തിന് ജീവൻ വച്ചില്ലായെങ്കിൽ തച്ചനെ വധിക്കും എന്നു രാജാവ് മുന്നറിയിപ്പും നൽകി. രാജാവ് കൊട്ടാരത്തിൽ നിന്നു സ്ത്രീകളെ വിളിച്ചു വരുത്തി. അവർ സ്പർശിച്ചിട്ട് ഗരുഡശില്പത്തിന് ജീവൻ വെച്ചില്ല. തച്ചൻ തന്റെ ഭാര്യയെ വിളിച്ചു വരുത്തി. അവർ സ്പർശിച്ച മാത്രയിൽ തന്നെ ഗരുഡന് ജീവൻ വയ്ക്കുകയും അതു പറന്നുയരുകയും ചെയ്തു. പറന്നു പോയ ഗരുഡനു പിന്നാലെ രാജാവും തച്ചനും മറ്റുള്ളവരും പോയി. ഗരുഡൻ കുളത്തിന്റെ കരയിൽ ഒരു വെളുത്ത ആമയെ കാണുകയും ആമയുടെ പുറത്ത് പറന്നിറങ്ങുകയും ചെയ്തു. വെള്ളാമ ഗരുഡനേയും വഹിച്ചുകൊണ്ട് ക്ഷേത്രം ലക്ഷ്യമാക്കി നീങ്ങി വിഷ്ണു ക്ഷേത്രത്തിന്റെ പിന്നിലായി ഇരുന്നു. പിന്നീട് കൂർമ്മാവതാര സാന്നിദ്ധ്യമാർന്ന മഹാവിഷ്ണു പ്രതിഷ്ഠയുള്ള ശ്രീകോവിലിനു പിൻഭാഗത്ത് വെള്ളാമ ഗരുഡനേയും വഹിച്ചുകൊണ്ടു വന്നിരുന്ന സ്ഥലത്ത് ഗരുഡഭഗവാനെ പ്രതിഷ്ഠിച്ചു. ഗരുഡപ്രതിഷ്ഠയ്ക്കു ശേഷമാണ് ഈ ക്ഷേത്രം ഗരുഡൻ കാവായി അറിയപ്പെട്ടത്. പെരുന്തച്ചൻ തന്റെ പത്നിയെ ഗരുഡശില്പത്തെ സ്പർശിക്കുവാൻ വേണ്ടി വിളിച്ച സമയം അവർ കിണറ്റിൽ നിന്നും വെള്ളം കോരിക്കൊണ്ടു നില്ക്കുകയായിരുന്നു. തച്ചന്റെ വിളി കേട്ടതും അവർ പാളയും കയറും ഉപേക്ഷിച്ച് അവിടെ ഓടിയെത്തി. ഗരുഡനെ സ്പർശിച്ചശേഷം തിരിച്ചെത്തിയപ്പോൾ പാളയും കയറും നിറയെ വെള്ളവുമായി കിണറിന്റെ മദ്ധ്യഭാഗത്തു തന്നെ അവർ വിട്ടിട്ടു പോയ അതേ സ്ഥാനത്തു തന്നെ നില്ക്കുന്നതാണ് കണ്ടത്. ഇത് അവരുടെ പാതിവ്രത്യത്തിന്റെ ശക്തിയെ സൂചിപ്പിക്കുന്നു.

വെള്ളാമശ്ശേരി എന്ന ഗ്രാമത്തിന്റെ ചൈതന്യമായി നിലകൊള്ളുന്ന ഒരു ക്ഷേത്രമാണ് ഗരുഡൻകാവ്. സർപ്പദോഷപരിഹാരത്തിനായി ധാരാളം ഭക്തരെത്തുന്ന ഒരു ക്ഷേത്രമാണിത്. ഗരുഡൻ സർപ്പശത്രു എന്ന വിശ്വാസത്താൽ സവിശേഷമായ പല

ആചാരങ്ങളും വഴിപാടുകളും ഇവിടെ നടത്തപ്പെടുന്നു. ഗരുഡനെ പ്രീതിപ്പെടുത്തിയാൽ സർപ്പദോഷങ്ങളിൽ നിന്നും മോചനം നേടാം എന്നു വിശ്വസിക്കുന്നു. പക്ഷിപീഡയെന്ന ശിശുക്കളെ ബാധിക്കുന്ന രോഗത്തിനു പരിഹാരമായി ഗരുഡനു മുന്നിൽ വഴിപാടുകൾ നടത്താറുണ്ട്. പക്ഷിരൂപം സമർപ്പിക്കുക, ത്വക് രോഗശമനത്തിന് ചേന സമർപ്പണം തടിയിലോ ലോഹത്തിലോ തീർത്ത വെള്ളരിക്ക സമർപ്പണം ഇവയെല്ലാം ഇവിടെ പതിവാണ്. മഞ്ഞപ്പായസമാണ് ഗരുഡന് പ്രധാന നിവേദ്യം. ഗരുഡപഞ്ചാക്ഷരീ തീർത്ഥം ഗരുഡപഞ്ചാക്ഷരീ എണ്ണ എന്നിവയാണ് പ്രധാന പ്രസാദങ്ങൾ. മണ്ഡലക്കാലത്ത് മൂന്നു ഞായറാഴ്ചകൾ അടുപ്പിച്ച് ഇവിടെ തൊഴുതാൽ സർപ്പദോഷ ശാന്തിയുണ്ടാകുമെന്നു വിശ്വസിക്കുന്നു. എല്ലാത്തരം പഴങ്ങളും ഗരുഡനു നിവേദിക്കാറുണ്ട്. ഗരുഡ ഭഗവാന് ഉത്സവമേളങ്ങളൊന്നും ഇഷ്ടമല്ല. ഇവിടെ അനുഷ്ഠാനകലകൾ മാത്രമാണ് മണ്ഡലകാലത്തുള്ളത്. കഠിനമായ സർപ്പദോഷമുള്ളവർ ജീവനുള്ള സർപ്പങ്ങളെ കുടത്തിലാക്കി തങ്ങളുടെ ദോഷങ്ങളുടെ പ്രതീകമായി ക്ഷേത്രനടയിലെ ആൽത്തറയിൽ കൊണ്ടു വയ്ക്കുന്നു. കുടത്തിൽ നിന്നും പുറത്തു വരുന്ന സർപ്പം ഫണം വിടർത്തി നില്ക്കുമ്പോൾ മേൽശാന്തി ഗരുഡപഞ്ചാക്ഷരീ മന്ത്രജപത്താൽ തീർത്ഥം തളിക്കുന്നു. സർപ്പം പിന്നീട് തെക്കോട്ട് ഇഴഞ്ഞ് കാവിലേക്ക് പോകുകയും ചെയ്യുന്നു. ഇതോടെ സർപ്പദോഷത്തിൽ നിന്നും മുക്തമാകും എന്നാണ് വിശ്വാസം. ഇങ്ങനെ വിടുന്ന സർപ്പങ്ങളെ പിന്നീടാരും കാണാറില്ല. ഇവ ഗരുഡന് ഭക്ഷണമാകുന്നു എന്നാണ് സങ്കല്പം. ഈ ദേശത്താരെയും സർപ്പ വിഷം തീണ്ടിയതായി കേൾക്കാറില്ല. ഇത്രയും പാമ്പുകളെ ഇവിടെ ഉപേക്ഷിക്കുന്നു എങ്കിലും ഇവിടെ പാമ്പുകളുടെ ഉപദ്രവം ഉണ്ടായതായി കേട്ടിട്ടുമില്ല. മറ്റു സ്ഥലങ്ങളിൽ നിന്നും സർപ്പദംശനമേറ്റവർ ഇവിടെയെത്തി പ്രാർത്ഥിച്ച് പ്രസാദവും തീർത്ഥവും സേവിച്ച് സുഖം പ്രാപിക്കാറുണ്ട്.

വെള്ളാമശ്ശേരിയിലെ ഈ ഗ്രാമക്ഷേത്രത്തിലെത്തിയാൽ തലയെടുപ്പുള്ള വലിയ ഗോപുരങ്ങളോ ഉന്നതങ്ങളായ മതിൽ കെട്ടുകളോ ഒന്നും ഇല്ല. ഒരു ചെറിയ ഗോപുര വാതിൽ കടന്നു വലിയ നാലമ്പലത്തിലേക്ക് കടന്നാൽ മഹാവിഷ്ണു പ്രതിഷ്ഠയുള്ള ശ്രീകോവിലിനു മുന്നിലാണെത്തുന്നത്. അതിനടുത്തായി ശ്രീചക്രസങ്കല്പ സ്ഥാനവും ഗണപതി പ്രതിഷ്ഠയും കാണാം. പരമശിവൻ, ശങ്കരനാരായണൻ, കാർത്തവീര്യാർജ്ജുനൻ, വേട്ടക്കൊരുമകൻ എന്നീ പ്രതിഷ്ഠകളും ഈ ക്ഷേത്രത്തിലുണ്ട്. കാർത്തവീര്യാർജ്ജുന പ്രതിഷ്ഠ സാധാരണ ക്ഷേത്രങ്ങളിലൊന്നും കാണാറില്ല. അത് ഇവിടുത്തെ ഒരു പ്രത്യേകതയാണ്. ശങ്കരാചാര്യ സ്വാമികളുടെ ശിഷ്യനായ പത്മപാദർ ഇവിടെ വന്നു പ്രാർത്ഥിച്ചിരുന്നു എന്നും അതിനുശ്ശേഷമാണ് ഈ ക്ഷേത്രം കൂടുതൽ പ്രസിദ്ധി നേടിയതെന്നും വിശ്വസിക്കുന്നു. ഒരു വലിയ നാലമ്പലത്തിനുള്ളിൽ പല ഈശ്വരസങ്കല്പങ്ങൾ ഒന്നിച്ചു കുടികൊള്ളുന്ന ഒരു ക്ഷേത്രം എന്ന പ്രത്യേകതയും ഈ ക്ഷേത്രത്തിനുണ്ട്. കാവുകളും കുളങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്തും ധാരാളം വൃക്ഷലതാദികൾ നിറഞ്ഞ ഇവിടുത്തെ കാവും വിശാലമായ കുളവും നാടിന്റെ അനുഗ്രഹമായി സ്ഥിതി ചെയ്യുന്നു.

വിഷ്ണു ഭഗവാൻ പാപമോചനത്തിനുള്ള തത്ത്വോപദേശങ്ങൾ നൽകി ഭൂമിയിലേക്കയച്ചതും ഭഗവാന്റെ വാഹനവുമായ ഗരുഡനെ കൂർമ്മാവതാര രൂപിയായ ഭഗവാൻ തന്റെ സമീപത്തു തന്നെ കുടിയിരുത്തിയിട്ടുള്ള ഒരു ക്ഷേത്രം. ഈ പുണ്യക്ഷേത്രത്തിലെത്തി ഭഗവാനെയും ഗരുഡദേവനേയും തൊഴുത് സർവ്വ പാപങ്ങളിൽ നിന്നും ദോഷങ്ങളിൽ നിന്നും നമുക്കും മുക്തി നേടാം. ക്ഷേത്രദർശനം ജീവിതരീതിയുടെ അടിത്തറയെന്നു വിശ്വസിക്കുന്ന നമുക്കേവർക്കും അതിനു സാധിക്കുമാറാകട്ടെ.

**വാസ്തു**

**(10-ാം പേജിൽ നിന്ന് തുടർച്ച)**

കൊണ്ടിരിക്കുന്നു. അവിടെ കിടന്ന് ഉറങ്ങുന്ന സുഖം, തെക്കു പടിഞ്ഞാറു ഭാഗത്ത് കിടന്നുറങ്ങുന്ന മുറിയിൽ നിന്നും ലഭിക്കാൻ വഴിയില്ല. ഫാനും, ഏസിയും ഓഫ് ചെയ്ത് അവിടെ കിടന്നുറങ്ങിയാൽ ഇക്കാര്യം മനസ്സിലാകുന്നതാണ്.

പ്രായമായവർ കിടക്കുന്ന മുറികളിൽ തെക്കു പടിഞ്ഞാറൻ കാറ്റും, വൈകുന്നേരത്തെ വെയിലും, ഉണ്ടെങ്കിൽ പല ആരോഗ്യപ്രശ്നങ്ങളും ഒഴിവാക്കാവുന്നതാണ്. വാസ്തു ശാസ്ത്രം എന്ന് പറയുന്നത് വിശ്വാസമല്ല, ശാസ്ത്രമാണെന്നുള്ള കാര്യം മറക്കരുത്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.**





# മഹാഭാരത കഥ പ്രാധാന്യം, വിവരിച്ച സന്ദർഭം

**ഡോ.രാജേശ്വരി കുഞ്ഞമ്മ (ഫോൺ: 93883 82009)**

## അസ്തികമുനി

ജഗൽക്കാരു എന്നൊരു മുനി സകലതുമുപേക്ഷിച്ച് ഗൃഹസ്ഥാശ്രമാശയിൽ ചുറ്റി സഞ്ചരിച്ചു. ഒരു ദിവസം അദ്ദേഹം തല കീഴായി നിന്നു കഠിന തപസ്സു ചെയ്യുന്ന ചിലരെ കണ്ടു. കാരണമാരാഞ്ഞു. അവർക്കു കുട്ടികളില്ലാതെ വംശം നശിക്കുകയാണെന്നും ഒരു കുട്ടി ആ വംശത്തിലുണ്ടെന്നും അവനാണെങ്കിൽ നിത്യബ്രഹ്മചാരിയായി അലയുകയാണെന്നും മറ്റും പറഞ്ഞു. സന്താനമില്ലാതുള്ള ദോഷം തലമുറക്കാണെന്നും അവർക്കു ജീവിച്ചിരിക്കുന്ന ഒരു പുത്രനുള്ളത് അതു ജഗൽക്കാരുവാണെന്നും പറഞ്ഞു. തന്റെ കുടുംബമാണെന്നു മനസ്സിലാക്കിയ അദ്ദേഹം വിവാഹം കഴിക്കാമെന്നു സമ്മതിച്ചു. .കഠിന തപസ്സ് നിർത്തലാക്കി. പക്ഷെ വധുവിന് തന്റെ പേരിനോടു സാമ്യമുള്ള പേരായിരിക്കണമെന്നും പറഞ്ഞു. അനുഗ്രഹിച്ചു പിതാമഹന്മാർ പോയി. ഈ സമയത്താണ് വാസുകി കശ്യപന്റെ മാനസപുത്രിയായ ജഗൽക്കുരു എന്ന തന്റെ സഹോദരിയുമായി അവിടെ ചെന്നത്. വാസുകി ജഗൽക്കാരുവിന്റെ ശപഥം ഓർമ്മിച്ചു. തന്റെ സഹോദരിയെ ജഗൽക്കാരുവിനേക്കൊണ്ട് വിവാഹം കഴിപ്പിക്കുന്നതിനും അവർക്കുണ്ടായിരിക്കുന്ന സർപ്പകുലത്തിന്റെ മാതൃശാപം അവസാനിപ്പിക്കണമെന്നും അപേക്ഷിച്ചു. ഒരു കാര്യം ജഗൽക്കുരു പറഞ്ഞു. തനിക്ക് എന്തെങ്കിലും അനിഷ്ടം ഉണ്ടായാൽ ഉപേക്ഷിക്കും. വാസുകി സമ്മതിച്ചു. അങ്ങനെ ജഗൽക്കാരുവും ജഗൽക്കുരുവും താമസം തുടങ്ങി. ഒരു ദിവസം അനിഷ്ടമായി ഭാര്യ പെരുമാറിയെന്നു തോന്നിയ ജഗൽക്കാരു ഭാര്യയെ ഉപേക്ഷിച്ചു. ഗർഭിണിയായ ജഗൽക്കുരു ഒരു പുത്രനെ പ്രസവിച്ചു. വാസുകി ആ കുഞ്ഞിന് അസ്തികൻ എന്നു പേരിട്ടു. ച്യവനമഹർഷിയിൽനിന്ന് വേദാന്തവും ഉപനിഷാദി ഗ്രന്ഥങ്ങളും അഭ്യസിച്ചു. ഗുരുവിന്റെ അനുഗ്രഹത്തോടു കൂടി അസ്തികൻ ജീവിച്ചു. അസ്തികൻ മാതൃശാപത്തിൽ നിന്നും സർപ്പങ്ങളെ രക്ഷിക്കാൻ വേണ്ടി ജനിച്ചു.

ഇവിടെ മാതൃശാപം എന്താണെന്നറിയണം. ബ്രഹ്മദേവന്റെ മറ്റൊരു പുത്രനായ മരീചിയുടെ പുത്രനായ കശ്യപൻ ദക്ഷപ്രജാപതിയുടെ 13 പെൺമക്കളെ വിവാഹം കഴിച്ചു. അവരിൽ കദ്രുവും വിനതയും കശ്യപന്റെ അടുത്തെത്തി , കദ്രു തനിക്ക് ആയിരം സർപ്പസന്തതികൾ വേണമെന്നാവശ്യപ്പെട്ടു.വിനത തനിക്ക് കദ്രുവിന്റെ മക്കളേക്കാൾ മിടുക്കരായ രണ്ടു പുത്രന്മാർ വേണമെന്നു പറഞ്ഞു. മുനി മുട്ടകളെ പ്രസവിക്കണമെന്നും സൂക്ഷിക്കണമെന്നും പറഞ്ഞു അനുഗ്രഹിച്ചു. 'ഇത്ഥമനുഗ്രഹം ചെയ്തു മഹാമുനി സത്വരം കാനനം പുക്കു തപസിനായ്' എന്നാണ് കാണുന്നത്. അങ്ങനെ മുട്ടകൾ ഉണ്ടായി. വർഷങ്ങൾ കഴിഞ്ഞപ്പോൾ കദ്രുവിന്റെ മുട്ടയിൽ നിന്നും ആയിരം നാഗങ്ങൾ ഉണ്ടായി. വിനത രണ്ടു മുട്ടയിലൊരെണ്ണം പൊട്ടിച്ചു. വളർച്ചയെത്താതെ ആ രൂപം ഉയർന്നു പൊങ്ങി സൂര്യമണ്ഡലം പ്രാപിച്ചു. ഇങ്ങനെ കൂടി പറഞ്ഞു, 'ദേഹം മുഴുവനേ തീരുന്നതിനു മുൻപേ മോഹം വളർന്നിതു ചെയ്തതു കാരണം' കദ്രുവിന്റെ അടിമയാകട്ടെ. മറ്റേ മുട്ട വളർന്നു വരുന്നവൻ അടിമത്തത്തിൽ നിന്നും രക്ഷിക്കുമെന്നു കൂടി പറഞ്ഞു. വിനതയും കദ്രുവും ഒരുമിച്ചു കഴിഞ്ഞു. ഒരു ദിവസം ഉച്ചൈശ്രവസ് എന്ന കുതിരയുടെ പേരിലുണ്ടായ ഒരു തർക്കത്തിനൊടുവിൽ കദ്രുവിന്റെ ദാസിയായി വിനത മാറി. കുറെ വർഷങ്ങൾക്കു ശേഷം മറ്റേ മുട്ട വിരിഞ്ഞു ഗരുഡനായി തീർന്നുവെന്നാണ് കഥ. ദേവലോകത്തുള്ള അമൃതം കൊടുത്താൽ അമ്മയുടെ ദാസ്യവേല മാറ്റിത്തരാമെന്നു പറഞ്ഞതുകേട്ട് ഗരുഡൻ അമൃതം ശേഖരിക്കാൻ പോയി. മരീചിമഹർഷികളെ കളിയാക്കിയ ഇന്ദ്രന്റെ ശാപം മൂലം അമൃതകുംഭം തടഞ്ഞ ഇന്ദ്രനെ ഗരുഡൻ തോൽപിക്കുന്നു. അമൃതം കൊണ്ടു പുറത്തു കടന്ന ഗരുഡനെ മഹാവിഷ്ണു അനുഗ്രഹിച്ചു. അവസാനം അമൃതം കദ്രുവിനെ ഏൽപിച്ചു. അമ്മയെ മോചിപ്പിച്ചു. ഈ അമൃതം അവരിൽനിന്നും ഇന്ദ്രൻ തട്ടിയെടുത്തു. കദ്രു വിനതയെ ചതിച്ചു, ഇന്ദ്രനവരെ ചതിച്ചു. അമൃതകുംഭം ഇരുന്ന ദർഭയിൽ നാഗങ്ങൾ നക്കിത്തുടച്ചപ്പോഴാണ് നാവ് രണ്ടായി പിളർന്നതെന്നാണ് കഥ.

കദ്രുവിന്റെ ഇത്തരം ചതി കണ്ട അനന്തൻ എന്ന പുത്രൻ മഹാവിഷ്ണുവിനെ അഭയം പ്രാപി

ച്ചു. അങ്ങനെ വിഷ്ണുവിന്റെ മെത്തയായി അനന്തൻ മാറി. വാസുകി പരമശിവന്റെ മെയ്യാഭരണവുമായി മാറി. ഇവരുടെ മാതാവായ കദ്രുവിന്റെ പ്രവർത്തികളിൽ ഇവർക്ക് വിഷമമുണ്ടായിരുന്നു. പാലാഴി മഥനം എന്ന കഥ നടന്നത് കൃതയുഗത്തിലാണ്. കലിയുഗാരംഭത്തിലാണ് ഉഗ്രശ്രവസ് ഈ മഹാഭാരതകഥ ശൗകമുനിയോടു പറഞ്ഞത്. ദുർവ്വാസാവ് മഹർഷിക്കു ലഭിച്ച പൂമാല അദ്ദേഹം ഇന്ദ്രനു നൽകി. തലയിൽ ചൂടാനായി ഇന്ദ്രൻ തലമുടി അഴിച്ചുകെട്ടാനൊരുങ്ങിയപ്പോൾ മാല തന്റെ വാഹനമായ ഐരാവതത്തിന്റെ മസ്തിഷ്കത്തിൽ ഇട്ടു. പൂമാലയിൽ പറ്റിപ്പിടിച്ച ശലഭങ്ങൾമൂലം ആന ആ മാലയെടുത്ത് വലിച്ചെറിയുകയും ഇതു കണ്ട ദുർവ്വസാവ് കോപാകുലനായി ഇന്ദ്രന് ജരാനരകൾ ബാധിക്കട്ടെയെന്ന ശാപവും നൽകിയെന്നും മറ്റു ദേവകളുടെ സഹായത്താൽ ഇന്ദ്രൻ മഹാവിഷ്ണുവിനെ ശരണം പ്രാപിച്ചുവെന്നും ദുർവ്വാസാവ് ശാപമുക്തിക്കായി പറഞ്ഞ ദിവ്യാമൃതം ഭക്ഷിക്കേണ്ട കാര്യങ്ങളുമുണർത്തിച്ചുവെന്നും കഥ. പക്ഷെ ദേവന്മാരും ശത്രുക്കളായ അസുരന്മാരും ഒരുമിച്ചു പാലാഴിമഥനം നടത്തണമെന്നു മഹാവിഷ്ണു പറഞ്ഞു. അനന്തൻ മന്ദരഗിരി കൊണ്ടുവന്നു. കയറായിവാസുകി ചുറ്റിപ്പിടിച്ചു.അങ്ങനെ പാലാഴിമഥനം തുടങ്ങി. അവസാനം ക്ഷീണിച്ച വാസുകി വിഷം ഛർദ്ദിച്ചു. അത് പരമശിവൻ ഭക്ഷിക്കാനൊരുമ്പെട്ടു. പാർവ്വതീദേവി തടഞ്ഞു. പിന്നീടാണ് കാമധേനു, ഉച്ചൈശ്രവസ് എന്ന കുതിര, പാരിജാതം, കൽപകവൃക്ഷം തുടങ്ങിയവ കാണാറായത്. കാമധേനുവിനെ മഹർഷിമാരും വെള്ളാനയെ ദേവേന്ദ്രനും ചന്ദ്രക്കലയെ ശിവനും കൗസ്തുഭത്തെ വിഷ്ണുവും പിന്നെ ദേവകളും പലതും കൈക്കലാക്കി. അമംഗളയെ ആരും സ്വീകരിച്ചില്ല. അമംഗള മലിനസ്ഥലത്തും ലക്ഷ്മീദേവി മഹാവിഷ്ണുവിങ്കലും അഭയം പ്രാപിച്ചു. ധന്വന്തരീമൂർത്തി അമൃതുമായി വരികയും ചെയ്തു. അസുരന്മാർ അതു തട്ടിക്കൊണ്ടുപോയി. മഹാവിഷ്ണു മായാമോഹിനിയായി അമൃത് തിരികെ കൊണ്ടു വന്നു എന്നുമാണ് കഥ. ഈ പാലാഴി മഥനം കഥ പറഞ്ഞതുതന്നെ വാസുകിയും അനന്തനുമായി ബന്ധപ്പെടുത്തിയാണ്. ജനമേജയൻ നടത്താനിരുന്ന യാഗം സർപ്പയാഗമായി മാറിയതിന്റെ പിന്നിലും ഒരു ചരിത്രമുണ്ട്.

പരീക്ഷിത് രാജാവിന്റെ മകനായ ജനമേജയന് തന്റെ യാഗത്തിന്റെ പുരോഹിതനായി ശ്രുതശ്രവസ് എന്ന മുനിയുടെ മകനായ സോമശ്രവസ്സിനെ ലഭിച്ചു. യാഗത്തിനുള്ള സകല കാര്യങ്ങളും തുടങ്ങുമ്പോൾ ഉദങ്കൻ എന്ന മുനികുമാരൻ അവിടെയെത്തി. ഉദങ്കൻ ജനമേജയനോട് ഈ യാഗമല്ല അങ്ങു നടത്തേണ്ടത്, മറിച്ച് സർപ്പയാഗമാണെന്നു പറഞ്ഞു. ജനമേജയന്റെ പിതാവായ പരീക്ഷിത് രാജാവിന് സംഭവിച്ച കഥ ഉദങ്കൻ പറഞ്ഞു. ഇവിടെ ഉദങ്കന് തക്ഷകൻ എന്ന സർപ്പത്തോടുള്ള ഒടുങ്ങാത്ത പകയുടെ കഥ പ്രസക്തമാണ്. പാണ്ഡവപുരോഹിതനായ ധൌമ്യ മുനിക്ക് ഉദങ്കൻ എന്നൊരു ശിഷ്യനുണ്ടായിരുന്നു. വിദ്യാഭ്യാസത്തിനുശേഷം ഗുരുദക്ഷിണ എന്തുവേണമെന്ന ഉദങ്കന്റെ ഉൽക്കണ്ഠക്ക് ഗുരു പത്നി ഒരാവശ്യം പറഞ്ഞു. പൗഷ്യരാജാവിന്റെ പട്ടമഹർഷിയുടെ കാതിൽ കിടക്കുന്ന കുണ്ഡലങ്ങൾ വേണം, നാലു ദിവസങ്ങൾക്കുള്ളിൽ കിട്ടുകയും വേണം. വഴിയിലുണ്ടായ തടസ്സങ്ങളെല്ലാം തരണം ചെയ്തു രാജാവിന്റെ അടുത്തെത്തി. രാജപത്നി കുണ്ഡലങ്ങൾ സമ്മാനിച്ചു. പക്ഷെ ഒരു കാര്യം കൂടി പറഞ്ഞു. ഈ കുണ്ഡലങ്ങൾ തക്ഷകൻ ആഗ്രഹിച്ചതാണെന്നും താഴെ വെച്ചാൽ അപഹരിക്കപ്പെടാമെന്നും മുന്നറിയിപ്പു നൽകി. ഉദങ്കൻ യാത്ര പറഞ്ഞു പിരിഞ്ഞു. വഴിയിൽ നദി കടക്കാൻവേണ്ടി വന്നപ്പോൾ കുണ്ഡലം താഴെ വെച്ചു. തക്ഷകൻ ഈ അവസരം മുതലാക്കി കുണ്ഡലവുമായി കടന്നുകളഞ്ഞു. ഉദങ്കൻ പിറകേ പോയി. ഇവിടെ ഇന്ദ്രന്റെയും അഗ്നിയുടെയും സഹായത്താൽ തക്ഷകനിൽനിന്നും കുണ്ഡലം തിരികെ ലഭിച്ചു. പറഞ്ഞ സമയത്തുതന്നെ ഗുരുപത്നിക്ക് കുണ്ഡലം കൊടുത്തു അനുഗ്രഹം വാങ്ങി. 'ആചാര്യപത്നി തന്നോടാശിസ്സും പരിഗ്രഹിച്ചാര്യ പാദാംബുജമാദരാൽ' എന്നാണ്. എല്ലാം ഗംഭീരമായി നടന്നുവെങ്കിലും ഉദങ്കന് തക്ഷകനോടു പകയായിരുന്നു. ഈ സർപ്പവൈര്യം മനസ്സിൽ പ്രതികാരം ആളിക്കത്തിച്ചു. ഈ അവസരത്തിലാണ് ജനമേജയൻ യാഗം നടത്തുന്നുവെന്ന വാർത്ത അറിഞ്ഞത്. എങ്ങനെയെങ്കിലും സർപ്പനാശം വരണമെന്നു വിചാരിച്ച് സർപ്പദംശനമേറ്റു മരണമടഞ്ഞ പരീക്ഷിത്മഹാരാജാവിന്റെ മകനിൽ വൈരാഗ്യം ഒന്നുകൂടി വളർത്താനുള്ള വാക്കുകളുമായി ഉദങ്കൻ യാഗശാലയിലെത്തി. ഉദങ്കൻ ജനമേജയനോടു പറഞ്ഞു:

അത്യസ്മിങ്കരണീയേ തു കാര്യപാർത്ഥവസന്തമാ

ബാല്യ ദിവാന്യദേവ തവം കുരുഷേ നൃപസന്തമ

നിങ്ങൾക്ക് അതിപ്രാധാന്യമായ ഒരു കാര്യം ചെയ്യാനുണ്ട് എന്നു പറഞ്ഞു.

ജനമേജയൻ പറഞ്ഞു:





ആസാം പ്രജനോ പരിപാലയേന

എന്നാണ്. ഞാൻ പ്രജകളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. നിങ്ങളിവിടെ വന്നിരിക്കുന്നത് എന്നോട് എന്തു പറയാനാണെന്നു പറയൂ, എന്താണാവശ്യം. അപ്പോൾ ഉദങ്കൻ പറഞ്ഞു,

കാര്യകാലം ഹി മന്യേഹം വിധിദൃഷ്ടസ്വ കർമ്മണാഃ

തദൂശ്ചാ പചിതം രാജന്വിതുസ്തസ്യ മഹാത്മാൻ

നിങ്ങൾക്ക് പ്രതികാരം ചെയ്യുവാനുള്ള സമയമായിരിക്കുന്നു. താങ്കളുടെ അച്ഛന്റെ ഘാതകനായ തക്ഷകനോട് പ്രതികാരം ചെയ്യു. ഇടിമിന്നലിൽ ഒരു മരത്തിനു സംഭവിക്കുന്നതുപോലെ നിങ്ങളുടെ അഛൻ മരണപ്പെട്ടു. കൂടാതെ തക്ഷകൻ നിങ്ങളെ സഹായിക്കുവാൻ വന്ന കശ്യപനെ തിരികെ അയച്ചു. ഇങ്ങനെ പലതും പറഞ്ഞു ജനമേജയന്റെ മനസ്സിൽ പ്രതികാരം ആളിക്കത്തിച്ചു.

(തുടരും)

**(വ്യക്തിവിശേഷം)**

# ശ്രീനീലകണ്ഠ തീർത്ഥപാദസ്വാമികൾ

മൂവാറ്റുപുഴ തിരുമാറാടി ഗ്രാമത്തിലാണ് സ്വാമിജി ജനിച്ചത്. 1047 ഇടവമാസത്തിൽ ശ്രീ. നീലകണ്ഠപിള്ളയുടെയും കല്യാണിയമ്മയുടെയും മകനായി ജനിച്ച കുട്ടിയ്ക്ക് അച്ഛൻ നല്കിയ പേര് നീലകണ്ഠൻ എന്നായിരുന്നു. നന്നേ ചെറുപ്പം മുതൽ തന്നെ സംസ്കൃതം, വിഷവൈദ്യം, ഇതിഹാസപുരാണങ്ങൾ എന്നിവ അഭ്യസിക്കുവാൻ തുടങ്ങിയ നീലകണ്ഠൻ ഇംഗ്ലീഷിലും സംസ്കൃതത്തിലും ഉപരിപഠനം നേടി. തുടർന്ന് അദ്ധ്യാപകവൃത്തിയിലേർപ്പെട്ട അദ്ദേഹം ഒരിക്കൽ വിദ്യാധിരാജചട്ടമ്പിസ്വാമികളുമായി പരിചയപ്പെടാനിടയായി. അത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. ഒട്ടും വൈകാതെ ശ്രീചട്ടമ്പി സ്വാമികളുടെ ശിഷ്യത്വം സ്വീകരിച്ച നീലകണ്ഠൻ ആദ്ധ്യാത്മികജീവിതത്തിലേയ്ക്ക് തിരിയുകയും ഭാരതത്തിലെ മിക്കവാറും എല്ലാ പുണ്യസ്ഥലങ്ങളും സന്ദർശിക്കുകയും ചെയ്തു. തെലുങ്ക്, ബംഗാളി തുടങ്ങിയ ഭാഷകളിലും കൂടി പരിജ്ഞാനം നേടിയ അദ്ദേഹം ഒരു ബഹുഭാഷാപണ്ഡിതൻകൂടി ആയിരുന്നു. ചട്ടമ്പിസ്വാമികളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ച അദ്ദേഹം സന്യാസം സ്വീകരിക്കുകയും നീലകണ്ഠതീർത്ഥപാദസ്വാമികൾ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. യോഗശാസ്ത്രം, ഉപനിഷത്തുകൾ, സ്മൃതികൾ തുടങ്ങിയവയിൽ അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ പ്രഭാഷണം കേൾക്കാൻ ആളുകൾ തിങ്ങിക്കൂടുമായിരുന്നു. ആരെയും പിടിച്ചിരുത്തി ചിന്തിപ്പിക്കുവാൻ പോന്നവിധം കഴിവുള്ള ഉജ്ജ്വലവാഗ്മി കൂടിയായിരുന്നു അദ്ദേഹം. ആചാരപദ്ധതി, ദേവാർച്ചാ പദ്ധതി, ബ്രഹ്മാഞ്ജലി എന്നിവ അദ്ദേഹത്തിന്റെ പ്രസിദ്ധകൃതികളാണ്. അതിവിശിഷ്ഠമായ നാല്പതിൽപരം ഗ്രന്ഥങ്ങളാണ് അദ്ദേഹത്തിന്റേതായി നമുക്ക് ലഭിച്ചിട്ടുള്ളത്. 'നായന്മാർ ശുദ്രരല്ല മലയാളക്ഷത്രിയരാണ്' എന്ന വസ്തുത ഉച്ചൈസ്തരം ഉത്ഘോഷിച്ച് നാട്ടിലെല്ലായിടത്തും അത് പ്രചരിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അതിനുവേണ്ടി രാജ്യമെമ്പാടും സഞ്ചരിച്ച് പണ്ഡിതന്മാരുമായി സംവദിക്കുകയും ചെയ്തിരുന്നു. ഹൈന്ദവസംസ്കാരം ഒട്ടേറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ അതിനെ പ്രതിരോധിക്കുന്നതിൽ ശ്രീവിദ്യാധിരാജചട്ടമ്പി സ്വാമികളും ശിഷ്യനായ ശ്രീനീലകണ്ഠ തീർത്ഥപാദസ്വാമികളും വഹിച്ച പങ്ക് നമ്മുടെ പരിപാവനമായ ഈ സംസ്കാരം നിലനില്ക്കുവോളം സ്മരിക്കപ്പെടേണ്ടതാണ്. സ്വന്തം നാടിനും സംസ്കാരത്തിനും വേണ്ടി സ്വജീവിതം അർപ്പിച്ച മഹാനായ സ്വാമിജിയുടെ ദേഹമുക്തി കൊ. വ. 1096 കർക്കിടകത്തിലായിരുന്നു. പുണ്യാത്മാവിന്റെ സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# പുതുജന്മം

**കല്പകം സോമരാജൻ**

നീളൻ വരാന്തയിൽ കാലിളകി തുടങ്ങിയ കസേരയിൽ വളരെ ശ്രദ്ധയോടെ നങ്ങേമ താളം പിടിച്ചിരുന്നു. ഇടയ്ക്ക് നെറ്റിയിൽ കൈ ചേർത്ത് അല്പം കുനിഞ്ഞ് ദൂരേയ്ക്ക് നോക്കുന്നുണ്ട്. നീട്ടി വളർത്തിയ കാതിൽ തൂങ്ങിയാടുന്ന തക്കകൾ ഈ സമയം കവിളിൽ തട്ടിക്കളിച്ചു കൊണ്ടിരുന്നു. തക്കകളുടെ ഈ സ്പർശനം സുഖദമായ ഓർമ്മകളിലേക്ക് നങ്ങേമയെ കൂട്ടിക്കൊണ്ടു പോയെന്നു തോന്നുന്നു. അവരുടെ ഐശ്വര്യം മിന്നി നിൽക്കുന്ന മുഖത്ത് പ്രസരിക്കുന്ന പ്രകാശം ഇതാണ് സൂചിപ്പി ക്കുന്നത്. മെല്ലെ മെല്ലെ ആയമ്മ തലയാട്ടിക്കൊണ്ടിരുന്നു. 'മ മ്മ മ്മാ മ്മേ' എന്ന വിളി അവരുടെ കാതുകളെ ഇക്കിളിയാക്കിയോ? എന്തോ? ചുറ്റും തുള്ളിക്കളിക്കുന്ന കുഞ്ഞുമക്കൾ തന്റെ തൂങ്ങിയാടുന്ന തക്കയിൽ പിടിച്ചു വലിക്കുന്നതായും അയഞ്ഞു തൂങ്ങിയ കവിൾ തൊലിയിൽ ഇക്കിളിയിട്ട് മുത്തം കൊടുക്കുന്നതായും ചിന്തിച്ച് നങ്ങേമ പുളകിതയായി.

'നങ്ങേമേ... ' എന്ന ഉണ്ണൂലിയുടെ വിളിയിൽ ഞെട്ടിതിരിഞ്ഞ അവർ സ്ഥലകാലങ്ങളിലേക്കു തിരിച്ചെത്തി.

'ഓ... നീയോ' അതേ... ഞാനെത്ര നേരമായി ഇവിടെ നില്ക്കുന്നു. എന്താ,നട്ടപ്പകലേ ക്നാക്കണ്ടു രസിക്കയാണോ? കൊള്ളാമല്ലോ. ഒരേ ജനുസ്സിൽ പെട്ട അവർ മനസ്സു തുറന്നു ചിരിച്ചു രസിച്ചു.

ഞാനെന്റെ പണികൾ തീർക്കട്ടെ . എന്നാലേ വിശപ്പിനെന്തേലും അകത്തു ചെല്ലൂ. ഉണ്ണൂലിയമ്മ അകത്തേക്കു തിരിഞ്ഞു നടന്നു. ഒത്ത ഉയരവും ആകാരവടിവുമുള്ള ഉണ്ണൂലിയുടെ പുറ വടിവ് ആസ്വദിച്ചു കൊണ്ട് നങ്ങേമ വീണ്ടും ചിന്തകളിൽ മുഴുകി. നല്ല രീതിയിൽ ഒന്നരയും മുണ്ടും റവുക്കയും മേൽ മുണ്ടും ധരിച്ച് നടന്നു പോകുന്ന ഉണ്ണൂലിയുടെ ഭംഗി നങ്ങേമക്ക് വളരെ ഇഷ്ടമാണ്. ഉണ്ണൂലിയുടെ നടപ്പു കാണുമ്പോൾ മറ്റു ചില ചിന്തകൾ അവരെ വലയം ചെയ്യും. ഇറുകിയ മുട്ടുവരെയുള്ള കാൽശരായിയും അതിനേക്കാൾ ഇറുകിയ കുപ്പായവും ധരിച്ച് മടമ്പ് ഉയർന്ന ചെരുപ്പുമിട്ട് തെന്നി തെന്നി ആകർഷകമായി നടന്നു പോകുന്ന തന്റെ പേരക്കുട്ടിയെയാണ് നങ്ങേമക്ക് ഓർമ്മ വരുക. അവൾ സുന്ദരിയാണ്. അതെ തന്റെ കുഞ്ഞുമോൾ സുന്ദരി തന്നെയാണ്. ചുണ്ടിൽ ചായം പുരട്ടുക , അഴകാർന്ന മുടി വെട്ടി നീട്ടി പറത്തിയിടുക, കണ്ണിനു മുകളിലും കവിളിലുമെല്ലാം എന്തൊക്കെയോ പുരട്ടുക, ഇതൊന്നുമില്ലെങ്കിലും എന്റെ കുട്ടി സുന്ദരി തന്നെയാണ്. ചുമ്മാ ഓർത്തിരിക്കെ നങ്ങേമയുടെ മനം എത്രയോ കാതം താണ്ടി തന്റെ ഓമനകളുടെ അടുത്തെത്തി. 'മ മ്മ മ്മാമ്മേ'എന്ന കിളിക്കൊഞ്ചൽ ചെവിയിൽ തുളച്ചുകയറുന്നതായി തോന്നി. എന്താപ്പോ വിളിച്ചത്, 'എന്താ വേണ്ടത'? അറിയാതെ നങ്ങേമ വിളികേട്ടു, ഒച്ച കേട്ട് അകത്തു നിന്ന് ഉണ്ണൂലി ഇറങ്ങി വന്നു. 'എന്തേ? ആരാ വിളിച്ചേ'? നങ്ങേമ ഈ ചോദ്യം കേട്ടതായി ഭാവിക്കാതെ അറിയാത്ത ഭാവത്തിൽ ഇരുന്നു. ഒരു കൈയ്യിൽ കത്തിയും മറു കൈയ്യിൽ ഉച്ചക്കറിക്കരിഞ്ഞു കൊണ്ടിരുന്ന നീളൻ പടവലങ്ങയുമായി മുന്നിൽ നിൽക്കുന്ന ഉണ്ണൂലിയെ അപ്പോൾ കണ്ടപോലെ ഭാവിച്ച് നങ്ങേമ അത്ഭുതം കൂറി. 'നീ ദേഷ്യപ്പെടാതെടീ. നീയെന്റെ പ്രിയ തോഴിയല്ലേ' നങ്ങേമ പയ്യെ അനുനയത്തിൽ പറഞ്ഞു.

'ങാ... ആ ഓർമ്മ ഉണ്ടായാൽ നന്ന്. എനിക്കും ഇപ്പോ പതിനാറൊന്നുമല്ലേ. എങ്കിലും നിങ്ങളെ ഓർത്താ ഞാനിങ്ങനെ ഓടി നടക്കുന്നേ'...... 'ഹോ! ഞാനെന്റെ കുഞ്ഞു മക്കളെ ഓർത്തുപോയുണ്ണീലി... നീ ദേഷ്യപ്പെടാതെ' നങ്ങേമ സ്വയം ജാമ്യമെടുത്തു.

'ഹോ! ഇതാപ്പോ കഥ...അതേ .... ആ ശീമേ തന്ന്യങ്ങ് നിന്നാ പോരായിരുന്നോ? ഇക്കണ്ട ലഹളയെല്ലാം ഉണ്ടാക്കി എന്തിനേ ഇങ്ങോട്ടു പോന്നത്.' ഉണ്ണൂലി അധികാരം കനപ്പിച്ചു. നങ്ങേമ ആലോചനയിൽ പതുക്കെ പറഞ്ഞു ''അതു പിന്നെ ഉണ്ണൂലി അവടെന്താ ഉള്ളത്. മനസ്സിനിണങ്ങുന്ന ഒന്നും അവിടെയില്ല. കൈ കൂപ്പി തൊഴാനൊരു തേവരെപ്പോലും അവിടെങ്ങും കണ്ടില്ല. പിന്നെ..പിന്നെ..നീയും അവിടില്ലല്ലോ...'' നങ്ങേമ സഖിയെ സന്തോഷിപ്പിക്കാൻ ശ്രമിച്ചു. ജോലി തീർക്കാനായി ഉണ്ണൂലി അകത്തേക്കു പോയി.

'എന്തിനേ ഞാൻ ഇങ്ങോട്ട് പോന്നത്. ഈ അലോസരപ്പെടുത്തുന്ന ഏകാന്തതയിലേക്ക് പ്രിയപ്പട്ടവരെയെല്ലാം അവിടെ ഉപേക്ഷിച്ച്',' ചിന്താതരംഗങ്ങൾ നങ്ങേമയെ മഥിച്ചുകൊണ്ടിരുന്നു. അതേ... പ്രിയപ്പെട്ട പലതും വേരുറച്ചു നിൽക്കുന്ന ഈ പ്രിയ ഭൂമി തന്നെ ഇങ്ങോട്ട് മാടി വിളിക്കുന്നു. ഇവിടെ ബന്ധിച്ചു നിർത്തുന്നു. അതേ... അതാണ് സത്യം. എല്ലാരും പാടി പുകഴ്ത്തുന്ന ആ സ്വപ്ന ഭൂമിയിലേക്കുള്ള ആദ്യ യാത്ര. ഇപ്പോഴും ഞെട്ടലോടെയാണ് ഓർക്കുന്നത്. കടു മാങ്ങ, ഉണ്ണിയപ്പം, ചക്ക ഉപ്പേരി, കായുപ്പേരി തുടങ്ങി ഒരുപാടു സാധനങ്ങൾ ഭദ്രമായി കെട്ടി പെട്ടികളിലാക്കിയുള്ള ആദ്യയാത്ര സ്നേഹമുള്ളവരുടെ യാത്രാമംഗളങ്ങൾ. ഉണ്ണൂലിയുടെ നിറഞ്ഞു നില്ക്കുന്ന കണ്ണുകൾ ഇവയെല്ലാം കടന്ന് കാർ ഗെയിറ്റു കടന്നു പോകുന്നതും താൻ പിൻതിരിഞ്ഞു നോക്കുന്നതുമെല്ലാം ഇന്നത്തെ പോലെ ഓർക്കുന്നു. വിമാനത്താവളത്തിലെ അന്തരീക്ഷം തന്റെ മനോനില തകർക്കുന്നു.

അയ്യോ! എനിക്കു പോകണ്ട പോകണ്ട. എനിക്കെന്റെ വീട്ടിൽ പോയാൽ മതി. എന്റുണ്ണിയും പോകണ്ട.... എന്നിങ്ങനെ കുതറി പിടഞ്ഞ് ഒച്ചയിട്ടത് ഓർമ്മയുണ്ട്. കണ്ണു തുറക്കുമ്പോൾ ചുറ്റും ആരൊക്കെയോ നിൽക്കുന്നു. അക്കൂട്ടത്തിൽ തന്റെ പൊന്നുമക്കളും. അമ്മ എന്തിനാ ഇങ്ങനെ? ഉണ്ണിയുടെ ശബ്ദം വല്ലാതെ ഉയർന്നിരുന്നു. ഏതായാലും മാനസിക തകരാർ എന്ന കാരണത്താൽ അന്നത്തെ യാത്ര മുടങ്ങി. തിരികെ വീട്ടിലെത്തി . സന്താപത്തോടെ തിരിച്ചു പോകുന്ന മക്കൾ. പടിയിറങ്ങുന്ന കാറിലിരുന്ന് നിറകണ്ണുകളോടെ തിരിഞ്ഞു തിരിഞ്ഞു നോക്കുന്ന ഉണ്ണിമോന്റെ ചിത്രം ദിവസങ്ങളോളം ഉറക്കം കെടുത്തി. പിന്നീട് സ്നേഹമസൃണമായ നിർബന്ധത്തിന് വഴങ്ങി പല പ്രാവശ്യം കടൽ കടന്നു. ആകാശ യാത്ര ഇനി ഇല്ല എന്ന നിശ്ചയത്തിൽ ഇപ്പോൾ അങ്ങനെ കഴിയുന്നു. സ്വീകരണ മുറിയിലെ ഇത്തിരി പെട്ടിയിൽ പ്രത്യക്ഷപ്പെടുന്ന കിലുക്കാം പെട്ടികൾ. അവരുടെ വരവിനായി കാത്തു കാത്തിരിക്കുന്ന നാളുകൾ...... ഓണവും വിഷുവും ഉത്സവങ്ങളുമെല്ലാം ആഘോഷം വിതറി മുന്നിലൂടെ കടന്നു പോകുമ്പോഴും തന്റെ വീട്ടിൽ ഉത്സവം വന്നെത്തുന്നതിനായി കാത്തുകാത്തിരിക്കുന്നു. വാരാന്ത്യത്തിലുള്ള ആ കാഴ്ചക്കായുള്ള കാത്തിരിപ്പാണ് ഇപ്പോൾ. മ മ്മ മ്മാമ്മേ... കുഞ്ഞുമോൾ രമ്യ നീട്ടി വിളിക്കുന്നത് എത്ര കർണ്ണാനന്ദകരമാണെന്ന് തോന്നുന്ന നിമിഷങ്ങൾ. എത്തിവലിഞ്ഞ് നീന്തി തുടിച്ചെത്തുന്ന ഓമനക്കുട്ടനെ ഉറുമ്പടക്കം കെട്ടിപ്പുണരുവാൻ പലപ്പോഴും കൈകൾ വിടർത്തിയടുക്കുന്നത്, അല്പ സമയത്തിനുള്ളിൽ ചിത്രങ്ങളെല്ലാം മറഞ്ഞ് യാഥാർത്ഥ്യത്തിലേക്കുള്ള തിരിച്ചു വരവ്...ഈ സമയത്തുള്ള തന്റെ കണ്ണിലെ നനവ് ഉണ്ണൂലിയല്ലാതെ ആരുണ്ട് കാണാൻ.

'നങ്ങേമോ.' നീട്ടിയുള്ള വിളികേട്ട് നോക്കുമ്പോൾ കൈയിലെ കിറ്റു നിറയെ തുടുത്ത മാമ്പഴങ്ങളുമായി മൂപ്പിലേശൻ ഒതുക്കു കയറി വരുന്നു.

അമ്മോ... തെക്കേ തൊടിയിലെ മൂവാണ്ടൻ ഈയാണ്ട് അറിഞ്ഞ് കനിഞ്ഞിരിക്കുകയാ പഴുത്തു ചൊരിയുകയാ... പെറുക്കി പെറുക്കി മൂപ്പിലേശന്റെ കൈ കടഞ്ഞു. ചിരിച്ചു കൊണ്ട് കയ്യിലിരുന്ന മാമ്പഴക്കിറ്റ് താഴെ വച്ചു. തിണ്ണയിലിരുന്ന് തോളിലിട്ടിരിക്കുന്ന ഈരിഴതോർത്തെടുത്ത് വീശി തുടങ്ങി. ശരിയാണെല്ലോ, ഇക്കുറി തൊടിയിലെ എല്ലാ ഫലവൃക്ഷങ്ങളും നന്നായി കായ്ചിരിക്കുന്നു. എന്താണോ, എന്തോ? ചില പഴമൊഴികൾ മനസ്സിൽ എത്തി നോക്കിയെങ്കിലും നങ്ങേമ ഒന്നും പറയാതെ മൂപ്പിലേശനോട് കുശലം പറയുവാൻ തുടങ്ങി. എന്തൊക്കെ വിശേഷങ്ങള് മൂപ്പിലേശാ..? മുറിപ്പല്ലു കാട്ടി വെളുക്കെ ചിരിച്ചു കൊണ്ട് മൂപ്പിലേശൻ പറയുവാൻ തുടങ്ങി. 'എനിക്കെന്തു വിശേഷം നിങ്ങൾക്കൊക്കെയല്ലേ പറയാനുള്ളത്,' ഉം...നീട്ടി മൂളിയങ്ങനെയിരിക്കുന്നു. എല്ലാം പതിവു പോലെ. കാലത്തെ കാപ്പി മാത്രം തരപ്പെട്ടില്ല. ഇത്രയും പരിതാപത്തോടെ പറയുന്നു. 'ഉണ്ണൂലി '.... നങ്ങേമ നീട്ടി വിളിക്കുന്നത് കേട്ട് കാപ്പി ഗ്ലാസ്സുമായി അവർ വരുന്നു. 'ഇയാടെ വരവു കണ്ടപ്പോഴെ ഞാനീ വിളി പ്രതീക്ഷിച്ചു'. കാപ്പി പാത്രം താഴെ വച്ച് മാമ്പഴക്കൂട എടുക്കുന്നു. 'ഇന്നത്തെ കൂട്ടാൻ മാമ്പഴപ്പുളിശ്ശേരി തന്നെ. ഹൗ! നല്ല മാമ്പഴം'. കൂടയുമായി ഉണ്ണൂലി അകത്തേക്കു പോകുന്നു.

'അല്ലേ! ഇന്നെന്താ ആ സാധനം തുറക്കാത്തെ? അതോ മക്കളുമായി സല്ലാപം കഴിഞ്ഞോ?' ചായ കുടിക്കുന്നതിനിടക്ക് മൂപ്പിലേശൻ കുശലം അന്വേഷിക്കുന്നു. 'അവരെയൊക്കെ ഒന്നു കാണുവാൻ വല്ലാത്ത മോഹം'. മൂപ്പിലേശൻ ആഗ്രഹം പറഞ്ഞു. 'അതിനേ .... സമയത്തും കാലത്തുമൊക്കെ വരണം'. അല്ലാതെ തോന്നുമ്പോ കേറി വന്നാൽ പോര. നങ്ങേമ കളിയായി പറഞ്ഞു. 'അല്ലേ ! നങ്ങേമോ! ആ മൂത്ത കൊച്ച് മൂപ്പിലേശന്റെ കാര്യം എന്തേലും ചോദിച്ചോ?' മൂപ്പിലേശന്റെ ചോദ്യത്തിന് ചിരിയോടെ നങ്ങേമ ഉത്തരം നൽകി. 'പിന്നില്ലേ... നിന്റെ കാര്യം തന്നെ ആദ്യം ചോദിച്ചത്. മൂപ്പിലേശൻ വന്നോ? ചായ കഴിച്ചോ തൊടിയിൽ നിന്നു മാമ്പഴം പെറുക്കിയോ?..... പിന്നെ...പിന്നെ ഒരു കാര്യം കൂടി ചോദിച്ചു. അതെന്താണെന്നോ.... മൂപ്പിലേശന്റെ കല്ല്യാണം എന്നാണെന്ന് ?' ഇതു കേട്ട്, കുഴഞ്ഞ് ചിരിച്ച് ''ഞാൻ തൊടിയിലൊക്കെ ഒന്നു കറങ്ങട്ടെ'' എന്നു പറഞ്ഞ് മേൽ മുണ്ടു കുടഞ്ഞു തോളിലിട്ട് മൂപ്പിലേശൻ പുറത്തേക്കു നടക്കുന്നു.

നങ്ങേമ സന്തോഷത്തോടെ സ്വന്തം ലോകത്തേക്കു മടങ്ങുന്നു. ഇന്ന് ബുധൻ .... തന്റെ കുഞ്ഞുങ്ങളെ കാണാൻ ഇനിയും ശനിയാഴ്ച വരെ കാത്തിരിക്കണം. ഈ കാത്തിരിപ്പ് അസഹ്യം തന്നെ. എന്നാലും വയ്യ... ഇതെല്ലാം സഹിക്ക തന്നെ. അല്ലാതെ ഈ ആകാശ സഞ്ചാരവും അന്യദേശ വാസവും ഇനി വയ്യ തന്നെ. മക്കളുടെ നിർബന്ധത്തിന് വഴങ്ങിയുള്ള ആകാശ യാത്ര സ്വപ്നതുല്യമായി ഇന്നും മനസ്സിലുണ്ട്. രാവണന്റെ പുഷ്പക വിമാനത്തെക്കുറിച്ചൊക്കെ വായിച്ചിട്ടുണ്ട്. എന്നാൽ ഈ പുഷ്പകത്തിൽ താനും കയറേണ്ടിവരുമെന്നു തീരെ നിനച്ചില്ല. കാലവിശേഷം അല്ലാതെന്താ. മേഘപാളികൾ തുളച്ചുള്ള സ്വച്ഛമായ

ആ യാത്ര മോഹിപ്പിക്കുന്നതു തന്നെ. ചെന്നുപെട്ട സ്ഥലവും വളരെ നല്ലതു തന്നെ.പക്ഷെ...പക്ഷെ...എന്തോ ഒരിത്. എന്താണെന്നു പറയാൻ കഴിയുന്നില്ല. അംഗീകരിച്ചു പോകുവാൻ വല്ലാത്ത പ്രയാസം. ശ്വാസം വിലങ്ങുന്ന അനുഭവം. പല കാര്യങ്ങൾക്കായി മക്കളെല്ലാം പുറത്തു പോയിക്കഴിഞ്ഞാലുള്ള കടുത്ത ഏകാന്തത താങ്ങാൻ സാധിക്കാത്തതു പോലെ. വീടിന് ജീവൻ വയ്ക്കണമെങ്കിൽ കുഞ്ഞുങ്ങൾ എത്തണം. വന്നാലും എല്ലാക്കാര്യങ്ങളും ചിട്ടയായി യാന്ത്രികമായി നീങ്ങുന്നു. കുളിപ്പിക്കൽ , കളിപ്പിക്കൽ , ഭക്ഷണം കൊടുക്കൽ, പഠിപ്പിക്കൽ അങ്ങനെ എല്ലാം വളരെ ചിട്ടയോടെ. ഇതിനിടെ കുസൃതി കാണിച്ചൊന്നു കുത്തിമറിയുവാൻ പോലും അവർക്കു സമയമില്ല. എങ്കിലും തക്കത്തിനവർ അമ്മയുടെ കണ്ണുവെട്ടിച്ച് തന്റെ അരികെ ഓടിയെത്തും. തന്നെ മറിച്ചിട്ട് പുറത്തു ചാടിക്കയറി മറിഞ്ഞു കളിക്കും. ഹോ! അതൊരു വല്ലാത്ത അനുഭൂതി തന്നെയാണേ.... അവർക്കും തനിക്കും എന്തൊരു സന്തോഷമാണ്. അച്ഛനോ, അമ്മയോ തങ്ങളെ കണ്ടുപിടിക്കുന്നുണ്ടോ എന്ന് ഇടക്കിടെ എത്തിനോക്കും. ചില സമയം ഈ ശബ്ദ കോലാഹലം കേട്ടെത്തുന്ന മകൾ താനടക്കം എല്ലാവരേയും കൂട്ടത്തോടെ ശകാരിക്കും. ആ സമയത്ത് വായ പൊത്തിയുള്ള അവരുടെ നില്പ് രസം തന്നെയാണ്. താനും വായ പൊത്തണം. അതാണത്രേ അനുസരണക്കേടിനുള്ള ശിക്ഷ. വയസ്സു തികയാത്തവന്റെ കുഞ്ഞിക്കൈ കൊണ്ടുള്ള വായ പൊത്തലാണ് ഏറ്റവും രസകരം. ഈ സമയം പൊട്ടിവരുന്ന ചിരി സ്വയമടക്കി തിരിഞ്ഞു നടക്കുന്ന മകൾ. അമ്മ പോയ സന്തോഷത്തിൽ ചിരിച്ചാർത്ത് തന്നെ തള്ളി താഴെയിട്ട് പുറത്തുകയറി മറിഞ്ഞു കളിക്കുന്ന കുഞ്ഞുങ്ങൾ. ഈ അനുഭവങ്ങളെല്ലാം എങ്ങനെയാണ് മറക്കുന്നത്. വേണ്ടെന്നു വയ്ക്കുന്നത്. മമതാ ബന്ധങ്ങളുടെ ശക്തമായ ഈ വടംവലി വല്ലാതെ മനസ്സിനെ മഥിക്കുന്നു. എന്തു ചെയ്യണമെന്ന ബോധം മനസ്സിൽ ഉറക്കാത്തതു പോലെ.

നങ്ങേമോ! വിളി പുറത്തു നിന്നാണ് ആരാണാവോ? കാഴ്ചയ്ക്ക് അല്പം മങ്ങലുണ്ട്, ചെവിയും പണ്ടത്തത്ര പോര. എന്നാലും ശ്രദ്ധിച്ചു നോക്കി. 'ഓ കുട്ടനാണോ...? എന്താ അവിടെ നിന്നുക്കളഞ്ഞത്. വരു വരൂ'. ആവശ്യം വരുമ്പോൾ എല്ലാ കാര്യങ്ങളും ചെയ്യുന്ന നങ്ങേമയുടെ സത്യസന്ധനായ സഹായി. അതാണ് കുട്ടൻ. സഹായിക്കാൻ ഈശ്വരൻ ആരെയെങ്കിലുമൊക്കെ കൊണ്ടു തരും. അതാണ് നങ്ങേമയുടെ യുക്തി. നങ്ങേമ കൃതജ്ഞതയോടെ പുഞ്ചിരിച്ചു. വരാന്തയിലിരുന്ന് കണക്കുകളും രസീതുകളുമെല്ലാം കൃത്യമായി നങ്ങേമക്കു പറഞ്ഞു കൊടുത്തു കുട്ടൻ. ഉണ്ണൂലിയുടേയും പ്രിയപ്പെട്ട ആളാണ് കുട്ടൻ. ശബ്ദം കേട്ടപാടെ പിഞ്ഞാണം നിറയെ മാമ്പഴപൂളുമായി ഉണ്ണീലിയും എത്തി. 'അല്ലേ നമ്മുടെ മൂപ്പിലേശൻ എത്തിയില്ലെ'? കുട്ടൻ അന്വേഷണം നടത്തി. കൊത്തി പെറുക്കി നടക്കുന്ന കാക്കകളെ ആട്ടിയകറ്റി കൊണ്ടു പൊട്ടിവീണ പോലെ എത്തിയ മൂപ്പിലേശൻ മാമ്പഴപ്പൂളുകളെ ആക്രമിക്കുവാൻ തുടങ്ങി. ഈ വെപ്രാളം കണ്ടു രസിച്ച് കുട്ടനും നങ്ങേമയും ഉണ്ണൂലിയും ചിരിച്ചു. ഇതെല്ലാം കാണുകയും ചിരിക്കുകയും എല്ലാം ചെയ്യുമ്പോഴും പല ചിന്തകളാൽ ആകുലപ്പെട്ട നങ്ങേമ വിദൂര സ്വപ്നങ്ങളിൽ മുഴുകിയ പോലെ അന്യമനസ്കയായി കാണപ്പെട്ടു.

'എന്റെ നങ്ങേമയ്ക്കെന്താ ഒരു ചിന്ത'? കുട്ടൻ അതു കണ്ടുപിടിച്ചു ചോദ്യം ചെയ്തു.

'ല്ല കുട്ടാ... ഞാനെന്റെ കുഞ്ഞുമക്കളെ കുറിച്ചു ചിന്തിച്ചു അത്രേയുള്ളു', നങ്ങേമയുടെ ന്യായീകരണം കുട്ടനെ തൃപ്തനാക്കിയില്ല. അവൻ വീണ്ടും വീണ്ടും ചോദിച്ചു കൊണ്ടിരുന്നു.

'അല്ല കുട്ട്യേ... ഓടിച്ചാടിപ്പോയി മാമ്പഴം പെറുക്കേണ്ട എന്റെ കുഞ്ഞുങ്ങൾ അവർ എവിടെയോ ജീവിക്കുന്നു. അതാണെന്റെ ചിന്ത'. നങ്ങേമ വെറുതെ പരിതപിച്ചു.

'അല്ല കുട്ട്യേ ഞാൻ ചിന്തിക്കുകയായിരുന്നു... ഇക്കൊല്ലം വിഷു കഴിഞ്ഞിട്ട് പുള്ളോനും പുള്ളോത്തിയും വന്നില്ല. അവർ പാട്ടു നിർത്തിയോ എന്തോ ? അതുപോലെ ആ ബ്രാവേലി വായനക്കാരനേയും കണ്ടില്ല.'

'എന്റെ നങ്ങേമോ അവരുടെ മക്കളെല്ലാം ഇപ്പോൾ വലിയ ഉദ്യോഗസ്ഥരാ.... വായനയൊക്കെ നിർത്തി'. മൂപ്പിലേശൻ തന്റെ വിജ്ഞാനം വിളമ്പി. ചിത്രപടം ചുമരിൽ തൂക്കി കോലു കൊണ്ട് ഓരോന്നിലും തൊട്ട് 'ഇട്ടതും തൊട്ടതും വർദ്ധിച്ച് ശ്രീപരമേശ്വരൻ വാഴ്ക ശ്രീദേവിയും അനുഗ്രഹിച്ച് വാഴ്ക വാഴ്ക'! എന്നു തുടങ്ങുന്ന ബ്രാവേലി പാട്ട് കുട്ടനും ഇഷ്ടമാണ്. 'ആ വായനക്കാരൻ കാർന്നോര് മണ്ണടിഞ്ഞു കാണും'. കുട്ടൻ അഭിപ്രായപ്പെട്ടു. അയാൾ അത്രക്ക് മൂത്തോ. തുണ വരുന്ന ആ അമ്മയ്ക്ക് ഏറിയാൽ അമ്പത്. 'അതിലപ്പുറം പോകൂല്ല'. ഉണ്ണൂലിയമ്മ അഭിപ്രായം പാസ്സാക്കി. ഉച്ചയൂണിനായി സഭ പിരിയും വരെ അവർ കൊച്ചു വർത്തമാനങ്ങളിൽ മുഴുകി.

ഉച്ചമയക്കത്തിൽ നിന്ന് മൂപ്പിലേശന്റെ അട്ടഹാസമാണ് നങ്ങേമയെ ഉണർത്തിയത്. പതുക്കെ വേച്ചു പോകാതെ ഉമ്മറ വാതിൽ കടന്നെത്തിയ നങ്ങേമ പൊട്ടിച്ചിരിച്ചു പോയി. കാരണം മൂപ്പിലേശൻ ഒച്ചയിട്ടു ശകാരിക്കുന്നത് അടുത്ത വീട്ടിലെ തല പോയ തെങ്ങിൻ പോട്ടിൽ കൂടുവച്ചിരിക്കുന്ന തത്തമ്മകളെയാണ്. കൊത്തി വിരിഞ്ഞു തലയെടുത്ത കുഞ്ഞുങ്ങൾ പുറത്തേക്കു തല നീട്ടി എന്തോ ശബ്ദം പുറപ്പെടുവിക്കുന്നു. അവക്കായി തീറ്റതേടിപ്പോയ തള്ളക്കിളികൾ ഇതുവരെ തിരിച്ചെത്തിയിട്ടില്ല. അതാണ് ശകാരത്തിനുള്ള കാരണം. തത്തകളുടെ മൂന്നു തലമുറ അപ്പുറം വരെയുള്ളവർ മൂപ്പിലേശന്റെ ശകാരത്തിനു പാത്രീഭൂതമാകുന്നു. ചിരിക്കുന്നതു കേട്ടു തിരിഞ്ഞ മൂപ്പിലേശൻ ഇളിഭ്യനായി വിഷയം മാറ്റുന്നു. നങ്ങേമേ... ആ കുഞ്ഞുമക്കൾ വരാൻ സമയമായി ആ ടി.വി ഒന്നു തുറക്കൂ. ഇന്ന് എനിക്കും അവരെ കാണണം. അയാൾ ധൃതി വച്ച് ഇറയത്തേക്ക് കയറി കഴിഞ്ഞു.

സമയമാകട്ടെ, നീ ക്ഷമിക്ക് . എല്ലാവരേയും കാണിച്ചു തരാം. നങ്ങേമ അയാളെ സമാധാനിപ്പിച്ചു. നാലുമണി ചായയുമായെത്തിയ ഉണ്ണൂലി മൂപ്പിലേശനെ കളിയാക്കി ചിരിച്ചു. 'നിങ്ങൾ ആവശ്യമില്ലാത്ത കാര്യത്തിൽ കൈകടത്തല്ലേ?' അയാൾ അവർക്കു നേരെ കണ്ണുരുട്ടി, നഷ്ടപ്രതാപനായ സൂര്യൻ തലചായ്ക്കാനായി ഒരുങ്ങി. ഈ സമയം എല്ലാവരും ഇത്തിരിപെട്ടിക്കു മുന്നിൽ നിരന്നു. കുഞ്ഞുമക്കളുടെ കിലുകിലാരവത്തിനായി അവരുടെ കുഞ്ഞു കുസൃതികൾക്കായി കണ്ണും കാതും കൂർപ്പിച്ച് ചെറുസദസ്സ് കാത്തിരുന്നു, ആ ഇത്തിരി മൗനത്തിനിടയിൽ പുഷ്പകവും അതിലേറിയുള്ള ആകാശ യാത്രയും നങ്ങേമയുടെ മനോമുകുരത്തിൽ ദൃഢത പ്രാപിക്കുകയായിരുന്നു. ഏതായാലും അസ്തമയമായി. അത് എപ്പോൾ എങ്ങനെ ആയാലെന്താ! തെളിഞ്ഞ നീലാകാശവും അനന്ത ശാന്തമായ കടലലകളും.... അങ്ങനെ കാണുന്ന ആ നീലിമ എത്ര സുന്ദരമായ സങ്കല്പം. അങ്ങനൊരു സുഖ ശീതളാവസ്ഥയെ പുൽകുവാൻ പുഷ്പകമല്ല ഏത് ആകാശയാനവും കയറുവാൻ തയ്യാറെടുത്തു കഴിഞ്ഞു ആ വൃദ്ധമനസ്സ്. ആ മുഖത്ത് തെളിഞ്ഞ സംതൃപ്തിയുടെ രഹസ്യം എന്താണെന്നന്വേഷിക്കാത്ത ആ കൊച്ചു സദസ്സ് സന്തോഷവുമായെത്തുന്ന ആ കൊച്ചു ദീർഘചതുരപ്പെട്ടിയുടെ മുഖപടത്തിൽ കണ്ണു നട്ടിരുന്നു.

(മിനിക്കഥ)

## ഊതിക്കാച്ചിയ ചിന്തകൾ

ഉണ്ണി വാരിയത്ത്, ഫോൺ : 09867179480

എളുപ്പം മറക്കുന്നതും മറക്കാത്തതും എന്ത് എന്നാണ് അയാളുടെ ചോദ്യം.

പലരും പറഞ്ഞ ഉത്തരങ്ങൾ പലതാണ്. ഉപകാരങ്ങളും ദു:ഖങ്ങളും എന്നതാണത്രെ ശരിയായ ഉത്തരങ്ങൾ!

എളുപ്പം മറക്കേണ്ടത് ദു:ഖങ്ങളും മറക്കാതിരിക്കേണ്ടത് ഉപകാരങ്ങളുമായാൽ ജീവിതം ശാന്തസുന്ദരമാകുമെന്നും അയാൾ കൂട്ടിച്ചേർക്കും.

ഊതിക്കാച്ചിയ ചിന്തകൾ സ്വന്തമായുള്ള അയാൾ ആരായാലും വന്ദിക്കപ്പെടേണ്ടതാണ്.

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2018 നവംബർ / ഡിസംബർ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 15.11.18 | | ടി. എൻ. ടി നായർ | വേനലിൽ പൂത്ത സ്വപ്നങ്ങൾ | 993 |
| 22.11.18 | | എം ആർ രാജേന്ദ്രൻ നായർ | പോലീസും ജനങ്ങളും 2-ാം ഭാഗം | 994 |
| 29.11.18 | ജി. വി. പിള്ള | സുമതി ശ്രീകുമാർ | What is Personality? | 995 |
| 08.12.18 | ഡോ. സുന്ദരി. ജി. മേനോൻ | പി.ജി. കൃഷ്ണൻനായർ | അഴിഞ്ഞുലയുന്ന കുടുംബ ബന്ധങ്ങൾ | 996 |

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോ:9895981809

**ശ്ലോകം 28**

സൗവർണ്ണോജ്ജ്വലപത്രയുഗ്മനഖിലാമ്നായ സ്വരൂപൻ രണേ

ദേവാധീശമദാപഹൻ തവകലാഭൂതൻ ഭുജംഗാശനൻ

ദേവാരാതികുലാന്തകൻ ഖഗവരൻ കണ്ഠേ ഭവാനെ പൃഥക്-

ഭാവം വിട്ടു ഭജിപ്പവൻ വിഷഭയം പോക്കുന്നു നോക്കൊന്നിനാൽ

**ശ്ലോകാർത്ഥം :**

സ്വർണ്ണത്തിനു തുല്യമായി ഏറ്റവും അധികം ജ്വലിക്കുന്ന രണ്ടു ചിറകുകളോടു കൂടിയവനും, അഞ്ചാമ്നായങ്ങളും സ്വന്തം രൂപമായവനും, ദേവേന്ദ്രന്റെ അഹങ്കാരം യുദ്ധത്തിൽ ഇല്ലായ്മ ചെയ്തവനും, അവിടുത്തെ ബീജത്തിൽ നിന്നും ജനിച്ചവനും, പാമ്പുകളെ തിന്നുന്നവനും, ദേവന്മാരുടെ ശത്രുക്കളുടെ കുലത്തെത്തന്നെ ഇല്ലാതാക്കിയവനും, പക്ഷികളിൽ ഏറ്റവും മികച്ചവനും ആയ ഭവാനെ, മറ്റൊന്നാണെന്ന ഭാവം വെടിഞ്ഞ് കണ്ഠത്തിൽ ഭജനം (ധ്യാനം) ചെയ്യുന്നവൻ, ഒരൊറ്റ നോട്ടം കൊണ്ട് വിഷഭയം മാറ്റുന്നു.

**വ്യാഖ്യാ :**

സൗവ്വർണ്ണോജ്ജ്വല. സ്വർണ്ണത്തിനു സമാനം ഉജ്ജ്വലിക്കുന്ന , ഉജ്ജ്വലനം ജ്വലനത്തേക്കാളധികമാണ്. ജ്വലനത്തിന്റെ ഉത്തുംഗാവസ്ഥയാണ് ഉജ്ജ്വലനം. ഇനി ഇതിനും മേൽ ജ്വലിക്കാനോ, ശോഭായമാനമാവാനോ കഴിയാത്തത്ര ഉയർന്ന അവസ്ഥ. / പത്രയുഗ്മൻ. രണ്ടു ചിറകുകളോടു കൂടിയവൻ. ഈ ചിറകുകളേക്കാൾ ജ്വലിക്കുന്നതൊന്നില്ല./ അഖിലായാമ്നായസ്വരൂപൻ. അഞ്ചാമ്നായങ്ങളാണ് പ്രസിദ്ധം. പൂർവ്വമ്നായം, ദക്ഷിണാമ്നായം, പശ്ചിമാമ്നായം, ഉത്തരാമ്നായം, ഊർദ്ധ്വാമ്നായം. സാക്ഷാൽ ശിവൻ ഈശാനൻ, തത്പുരുഷൻ, അഘോരൻ, വാമദേവൻ, സദ്യോജാതൻ എന്നിങ്ങിനെ അഞ്ച് മുഖങ്ങളാൽ സൃഷ്ടിച്ചതാണ് അഞ്ച് ആമ്നായങ്ങൾ.....പഞ്ചഭി: മുഖൈ: പഞ്ചാമ്നായാൻ പരമാർത്ഥസാരഭൂതാൻ പ്രണനായ. (പ.ക.സൂ.2 ) പരമമായ അർത്ഥങ്ങളാകുന്ന, പാലിലെ വെണ്ണയാകുന്ന, സാരമായ അഞ്ചാമ്നായങ്ങൾ സ്വയം ഒരു പക്ഷിയുടെ രൂപമെടുത്തതാണ് എന്നു വ്യംഗ്യം/രണേ, യുദ്ധത്തിൽ./ ദേവാധീശമദാപഹൻ. ദേവേന്ദ്രന്റെ അഹങ്കാരം ശമിപ്പിച്ചവൻ. കശ്യപപ്രജാപതി പുത്രകാമേഷ്ടിക്കുള്ള വിറകു കൊണ്ടുവരാൻ ദേവേന്ദ്രനേയും ബാലഖില്യന്മാരേയും നിയോഗിച്ചെങ്കിലും, കുറഞ്ഞ സമയത്തിനുള്ളിൽ ദേവേന്ദ്രൻ മുഴുവൻ വിറകും എത്തിച്ച് , ബാലഖില്യന്മാരെ നോക്കി അപഹസിച്ചു. അതിൽ ക്രുദ്ധരായ, ബാലഖില്യർ ദേവേന്ദ്രനെ ശപിച്ചതിന്റെ ഫലമായാണ് കശ്യപനു ജനിച്ച ഗരുഡൻ, അമൃതാപഹരണസമയം ദേവേന്ദ്രനെ തോല്പിച്ചത്./ തവ കലാഭൂതൻ. അവിടുത്തെ ബീജത്തിൽ നിന്നും ജനിച്ചവൻ. അമരസിംഹ ഹലായുധാദികൾ, കലയ്ക്ക് ബീജാവാഹിയായ ശുക്ലം എന്നർത്ഥം കല്പിക്കുന്നു. മുപ്പത്താറിൽ എട്ടാമത്തെ തത്വമാണ് കല. ജീവന്റെ സർവ്വകർതൃത്വത്തിന് കലകൊണ്ടാണ് ഇതിനെ ഞാൻ സൃഷ്ടിക്കുന്നു. ഗരുഡനെ വിഷ്ണു സൃഷ്ടിക്കുന്നു. എന്നിങ്ങനെയുള്ള സങ്കുചിതത്വം വരുന്നത്. ദേഹോദേവാലയപ്രോക്തോ ജീവോ ദേവ: സദാശിവ: എന്നും പറയപ്പെട്ടിട്ടുള്ളതുകൊണ്ട്, ജീവൻ തന്നെ സർവകർത്താവായ ശിവൻ.

ഭുജംഗാശനൻ. പാമ്പുകളെ തിന്നുന്നവനാണ് ഗരുഡൻ എന്നത് പ്രസിദ്ധം. മഹാഭാരതാദികൾ നോക്കുക. ദേവാരാതികുലാന്തകൻ. അസുരന്മാരുടെ കുലത്തെ നശിപ്പിച്ചവൻ എന്നത് പ്രസിദ്ധം. / ഖഗവരൻ. പക്ഷികളിൽ ശ്രേഷ്ഠൻ. ഇങ്ങനെയെല്ലാമുള്ള ഭവാനെ. കണ്ഠത്തിൽ, വിശുദ്ധി ചക്രത്തിൽ, ഞാൻ തന്നെയാണീ ഗരുഡൻ. എന്ന് പരസ്പര ഭേദമില്ലാതെ ഭജിക്കുന്നവൻ (ധ്യാനിക്കുന്നവൻ ) ഒരൊറ്റ നോട്ടം കൊണ്ട് വിഷം തീണ്ടിയവന്റെ വിഷത്തെ നീക്കുന്നു. 'സ സർപ്പാണാം ദർപ്പം ശമയതി ശകുന്താധിപ ഇവ' എന്ന സൗന്ദര്യലഹരീ ശ്ലോക സമാനം.

**നായർ സ്ത്രീസമാജം 2018 നവംബർ മാസ പരിപാടികൾ**

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 20.11.2018 | അംഗങ്ങളുടെ ഒത്തുചരൽ | 4.00 pm |





# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

ഈശ്വരപ്രണിധാനമാണ് സമാധി ലാഭത്തിന് ഒരു മാർഗമായി പറഞ്ഞതെന്നു കഴിഞ്ഞ സൂത്രത്തിൽ കണ്ടു. ആരാണ് ഈശ്വരൻ ? ഈശ്വര ലക്ഷണമെന്ത് ? കാണാം.

24. ക്ലേശ കർമ വിപാകാശയൈരപരാമൃഷ്ട : പുരുഷവിശേഷ ഈശ്വര :

ക്ലേശം, കർമം, കർമഫലം, വാസന ഇവ ബാധിക്കാത്ത വിശിഷ്ട പുരുഷനാണ് ഈശ്വരൻ.

അജ്ഞാനം, അഹങ്കാരം, രാഗദ്വേഷങ്ങൾ, മരണഭയം, എന്നിവയാണ് ക്ലേശങ്ങൾ. (അവിദ്യ അസമിത രാഗ ദ്വേഷ അഭിനിവേശാ : ക്ലേശാ :)

അനിത്യമായതിനെ നിത്യമെന്ന് തോന്നുന്നത് അജ്ഞാനം കൊണ്ടല്ലേ ? ഈ ശരീരം നശിക്കുമെന്നറിഞ്ഞിട്ടും നശിക്കില്ലെന്നു ചിന്തിക്കുന്നത് അവിദ്യ കൊണ്ടാണ്. അതുപോലെയാണ് അശുദ്ധമായതിനെ ശുദ്ധമെന്നും ദു:ഖമായതിനെ സുഖമെന്നും ആത്മാവല്ലാത്തതിനെ ആത്മാവെന്നും ചിന്തിക്കുന്നത്. ഈ അജ്ഞാനമാണ് സർവ്വകഷ്ടതകൾക്കും കാരണം. സുഖം തരുന്നതിനോട് ഇഷ്ടവും ദു:ഖം തരുന്നതിനോട് ദ്വേഷവും തോന്നുന്നതും മനുഷ്യ സാധാരണം തന്നെ. മരണഭയവും ജീവിതത്തോട് അഭിനിവേശവും ഇതുപോലെയാണ്. പക്ഷെ ഇവയൊന്നും ഈശ്വരനെ ബാധിക്കില്ല.

കർമ്മങ്ങൾ രണ്ടു തരം – നിഷ്കാമ കർമ്മവും സകാമ കർമ്മവും. നിഷ്കാമ കർമ്മം എന്നു വെച്ചാൽ ഫലത്തിൽ ശ്രദ്ധയില്ലാതെ കർമ്മം ചെയ്യുക. കാമത്തോടെയുള്ള കർമ്മങ്ങൾ ശുഭമോ അശുഭമോ രണ്ടും കലർന്നതോ ആവാം. അനിഷ്ടം, ഇഷ്ടം, മിശ്രം, ചത്രിവിധം കർമ്മണ : ഫലം എന്നു ഭഗവത് ഗീത. കർമ്മവും കർമ്മഫലവും ഈശ്വരന് ബാധകമല്ല. വിപാകം എന്നു വെച്ചാൽ കർമ്മഫലമാണ്. കർമഫലം അനുഭവിക്കുമ്പോൾ വന്നു ചേരുന്ന സംസ്കാരങ്ങളാണ് വാസന അഥവാ ആശയം. ആശയത്തിന് സാധാരണ അർഥമല്ല ഇവിടെ.

ഈശ്വരൻ പുരുഷ വിശേഷനാണ്, വിശിഷ്ട പുരുഷനാണ്, പുരുഷോത്തമനാണ്. ഭഗവദ് ഗീതയിൽ പുരുഷോത്തമ യോഗം എന്ന ഒരു അധ്യായം തന്നെയുണ്ട്. ഉത്തമ: പുരുഷ സ്ത്വന്യ: പരമാത്മേത്യുദാഹൃത : എന്നവിടെ പറയുന്നുണ്ട്. പരമാത്മാവു തന്നെയാണ് വിശിഷ്ട പുരുഷൻ. പുരുഷൻ എന്നാൽ സ്ത്രീയുടെ പുല്ലിംഗശബ്ദമാണെന്നാണ് പെട്ടെന്നുള്ള ധാരണ വരിക. ഈശ്വരൻ ആ അർഥത്തിൽ പുരുഷനാണോ എന്നും ചോദിക്കാം. ശരീരമാകുന്ന പുരത്തിൽ (പുരി) ശയിക്കുന്നവൻ (ശേതേ), വസിക്കുന്നവൻ, ശരീരത്തിൽ ബോധ ശക്തിയായിരിക്കുന്നത് എന്നേ ഇവിടെ പുരുഷൻ എന്നതിനർഥമുള്ളൂ. സാംഖ്യ ദർശനത്തിലും യോഗ ദർശനത്തിലും പല വേദാന്ത ഗ്രന്ഥങ്ങളിലും ഇതേ അർഥമാണ്. അത് പുല്ലിംഗമോ സ്ത്രീലിംഗമോ അല്ല. കാരണം അതിന് രൂപമോ നാമമോ ഇല്ല. നാമരൂപങ്ങളില്ലാത്തതിനെങ്ങിനെ ലിംഗഭേദമുണ്ടാകും ?

സാംഖ്യ ദർശനത്തിലാണ് പ്രകൃതി – പുരുഷ വിവേകം വരുന്നത്. ആ പുരുഷൻ ജീവാത്മാവാണ്. അത് ഓരോ വ്യക്തിയിലും കുടിക്കൊള്ളുന്നു. പക്ഷെ അവൻ ഒന്നും ചെയ്യുന്നില്ല ചെയ്യുന്നതും അനുഭവിക്കുന്നതും ചിത്തമാണ്. എന്നാൽ ഈ ചിത്തം പ്രകൃതി അഥവാ ജഡമായതിനാൽ അനുഭവ സാമർഥ്യമില്ല താനും. പുരുഷന്റെ സാന്നിദ്ധ്യത്തിലേ അതു സാധ്യമാവൂ. അതുകൊണ്ട് പുരുഷനെ ദ്രഷ്ടാ എന്ന് യോഗസൂത്രത്തിൽ തന്നെ മൂന്നാം സൂത്രത്തിൽ വിളിക്കുന്നുണ്ട്. (തദാ ദ്രഷ്ടു : സ്വരൂപേ അവസ്ഥാനം) വാസ്തവത്തിൽ ജീവാത്മാവ് പ്രകൃതിയുമായുള്ള സംയോഗത്താൽ 'ഞാൻ ചെയ്യുന്നു' 'ഞാൻ അനുഭവിക്കുന്നു' എന്നു തെറ്റിദ്ധരിക്കുകയാണ്. ജ്ഞാനം ഉദിക്കുമ്പോൾ താൻ ദേഹമല്ല എന്നു തിരിച്ചറിയുന്നു. യോഗയുടെ ലക്ഷ്യവും ഇതു തന്നെ . അതോടെ അവൻ ദേഹാത്മ ബുദ്ധിയിൽ നിന്നും മുക്തി നേടുന്നു. എന്നാൽ അവനും, മുമ്പ് ബന്ധത്തിൽ പെട്ടിട്ടുണ്ട്. എന്ന അർഥത്തിൽ ക്ലേശാദികളാൽ പരാമൃഷ്ടനാണ്. ഈശ്വരന് അതുമില്ല. മൂന്നു കാലത്തിലും സ്പർശിക്കപ്പെടാത്തവനാണ്. അപരാമൃഷ്ടനാണ് ഈശ്വരൻ. ഈശന ശീല : ഇച്ഛാ മാത്രേണ സകല ജഗദുദ്ധരണ ക്ഷമ : ഈശ്വര : ഇച്ഛകൊണ്ടു തന്റെ ജഗത്തിനെ മുഴുവൻ ഉദ്ധരിക്കാൻ കെല്പുള്ളവനാണ് ഈശ്വരൻ.

ഒന്നു രണ്ടു കാര്യങ്ങൾ ഇവിടെ മനസ്സിൽ വെ

ക്കേണ്ടതുണ്ട്. പതഞ്ജലിയുടെ യോഗദർശനം സാംഖ്യ ദർശനംപോലെ തന്നെ ദ്വൈത സിദ്ധാന്തത്തിൽ അധിഷ്ഠിതമാണ്. അനേകം പുരുഷന്മാരുണ്ട്. എന്നു വിശ്വസിക്കുന്നു. ഈശ്വരൻ വിശേഷ പുരുഷനാണെന്നും. മറ്റൊന്ന് ഈശ്വരൻ സ്രഷ്ടാവാണെന്നോ , സഹായിയാണെന്നോ, വഴികാട്ടിയാണെന്നോ, അനുഗ്രഹദാതാവാണെന്നോ സൂചനയില്ല.

ഒരു നാടിനെ നോക്കിയാൽ പരിഷ്കാരമെന്നും സംസ്കാരമെന്നും രണ്ടുണ്ട്, ഒന്ന് പ്രദർശനാത്മകമാണ്. മറ്റേത് യഥാർഥവും. ആ നാട്ടിലെ പാതകൾ, പാലങ്ങൾ, അണക്കെട്ടുകൾ, കെട്ടിടങ്ങൾ മുതലായവയെ പരിഷ്കാരത്തിൽ പെടുത്താം. എന്നാൽ ജനങ്ങളുടെ സ്വഭാവവും പെരുമാറ്റവും ജീവിത രീതിയും ഒക്കെ കണ്ടാൽ നാടിന്റെ സംസ്കാരമറിയാം. ഓരോ ആളിനും ഇത് പോലെ രണ്ടു മുഖമുണ്ട്. ഒന്ന് പുറത്തു കാണിക്കാൻ പരിശ്രമിക്കുന്ന കൃത്രിമ മുഖം. തൽക്കാലം ഇതിന് പൊങ്ങച്ചമെന്നു വിളിക്കാം. ഒരു മുഖം മൂടി. ഇതാണ് മറ്റുള്ളവർ കാണുന്നത്. കുളിമുറിയുടെ പുറത്തെല്ലാം ഇതാണ് കാണുക. ഒളിക്യാമറയില്ലെന്നുറപ്പുള്ള കുളിമുറിയിൽ കയറിയാൽ സ്വതന്ത്രമായി. മുഖം മൂടി അഴിച്ചു വെക്കും. അതാണ് യഥാർഥ വ്യക്തിത്വം. ഒരു പെണ്ണ് അഥവാ ആണ് തന്നെ നോക്കിച്ചിരിച്ചാൽ നമുക്ക് സൗന്ദര്യമുണ്ടെന്ന് ചിന്തിക്കും. ഒന്നു പൊങ്ങും. എന്നാൽ അതേ ആൾ വെറുപ്പോടെ നോക്കിയാൽ മുഖം മൂടി ചുളുങ്ങിപ്പോകും. ഓരോ നിമിഷവും ഇത്തരം ഭയത്തോടെയാണെല്ലാവരും ഇരിക്കുന്നത്. ഈ ആശങ്കയാണ് ലോകത്തെ ഗ്രസിച്ചിരിക്കുന്നത്. ഇതുപേക്ഷിക്കുന്നതാണ് മോക്ഷം. യഥാർഥ വ്യക്തിത്വത്തെ പുല്കുന്നതാണ് മോക്ഷം.

അപ്പോൾ ജീവിതത്തിന് പുതിയ മാനങ്ങൾ വരും. അവർക്ക് ജീവിതം ഒരു ലീലയാവും. വെറും കളി. വൃക്ഷങ്ങൾ പൂക്കുന്നു. കിളികൾ പാടുന്നു. ഉള്ളതു കാട്ടുന്നു. അത്ര തന്നെ. എന്തിനെന്നു നോക്കുന്നില്ല. നാളത്തെത് ചിന്തിക്കില്ല. ഇന്നിൽ ജീവിക്കുന്നു. ചെറിയ കുട്ടികൾ അങ്ങിനെയാണ് നിഷ്കളങ്കം. ഈശ്വരനെപ്പോലെ. ഈശ്വരന് രണ്ടു മുഖമില്ല. വ്യക്തി ഈശ്വരനാകുന്നതിനും അധികനേരം വേണ്ട. മുഖം മൂടി അഴിച്ചു വെച്ചാൽ മാത്രം മതി യഥാർഥ മുഖം വെളിപ്പെടും. ഈശ്വരനാകും.

**കേരളത്തിലെ പ്രളയ ദുരിതാശ്വാസത്തിന് എറണാകുളം കരയോഗം നേരിട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് സഹായം നല്കിയവരുടെ പേരുവിവരം.**

| | | |
|---|---|---|
| 1. | ശ്രീ.രാജൻ ബാബു | - 10,000/- |
| 2. | ശ്രീ.ഗൗതം ദത്ത | - 10,000/- |
| 3. | ശ്രീമതി.ശോഭന ശ്യാം | - 10,000/- |
| 4. | ശ്രീ.ചെറുപറമ്പത്ത് ബാലകൃഷ്ണമേനോൻ | - 10,000/- |
| 5. | ശ്രീ.ടി.എൻ.ടി.നായർ | - 10,000/- |
| 6. | ശ്രീ.സി.മാധവൻ | - 10,000/- |
| 7. | ശ്രീ. കൃഷ്ണൻ.എം. | - 10,000/- |
| 8. | ശ്രീ.ജയറാം ചെല്ലപ്പൻ | - 5000/- |
| 9. | ശ്രീ.ഗോപിനാഥൻ.എൻ. | - 5000/- |
| 10. | ഡോ. എൻ.എൽ. ഉണ്ണിക്കൃഷ്ണൻ നായർ | - 5000/- |
| 11. | ശ്രീ.എം.വിനോദ് | - 5000/- |
| 12. | ശ്രീ. എം.ഹരികുമാർ | - 5000/- |
| 13. | ശ്രീ.പന്തിയിൽ ഗോപാൽ | - 1001/- |
| 14. | ശ്രീ.ജി.ബാലചന്ദ്രൻ നായർ | - 1000/- |
| 15. | ശ്രീമതി.വത്സല കുമാരു.പി. | - 1000/- |
| 16. | ആങ്കർ സർവ്വീസസ് | - 1000/- |
| 17. | ശ്രീമതി.രാജലക്ഷ്മി.എം. | - 500/- |
| 18. | ശ്രീമതി.ജാനകി.പി. | - 200/- |



## അഭിനന്ദനങ്ങൾ

എറണാകുളം കരയോഗാംഗമായ ശ്രീ. യു. ഹരിദാസിന്റെ മകൾ ശ്രീമതി. പാർവ്വതി ഹരിദാസിന് ബ്രിസ്ബെയ്നിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി, ബയോമെഡിക്കൽ സയൻസിൽ ഡോക്ടറേറ്റ് നല്കി ആദരിച്ചിരിക്കുന്നു. ബ്രിസ്ബേയ്നിൽ തന്നെ സയിന്റിസ്റ്റായി ജോലിചെയ്യുന്ന ശ്രീ. സുഷേൻകുമാർ മാത്തൂറിന്റെ ഭാര്യയാണ് ശ്രീമതി. പാർവ്വതി. ശ്രീമതി. പാർവ്വതി ഹരിദാസിന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.





# ഹാസ്യത്തിലെ ഭാഷ

**യു. എസ്. രവീന്ദ്രൻ ഫോൺ : 9496120978**

**(ഈയിടെ അന്തരിച്ച ആക്ഷേപഹാസ്യ സാമ്രാട്ടായ ശ്രീചെമ്മനം ചാക്കോയ്ക്ക് സമർപ്പിക്കുന്നു)**

സാഹിത്യാദി കലകളുടെ ധർമ്മം മനുഷ്യനെ ആനന്ദിപ്പിക്കുക എന്നതാണ്. കണ്ടും കേട്ടും വായിച്ചുമൊക്കെ ആസ്വദിക്കുന്ന കലയുടെ വിവിധ രൂപഭാവങ്ങളിൽ ഹാസ്യത്തിനുള്ള സ്ഥാനം വലുതാണ്. അനുവാചകരിൽ ചിരിയുടെ ചലനങ്ങൾ സൃഷ്ടിക്കുന്ന നർമ്മത്തിന്റെ വിവിധ ഘടകങ്ങളെ കുറിച്ചുള്ള ഒരു ലേഖനമാണിത്.

ഹാസ്യത്തിനു ഭാഷയില്ല. എന്നാൽ ഭാഷയുടെ ചൈതന്യം ഹാസ്യമാണു താനും. നർമ്മം, സാരസ്യം, ഫലിതം എന്നീ പേരുകളിൽ അറിയപ്പെടുന്ന ഹാസ്യം ഭാഷയെ ഊർജ്ജസ്വലവും ചടുലവുമാക്കി തീർക്കുന്നു. കേൾക്കുമ്പോൾ ചിരിക്കുകയും ഓർത്തോർത്ത് ചിരിക്കുന്നതുമാണ് നല്ല ഹാസ്യം. പ്രഥമവും പ്രധാനവുമായ കർത്തവ്യം ചിരിപ്പിക്കലാണെങ്കിലും ചിന്തിപ്പിക്കുന്നതും ഹാസ്യത്തിന്റെ മറ്റൊരു പ്രധാന ധർമ്മമാണ്. ഹാസ്യത്തിൽ ഒളിഞ്ഞിരിക്കുന്നതും ഇതു തന്നെയാണ്.

മലയാള ഭാഷയിൽ ആദ്യമായി വ്യാകരണ ഗ്രന്ഥം ഉണ്ടാക്കിയ കേരളപാണിനി എന്ന രാജരാജവർമ്മയെ തൊട്ടു തുടങ്ങാം. ആ വ്യാകരണ ഗ്രന്ഥത്തിൽപ്പോലും പല ഹാസ്യചിത്രങ്ങൾ കാണാം. ഉദാസീനനായ ഒരു ശിഷ്യനെ കിട്ടിയപ്പോൾ അദ്ദേഹം വിശദീകരിക്കുന്നത് ഇങ്ങിനെയാണ്. 'അവന് ഉണ്ടാൽ ഉറങ്ങണം ഉറങ്ങിയാൽ ഉണ്ണണം'. ഉദാസീനതയെ വിവരിക്കാൻ ഇതിനേക്കാൾ ഹാസ്യാത്മകമായ ഭാഷ വേറെയുണ്ടോ ?

രണ്ടു വ്യക്തികൾ തമ്മിൽ സംസാരിക്കുമ്പോൾ ആണ് സന്ദർഭത്തിനനുസരിച്ച് ഫലിതമുണ്ടാകുന്നത്.

'അശോകമഹാരാജാവ് റോഡരുകിൽ മരങ്ങൾ വച്ചു പിടിപ്പിച്ചു. എന്തുകൊണ്ട്.'

ക്ലാസ്സിൽ അദ്ധ്യാപകൻ ചോദിച്ചു. കുട്ടികൾ 'റോഡിൽ നട്ടാൽ ഗതാഗത തടസ്സമുണ്ടാകും.' ഒരു കാര്യം തെറ്റായി മനസ്സിലാക്കുന്നതിൽ ഹാസ്യമുണ്ടാകും. ഒരു തമിഴ് അദ്ധ്യാപകൻ ഇംഗ്ലീഷ് പഠിപ്പിക്കുമ്പോൾ Sweet എന്ന വാക്ക് തെറ്റായി എഴുതിയ കുട്ടിയോട് Sweet ൽ രണ്ട് ഈ വരും എന്നല്ലേ പറഞ്ഞത്. 'സ്വീറ്റിൽ' ഈ വന്നാൽ എങ്ങനെ കഴിക്കും' എന്ന് കുട്ടി. തമിഴിൽ ഈ എന്ന വാക്കിന് ഈച്ച എന്നർത്ഥമുണ്ട്.

ഒരു തെറ്റായ പശ്ചാത്തലം ഉണ്ടാക്കി ഹാസ്യം ജനിപ്പിക്കാൻ കഴിയും.

ഇന്ന് ഓഫീസ്സിൽ നിന്നും ഓഡിറ്റിന് ഫയലുകളെല്ലാം എടുത്തുകൊണ്ട് പോയി. അതുകാരണം എനിക്ക് പ്രയാസം തോന്നി.

'എന്തിന്'

'എനിക്ക് ഫയലിന്റെ അടുത്തിരുന്നാലെ ഉറക്കം വരികയുള്ളൂ.' വേറൊന്ന്.

ഞാനൊരു കാര്യം ചോദിച്ചോട്ടെ. മദ്രാസിൽ നിന്നും മധുരയിലേക്ക് വരാൻ 300 മൈൽ ദൂരം. തിരുച്ചി ജംങ്ഷനിൽ മസാലദോശയ്ക്ക് 20 രൂപ. എന്നാൽ എന്റെ വയസ്സെത്ര?

'ഇരുപത്തി എട്ട്.'

എങ്ങിനെ മനസ്സിലായി ?

എന്റെ അടുത്ത വീട്ടിലെ പയ്യന് വയസ്സ് പതിന്നാല്. അവന് അരവട്ടാണ്.

ഇവിടെ ചോദ്യം ചോദിച്ചയാൾക്ക് മുഴുവട്ടാണെന്ന് ചുരുക്കം.

ഹാസ്യം ചിത്രരൂപത്തിൽ സംഭാഷണ രൂപത്തിൽ ചോദ്യങ്ങൾക്കുള്ള മറുപടി രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു.

ഹാസ്യമുയർത്തുന്ന ചിരിയുടെ സ്വഭാവ വിശേഷമനുസരിച്ച് ഹാസ്യത്തിന് വിവിധ ഭാഗങ്ങൾ പാശ്ചാത്യ സാഹിത്യമീമാംസകർ നൽകിയിട്ടുണ്ട്.

ഉക്തിഹാസ്യം (Wit), ആക്ഷേപഹാസ്യം (Satire) ഹാസ്യം (Humour). കൂടാതെ ആക്ഷേപഹാസ്യത്തിന്റെ ഉൾപിരിവുകളാണ് തൂലികാചിത്രം (Caricature), വിരോധാഭാസം (Irony) ഹാസ്യസൂക്തം (Epigram), പരിഹാസം (Lampoon), ഹാസ്യാനുകരണം (Parody), രൂക്ഷപരിഹാസം (Burlesque) തുടങ്ങിയവയും, എല്ലാ മനുഷ്യരിലുമുള്ള ഗുണമാണ് നർമ്മബോധം. ആ നർമ്മം ആസ്വദിക്കുമ്പോഴാണ് യഥാർത്ഥഹാസ്യം ഉണ്ടാകുന്നത്. ബഷീറിന്റെ എല്ലാ കൃതികളും ഹാസ്യാത്മകമാണ്. പ്രത്യേകിച്ചും മുച്ചീട്ടുകളിക്കാരന്റെ മകൾ, ആനവാരിയും പൊൻകുരിശും, സ്ഥലത്തെ പ്രധാന ദിവ്യൻ താരസ്പെഷ്യൽ, ന്റുപ്പാപ്പക്കൊരാനെണ്ടാർന്നു, പാത്തുമ്മയുടെ ആട് തുടങ്ങിയ കൃതികളിൽ ഫലിതം മുതൽ വിരോധാഭാസം വരെ കാണാം. ന്റുപ്പാപ്പക്കൊരാനേണ്ടാർന്നു. അവസാനത്തിൽ അത് ഒരു കുഴിയാനയായി മാറുന്നു. കുഞ്ഞുപാത്തുമ്മയുടെ യഥാർത്ഥ

ജീവിതം കുയ്യാന എന്ന സൂചികകൊണ്ട് ആഞ്ഞടിക്കുകയാണ് ബഷീർ.

പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സ്മാരക ശിലകളിലെ ഹാസ്യം പരോക്ഷമാണ്. കഥാപാത്രത്തിന്റെ മനസ്സുമായി വാക്കുകൾക്ക് ലയനമുണ്ടാകുക കാരണം ആസ്വാദകന്റെ താദാത്മ്യം പ്രാപിക്കൽ സാധ്യമായെങ്കിൽ മാത്രമേ ഹാസ്യ സാഹിത്യം വെളിവാകുകയുള്ളൂ. സ്മാരക ശിലകൾ വരികൾക്കിടയിലൂടെ വായിക്കണം.

പാലപ്പുരയിലെ മമ്മദ് ഹാജി മരിച്ചു. ശവം കുളിപ്പിക്കാൻ മുക്രി എറമുള്ളാൻ എത്തിച്ചേർന്നു. വിരിച്ച വെള്ളത്തുണി പൊക്കി ശവത്തിന്റെ മുഖം നോക്കിയതും എറമുള്ളാൻ ഭയന്നു. ശവം വായ തുറന്നു കിടക്കുന്നു. ഗതികിട്ടാത്ത പ്രേതത്തിന്റെ ലക്ഷണം മരിച്ചിട്ടും കൊതി തീരാത്ത വായ. പ്രേതത്തിന്റെ വായ തുറന്നിരിക്കുന്നത് ഗതി കിട്ടാത്തതിന്റെ ലക്ഷണമായി വ്യാഖ്യാനിക്കപ്പെടുന്നു. 'മരിച്ചിട്ടും കൊതി തീരാത്ത വായ' എന്ന പരാമർശത്തിലൂടെ ആർത്തി പിടിച്ച മനുഷ്യ സമൂഹത്തെ ഓർമ്മിപ്പിക്കുകയാണ് നോവലിസ്റ്റ്. ആർത്തി മാറാത്ത മനുഷ്യന് മോക്ഷമില്ല എന്ന അദ്ധ്യാത്മിക സൂചനയും ഇതിലുണ്ട്.

സ്മാരക ശിലകളിലെ വേറൊരു ഭാഗം - സ്കൂളിൽ പരിശോധനക്കെത്തിയ ഡി.ഇ.ഒ രാമകൃഷ്ണയ്യർ ഹാജർ വിളിക്കാൻ തുടങ്ങി. എടച്ചേരി പുനത്തിൽ സൂപ്പി - ഹാജർ, പുതുങ്കുനിയിൽ മൊയ്തു - ഹാജർ, കമ്പിവേലിക്കകത്തു മൈമു, കമ്പിവേലിക്കകത്തു ഐശു, കമ്പിവേലിക്കകത്തു പോക്കർ........രാമകൃഷ്ണയ്യർ ഒരു നിമിഷം നിന്നു. എന്നിട്ടു പറഞ്ഞു. കമ്പിവേലിക്കകത്തുള്ളവർ എല്ലാവരും എഴുന്നേറ്റു നിൽക്കുവിൻ. ഒന്നാം ക്ലാസിലാണ് ചോദ്യം ചോദിച്ചതെങ്കിലും മറയ്ക്കപ്പുറത്ത് രണ്ടാം ക്ലാസ്സിലെ കുട്ടിയും എഴുന്നേറ്റു നിന്നു.

'താനെന്തിനാ എഴുന്നേറ്റ് നിന്നത്'?

'ഞാനും കമ്പിവേലിക്കകത്താ - കമ്പി വേലിയ്ക്കകത്ത് അസ്സൻ'.

ഒടുവിൽ രാമകൃഷ്ണ അയ്യർ പറഞ്ഞു. അടുത്ത കൊല്ലം ഞാൻ വരുമ്പോഴേയ്ക്കും എല്ലാവരും

കമ്പിവേലിക്ക് പുറത്ത് താമസിക്കണം.

സമുദായങ്ങളുടെ കമ്പിവേലിക്കുള്ളിൽ എല്ലാവരും ബന്ധനസ്ഥരാണെന്നും അടുത്ത തലമുറയെങ്കിലും വിലങ്ങുകളുടെ കമ്പിവേലി തകർത്തെറിയണമെന്നുമുള്ള ധ്വനി ആ വാക്കുകളിൽ അന്തർലീനമാണ്.

സർക്കാരിൽ നിന്നും ശമ്പളം വാങ്ങി മദ്രസകളിൽ പഠിപ്പിക്കുന്ന മുസലിയാർമാരുടെ വിദ്യാഭ്യാസ യോഗ്യതയും ഉച്ചാരണശുദ്ധിയും പുനത്തിൽ കുഞ്ഞബ്ദുള്ള വിമർശിക്കാറുണ്ട്. അങ്ങിനെയൊരു സന്ദർഭം. മുസലിയാർ ക്ലാസ്സെടുക്കുന്ന രംഗം.

രംഗം

ബലിച്ചാൽ ബലിയുന്നതും ബലിബിട്ടാൻ ശുരുങ്ങുന്നതും ആയ ഒരു സാതനം പറ, ചോയ്ക്കണ ആള് പറേണം

ചോദ്യത്തിന്

മൊയ്തീൻ - 'ചക്കപ്പഷ'

പാത്തുമ്മ - 'ഡമ്പർ' എന്നു പറയുന്നു. പഷ്ട് - പാത്തുട്ടി മൊയ്തീനെ തോൽപ്പിച്ചു. എന്നു മുസലിയാരുടെ അഭിനന്ദനം. അദ്ധ്യാപകർക്ക് ഉച്ചാരണത്തിൽ ഉണ്ടാകുന്ന തെറ്റിനേയും അതുകൊണ്ട് പഠിതാക്കൾക്ക് ഉണ്ടാകുന്ന വൈകല്യത്തേയും കളിയാക്കുകയാണിവിടെ. കുഞ്ഞുണ്ണി കവിത മലയാളത്തിൽ ഒറ്റപ്പെട്ട നില്ക്കുന്ന പ്രസ്ഥാനമാണ്. കുഞ്ഞുണ്ണിമാഷിന്റെ എല്ലാ കവിതകളിലും ഹാസ്യത്തിന്റെ മിന്നലാട്ടങ്ങൾ ദർശിക്കാം.

'ജനിക്കും നേരം തൊട്ടെൻ മകന് ഇംഗ്ലീഷ് പഠിക്കണം അതിനാൽ ഭാര്യ തൻ പേറങ്ങിംഗ്ലണ്ടിലാക്കി ഞാൻ.'

മലയാളിക്ക് ഇംഗ്ലീഷിനോടുള്ള അതിരു കവിഞ്ഞ ഭ്രമമാണ് വിവക്ഷിതം. രാഷ്ട്രത്തിൽ ഈയമൊഴിച്ചതാണ് രാഷ്ട്രീയം. രാഷ്ട്രീയ പ്രവർത്തനങ്ങൾ എക്കാലവും സ്വാർത്ഥതയ്ക്ക് വേണ്ടി മാത്രമാണ് നിലക്കൊള്ളുന്നതെന്ന് കുഞ്ഞുണ്ണിമാഷ് വിളിച്ചോതുന്നു. 'ഇങ്ക് ലാബിലും സിന്ദാബാദിലും ഇന്ത്യ തോട്ടിലും'. 'യഥാ നാട്ടാർ തഥാ സർക്കാർ' എന്നീ ഹാസ്യ വിമർശനങ്ങൾ കുഞ്ഞുണ്ണി മാഷിന്റെ കുട്ടിക്കവിതകളിൽ കാണാം. മരണത്തേക്കാൾ ഭരണഭയം ഘോരം. ഇവിടെ മ ഭ എന്നീ സ്വനങ്ങളുടെ സ്വനവ്യത്യാസമാണുള്ളത്. അധികാരവും ഭരണവും എക്കാലവും ഭയപ്പെടേണ്ടതാണെന്ന് ചരിത്രം തെളിയിക്കുന്നു. 'സേവനക്കാരെല്ലാം ജീവനക്കാരായ നാളുതൊട്ട് ഈ നാട് മോശമായി'. സേവനം എന്ന ലക്ഷ്യം മറന്ന് വേതനം എന്ന ലക്ഷ്യത്തിലേക്ക് മാറിയപ്പോഴാണ് ഈ നാട് മോശമായത്. സേവനക്കാർ ജീവനക്കാർ എന്ന ദ്വന്ദം ഇവിടെ അർത്ഥവത്തായിരിക്കുന്നു. തുപ്പലിൽ കപ്പലോടിക്കാൻ കെല്പ്പുള്ളോർ മന്ത്രിമാർ. മന്ത്രിമാരുടെ വാഗ്ദാനങ്ങളെ തുപ്പലിൽ കപ്പലോടിക്കുക എന്ന പ്രയോഗംകൊണ്ട് കവി സാധിച്ചിരിക്കുന്നു. തുപ്പലിൽ കപ്പലോടിക്കുക എന്ന വാക്യത്തിലെ അതിശയോക്തി ഹാസ്യം സൃഷ്ടിച്ചിരിക്കുന്നു. മടിയൻ കുട്ടിക്കൊരടി, മടിയൻ മാഷ്ക്ക് ഒരടി, മുടിയൻ മന്ത്രിക്കൊരു വെടി. മടിയനായ കുട്ടിയെ അടിക്കൊടുത്തു നേരെയാക്കാം, മാഷിനേയും നേരെയാക്കാം. എന്നാൽ നാടു മുടിക്കുന്ന മന്ത്രിയെ ഒരിക്കലും നന്നാക്കാനാവില്ല. വെടിവെച്ചു കൊല്ലേണ്ടി വരും. (പക്ഷേ എനിക്കെതിരെ ഒരു ചെറുവിരൽ പോലും ആരും അനക്കുകയില്ലെന്ന് ചിലർ വെല്ലു വിളിക്കുന്നു.) പിന്നോട്ട് മാത്രം മടക്കുന്ന കാലുകൊണ്ടല്ലയൊ മുന്നോട്ടു പായുന്നിതാളുകൾ. എത്ര തന്നെ നാം മുന്നോട്ടു പോയാലും അതിന്റെ പിന്നിൽ പുറകോട്ടു മാത്രം മടക്കാൻ പറ്റുന്ന കാലുകൊണ്ടാണെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. പരിമിതികൾ മാത്രമേ മനുഷ്യനുള്ളൂ. അത് നാം മനസ്സിലാക്കണമെന്ന കവിയുടെ ആഹ്വാനം ഹാസ്യം പ്രദാനം ചെയ്യുന്നു. 'മഴുകൊണ്ടുണ്ടായുള്ളോരു





നാടിന്ന് മഴുകൊണ്ടില്ലാതാകുന്നു'. പരശുരാമൻ പണ്ട് മഴുവെറിഞ്ഞ് വീണ്ടെടുത്ത കേരളം ഇന്നു മഴുകൊണ്ട് പരസ്പരം വെട്ടി മരിച്ചില്ലാതാകുന്നു.

'കപടലോകത്തിലാത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം' എന്ന ചങ്ങമ്പുഴയുടെ വരികളെ 'കപടലോകത്തിലെന്നുടെ കാപട്യം സകലരും കാണ്മതെൻ പരാജയം' എന്നാക്കി കുഞ്ഞുണ്ണി മാസ്റ്റർ.

തോമസ് ഹോബിന്റെ അഭിപ്രായത്തിൽ സവിശേഷ ഗുണമുള്ള പൊടുന്നനെയുള്ള വികാരമാണ് ഹാസ്യം മതിയായ മൗലികതയോടെ വേണ്ട അവസരത്തിൽ അതുണ്ടാകുന്നു. മലയാള ഹാസ്യ ചക്രവർത്തിയായ കുഞ്ചൻ നമ്പ്യാരുടെ അനുഭവത്തിൽ നിന്നും രസകരമായ ഉദാഹരണം ഉദ്ധരിക്കാം. രാജാവും നമ്പ്യാരും യാത്രയിലായിരുന്നു. വഴിമദ്ധ്യേ വയറ്റിളക്കം ബാധിച്ച ഒരു പശുവിനെ അവർ കണ്ടു. പെട്ടെന്നു തന്നെ കുഞ്ചൻ നമ്പ്യാരിൽ പ്രതികരണമുണ്ടായി. 'അല്ല പയ്യേ, നിനക്കും പക്കത്താണോ ഊണ്.' (അതായത് രാജാവിന്റെ ഊട്ടുപുരയിൽ നിന്നാണോ പശുവിന്റെ ആഹാരമെന്ന്. കുഞ്ചൻ നമ്പ്യാർ പശുവിന്റെ അവസ്ഥയിലായിരുന്നു എന്ന് പരോക്ഷം). അസൂയയിൽ നിന്നും, വെറും- വെറുപ്പിൽ നിന്നും ഹാസ്യമുണ്ടാകാം. ഉദാഹരണം 'കനകസിംഹാസനത്തിൽ കയറിയിരിക്കുന്നവൻ ശുനകനോ വെറും ശുംഭനോ'. സ്വർണ്ണസിംഹാസനത്തിലിരിക്കുന്നവൻ പട്ടിയാണോ വിഡ്ഢിയാണോ? ഹാസ്യം ഒരു ആക്രമണമാണ്. ഒരു ഭൂമികയ്യേറ്റ സംഭവത്തിൽ നിയമസഭയിലെ ഒരംഗത്തിന് പങ്കുള്ളതിനെപ്പറ്റി മുഖ്യമന്ത്രി നടപടി ഒന്നും എടുക്കാത്തതിന് ഒരു രാഷ്ട്രീയ നിരീക്ഷകൻ വിമർശിച്ചത് മന്ത്രിക്ക് കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയുണ്ടെന്നാണ്. ഇതിനെപ്പറ്റി ആക്ഷേപവും ഭീഷണിയുമുയർന്നപ്പോൾ രാഷ്ട്രീയ നിരീക്ഷകൻ തിരുത്തിയത് ഇപ്രകാരമാണ്. ഞാൻ ക്ഷമ ചോദിക്കുന്നു പാവപ്പെട്ട കാണ്ടാമൃഗത്തെ അധിക്ഷേപിച്ചതിൽ ഖേദമുണ്ട്. ഹാസ്യം കൊണ്ടുള്ള ആക്രമണത്തിന്റെ വേറൊരുദാഹരണം.

ഗണപതിയും പരശുരാമനുമായുള്ള ഏറ്റുമുട്ടലിൽ ഗണപതിയുടെ കൊമ്പൊടിഞ്ഞപ്പോൾ പാർവ്വതി കൊപാകുലയായി ചോദിക്കുന്നു. ചോദ്യത്തിൽ മുഴച്ചു നിൽക്കുന്നത് ഹാസ്യമാണ്. 'കിട്ടീലയോ ദക്ഷിണ വേണ്ടുവോളം'. അതായത് പരശുരാമൻ നൽകിയ ദക്ഷിണയാണ് ഗണപതിയുടെ കൊമ്പൊടിക്കൽ.

ചേരമാൻ പെരുമാളിന്റെ രാജ്ഞിയായ ചെറൂട്ടിയമ്മ ആസ്ഥാന കവിയായ തോലനോട് തന്നെ പ്രശംസിച്ച് ഒരു കവിതയെഴുതുവാൻ പറഞ്ഞു. അദ്ദേഹം എഴുതിയത് ഇപ്രകാരമാണ്. 'അന്നൊത്ത പോക്കീ, കുയിലൊത്ത പാട്ടീ, തേനൊത്ത വാക്കീ, തിലപുഷ്പ മൂക്കി, ദരിദ്രയില്ലത്തെ യവാഗുപോലെ നീണ്ടിട്ടിരിക്കും നയനദ്വയത്തി' - അരയന്നം പോലെ നടക്കുന്നവൾ, കുയിലിനേപ്പോലെ പാടുന്നവൾ, തേൻപോലെ മധുരോദാരമായി സംസാരിക്കുന്നവൾ എള്ളിൻ പൂപോലെ മനോഹരമായ മൂക്കുള്ളവൾ, ദരിദ്രയില്ലത്തെ വറ്റില്ലാത്ത കഞ്ഞിപോലെ നീളത്തിലുള്ള കണ്ണുള്ളവൾ. ഹാസ്യം ആക്ഷേപഹാസ്യമായി ഉപയോഗിക്കാം. മേൽപറഞ്ഞ ഉദാഹരണത്തിലെ കവിത ചെറൂട്ടിയമ്മയ്ക്ക് തൃപ്തിയായില്ല. അർത്ഥപൂർണ്ണമായ ഒരു കവിതയെഴുതുവാൻ അവർ തോലനെ നിർബന്ധിച്ചു. കൂർമ്മ ബുദ്ധിയായ തോലൻ ചെറൂട്ടിയമ്മയെ പരിഹസിച്ചുകൊണ്ട് സംസ്കൃതത്തിൽ ഇങ്ങനെ എഴുതി. 'അർക്ക ശുഷ്കഫല കോമള സ്തനി, തിന്ത്രിണി ദള വിശാല ലോചനേ, നിംബ പല്ലവ സമാന കേശിനി, വൃദ്ധവാനരീമുഖ വിരാജസെ' (ഏരുക്കിന്റെ ഉണങ്ങിയ കായപോലെ മാറിടമുള്ളവൾ, പുളിയില പോലെ വിശാലമായ കണ്ണുള്ളവൾ, വേപ്പിലപോലെ മുടിയുള്ളവൾ, വയസ്സായ പെൺകുരങ്ങിന്റെ മുഖമുള്ളവൾ) സംസ്കൃത മറിയാത്ത ചെറൂട്ടിയമ്മയ്ക്ക് തൃപ്തിയായി.

ശുദ്ധഹാസ്യം നിരുപദ്രവവും ഉദ്ദേശ്യ രഹിതവുമാണ്.

'ഏനിന്നലെ ഒരു ചൊപ്പനം കണ്ടേ, പാളപഴുത്തു തണുങ്ങോടെ വീണേ'

നിഷ്ക്കളങ്കതയിൽ നിന്നും ഹാസ്യം ജനിക്കും . 'നിന്റച്ചൻ കാട്ടിൽ പൂവാഞ്ഞാണോ, കാട്ടിൽ പുലി ഇല്ലാഞ്ഞാണോ നിനക്കു ഭാഗ്യമില്ലേട മോനേ' അച്ഛൻ കാട്ടിൽ പോയപ്പോൾ പുലിപിടിച്ചു ചത്തിരുന്നെങ്കിൽ പതിനാറടിയന്തിര സദ്യയുണ്ണാമായിരുന്നു. അയലത്തെ വീട്ടിൽ അങ്ങിനെയോരാൾ മരിച്ചപ്പോൾ സ്വന്തം മകനെ ആശ്വസിപ്പിക്കുകയാണ് അമ്മ.

മറ്റൊരു ഉദാഹരണം എന്റച്ചനും തെങ്ങേന്നു വീഴും. കഴിഞ്ഞ ഉദാഹരണത്തിലെ സദ്യ തന്നെയാണ് വിഷയം. പ്രണയപരവശനായ കാമുകൻ കാമുകിയോട്. 'പ്രിയേ എന്തെങ്കിലും പറയൂ'. കാമുകി 'നീ പോടാ പട്ടീ'. ശുദ്ധവും നിഷ്ക്കളങ്കവുമായ കളിയാക്കലിന്റെ ഘടകമാണ് ഹാസ്യം.

കുഞ്ചൻ നമ്പ്യാരുടെ ഒരു നിരീക്ഷണം നോക്കാം. ''രണ്ടു കളത്രങ്ങളെ ഉണ്ടാക്കി വയ്ക്കുന്ന തണ്ടു തപ്പിക്ക് സുഖമില്ലൊരിക്കലും''. രണ്ടു ഭാര്യമാരുണ്ടായാലത്തെ സ്ഥിതി ഒന്നാലോചിച്ചു നോക്കൂ. ചില നിരൂപകന്മാർ ചെറുശ്ശേരിയുടെ എരിശ്ശേരിയിൽ കഷണങ്ങളില്ലെന്ന് പരിഹസിച്ചു. ഇളക്കി നോക്കിയാൽ കാണാം എന്നായിരുന്നു ചെറുശ്ശേരിയുടെ മറുപടി. ഹാസ്യത്തിന് ലൈംഗികതയുമായും അശ്ലീലതകളുമായും ബന്ധമുണ്ട്. ഒ. വി. വിജയന്റെ ധർമ്മപുരാണം, മലയാറ്റൂരിന്റെ ബ്രിഗേഡിയർ കഥകൾ, എം. പി നാരായണപിള്ളയുടെ പരിണാമം വി. കെ. എൻ കഥകൾ എന്നിവ നമ്മെ ചിരിപ്പിക്കുന്നത് മേൽപ്പറഞ്ഞ ധ്വനികൾകൊണ്ടാണ്. വേദനയിൽ നിന്നും ഹാസ്യമുണ്ടാകാം. ''അരിമണിയൊന്നു കൊറിക്കാനില്ല, തരിവളയിട്ടു നടക്കാൻ മോഹം''. നിരാശയിൽ നിന്നും ഹാസ്യമുണ്ടാകാം. ഒരു മുക്കുവൻ തനിക്ക് കിട്ടുന്ന ആദ്യത്തെ മീൻ ദൈവത്തിനു നേർന്നു. ഭാഗ്യത്തിന് അയാൾക്ക് വലിയ ഒരു മീൻ കിട്ടി. അതയാളെ കൊതിപ്പിച്ചു ദൈവത്തിനു

കൊടുക്കേണ്ടെന്ന് തീരുമാനിച്ചു. പൊടുന്നനെ ആ മീൻ വെള്ളത്തിലേക്ക് ചാടി. മുക്കുവന്റെ പ്രതികരണം. 'ആർക്കു പോയി ദൈവത്തിന് പോയി'എന്നായിരുന്നു . എന്നതുപോലെയാണ് 'കിട്ടാത്ത മുന്തിരിങ്ങ പുളിക്കും' എന്ന കുറുക്കന്റെ ആത്മഗതവും വൈകൃതവും ഇകഴ്ത്തലും ഹാസ്യമുണ്ടാക്കാം. ചക്കപ്പൊന്തനെ എന്തിനു കൊള്ളാം, തേക്കേ പുരയുടെ തൂണിനു കൊള്ളാം. ഇതുപോലെ പൂച്ചക്കണ്ണിക്ക് വളച്ചുകെട്ടി പറയുകയും ചെയ്യാം. 'ഗണപതി വാഹന രിപുനയനേ' എന്നതിന് മറുപടി 'ദശരഥതനയദൂതമുഖ' - കുരങ്ങന്റെ മുഖമുള്ളവനേ എന്നാണ്.

ഒരു തെരഞ്ഞെടുപ്പിൽ തോറ്റ പനമ്പിള്ളി ഗോവിന്ദമേനോന്റെ പ്രതികരണം. 'പഴത്തൊലിയിൽ ചവിട്ടി വീണു' - സ്വയം പരിഹസിക്കാനും ഹാസ്യം സഹായിക്കും.

ഹാസ്യത്തെക്കുറിച്ചും അതിൽ നിന്ന് ഉത്ഭൂതമാകുന്ന ഹാസ്യരസത്തെക്കുറിച്ചും നാട്യശാസ്ത്ര കർത്താവായ ഭരതമുനി വളരെ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഹാസ്യത്തിന്റെ ഉത്പത്തി , അതിന്റെ പ്രകടരൂപങ്ങൾ, വൈവിധ്യങ്ങൾ മുതലായവയെക്കുറിച്ച് ശാരദാതനയൻ (ഭാവപ്രകാശനം), ശിങ്ങ്ഗഭൂപാലൻ (രസാർണ സുധാകരം ), അഭിനവ ഗുപ്തൻ (അഭിനവഭാരതം) തുടങ്ങിയവർ സാഹിത്യ മീമാംസ ഗ്രന്ഥങ്ങളിൽ വിശദമായ വിവരങ്ങൾ ഉദാഹരണ സഹിതം നൽകിയിട്ടുണ്ട്. പാശ്ചാത്യ ലോകത്ത് പ്ലേറ്റോ, ഹോബ്സ്, വില്യം മക്സൌൽ എന്നിവരും ഹാസ്യത്തെപ്പറ്റി വിവരിച്ചിട്ടുണ്ട്.

പ്രച്ഛന്ന ഹാസ്യം 'പയ്യെ പറഞ്ഞാൽ പറവൂര് കേൾക്കും'. കൈലാസം നന്നാക്കാൻ പ്രദോഷം നോൽക്കുന്നു എന്നിവ പ്രഛന്ന ഹാസ്യത്തിന്റെ ഉദാഹരണങ്ങളാണ്. ഹാസ്യസാഹിത്യകാരന്മാരാണ് എം. ആർ. നായർ (സഞ്ജയൻ), സീതാരാമൻ, എം. പി. ചെല്ലപ്പൻ നായർ തുടങ്ങിയവർ, കുടുംബം, സമൂഹം തുടങ്ങിയ ഇടങ്ങളിലെ മാനസികവും രാഷ്ട്രീയവുമായ നിയന്ത്രണങ്ങളെ സ്ത്രീ എഴുത്തിലൂടെ കെ. ആർ. മീര, ഇന്ദുമേനോൻ, ധന്യരാജ്, ശ്രീബാല കെ. മേനോൻ എന്നിവർ പ്രതികരിക്കുന്നു.

വ്യക്തിനാമങ്ങളിലെ ഹാസ്യം മനുഷ്യ വ്യവഹാരങ്ങളിൽ ഹാസ്യാത്മകത കാണുന്ന ഒരു മേഖലയാണ് അവന്റെ / അവളുടെ വ്യക്തിനാമ സ്വീകരണം. മലയാളികൾ വ്യക്തിനാമങ്ങൾ സ്വീകരിക്കുമ്പോൾ വളരെ ജാഗ്രത കാട്ടാറുണ്ട്. മലയാളം അധ്യാപകരുമായി കൂടി ആലോചിക്കുകയും നിഘണ്ടുക്കളും വിജ്ഞാനകോശങ്ങളും പരിശോധിക്കുകയും പല പുസ്തകങ്ങളെ ആശ്രയിക്കുകയും ചെയ്യുന്നു. ഒടുവിൽ ബൈജു, സാബു, മണിയൻ, നിഷാദൻ എന്നീ പേരുകൾ സ്വീകരിച്ച് തൃപ്തരാകുന്നു. കുട്ടൻ, സുന്ദരൻ, ചിപ്പി, കുരുത്തോല എന്നീ ഓമനപ്പേരുകളും സ്വീകരിക്കുന്നു. അപരനെ അപമാനിക്കാൻ ഇരട്ട പേരുകളും ഉപയോഗിക്കാറുണ്ട്. കാള മണിയൻ, നിക്കർ വാസു, കരടി സജി, ആപ്പിൾ റോസി എന്നിങ്ങനെയും ഉപയോഗിക്കുന്നു. ജോലിപ്പേരു ചേർത്ത് ക്രൈംബ്രാഞ്ച് ദാമു, വക്കീൽ കൃഷ്ണൻ എന്നും വിളിക്കും. സ്വഭാവത്തിനനുസരിച്ച് താടക, പൂതന എന്ന വിശേഷണങ്ങളും പേരിനോടൊപ്പം നൽകാറുണ്ട്. വിശുക്കാണി ഗോത്രവർഗ്ഗങ്ങൾക്കിടയിലെ പൂർണ്ണചന്ദ്രൻ ശീതങ്കൻ, മല്ലൻ , മുത്തയൻ എന്നീ പേരുകളും രസം ജനിപ്പിക്കുന്നു. തീരപ്രദേശത്ത് വിഭിന്നങ്ങളായ പേരുകൾ ഉപയോഗിക്കുന്ന മെറ്റൽ മേരി, വറീതടിമ, ഇസ്തോർ,പനിയമ്മ തുടങ്ങിയവയും രസം ജനിപ്പിക്കുന്നു. പണ്ട് കാലത്ത് ജന്മിമാർ തങ്ങളുടെ കുടിയാന്മാരുടെ മക്കൾക്ക് പേരിടാറുണ്ട്. അങ്ങിനെ ഒരാൾക്ക് കിട്ടിയ പേരാണ് കൂറ്റൻ. വിപ്ലവകാരിയായ ഒരു കുടിയാൻ സ്വന്തം മകനു നൽകിയ പേര് തിരുമേനി എന്നാണ്. അമ്പലത്തിലെ പൂജാരിമാർ പേരു നൽകാറുണ്ട്. അങ്ങിനെ ഒരാൾക്ക് കിട്ടിയ പേരാണ് തിരുവിജ്ഞാന സമ്പന്നപ്രഭു. ഈ കുട്ടി വലുതായപ്പോൾ വി. എസ്. ഉണ്ണി എന്ന പേരു സ്വീകരിച്ചു. സി. വി. രാമൻ പിള്ളയുടെ കൃതികളിൽ ഇങ്ങിനെ സുദീർഘമായ പേരുള്ള വ്യക്തികളെ കാണാം. ഉദാ : അലിഹസൻ കുഞ്ഞ് പോക്കുമൂസ മരിക്കാർകുഞ്ഞ്. സഞ്ചു, ചിഞ്ചു, ബിനു ഷെറിൻ ലിംഗവ്യത്യാസമില്ലാതെ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും ഉപയോഗിക്കുന്നു.

സംഭാഷണത്തിലെ ഹാസ്യം ഇന്ദു ലേഖയിൽ

ചന്തുമേനോന്റെ ഇന്ദുലേഖയുടെ ഇതിവൃത്തം ഹാസ്യാനുസാരിയല്ല. എന്നാൽ കഥയുടെ ഗതിയിൽ പലയിടത്തും ഹാസ്യസന്ദർഭങ്ങൾ കാണാം. ഇന്ദുലേഖയും സൂരി നമ്പൂരിപ്പാടുമായുള്ള സംഭാഷണത്തിൽ ഹാസ്യത്തിന്റെ അതിപ്രസരം കാണാം. നമ്പൂരിയെ പരിഹസിക്കാനും വിഢിയാക്കാനും കിട്ടുന്ന അവസരങ്ങൾ ഒന്നും ഇന്ദുലേഖ പാഴാക്കുന്നില്ല. ഒരു ശബ്ദത്തിന് രണ്ട് അർത്ഥതലങ്ങളോട് ഏകകാലത്ത് ഉഭയതലയോഗം സംഭവിക്കുന്നതാണ് ശ്ലേഷം. അങ്ങിനെയുള്ള ഒരു സംഭാഷണം.

`നമ്പൂരിപ്പാട് : ഇന്ദുലേഖയ്ക്ക് കളിഭ്രാന്തുണ്ടോ ?

ഇന്ദുലേഖ : ഏതു ഭ്രാന്ത് ?

നമ്പൂരിപ്പാട് : കളിഭ്രാന്ത്, കഥകളിഭ്രാന്ത്.

ഇന്ദുലേഖ : എനിക്ക് ഒരു വകയായും ഭ്രാന്ത് ഇതുവരെ ഉണ്ടായിട്ടില്ല.

നമ്പൂതിരിപ്പാട് : എനിക്ക് നല്ല ഭ്രാന്താണ് കലശലായ ഭ്രാന്ത്

ഇന്ദുലേഖ : (ചിരിച്ചുകൊണ്ട് ) ശരി. സംശയമില്ല.

നമ്പൂരിപ്പാട് : എന്താ ഇന്ദുലേഖ ഈ വിവരം മുൻപ് കേട്ടിട്ടുണ്ടോ.

ഇന്ദുലേഖ : ഇപ്പോൾ അറിഞ്ഞു.

നമ്പൂരിപ്പാട് : ഞാൻ പറഞ്ഞു അറിഞ്ഞു അല്ലേ.

ഇന്ദുലേഖ : അതെ അവിടുത്തെ വാക്കുകളെ കൊണ്ട് നിശ്ചയിച്ചു.

ഇവിടെ ഭ്രാന്ത് എന്ന പദത്തിന് നമ്പൂരിപ്പാട് കഥകളിയിലുള്ള താല്പര്യം എന്ന് അർത്ഥമെടുക്കുമ്പോൾ





ഇന്ദുലേഖ ശരിയായ ഭ്രാന്ത് എന്നാണ് ഉദ്ദേശിക്കുന്നത്. കഥകളി ഭ്രാന്തുണ്ടെന്ന് നടിക്കുന്നവരെ പരിഹസിക്കുവാനാണ് ചന്തുമേനോൻ ശ്രമിക്കുന്നത്. ഇന്ദുലേഖയോട് തോറ്റ് പടി ഇറങ്ങി പോകുന്ന സൂരി നമ്പൂരി ചിറകൊടിഞ്ഞ ബ്രാഹ്മണ്യത്തിന്റെ പരിഹാസത്തിന്റെ പ്രതീകമാകുന്നു.

ആനന്ദവികടൻ എന്ന തമിഴ് മാസികയിൽ നിന്നും ശേഖരിച്ച ചില ഹാസ്യ സന്ദർഭങ്ങളാണ് ഇനിയുള്ളത്. വീട്ടിൽ നിരാശമൂത്ത് തൂങ്ങി ചാകാൻ തയ്യാറായി കയറിൽ കുരുക്കുണ്ടാക്കുന്ന ഭർത്താവിനോട് ഭാര്യ- 'ഞാൻ തുണി ഉണക്കാൻ പോകുകയാണ് ഈ കയറിൽ. ചാകാൻ വേറെ കയറു നോക്കിക്കോളൂ'. വേറെ ഒരു സന്ദർഭത്തിൽ , കുട്ടി അമ്മയോട് ചോദിക്കുന്നു : -അമ്മേ അടുത്ത വീട്ടിലെ രാധ ചേച്ചിയുടെ പേര് ഇപ്പോഴും അച്ഛനറിയില്ലേ ?

അമ്മ : അറിയാമല്ലോ.

മകൾ : അച്ഛൻ ഇപ്പോഴും ആ ചേച്ചിയെ മൈഡാർലിങ്ങ് എന്നാണല്ലോ വിളിക്കാറുള്ളത്.

ഇവിടെ ഒരു കുട്ടിയുടെ നിഷ്കളങ്കത്വം ഒരു ബന്ധത്തിന്റെ പരിഹാസമായി മാറുന്നു. സർദാർജി ഹാസ്യങ്ങൾ ഒരു സമുദായത്തെ പരിഹാസത്തിന്റെ മുൾമുനയിൽ നിർത്തുന്നു. ഡോക്ടർ രോഗി ബന്ധങ്ങൾ പല തരത്തിലുള്ള ഹാസ്യങ്ങളും സൃഷ്ടിക്കാറുണ്ട്. ഡോക്ടറുടെ ജോലി മാന്യമായ ജോലിയാണ്. എങ്കിലും ഡോക്ടർമാരും രാഷ്ട്രീയക്കാരെപ്പോലേയോ, പോലീസുകാരെപ്പോലേയോ, വക്കീലന്മാരെപ്പോലേയോ ഒക്കെ ഹാസ്യകഥാപാത്രങ്ങൾ ആകാറുണ്ട്. ഭർത്താവിന് അസുഖം വന്നു. ഡോക്ടർ കയ്പ് രുചിയുള്ള മരുന്നു കൊടുത്തു. ഭാര്യയോട് പറഞ്ഞു 'നിർബന്ധിച്ച് ഈ മരുന്ന് ഭർത്താവിനെക്കൊണ്ട് കഴിപ്പിക്കണം'. ഭാര്യ പറഞ്ഞു ഭർത്താവ് മരുന്ന് കഴിക്കാൻ വിസമ്മതിക്കുന്നു. അപ്പോൾ സുന്ദരിയായ നഴ്സിനേ ചൂണ്ടിക്കാട്ടിക്കൊണ്ട് ഡോക്ടർ പറഞ്ഞു. ഞാൻ ആ നഴ്സിനോടു പറയാം മരുന്നു കഴിപ്പിക്കാൻ ഭർത്താവ് വേഗം കഴിച്ചോളും. ഇതു കേൾക്കേണ്ട താമസം ഭാര്യ മരുന്നുകൊണ്ട് ഭർത്താവിന്റെ അടുത്തേക്ക് ഓടി. ഡോക്ടർ രോഗി സംഭാഷണങ്ങളിൽ തമാശ ഉണ്ടാകുന്ന സന്ദർഭങ്ങൾ ഇനിയുമുണ്ട്.

രോഗി : എന്റെ മകളുടെ കല്യാണമായതുകൊണ്ട് ഓപ്പറേഷൻ ഒരാഴ്ച കൂടി നീട്ടണം ഡോക്ടർ.

ഡോക്ടർ : അതു പറ്റില്ല . ഞാനും എന്റെ മകളുടെ കല്യാണം നിശ്ചയിച്ചു.

വേറൊരു സന്ദർഭം

രോഗി : സൈക്കിളിൽ നിന്നും ഒന്നു വീണതിന് എക്സറേ, സ്കാൻ, ഇ. സി. ജി മുതലായവ എടുക്കണോ ഡോക്ടർ

ഡോക്ടർ : നിങ്ങൾ വെറുതെ എനിക്ക് പതിനായിരം രൂപ തരുമോ

മറ്റൊരു സന്ദർഭം :

രോഗി : ഡോക്ടർ എപ്പോഴാണ് ഫ്രീ ആകുക

ഡോക്ടർ : എപ്പോൾ വന്നാലും ഫീസ് ഞാൻ ചാർജ് ചെയ്യും.

ചിലപ്പോൾ കോടതികളിലും ഹാസ്യമുണ്ടാകാറുണ്ട്. ഒരു ജഡ്ജി കള്ളനോട് ചോദിച്ചു. ഒറ്റ രാത്രികൊണ്ട് ഏഴു വീടുകൾ നിങ്ങൾക്കെങ്ങനെ കക്കാൻ സാധിച്ചു.? കള്ളൻ, 'സാറേ അത് എന്റെ തൊഴിൽ രഹസ്യമാണ്. പറയാൻ പറ്റില്ല'. ഹാസ്യത്തിന്റെ ഭാഷയെപ്പറ്റി പറയുമ്പോൾ ഹാസ്യത്തിന് അങ്ങനെ പ്രത്യേക ഭാഷയൊന്നും ഇല്ലെന്നു തന്നെ പറയാം. എപ്പോഴും എല്ലായിടത്തും ഹാസ്യമുണ്ട്. ഒരു പത്രപ്രവർത്തകൻ ഒരു നടിയോട് മാഡം മാഡത്തിന്റെ ജീവിതത്തിലെ അവിസ്മരണീയമായ മുഹൂർത്തത്തേപ്പറ്റി പറയാമോ ? സിനിമ നടി, പക്ഷേ ഇപ്പോൾ ഒന്നും ഓർമ്മയില്ല. ഒരു disinfectant liquid ന്റെ പരസ്യം 'Can be used in hospitals, Clinics, Laboratories, Universities, Colleges and all other unhygenic places'.

ഒരു പത്രവാർത്ത ബന്ദു ദിവസം പോലീസുകാരുടെ സഹായത്തോടെ ഗർഭിണിയായ സ്ത്രീയെ ആശുപത്രിയിലാക്കി വി.കെ.എൻ കൃതികളിലെ ചില വാചകങ്ങൾ ഗൗരവമേറിയ ഫലിതങ്ങളാണ്. മൂലധനം സ്വരൂപിക്കുന്നത് കാറൽമാർക്സിന്റെയും നിന്റേയും തൊഴിലാണ്. അതിൽ എനിക്കൊന്നും ചെയ്യാനില്ല.

മണി മുഴങ്ങുന്നത് ആർക്കു വേണ്ടിയാണെന്ന് ഏണസ്റ്റ് ഹെമിങ്ങ്വേക്ക് മാത്രമേ അറിയൂ.

ലക്ഷണമൊത്ത നാസിക, നാസിക്കാരിയാണെന്ന് തോന്നുന്നു.

കുഞ്ചിതം പഞ്ചിയുടെ കൃതിവെട്ടി താറുമാറാക്കി ഏഴും ആക്കി.

നള ! പട്ടാമ്പികോളേജിൽ നിന്നും ശ്ശികാലം മുൻപ് പാസ്സായ ഏഭ്യശിരോമണിയാണു ഞാൻ.

ചെവി കുളിർപ്പിക്കാൻ ഉളിയോ മറ്റോ വേണോ.

പഞ്ചപുച്ഛത്തെ പ്ലാസ്റ്റിക് സഞ്ചിയിലാക്കി ഉണ്ടു താമസിക്കുന്ന പത്രാധിപർ (Resident Editor)

പരസ്പരം കൈതൊട്ട് കോരിത്തരിച്ചു - വിദ്യുച്ഛക്തി കണ്ടു പിടിച്ച വാർത്ത അന്നവർ അറിഞ്ഞിരുന്നുവെങ്കിൽ ഷോക്കു തട്ടി രണ്ടും ചത്തു പോയേനെ.

സത്യത്തിൽ ഭാഷയിൽ ഹാസ്യമില്ല. ജനങ്ങൾ തങ്ങളുടെ സൗകര്യത്തിനനുസരിച്ച് ഭാഷയെ ഹാസ്യവൽക്കരിക്കുകയാണ് ചെയ്യുന്നത്. ഭാഷയുടെ കോമാളി വൽക്കരണം എന്നു പറയാം. പഴഞ്ചൊല്ലുകൾ, ഭാഷാശൈലി, വാചകരീതി, നാടൻപാട്ട് തുടങ്ങിയ പ്രത്യേക തരത്തിലുള്ള ഭാഷാപ്രയോഗത്തിലൂടെയാണ് ഹാസ്യം സൃഷ്ടിക്കപ്പെടുന്നത്. രസകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ഭാഷപോലും വേണമെന്നില്ല.

# സൂര്യൻ അസ്തമിക്കാത്ത രാവുകളുടെ നാട്

പി.ജയരാമൻ . ഫോൺ : 9847102015

ആർട്ടിക് വൃത്തത്തിൽ (Artic circle) സ്ഥിതിചെയ്യുന്ന നോർവെയുടെ വടക്കൻ ഭാഗങ്ങളിൽ വേനൽക്കാലത്ത് കുറെ ആഴ്ചകൾ സൂര്യൻ അസ്തമിക്കാറില്ല. പാതിരാത്രിയിലും സൂര്യനെ കാണുന്ന നാട് എന്ന് നോർഗ് എന്ന പേരിൽ കൂടി അറിയപ്പെടുന്ന നോർവെയെപ്പറ്റി പറയാറുണ്ട്. ഇതേ സ്ഥലങ്ങളിൽ കടും തണുപ്പുകാലങ്ങളിൽ ചില മാസങ്ങൾ സൂര്യനെ കാണാൻ കഴിയുകയില്ല. അതിനാൽ നോർവയെ സൂര്യനുദിക്കാത്ത പകലുകളുടെ നാട് എന്നും വിളിക്കാവുന്നതാണ്. യൂറോപ്പിലെ ഏറ്റവും വലിയ രാജ്യങ്ങളിലൊന്ന്, യൂറോപ്പിലെ ഏറ്റവും പുരാതനമായ രാജ്യം, ലോകത്തിലെ ഏറ്റവും ധനികരാഷ്ട്രം, ഏറ്റവും നല്ല ജീവിതം നയിക്കാൻ കഴിയുന്ന സ്ഥലം, എന്നിങ്ങനെ നോർവെയ്ക്ക് പല നേട്ടങ്ങളെക്കുറിച്ച് അഭിമാനിക്കാം. അവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് പ്രസ്താവിക്കുന്നതായിരിക്കും.

2018 ജൂലൈ 13 മുതൽ 17 വരെ അഞ്ച് ദിവസങ്ങൾ ഞങ്ങൾ മക്കളോടൊത്ത് നോർവെയുടെ തലസ്ഥാന നഗരിയായ ഓസ്‌ലോവിലും (Oslo) രണ്ടാമത്തെ വലിയ നഗരമായ ബർഗനിലും (Bergen) ചിലവഴിച്ചു. സ്വിറ്റ്സർലന്റിലെ ജനീവയിൽ നിന്ന് (Geneva) പുറപ്പെട്ട് പാതിരാത്രി പന്ത്രണ്ടര മണിയായപ്പോൾ ഓസ്ലോവിലെത്തിച്ചേർന്നു. വിമാനം ഏതാണ്ട് 2 മണിക്കൂർ വൈകിയാണ് ഇറങ്ങിയത്. വിമാനത്താവളത്തിൽ നിന്ന് ഞങ്ങൾ നേരത്തെ തന്നെ ബുക്ക് ചെയ്തിരുന്ന 35 കി. മീറ്റർ അകലെയുള്ള വാടക വീട്ടിലേക്കു പോകാൻ നോർവീജിയൻ ക്രോണർ (Nok) 1110/ കൊടുക്കേണ്ടി വന്നു., ഏതാണ്ട് 10,000 ഇൻഡ്യൻ ഉറുപ്പിക. നോർവെയിൽ ജീവിതച്ചിലവ് കൂടുതലാണെന്നുള്ളതിന്റെ പ്രത്യക്ഷാനുഭവം ടാക്സി നിരക്കിന്റെ രൂപത്തിൽ ആദ്യം തന്നെ ഞങ്ങൾക്ക് ലഭിച്ചു. ഓസ്ലോവിൻ മൂന്ന് ദിവസവും, ബർഗനിൽ 2 ദിവസവും താമസിച്ച് ആ രണ്ട് നഗരങ്ങളിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളെല്ലാം സന്ദർശിക്കുവാൻ അവസരം ലഭിച്ചു. അവയെക്കുറിച്ച് സംക്ഷിപ്തമായി പ്രതിപാദിക്കുന്നതിന് മുൻപ് നോർവെയെപ്പറ്റി ചില പ്രധാന കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുവാനുദ്ദേശിക്കുന്നു.

### നോർവെയിലെ ചില മുഖ്യ ആകർഷണങ്ങൾ

സ്കീയിംങ് (Skiing) ആദ്യമായി കണ്ടു പിടിച്ചത് നോർവെയിലാണ്. ഓസ്ലോവിലുള്ള സ്കീയിങ് മ്യൂസിയത്തിൽ സ്കീയിങ്ങിനെ കുറിച്ച് ധാരാളം വിവരങ്ങൾ ലഭ്യമാണ്. കൂടാതെ സ്കീയിംങ് കൃത്രിമമായി (Simulation) അനുഭവിക്കാനുള്ള സംവിധാനങ്ങളും ആ മ്യൂസിയത്തിൽ ഒരുക്കിയിട്ടുണ്ട്.

24 1/2 കി.മീറ്റർ നീളമുള്ള ഏറ്റവും നീണ്ട തുരങ്കപാത നോർവെയിൽ കാണാം.

ഐക്യരാഷ്ട്ര സഭയുടെ ആദ്യത്തെ സെക്രട്ടറി ജനറൽ നോർവെക്കാരനായിരുന്നു. രണ്ടാം ലോക മഹായുദ്ധക്കാലത്ത് നോർവെയുടെ വിദേശകാര്യ മന്ത്രിയായിരുന്ന ട്രിഗ്‌വ്‌ലീ.

കുടിയേറ്റക്കാരെ രണ്ടു കൈകളും നീട്ടി സ്വീകരിക്കുന്ന വളരെ അപൂർവ്വം ലോകരാജ്യങ്ങളിൽ ഒന്നാണ് നോർവെ. തലസ്ഥാന നഗരിയായ ഓസ്ലോവിൽ ഏറ്റവും അധികം കുടിയേറ്റക്കാർ പാക്കിസ്ഥാനികളും, സോമാലിയക്കാരും, പോളണ്ടുകാരുമാണ്. കുടിയേറ്റക്കാരുടെ സംഖ്യ കൂടുന്നതിനാൽ ഓസ്ലോവിലെ ജനസംഖ്യ അതിവേഗം വർദ്ധിക്കുന്നുണ്ട്. അവിടത്തെ മൊത്തം ജനസംഖ്യയുടെ (65,000) ഏതാണ്ട് 30 ശതമാനം കുടിയേറ്റക്കാരാണ്.

ലോകത്തിലെ ഏറ്റവും കൂടുതൽ റെയിൻ ഡിയർ (ഉത്തരധ്രുവ മേഖലയിലുള്ള കലമാൻ), 25,000 ലധികം ജീവിക്കുന്ന സ്ഥലമാണ് നോർവെ.

നോർവെയിൽ താമസിക്കുന്ന എല്ലാ നികുതി ദായകരുടേയും സ്വത്തു വിവരങ്ങൾ ഗവണ്മെന്റ് വെബ് സൈറ്റ് വഴി ആർക്കും ലഭ്യമാണ്

നോർവെയിലെ ഏക സജീവ അഗ്നിപർവ്വതം നോർവീജിയൻ കടലിലുള്ള ജാൻമായൻ എന്ന ദ്വീപിലാണ്.

ലോകത്തിലെ ഏറ്റവും കൂടുതൽ സാൽമൺ എന്ന മത്സ്യം പിടിക്കുന്ന രാജ്യമാണ് നോർവെ.





നോർവെ ലോകത്തിലെ മൂന്നാമത്തെ സ്ഥാനമുള്ള ദാതാവാണ്. (Doner) അവരുടെ 60,000 പട്ടാളക്കാർ ഐക്യരാഷ്ട്ര സഭയുടെ സമാധാന സംരക്ഷണ ദൗത്യത്തിന്റെ ഭാഗമായി ലോകത്തിന്റെ വിവധ ഭാഗങ്ങളിൽ സേവനമനുഷ്ടിക്കുന്നുണ്ട്.

Alfred Nobel ന്റെ ഒസ്യത്ത് പ്രകാരം സമാധാനത്തിനുള്ള നോബൽ സമ്മാനം നോർവെയാണ് കൈകാര്യം ചെയ്യുന്നത്. മറ്റുള്ളവയെല്ലാം സ്വീഡിഷ് അക്കാദമിയും. എല്ലാവർഷവും ഡിസംബറിൽ ഓസ്ലോവിലെ ഒരു ചടങ്ങിൽ സമാധാനത്തിനുള്ള നോബൽ സമ്മാനം വിതരണം ചെയ്യപ്പെടുന്നു.

നോർവെയിൽ ലിംഗസമത്വം ധാരാളമുള്ള നാടാണ്. രാഷ്ട്രീയം മുതൽ എല്ലാ രംഗങ്ങളിലും 40 50 ശതമാനം സ്തീകൾ സജീവമാണ്. ഇപ്പോഴത്തെ പ്രധാനമന്ത്രി ഒരു സ്ത്രീയാണ്. സ്ത്രീകൾക്ക് വോട്ടവകാശം നൽകിയ യൂറോപ്പിലെ ആദ്യത്തെ രാജ്യമാണ് - 1913 ൽ.

### നോർവെക്കാരുടെ ചില പ്രത്യേകതകൾ

നോർവെക്കാർ വടക്കൻ ജർമ്മനിയിൽ നിന്നുള്ള നരവംശ ശാസ്ത്രപരമായ ഒരു കൂട്ടത്തിൽ പെട്ടവരാണ്. അവരെ കുടിയേറ്റക്കാരായി ബ്രിട്ടൺ, കനഡ, ആസ്ട്രേലിയ, ന്യൂസിലാന്റ്, തെക്കെ ആഫ്രിക്ക മുതലായ രാജ്യങ്ങളിൽ കാണാവുന്നതാണ്.

അവർ ഏറ്റുമുട്ടൽ (Cofrontation) തീരെ ഇഷ്ടപ്പെടാത്തവരാണ്. അതൊഴിവാക്കാൻ ഏത് പരിധിവരെയും ശ്രമിക്കും. നോർവേക്കാർ പൊതുവേ പൊക്കമുള്ളവരാണ്.

സുഖകരമായ ഒരു ജീവിതമാണ് അവരുടെ ലക്ഷ്യം

പ്രകൃതിയെ അകമഴിഞ്ഞ് സ്നേഹിക്കുന്നവരാണ് നോർവെ നിവാസികൾ

അവരെ ദേഷ്യപ്പെട്ട് കാണാൻ പ്രയാസമാണ്.

നോർവെക്കാർ വളരെ വിനയശീലരാണ്, അന്തർമുഖരുമാണ്.

അൽപം ചരിത്രം

ക്രിസ്തീയ വർഷം ഏഴാം നൂറ്റാണ്ടു മുതൽ പത്താം നൂറ്റാണ്ടു വരെ നോർവെ ഭരിച്ചിരുന്ന വൈകിംഗ് (Viking) വംശജർ വലിയ കപ്പൽ നിർമ്മാതാക്കളും, ജേതാക്കളും, കപ്പലോട്ടികളും വ്യാപാരികളുമായിരുന്നു. ഏതാണ്ട് യൂറോപ്പ് മുഴുവൻ അവരുടെ അധീനതയിലായിരുന്നു. 1349 ൽ പ്ളേഗ് എന്ന മഹാമാരി നോർവെയിലെ പകുതിയാളുകളുടെ ജീവൻ അപഹരിച്ചു. 1397 മുതൽ 1813 വരെ ഏതാണ്ട് 400 ൽ അധികം വർഷങ്ങൾ നോർവെ ഡെൻമാർക്കിന്റെ ഭരണത്തിൻ കീഴിലായിരുന്നു. പിന്നീട് ഏതാണ്ട് 100 വർഷം സ്വീഡന്റെ അധീനതയിലും. 1905 ൽ നോർവെ ഒരു സ്വതന്ത്രരാജ്യമായിത്തീർന്നു.

ഒന്നും രണ്ടും മഹായുദ്ധങ്ങളിൽ നോർവെ തങ്ങളുടെ നിഷ്പക്ഷത മുൻകൂട്ടി പ്രഖ്യാപിച്ചെങ്കിലും. രണ്ടാം ലോക മഹായുദ്ധകാലത്ത് ജർമ്മൻ, നോർവെയെ ആക്രമിച്ച് കീഴടക്കി. 1949 ൽ NATO (North Atlantic Treaty Organisation) ൽ അംഗത്വം സ്വീകരിച്ച് നോർവെ, 1959 ൽ യൂറോപ്യൻ സ്വതന്ത്ര വ്യാപാരസമിതിയിൽ (European Free Trade Association- EFTA) അംഗമായി. രണ്ട് പ്രാവശ്യം. ജനഹിത പരിശോധന നടത്തിയപ്പോഴും ഭൂരിഭാഗം ജനങ്ങളും യൂറോപ്പിയൻ യൂണിയനിൽ (EU) ചേരുന്നതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചു. 1968 ൽ വടക്കൻ കടലിൽ (North Sea) എണ്ണ കണ്ടു പിടിച്ച ശേഷം നോർവെ ലോകത്തിലെ ഏറ്റവും ധനമുള്ള രാജ്യങ്ങളിൽ ഒന്നായിത്തീർന്നു. ലേബർ പാർട്ടി വളരെയധികം വർഷങ്ങൾ നോർവെ ഭരിച്ചിരുന്നു. ഇപ്പോഴത്തെ ഭരണം യാഥാസ്ഥിതിക (Conservative) പാർട്ടിയുടെ കീഴിലാണ്.

### കുറച്ച് ഭൂമിശാസ്ത്രവും

യൂറോപ്പിലെ ഏറ്റവും വലിയ രാജ്യങ്ങളിലൊന്നായ നോർവെയുടെ മൊത്ത വിസ്തീർണ്ണം 3.24 ലക്ഷം കി. മീറ്ററാണ്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നാടാണ് നോർവെ. അവിടത്തെ സവിശേഷതകളായ് യോർഡ് (Fjord) കളെപ്പറ്റിയും Northern Lights എന്ന അത്ഭുത പ്രതിഭാസത്തെ കുറിച്ചും പ്രത്യേക പരാമർശം അർഹിക്കുന്നു. ഹിമയുഗത്തിന് (Ice Age) ശേഷം കാലക്രമേണയുള്ള ഹിമപരപ്പിന്റെ തേയലിൽ (Glacier erosion) നിന്ന് സൃഷ്ടിക്കപ്പെട്ടവയാണ് യോർഡ്കൾ. മഞ്ഞ് ഉരുകിയപ്പോൾ കടലിന്റെ തലം ഉയർന്ന് വെള്ളം മലകളും താഴ്‌വരകളും തുളച്ച് ഉള്ളിലേയ്ക്ക് കുതിച്ച് കയറി U ന്റെ ആകൃതിയിലുള്ള യോർഡുകൾ സൃഷ്ടിക്കപ്പെട്ടു. അംബരചുംബികളായ മലകളുടെ ഇടയിൽ കൂടെ ഏതാണ്ട് 100 മീറ്റർ വീതിയും (ഇത് പല സ്ഥലത്തും വ്യത്യസ്തമായിരിക്കും.) വലിയ ആഴമുള്ള യോർഡിൽ കൂടെയുള്ള യാത്ര മറക്കാനാവാത്ത ഒരനുഭവമായിരുന്നു. ഞങ്ങൾ ബർഗൻ നഗരത്തിനു സമീപമുള്ള ഒരു യോർഡിൽ വലിയ ഒരു ബോട്ടിൽ രണ്ട് മണിക്കൂർ യാത്ര ചെയ്തു.

നോർവെയുടെ വടക്ക് ഭാഗങ്ങളിൽ കാണുന്ന ഒരു പ്രകാശമാണ് Northern Lights. സൂര്യനിൽ നിന്നും ഉത്ഭവിക്കുന്ന വൈദ്യുതി ചാർജ് ചെയ്ത കണികകൾ ഭൂമിയുടെ കാന്തിക വലയം

തുളച്ച് കയറി അന്തരീക്ഷത്തിലെ പരമാണുക്കളും തന്മാത്രകളുമായി കൂട്ടിമുട്ടുമ്പോൾ രൂപപ്പെടുന്ന ഒരു അത്ഭുത പ്രതിഭാസമാണ് Northern Lights. ഇതൊന്നും ഞങ്ങൾ നേരിൽ കണ്ടില്ല. ഞങ്ങൾക്ക് നോർവെയുടെ വടക്കൻ ഭാഗങ്ങളിൽ പോകാൻ കഴിഞ്ഞില്ല. Northern Lights നെ കുറിച്ചുള്ള ഒരു വീഡിയോ മാത്രമേ കാണാൻ സാധിച്ചുള്ളൂ.

യൂറോപ്പിലെ വലിയ രാജ്യങ്ങളിലൊന്നായ നോർവെയിൽ ഓരോ സ്ഥലത്തും സമയത്തും കാലാവസ്ഥ വ്യത്യസ്തമായിരിക്കും. രാജ്യത്തിന്റെ തെക്കുപടിഞ്ഞാറു ഭാഗങ്ങളിൽ ഗൾഫിൽ നിന്നുള്ള നീരൊഴുക്കിന്റെ (Gulf stream) സ്വാധീനം മൂലം തണുപ്പുകാലത്തും താപനില വളരെയധികം താഴാറില്ല. പടിഞ്ഞാറുള്ള അറ്റ്ലാന്റിക് സമുദ്രവും, തെക്കുള്ള (Northern Sea) നോർത്തേൺ കടലും തണുപ്പു മൂലം ഉറക്കാറുമില്ല.(നോർവെ യുടെ കിഴക്ക് സ്വീഡനും വടക്ക് ആർട്ടിക് സമുദ്രവുമാണ്). വേനൽക്കാലത്ത് ഓസ്ലോ പോലുള്ള നഗരങ്ങളിലെ താപനില 20 മുതൽ 24 ഡിഗ്രി സെന്റിഗ്രേഡ് വരെ ആയിരിക്കും.വടക്ക് ഫിൻമാർക്ക് പോലുള്ള സ്ഥലങ്ങളിൽ തണുപ്പു കാലത്ത് താപനില 50 ഡിഗ്രി സെന്റിഗ്രേഡ് വരെ താഴാറുണ്ട്. രാജ്യത്തിന്റെ മൂന്നിലൊരു ഭാഗം ആർട്ടിക് വൃത്തത്തിൽ സ്ഥിതി ചെയ്യുന്നു.

### ഭാഷകൾ

നോർവെയിലെ എഴുത്തുഭാഷകൾ , ബൊക്മാലും (ഡാനിഷ് ഭാഷയുടെ ഒരു വകഭേദം) നൈനോറ്സ്ക് (Nynorsk) നോർവെയിലെ പല ഉപഭാഷകളുടേയും ഒരു മിശ്രണം) എന്നിവയാണ്. കൂടുതൽ പേരും ബോക്മാൻ സംസാരിക്കുന്നു. ധാരാളം ഉപഭാഷകളും നിലവിലുണ്ട്. ഏറ്റവും പ്രമുഖ ന്യൂനപക്ഷമാണ് സാമി ജനത. അവരുടെ ഭാഷയായ സാമി 30,000 – ൽ അധികം പേർ സംസാരിക്കുന്നു. അവർ നോർവെയുടെ വടക്കുള്ള ഫിൻമാർക്കിലും മറ്റുമാണ് താമസം. അലഞ്ഞു തിരിയുന്ന വർഗ്ഗമാണ്. ഇവരെ എല്ലാ സ്കാഡിനേവിയൻ രാജ്യങ്ങളിലും കാണാൻ കഴിയും.

### ഭരണ നിർവ്വഹണം

നോർവെയിലെ ജനസംഖ്യ കേവലം അഞ്ച് ദശലക്ഷം മാത്രമാണ്. വടക്കൻ പ്രദേശങ്ങളിൽ ഒരു ഗ്രാമത്തിൽ നിന്ന് മറ്റൊന്നിലേക്ക് 100 കി.മീറ്ററിലധികം യാത്ര ചെയ്യേണ്ടി വരും. നോർവെയിൽ രാജാവാണ് രാജ്യത്തിന്റെ തലവൻ, പ്രധാനമന്ത്രി ഗവൺമെന്റിന്റെയും ഇംഗ്ലണ്ടിലെ പോലെ തന്നെ, രാജാവിനെ നോർവെക്കാർക്ക് വലിയ ആദരവാണ്. ഇപ്പോഴത്തെ രാജാവ് ഹറാൾഡ് അഞ്ചാമൻ ഒരു സാധാരണക്കാരിയെയാണ് വിവാഹം കഴിച്ചത്. നോർവിജിയൻ പാർലിമെന്റിലെ 165 സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് 4 വർഷത്തിലൊരിക്കൽ നടക്കുന്നു.

നോർവെയിലെ സാമൂഹ്യ ജനാധിപത്യത്തെ കുറിച്ച് (Social Democracy) ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ. ജനങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം, ആരോഗ്യം, പെൻഷൻ , ജോലിയില്ലാത്തവർക്കുള്ള ധനസഹായം, എന്നിവ ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. രാജ്യത്തെ ഏറ്റവും വലിയ തൊഴിലുടമ ഗവൺമെന്റാണ്. വേദന വ്യവസ്ഥകൾ ആകർഷകമാണ്. സാമൂഹിക സുരക്ഷ ഗവൺമെന്റിന്റെ ഉത്തരവാദിത്വമായതിനാൽ, അതിനാവശ്യമായ പണം സ്വരൂപിക്കാൻ വേണ്ടി നികുതി നിരക്കുകൾ ഉയർത്തി വച്ചിരിക്കുന്നു. നമുക്കനുകരിക്കാവുന്ന പലതും ഈ മോഡലിലുണ്ട്. നിർഭാഗ്യവശാൽ, നമ്മൾ അമേരിക്കൻ മോഡൽ മുതലാളിത്തത്തിന്റെ പിറകെയാണ്. ഉദാഹരണത്തിന്, പൊതു ആരോഗ്യ സ്ഥാപനങ്ങളെക്കാൾ നമുക്ക് പ്രിയം സ്വകാര്യ ആശുപത്രികളും ഇൻഷുറൻസ് കമ്പനികളുമാണ്.

(തുടരും )

(കവിത)

## ഭ്രാന്താന്തം!

പി. എ. ശങ്കരനാരായണൻ, ഫോൺ : 9388414034

കാമഭ്രാന്ത്, മതഭ്രാന്ത്,
ധനഭ്രാന്ത് പലേവിധം
ഭ്രാന്തിനാൽ തുള്ളിയാർക്കുന്നൂ
മർത്ത്യർ ഭൂമിക്കു ഭാരമായ് !
ഭാരം വർദ്ധിച്ചു വർദ്ധിച്ചു
താങ്ങാൻ വയ്യാതെയാകവേ,
ഭൂമിക്കും ഭ്രാന്ത് വന്നീടാൻ
ഏറെത്താമസമില്ലിനി !
പോയനാളിന്റെയുന്മാദ
വാർത്താ ദൃശ്യങ്ങൾ ഓർക്കവേ
ഞാനെന്നെ
നുള്ളി നോക്കുന്നൂ
പുലരിക്കൺ തുറക്കവേ.
ജീവനോടുണ്ട് ഞാനിന്നും
എന്തെല്ലാം കാണണം ഇനി ?
ദൈവമേ നിന്റെ കാരുണ്യം
ക്രൗര്യമായ് വളരുന്നുവോ ?





*(തുടർച്ച)*

# പറയാൻ ബാക്കിവെച്ചത്.....

പത്മജ മേനോൻ ഫോൺ : 8289887472

ചലനമറ്റ കടൽപോലെ കടന്നുപോയ ദിനരാത്രങ്ങൾ ഒരു ദിവസം പതിവുപോലെ അലൻസാറിന്റെ ഫോൺ വിളി വന്നു. ആമി തന്നെ തുറിച്ചു നോക്കുന്നുണ്ടായിരുന്നു. താൻ പോയി ഫോണെടുത്തു. പതിയെ പറഞ്ഞു 'ക്ഷമിക്കണം........ഇനി ഫോൺ ചെയ്യരുത്. ഒരു ബന്ധവും വേണ്ട.....' ഗദ്ഗദത്താൽ തന്റെ വാക്കുകൾ മുറിഞ്ഞ് പോയിക്കൊണ്ടിരുന്നു. കഴിയുമെങ്കിൽ ഞങ്ങളുടെ മുന്നിൽ വരാതിരിക്കണം എന്ന് പറഞ്ഞു ഫോൺ വച്ചു . തന്റെ തുളുമ്പിയ കണ്ണുകൾ ആമി കാണാതിരിക്കുവാൻ താൻ പാടുപെടുന്നുണ്ടായിരുന്നു. ദുഃഖ കവിതകൾ ഏറെ എഴുതിയിട്ടുള്ള ചങ്ങമ്പുഴയുടെ കവിതകൾ തനിക്ക് ഏറെ ഇഷ്ടമായിരുന്നു. ഒരു കവിതാ സമാഹാരം തന്നെ തന്റെ കൈയ്യിലുണ്ടായിരുന്നു. ഒരിക്കൽ അലൻസാറിന് അത് വായിക്കാൻ കൊടുത്തിരുന്നു. കുറച്ചു ദിവസങ്ങൾക്കകം തന്നെ ആ പുസ്തകവുമായി സാർ തന്നെ കാണാൻ ആദ്യമായി തന്റെ മഠത്തിലേക്ക് വന്നു. ചിരപരിചിതരായ ഞങ്ങൾ ഒരുപാട് അകന്നപ്പോലെ വാക്കുകൾക്കായി പരതി നടന്ന നിമിഷം അലൻസാർ പറഞ്ഞു 'ഈ പുസ്തകം തിരികെ ഏല്പിക്കുവാൻ വന്നതാണ്. എന്റെ നാട്ടിലേക്ക് എനിക്ക് സ്ഥലമാറ്റം കിട്ടി ഞാൻ പോകുകയാണ്. ഇനി ശല്യമാവില്ല'. വൈകാരിക തീവ്രതകൾക്ക് അടിമപ്പെട്ട് ഒന്നും ഉരിയാടാനാവാതെ അലൻസാർ മൗനാനുവാദത്തോടെ ഇറങ്ങിപ്പോയി. പറയുവാനുള്ളതൊന്നും പറ യാൻ കഴിയാതെ......... പറയാൻ ബാക്കിവെച്ചുകൊണ്ട്..... നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന നൊമ്പരപ്പെടുത്തുന്ന ബഹിർസ്ഫുരണങ്ങൾ തന്റെ കണ്ണുകളിൽ നനവു പടർത്തി ഒരു സാലഭജ്ഞിക കണക്കെ താൻ നോക്കി നിന്നു. പുസ്തകം തുറന്നു നോക്കിയപ്പോൾ ആദ്യത്തെ പേജിൽ ഒരു കവിതാശകലം

'എത്രമേൽ നിന്നെ ഞാൻ
സ്നേഹിച്ചിരുന്നെന്നെൻ
ഹൃത്തിനോടൊന്നു നീയന്വേഷിക്കൂ
മൃത്യുവിന്നപ്പുറത്തെത്തിയാലും
മുത്തേ നിൻ മുഗ്ദ്ധസ്മരണക-
ളെന്നിൽ നിറഞ്ഞു നില്ക്കും'.

അലൻ സാറിന്റെ തന്നോടുള്ള ദിശകളില്ലാത്ത ഇഷ്ടം ഒരു ഊർജ്ജമായി തനിക്ക് ചുറ്റും എന്നും ഉണ്ടാവും. ഒരു നോക്ക് കാണാതെ ശബ്ദം ഒന്നു കേൾക്കാതെ ഒരു തപസ്യംയായി ഞാൻ ഇങ്ങനെ..... ഒന്നിനും അർഹതയില്ല പവിഴമല്ലിച്ചെടിയിൽ നിന്നും ഉതിർത്ത് വീഴുന്ന പൂക്കളെപ്പോലെ തന്റെ സ്വപ്നങ്ങളത്രയും കൊഴിഞ്ഞു വീണു. സ്വപ്നങ്ങൾ കുഴിച്ചു മൂടിയ കുഴിമാടത്തിൽ നാമ്പ് എടുക്കുന്ന പുൽക്കൊടികൾക്ക് അറിയില്ലായിരുന്നു, താൻ മുളയിലെ കരിഞ്ഞ് പോയത് താഴെ കത്തി അമർന്ന സ്വപ്നങ്ങളുടെ തീരാത്ത വേദനകളുടെ കൊടും ചൂടേറ്റാണെന്നുള്ളത്.

പകലും രാത്രിയും യാത്ര പറയുവാൻ വേണ്ടി മാത്രം കണ്ടു മുട്ടുന്ന നനവാർന്ന സന്ധ്യകൾ അതിശീഘ്രം കടന്നു പോയി. ആമി ഉപരിപഠനത്തിനായ് പൂനെയിലായിരുന്നു. അവിടെ വെച്ച് ധ്രുവ് എന്ന ഒരു ആര്യവംശജനുമായി പ്രണയത്തിലായി. വിവാഹവും കഴിച്ചു. താൻ ഒന്നിനും എതിര് നിന്നില്ല. വിവാഹം അവളുടെ ഇഷ്ടമാണല്ലോ. ഒരു വിരുന്നുകാരിയായി താൻ വിവാഹത്തിന് പങ്കെടുത്ത് തിരിച്ചു പോന്നു. 'മുത്തുലക്ഷ്മി.......... തൈലാബാൾ മാമി നീട്ടി വിളിക്കുന്നുണ്ട്. ഇന്ന് കോവിലില് പൗർണ്ണമി പൂജയും ചുറ്റു വിളക്കും മുത്തേ നീ വരില്ലയാ.......' ഇല്ലൈ മാമി.. ഉടമ്പ് ഡള്ള് ആയിരിക്ക് ഏതാവതും തേവയിരിക്കാ...... 'ഒന്നുമെ വേണ്ടയ് മാമി. നിങ്ക് പോയി വാങ്കോ...........' സന്ധ്യാനാമം ചൊല്ലി മഠം മുഴുവനും ചുറ്റി നടന്നു നോക്കി കണ്ടു. ഇനി തനിക്ക് അതിന് കഴിഞ്ഞില്ലെങ്കിലോ........ഫോൺ ബെല്ലടികേട്ട് ഫോണുമായി അവൾ ആട്ടുകട്ടിലിൽ പോയി ഇരുന്നു. ആമിയാണ് 'അമ്മാ......ഞാൻ പറഞ്ഞ കാര്യം ശരിയായോ.... ?' 'വിഷമിക്കണ്ട അടുത്ത ദിവസം തന്നെ നിന്റെ അക്കൗണ്ടിൽ പണം വരും' 'അമ്മയ്ക്ക് വിഷമമായോ.......? ഇല്ല' എന്ന് പറഞ്ഞ് ഫോൺ വെച്ചു. ആമിയുടെ വിവാഹം കഴിഞ്ഞ് മൂന്നു വർഷം വരെ വലിയ പ്രശ്നമൊന്നുമുണ്ടായിരുന്നില്ല. മരുമകൻ ധ്രുവിന്റ അനുജൻ ഒരു ജ്വല്ലറി ഉടമയുടെ മകളെ വിവാഹം ചെയ്തതു മുതൽ അച്ഛനും അമ്മയ്ക്കും ആമിയോട് അകൽച്ച വരാൻ തുടങ്ങി. ധ്രുവ് പറഞ്ഞുവത്രെ എന്തെങ്കിലും പണം അമ്മ നല്കിയില്ലെങ്കിൽ നിനക്ക് ഇവിടെ ഒരു വിലയും ഉണ്ടാവില്ല എന്ന് . ധ്രുവും പണം പ്രതീക്ഷിക്കുന്നുണ്ടത്രേ. അതിനുള്ള വഴി മഠം വിൽക്കുക മാത്രമാണെ

ന്ന് അവളും പറഞ്ഞു. അങ്ങനെയാണ് താൻ ഈ മഠം വിൽക്കാൻ തീരുമാനിച്ചത്. ഒന്നാന്തരം തടികൾ കൊണ്ട് നിർമ്മിച്ച മഠത്തിന് പ്രതീക്ഷിച്ചതിനെക്കാൾ വില കിട്ടി. പുറകിൽ കുറെയധികം ഫലമൂലാദികളുള്ള തൊടിയും ഉണ്ടായിരുന്നു. ഞാൻ ഒന്നിനും വാശി പിടിക്കുന്നില്ല. പണം നൽകിയാൽ അവളുടെ ജീവിതമെങ്കിലും സുരക്ഷിതമാകുമല്ലോ......!

രജിസ്ട്രേഷൻ കഴിഞ്ഞ് കുറെ പണം അവളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. ബാക്കി തുക തന്റെ അക്കൗണ്ടിലും നിക്ഷേപിച്ച ശേഷം തന്റെ വസ്ത്രങ്ങൾ എല്ലാം ബാഗിലാക്കി തന്റെ അത്യാവശ്യ സാധനങ്ങൾ എല്ലാം തൈലാംബാൾ മാമിയുടെ വീട്ടിൽ കൊണ്ടു പോയി വെച്ചു. നേരത്തെ ബുക്ക് ചെയ്ത് വെച്ചിരുന്ന വിമൻസ് ഹോസ്റ്റലിലേക്ക് പോകുവാൻ ഒരുങ്ങി. തന്റെ ജീവന്റെ ജീവനായ മഠത്തിനോട് താൻ യാത്ര ചോദിച്ചു. പോകുകയാണ് ഞാൻ, എന്റെ കണ്ണുനീർ വീണ ഇടനാഴികളെ മുത്തുലക്ഷ്മി ഇറങ്ങുന്നു. നഷ്ടപ്പെടാൻ നീ മാത്രമെ ബാക്കിയുണ്ടായിരുന്നുള്ളൂ. അതും സംഭവിച്ചു.......... അവൾ വാതിലടച്ച് താക്കോൽ തൈലാംബാൾ മാമിയെ ഏൽപ്പിച്ചു. മാമി കരയുന്നുണ്ടായിരുന്നു. 'നീ എനക്ക് മകൾ താനെ. കവലപ്പെടാതെ അമ്മാ.......കടവുൾ കാപ്പാത്തും' എന്നു പറഞ്ഞു താൻ ഒന്നും മിണ്ടാതെ ഇറങ്ങി നടന്നു.

ഹോസ്റ്റലിൽ എത്തിയ ഉടൻ ആമിയുടെ ഫോൺ വന്നു. പണം ക്രഡിറ്റ് ആയിട്ടുണ്ട് എന്നു പറഞ്ഞ് അവൾ പറഞ്ഞു തുടങ്ങി 'എനിക്കിപ്പോൾ കുറ്റബോധം തോന്നുന്നു. വെറുതെ അലൻസാറെ പിണക്കണ്ടായിരുന്നു. സാർ ഉണ്ടായിരുന്നെങ്കിൽ അമ്മയ്ക്ക് ഒരു കൂട്ടാവുമായിരുന്നേനെ.' മതി - അത് കഴിഞ്ഞ അദ്ധ്യായമല്ലേ. എന്നെ ഒന്നും ഓർമ്മിപ്പിക്കേണ്ട . അലൻസാർ അകന്നു പോയപ്പോൾ അമ്മയ്ക്ക് വിഷമമായോ......? അമ്മാ - ഒരു കാര്യം പറയട്ടെ . ഇപ്പോൾ രണ്ടാം വിവാഹമെല്ലാം കോമൺ ആയ കാര്യമാണ്. ഓ... അമ്മയ്ക്ക് മകൾ വിവാഹം ആലോചിക്കുകയായിരിക്കും. നീ ഭയപ്പെടണ്ടാ ഞാൻ നിനക്ക് ഒരിക്കലും ഒരു ശല്യമാവില്ല എന്നു പറഞ്ഞ് ഫോൺ വെച്ചു. അമ്മയ്ക്കും സ്വപ്നങ്ങളും മോഹങ്ങളും വികാരങ്ങളും ഒക്കെ ഉണ്ടായിരുന്നു. പക്ഷേ നിനക്ക് അന്ന് അത് മനസ്സിലാകുമായിരുന്നില്ല. വൈകിയാണെങ്കിലും തിരിച്ചറിവ് വന്നല്ലോ. ഇനി എത്രയും പെട്ടെന്ന് ഒരു വൺ ബെഡ്റൂം ഫ്ളാറ്റ് വാങ്ങണം. നാളെ ഓഫീസിൽ ചെല്ലണ്ട ദിവസമാണ്. കുറച്ച് ദിവസമായി താൻ ലീവിലായിരുന്നു. പിറ്റേന്ന് നേരത്തെ തന്നെ ഓഫീസിൽ എത്തി. അവിടെ എല്ലാവരും എത്തിയിരുന്നു. തന്റെ ജോലിസ്ഥാപനം മറ്റൊരാൾ വാങ്ങിച്ചുവത്രെ . പുതിയ ഉടമസ്ഥൻ വരുകയാണിന്ന്. അവളും സ്വീകരിക്കുവാനുള്ള വേണ്ട ഏർപ്പാട് ചെയ്യുവാൻ തുടങ്ങി. താമസിയാതെ ഉടമസ്ഥൻ എത്തി. അലൻ സാർ.......... താൻ അത്ഭുതപരതന്ത്രയായി നോക്കി നിന്നു. പക്ഷേ അലൻസാർ തന്നെ ഗൗനിച്ചതെയില്ല. അവൾക്ക് ആകെ ഒരു വീർപ്പുമുട്ടൽ അനുഭവപ്പെട്ടു. വൈകുന്നേരം അലൻസാർ തന്നെ വിളിപ്പിച്ചു 'ഓഫീസ് വിട്ടാൽ ഒരു സ്ഥലം വരെ പോകണം' എന്നു പറഞ്ഞു. അവൾ തലയാട്ടി നിന്നു.

പിന്നീട് അലൻസാറിന്റെ കാറിൽ കയറി പോയി. വണ്ടി പോയി നിന്നത് തന്റെ മഠത്തിന്റെ മുന്നിലായിരുന്നു. 'എന്താ ഇവിടെ' എന്ന് ചോദിച്ചപ്പോൾ 'വരൂ ഇറങ്ങൂ' എന്നു പറഞ്ഞു. വീടിന് പുതിയ പൂട്ടും താക്കോലും ഇട്ടിരിക്കുന്നു. ഉള്ളിൽ കയറിയ ഉടൻ സാർ ആട്ടു കട്ടിലിൽ ഇരുന്ന് ആടാൻ തുടങ്ങി. 'അലൻസാർ എന്താ ഇവിടെ, ഈ മഠം ഞാൻ വിറ്റു'. അതെ അറിയാം ഈ മഠം . എന്റെ ബിനാമിയായിരുന്നു വാങ്ങിച്ചിരുന്നത്. 'അലൻ സാർ സത്യമാണോ പറയുന്നത്.' അതെ - ഞാൻ എന്തിന് നുണ പറയണം. പിന്നെ ഇപ്പോൾ ഞാൻ അലൻസാർ അല്ല. എന്റെ പേര് വേദാന്ത് കുമാർ എന്നാണ്. മലയാളം മാഷ് ആയ ഞാൻ ഒരുപാട് വായിക്കുമായിരുന്നു. നിങ്ങളുടെ വേദങ്ങളും ഉപനിഷത്തുക്കളും പുരാണേതിഹാസങ്ങളും ഒക്കെ വായിച്ചപ്പോൾ എനിക്ക് മനസ്സിലായി. ഹിന്ദുമതം ഒരു ജീവിതശൈലിയാണ് എന്നുള്ളത്. ആ സംസ്കാരത്തിലൂടെയാണ് നമ്മൾ ജീവിക്കേണ്ടത് എന്നും. പിന്നെ ചിന്തിക്കാൻ ഒന്നുമില്ലായിരുന്നു. കൃസ്ത്യാനിയായിരുന്ന ഞാൻ ഹിന്ദുമതം സ്വീകരിച്ചു. വേദാന്ത് കുമാർ എന്ന പേരും സ്വീകരിച്ചു. ഞാൻ അകന്നു പോയെങ്കിലും അദൃശ്യനായി എല്ലാം അറിയുന്നുണ്ടായിരുന്നു. ഇപ്പോൾ മുത്തുലക്ഷ്മിക്ക് ഈ ഒറ്റപ്പെടലിൽ എന്തും പങ്ക് വെക്കുവാൻ ഒരാൾ ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ എത്തിയത്. പിന്നെ മറ്റൊരു കാരണം കൂടിയുണ്ട്. ഒരു യാഥാസ്ഥിതിക കുടുംബത്തിൽ പിറന്ന മുത്തുലക്ഷ്മിക്ക് ഒരു കൃസ്ത്യാനിയെ ഉൾക്കൊള്ളുവാൻ കഴിയുമോ എന്ന ശങ്ക. എന്നെ ബ്രാഹ്മണനോ, വൈശ്യനോ, ശൂദ്രനോ, ക്ഷത്രിയനോ ആരായിട്ടു വേണമെങ്കിലും കണ്ടുകൊള്ളൂ. ആരാവാനും ഞാൻ തയ്യാറാണ്.

മുത്തുലക്ഷ്മി പതിയെ പറ്ഞ്ഞു. ജാതിക്കും, മതത്തിനുമപ്പുറത്ത് സാർ എന്ന മനുഷ്യനിലെ മനുഷ്യത്വത്തെയാണ് ഞാൻ ഇഷ്ടപ്പെട്ടിരുന്നത്. എന്നു പറയുമ്പോൾ അവളുടെ നയനങ്ങൾ പൊട്ടിയൊ

(ശേഷം 51-ാം പേജിൽ)





# കേരളക്ഷേത്ര തത്ത്വവും ശൈലികളും

ഡോ. കെ. ഹരിഹരൻ ഫോൺ : 9847313322

ഉത്പത്തി കാലം മുതൽ പ്രപഞ്ചരഹസ്യം അറിയുവാനുള്ള മനുഷ്യന്റെ ആഗ്രഹമാണ് മാനസികവും ശാരീരികവുമായ അവന്റെ പുരോഗതിയെ നയിച്ചത്. പ്രാപഞ്ചിക ശക്തികളെ അത്ഭുതത്തോടെയും ഭയത്തോടെയും നോക്കി കണ്ട മനുഷ്യർ ക്രമേണ തന്റെ ഭൗതിക സുഖത്തിനും ഉന്നതിക്കും വേണ്ടി അവയെ ആരാധിക്കാൻ തുടങ്ങി. മനുഷ്യന്റെ മാനസികവും ബുദ്ധിപരവുമായ വികാസമനുസരിച്ച് സ്വന്തം യുക്തിക്കും അറിവിനും പുറത്തുള്ള പ്രപഞ്ചശക്തിയെ അരൂപവും സ്വരൂപവും ആയി സങ്കല്പിച്ച് ആരാധിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. ദേശകാലഭേദമനുസരിച്ച് ഈ സങ്കല്പങ്ങൾക്കും ആരാധനകൾക്കും വ്യത്യാസമുണ്ടായി. ലോകത്തിലെ വിവിധ മതങ്ങൾ എല്ലാം തന്നെ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ പുലർത്തുന്നവയാണെങ്കിലും താത്ത്വികമായി ഇവയെല്ലാം മാനസീകമായ ഉൾക്കാഴ്ച രൂപപ്പെടുത്തുവാൻ വേണ്ടി നിലക്കൊള്ളുന്നവയാണ്. താത്ത്വികമായ കാഴ്ചപ്പാടുകൾക്ക് സ്ഥൂലഭാവം കൈവരിക്കുമ്പോഴാണ് അവ ആരാധനാലയങ്ങളായി രൂപപ്പെടുന്നത്.

മനുഷ്യനെ നിയന്ത്രിക്കുന്ന പ്രകൃതിയും മരണമെന്ന പ്രതിഭാസവും മനുഷ്യനു മുമ്പിൽ ഒരു പ്രഹേളികയായി എന്നും നിലക്കൊണ്ടു. ഇവയെല്ലാം നിയന്ത്രിക്കുന്ന മഹാശക്തിക്ക് സങ്കല്പത്തിലൂടെ രൂപം നല്കി, അവയ്ക്ക് ആലയങ്ങൾ നിർമ്മിച്ചു. ഈ ആലയങ്ങൾ ആ മഹാശക്തിയുടെ ശ്രേഷ്ഠതയെ വിളിച്ചറിയിക്കും വിധം ഉത്കൃഷ്ട നിർമ്മിതികളായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചു.

ജഗത്തെല്ലാം ബ്രഹ്മസൃഷ്ടിയാണ്. ബ്രഹ്മം അരൂപമാണ്. നാമരൂപങ്ങളില്ലാത്ത ബ്രഹ്മമാകുന്ന പരമാത്മാവിനെ പൂജിക്കാൻ സ്തുതിക്കാൻ വികാസം പ്രാപിച്ച മനസ്സുകൾ വിരളമാണ് . ഒന്നുകൊണ്ടും അളക്കാൻ സാധിക്കാത്തതാണ് ബ്രഹ്മം. അതുകൊണ്ടു തന്നെ അനന്തം എന്നറിയപ്പെടുന്നു. അതുൾക്കൊള്ളാനുള്ള മനോവികാസം ആർക്കുമില്ല. അതിനാലാണത്രേ ബ്രഹ്മത്തിൽ നിന്നാവിർഭവിച്ച ദേവന്മാരുടെ നാമരൂപങ്ങളെക്കൊണ്ട് ബ്രഹ്മമഹത്വം അറിയുവാൻ കഴിയണമെന്ന് മഹാത്മാക്കൾ നിശ്ചയിച്ചത്. തൽഫലമായിട്ടാണ് ഈശ്വരൻ, ക്ഷേത്രം, വിഗ്രഹം, പൂജാദി സങ്കല്പങ്ങൾ എന്നിവ പിറവിയെടുത്തത്. ഓരോ ദേവന്റേയും ബ്രഹ്മത്വം സ്ഥാപിക്കേണ്ടി വരുമ്പോൾ ആ ദേവനെ ഏറ്റവും വലിയവനാക്കി പറയും. രാജ്യഭരണ കാര്യത്തിൽ പ്രസിഡന്റ് പ്രധാനമന്ത്രി വകുപ്പു മന്ത്രിമാർ എന്നിവർ ഉണ്ടായിരിക്കുന്നതുപോലെയുള്ള പ്രവർത്തി വിഭജനമാണ് ദേവന്മാർക്കിടയിലും ഉള്ളത്. അതതു പ്രവർത്തിക്കനുസരണമായ പേരും രൂപവും ഓരോ ദേവനും നൽകിയിരിക്കുന്നു. സർവ്വ ദേവന്മാരുടേയും ഉല്പത്തി ബ്രഹ്മമാകയാൽ താരതമ്യഭേദത്തിന് അർത്ഥമില്ല. നാനാദേവസങ്കല്പമെല്ലാം അതിനാൽ ഏകേശ്വരനിൽ വിലയിക്കും. ആ പരമാത്മാവിന്റെ അംശങ്ങളാണ് നാമെല്ലാം എന്ന ബോധം ഉറച്ചാൽ ഈശ്വരൻ ഞാൻ തന്നെ- തത്ത്വമസി-ബ്രഹ്മാസ്മി എന്നറിഞ്ഞ് ആത്മസ്വരൂപത്തെ സ്നേഹിക്കും, പ്രാപിക്കും. ഈ ഒരവസ്ഥ മനുഷ്യനിലുണ്ടാക്കുകയാണ് ക്ഷേത്രസങ്കല്പങ്ങളിലൂടെ. അരൂപ ബ്രഹ്മത്തിൽ നിന്നും സ്വരൂപങ്ങളിലേക്കുള്ള പരിണാമം സാധാരണ മനുഷ്യന്റെ ഭാവനയ്ക്കും ഉപാധിക്കും നിരക്കുന്നതാണ്. അതിനാലാണ് രൂപമില്ലാത്ത ഈശ്വരന് രൂപം കൊടുക്കേണ്ടി വന്നത്. സാധാരണക്കാരന് സങ്കല്പിക്കാവുന്ന ചെറിയ രൂപങ്ങൾ ഉണ്ടായാലെ നേരിൽ കണ്ടു വന്ദിക്കാനാവുകയുള്ളൂ. പ്രപഞ്ച സത്യങ്ങളായ പ്രകാശസ്വരൂപം ഊർജ്ജസ്വരൂപം അഗ്നിസ്വരൂപം ഇവയിലൂടെയാണ് ദേവീദേവന്മാരെ തിരിച്ച് നാം ആരാധിച്ചു പോരുന്നത്. ആ തേജസ്വരൂപങ്ങളെയാണ് ബ്രഹ്മാവായും, വിഷ്ണുവായും, ശിവനായും, ലക്ഷ്മിയായും, വാണിയായും, ദുർഗ്ഗയായും, ഗണേശനായും അങ്ങനെ നൂറുനൂറ് ദേവീദേവന്മാരായി ക്ഷേത്രവിഗ്രഹങ്ങളിലൂടെ പ്രതിഷ്ഠിച്ചെടുത്ത് ലോകത്ത് ധർമ്മം നിലനിർത്തുന്നത്. അതിലൂടെ പൈതൃകമായ സ്നേഹം, തത്സംബന്ധമായ ദാനധർമ്മാദിപരോപകാര സത്

കർമ്മങ്ങൾ , അഹിംസ, സത്തിനെ ആശ്രയിക്കുന്ന സജ്ജന സംരക്ഷണം, പാപകർമ്മങ്ങളിൽ നിന്നുള്ള മോചനം എന്നീ ലക്ഷ്യങ്ങളും നിറവേറ്റപ്പെടുന്നു. കോടിക്കണക്കിന് ഭക്തരെ ആകർഷിച്ചു കൊണ്ടിരിക്കുന്ന ശബരിമലയിലെ ശ്രീകോവിലിനു മുകളിൽ ഒരു ലിഖിതം കാണാം.

'തത്ത്വമസി' - തത് + ത്വം + അസി അത് (ഈശ്വരൻ) നീയാണ് - നിന്നിലാണ് ഈശ്വരൻ കുടികൊള്ളുന്നത്. ഓർക്കുക എന്നർത്ഥം .

## കേരളീയ ക്ഷേത്രചരിത്രം

ആദിശങ്കരനിൽ കൂടി വിശ്വപ്രസിദ്ധമായ കേരളത്തിന്റെ ആദ്ധ്യാത്മിക തത്ത്വചിന്തകൾ അണുതലത്തിൽ നിന്നും അനന്തവിഹായസ്സിലേക്കു പടർന്നു കയറിയതാണ്. കേരളത്തിൽ പ്രാചീന കാലം മുതൽ നിലനിന്നിരുന്ന ക്ഷേത്രസങ്കല്പവും ക്ഷേത്രാരാധനയും ഈ തത്ത്വചിന്തയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. മനുഷ്യമനസ്സുകളിൽ ഉദാത്തമായ ഭക്തിയും നന്മയും കരുണയും അങ്കുരിക്കുന്നതിന് ക്ഷേത്രാരാധനയും ക്ഷേത്രാചാരങ്ങളും ഒരു പരിധിവരെ കാരണമായിട്ടുണ്ട്. മനുഷ്യന്റെ ആദ്ധ്യാത്മികമായ ദാഹത്തിന് വ്യക്തികളുടെ സ്വഭാവത്തിനും ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചും ആരാധിക്കുവാനുള്ള സ്വാതന്ത്ര്യമാണ് കേരളത്തിലെ ക്ഷേത്രങ്ങൾ നൽകിയിരിക്കുന്നത്. കേവലമായ ഭൗതികാവശ്യനിർവ്വഹണത്തിനായി ക്ഷുദ്രദേവതാരാധന മുതൽ പ്രപഞ്ചത്തിന്റെ അനന്തതയെ ആരാധിക്കുന്ന (ഓച്ചിറ പരബ്രഹ്മമൂർത്തി) തലം വരെ വളർന്ന കേരളത്തിലെ ആദ്ധ്യാത്മിക തത്ത്വചിന്തകൾ ലോകചരിത്രത്തിൽ തന്നെ അപൂർവ്വമാണ്.

സഹ്യപർവ്വത നിരകളുടെ പടിഞ്ഞാറു ഭാഗത്ത് നീണ്ടു നിവർന്നു കിടക്കുന്ന കേരളത്തെ മുഖ്യമായും മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി ഭൂമിശാസ്ത്രപരമായി തരം തിരിക്കാം. കേരളപ്രദേശങ്ങൾ കടൽ മാറി ഉയർന്ന ഭാഗമാണ് എന്ന് പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്നു. ഈ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്ന വിധമാണ് ഐതിഹ്യങ്ങളും ഉള്ളത്. ഇതു കൂടാതെ ശാസ്ത്രീയ പഠനങ്ങളും കേരളം കടലിൽ നിന്നും വന്ന ഭാഗമായി സാക്ഷ്യപ്പെടുത്തുന്നു. ഐതിഹ്യപ്രകാരം പരശുരാമൻ മഴുവെറിഞ്ഞു കേരളത്തെ വീണ്ടെടുത്ത ശേഷം മലയോരപ്രദേശങ്ങളുടെ സംരക്ഷണാർത്ഥം 108 ശാസ്താക്ഷേത്രങ്ങളും തീരദേശസംരക്ഷണാർത്ഥം 108 ദുർഗ്ഗാക്ഷേത്രങ്ങളും സ്ഥാപിച്ചു എന്നു കാണുന്നു. ഈ ഐതിഹ്യം 'കേരളോല്പത്തി' എന്ന കൃതിയിലാണുള്ളത്. ഇതുകൊണ്ടു തന്നെ കേരളത്തെ ഭാർഗ്ഗവക്ഷേത്രമെന്നോ പരശുരാമക്ഷേത്രമെന്നോ വിശേഷിപ്പിച്ചു പോരുന്നു. കേരളത്തിൽ ഇപ്പോൾ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്ന് പറയുവാനാകില്ല. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു ഖണ്ഡങ്ങളിലായി കിടക്കുന്ന ഈ മഹാക്ഷേത്രങ്ങളെ മലയാളികളെല്ലാവരും ഒരുപോലെ ആദരിച്ചു വരുന്നുണ്ട്. സ്വല്പം ഭേദപ്പെട്ട ഓരോ ദേശത്തും ഓരോ പ്രധാന ക്ഷേത്രങ്ങൾ കേരളത്തിലുണ്ട്. കേരളത്തിലുള്ള ക്ഷേത്രങ്ങളുടെ എണ്ണം പതിനായിരത്തിലധികം ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അതിനാൽ അവയുടെ പേരുകളും സ്ഥലവും ഇവിടെ ചേർക്കുന്നത് ഉചിതമായിരിക്കുകയില്ല. കേരളത്തിലെ ക്ഷേത്രങ്ങളെ സാങ്കേതികമായി അഞ്ചു തരത്തിൽ വിഭജിക്കാം.

1. മഹാക്ഷേത്രം 2. ബൃഹത് ക്ഷേത്രം 3. പ്രധാന ക്ഷേത്രം 4. ലഘു ക്ഷേത്രം 5. അതിലഘുക്ഷേത്രം

പഞ്ചപ്രാകാരങ്ങളോടു കൂടിയതോ, അഞ്ചു പൂജകൾ ഉള്ളതോ, വാർഷികമായി ഒരു ലക്ഷം ഭക്തർ ദർശനം നടത്തുന്നതോ ആയ ക്ഷേത്രങ്ങളാണ് മഹാക്ഷേത്രങ്ങൾ. നാലുപ്രാകാരങ്ങളും അഞ്ചു പൂജകളോ വാർഷികമായ ഇരുപത്തയ്യായിരം മുതൽ ഒരു ലക്ഷം ഭക്തർ വരെ വന്നു പോകുന്ന ക്ഷേത്രങ്ങളെ ബൃഹത്ക്ഷേത്രമായി കണക്കാക്കുന്നു. മുകളിൽ പറഞ്ഞ രണ്ടു വിഭാഗത്തിൽ പെടാത്തതും എന്നാൽ സ്വയംഭൂവായിട്ടുള്ളതും മൂന്നു പ്രാകാരമുള്ളതും മൂന്നു പൂജകൾ ഉള്ളതും ധാരാളം കൊത്തുപണികൾ ഉള്ളതും പതിനയ്യായിരം മുതൽ ഇരുപത്തായ്യായിരം വരെ ഭക്തർ ദർശനം നടത്തുന്നതുമായ ക്ഷേത്രത്തെ പ്രധാന ക്ഷേത്രമായി കണക്കാക്കുന്നു. മൂന്നു പ്രാകാരത്തിൽ കുറവും രണ്ടോ മൂന്നോ പൂജകളും അയ്യായിരത്തിനും പതിനയ്യായിരത്തിനുമിടയിൽ ഭക്തർ വരുന്നതുമായ ക്ഷേത്രങ്ങളെ ലഘുക്ഷേത്രമായും ഏറ്റവും ചെറുതായ കുടുംബക്ഷേത്രങ്ങളെ അതിലഘുക്ഷേത്രങ്ങളായും കണക്കാക്കാം..

## കേരള ക്ഷേത്രങ്ങളിലെ മൂർത്തികൾ.

ക്ഷേത്രങ്ങളെന്നപോലെ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള മൂർത്തികളും കേരളത്തിൽ സംഖ്യാതീതങ്ങളാണ്. ഓരോ മൂർത്തികൾക്കും സ്ഥാനഭേദേന വൈവിധ്യമായ നാമസ്വരൂപങ്ങൾ കല്പിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് ശിവനെ തന്നെ എടുക്കാം. ദക്ഷിണാമൂർത്തി, ശങ്കരനാരായണൻ, അർദ്ധനാരീശ്വരൻ, കിരാതരുദ്രൻ, സോമസ്കന്ദൻ, മൃത്യുജ്ജയൻ, കാലാന്തകൻ, അഘോരൻ ഇത്യാദിയായി അമ്പതിൽ പരം ശിവഭേദങ്ങൾ പറയപ്പെടുന്നു. വിഷ്ണു മൂർത്തികളും, ദേവീഭേദമൂർത്തികളും





ഇതിൽ കുറവല്ലാതെയുണ്ട്. ഇവയ്ക്കും പുറമെ അഷ്ടദിക്പാലകന്മാർ , ബ്രഹ്മാവ്, സൂര്യൻ, ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവ്, കാമദേവൻ, ഹനുമാൻ, ഗരുഡൻ, അശ്വകൻ പിതൃക്കൾ, അപ്സരസ്സുകൾ, സപ്തർഷികൾ നാഗങ്ങൾ, യക്ഷികൾ, അസുര - മാനവ- പിശാച - വേതാള - നവഗ്രഹ - ഗൃധ്രാദികൾ എന്നിങ്ങനെ ആയി അസംഖ്യം മൂർത്തികൾ ഉപവസിക്കപ്പെട്ടു വരുന്നു. എന്നാൽ ഇപ്പറഞ്ഞ തരം മൂർത്തികൾക്കെല്ലാം പ്രത്യേകം ക്ഷേത്രങ്ങൾ നിർദ്ദേശിച്ചെടുക്കുക അത്ര എളുപ്പമല്ലാ എങ്കിലും ശിവൻ, വിഷ്ണു, ഭദ്രകാളി, ദുർഗ്ഗാഗണപതി, സുബ്രഹ്മണ്യൻ, സരസ്വതി, ശാസ്താവ്, ശങ്കരനാരായണൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, നരസിംഹം, ശ്രീഭഗവതി, ശ്രീപാർവ്വതി മുതലായ മൂർത്തികളുടെ ക്ഷേത്രങ്ങൾ ധാരാളം കേരളത്തിലുണ്ട്. ആദിത്യക്ഷേത്രങ്ങൾ ദുർലഭമായുണ്ട്. ഹനുമത് ക്ഷേത്രങ്ങളും, ധന്വന്തരി ക്ഷേത്രങ്ങളും , വരാഹമൂർത്തിക്ഷേത്രങ്ങളും കുറച്ചു കൂടി സുലഭമാണ്. ബ്രഹ്മാവിന്റെ ക്ഷേത്രങ്ങൾ അധികമില്ല. മലബാറിൽ തിരൂർ വേഞ്ഞേരി മന വകയായി ശ്രീകുബേര ക്ഷേത്രമൊന്നുണ്ട്. തിരുവനന്തപുരത്ത് ശ്രീപത്മനാഭക്ഷേത്രത്തിൽ വേദവ്യാസ ഭഗവാനും , തിരുവല്ലത്ത് ശ്രീപരശുരാമനും പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട്. കാലടിയിൽ ശ്രീശങ്കരാചാര്യസ്വാമികളെ പ്രതിഷ്ഠിച്ചിരിക്കുന്നത് ഇവിടെ അനുസ്മരിക്കേണ്ടതാണ്. തിരുവഞ്ചിക്കുളത്ത് ചേരമാൻ പെരുമാളെ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ പ്രതിഷ്ഠകളെല്ലാം പ്രാചീനമാണ് എന്നതാണ് ഒരു വസ്തുത. നാഗപ്രതിഷ്ഠ നാടൊട്ടുക്കു തന്നെ ഉണ്ടെന്നു പറയാവുന്നതാണ്. ഇരിങ്ങാലക്കുട ക്ഷേത്രത്തിലെ മൂർത്തി ഭരതനാണ്. മൂഴിക്കുളം ക്ഷേത്രത്തിൽ ലക്ഷ്മണനും, പടിയൂർ ക്ഷേത്രത്തിൽ ശത്രുഘ്നനുമുണ്ട്. കാഞ്ഞിരങ്ങോട്ട് ബലദേവമൂർത്തിയാണ് പ്രതിഷ്ഠ.

ചുരുക്കിപ്പറഞ്ഞാൽ കേരളീയർക്ക് കേരളത്തിൽ തന്നെ താമസിച്ച് എല്ലാ പുണ്യസ്ഥലങ്ങളും സന്ദർശിക്കുവാനുള്ള ഭാഗ്യം ഈ ക്ഷേത്രപ്രതിഷ്ഠ ദ്വാരാ സിദ്ധിച്ചിരിക്കുന്നു. ഉത്തര കേരളീയർക്ക് തിരുനെല്ലിയും ദക്ഷിണ കേരളീയർക്ക് തിരുവല്ലവും ഗയയോ രാമേശ്വരമോ പോലെയുള്ള പുണ്യസ്ഥലങ്ങളാണ് . തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രം ദക്ഷിണകൈലാസമെന്നു കേൾവിപ്പെടുന്നതാണ്. തൃച്ചെറുമന്നം അഥവാ കൊട്ടിയൂർ ദക്ഷിണകാശിയായിട്ടും ഗണിക്കപ്പെട്ടും വന്ദിക്കപ്പെട്ടും വരുന്നു. നിള, ചൂർണ്ണി, പമ്പ മുതലായ നദികൾക്ക് ഗംഗായമുനാ നദീമാഹാത്മ്യവും കല്പിക്കപ്പെട്ടിട്ടുണ്ട്. ക്ഷേത്രങ്ങളിൽ ദൈവീക വിഗ്രഹങ്ങൾ മാത്രമെ പ്രതിഷ്ഠിക്കാൻ സാധിക്കൂ എന്ന് ഖണ്ഡിതമായി പറയാൻ പാടില്ല. ഖഡ്ഗം, ശൂലം, ചക്രം മുതലായ ആയുധങ്ങളും ചില ക്ഷേത്രങ്ങളിൽ പൂജ്യമാനങ്ങളായി കണ്ടു വരുന്നുണ്ട്.

## കേരളക്ഷേത്രങ്ങളുടെ പ്രത്യേകതകൾ

യഥാർത്ഥ കേരളക്ഷേത്രങ്ങൾക്ക് പലതരം പ്രത്യേകതകൾ അകമേയും പുറമേയും ദൃശ്യമാണ്. അകമെയുള്ള പ്രത്യേകതകളായി പൂജാവിധാന പരിപാടി, നിത്യനിദാന സമ്പ്രദായം, വിഗ്രഹനിർമ്മാണശൈലി, ശുദ്ധാശുദ്ധ വ്യവസ്ഥ, വർജ്ജ്യാവർജ്ജ്യ നിയമം മുതലായവയും പുറമേയുള്ള പ്രത്യേകതകളായി ക്ഷേത്രനിർമ്മാണ രീതി, ക്ഷേത്രഭരണ സംവിധാനം, ക്ഷേത്രസ്വമിത്വസ്ഥിതി, ഉത്സവ വാദ്യാഘോഷ വിശേഷം മുതലായവയേയും പരിഗണിക്കാം. പരദേശപ്രസ്ഥാനത്തിൽ നിന്നും സുവ്യക്തവും സുദൃഢവുമായ പ്രത്യേകതകൾ ഇത്തരം വിഷയങ്ങളിൽ നമുക്ക് ദർശിക്കുവാൻ കഴിയും. പൂജാപ്രസ്ഥാനം പൊതുവെ തന്നെ കേരളീയർക്കും അന്യർക്കും ഭിന്നമാണ്.

ഒരിക്കൽ നിവേദിച്ച ദ്രവ്യങ്ങൾ വീണ്ടും നിവേദിക്കുക മുതലായ സമ്പ്രദായം അന്യദേശത്തു നടപ്പുള്ളത് കേരളത്തിൽ നിശ്ശേഷം നിഷിദ്ധമാണ്. അരുണോദയത്തിൽ ശംഖനാദാദി വാദ്യഘോഷപുരസ്സരം പള്ളിയുണർത്തുന്നതു മുതൽ അത്താഴ ശീവേലി കഴിഞ്ഞ് നട അടയ്ക്കുന്നതു വരെയുള്ള നിത്യോത്സവ പരിപാടി ഭേദപ്പെട്ട ക്ഷേത്രങ്ങളിലെല്ലാം നിയതവും പരിപാലിക്കപ്പെടുന്നതുമാണ്. പരദേശങ്ങളിൽ ഇത്തരത്തിലില്ല. കേരളത്തിലെ പ്രതിമാശില്പവൈഭവം ലോകത്തിന്റെ തന്നെ അത്യാദരത്തെ സമാർജ്ജിച്ചത് സുപ്രസിദ്ധമാണ്. ശാസ്ത്രീയവും പ്രാമാണികവും പരമ്പരാഗതവുമായ ശുദ്ധാശുദ്ധ വ്യവസ്ഥയും വർജ്ജ്യാവർജ്ജ്യ നിയമവും കേരള ക്ഷേത്രങ്ങളിൽ പാലിക്കപ്പെടുന്നതു പോലെ അന്യദേശക്ഷേത്രങ്ങളിൽ പാലിച്ചു കാണുന്നില്ല. ഈ വകയ്ക്കനുഗുണമായി കേരളക്ഷേത്ര മൂർത്തികൾക്ക് പ്രത്യേക നിഗ്രഹാനുഗ്രഹ ശക്തിയും സിദ്ധിയും അഭീഷ്ട പ്രദാന ശേഷിയും ധാരാളത്തിലധികമുണ്ടെന്നും നമുക്കു വിശ്വസിക്കാം.

ഹൈന്ദവ സംസ്കാരത്തിൽ വൈദികവും താന്ത്രികവുമായ വേർതിരുവിൽ താന്ത്രിക പാതയാണ് കേരളക്ഷേത്രങ്ങളിൽ അധികമായും പാലിച്ചു വരുന്നത്. മന്ത്രങ്ങൾ ചാലകശക്തിയായിട്ടുള്ള യന്ത്രങ്ങളായിട്ടാണ് ക്ഷേത്രങ്ങളെ നിർവ്വചിച്ചിരിക്കുന്നത്. ആദ്ധ്യാത്മിക സാഹിത്യത്തെ മൂന്നു ശാഖകളായി തിരിച്ചിരിക്കുന്നു. ആഗമങ്ങൾ, സംഹിതകൾ, താന്ത്രികം, പൊതുവെ ആഗമങ്ങൾ ശിവസംബന്ധിയും സം

ഹിതകൾ വൈഷ്ണവവും തന്ത്രങ്ങൾ ശാക്തേയവും ആകുന്നു. താന്ത്രിക രീതിയെ കേരളം, കാശ്മീരം, ബംഗാൾ എന്നിങ്ങനെ മൂന്നു പ്രസ്ഥാനങ്ങളായി തരം തിരിച്ചിട്ടുണ്ട്. ഇവയിൽ കാശ്മീരപ്രസ്ഥാനവും ബംഗാൾ പ്രസ്ഥാനവും വാമമാർഗ്ഗപ്രാധാന്യമുള്ള വയും കേരളപ്രസ്ഥാനം ദക്ഷിണമാർഗ്ഗപ്രാധാന്യ ത്തോടു കൂടിയതും ആകുന്നു. വാമമാർഗ്ഗം അവൈ ദികപ്രധാനവും തമോഗുണബഹുലവും ആകുന്നു. ദക്ഷിണമാർഗ്ഗം അങ്ങനെയല്ല. അത് വൈദിക പ്രധാന വും സത്വഗുണോത്തരവും അഹിംസാധിഷ്ടിതവും സർവ്വദേവ പ്രതിപാദകവും ആകുന്നു. മദ്യമാംസാദി നിവേദ്യം, ജന്തുബലി , നരബലി മുതലായവയും കുമാരിപൂജ മുതലായ ദുഷ്കർമ്മങ്ങളും വാമ മാർഗ്ഗ ത്തിന് ചേർന്നതാണ്. ദക്ഷിണമാർഗ്ഗം ആ രീതിയിൽ ചിന്തിക്കാതെ തികച്ചും വൈദിക പദ്ധതിയിലൂടെ സേവാമൂർത്തിയെ പരാശക്തിയോ, പരപുരുഷനോ ആയി സങ്കല്പിച്ച് സ്വാതിക രീതിയിൽ ഉപാസിക്കു കയും പ്രീണിപ്പിക്കുകയും ചെയ്യാനാണ് സാധകനെ ഉപദേശിക്കുന്നതും ഉത്തേജിപ്പിക്കുന്നതും.

ഇന്ന് ഇന്ത്യയിലെ സുപ്രസിദ്ധ പുണ്യക്ഷേത്ര ങ്ങളിൽ പലതും, കേരളത്തിലാണുള്ളത്. ഗ്രാമക്ഷേ ത്രങ്ങൾ , ദേശക്ഷേത്രങ്ങൾ, കുടുംബക്ഷേത്രങ്ങൾ എന്നിങ്ങനെയാണ് കേരളത്തിലെ ക്ഷേത്രങ്ങളുടെ നില. അതനുസരിച്ച് അതതു ഗ്രാമക്കാരും, ദേശക്കാ രും, കുടുംബക്കാരും തത്തൽക്ഷേത്രമൂർത്തികളെ സേവിച്ച് സേവിച്ച് വിളിച്ചാൽ വിളി കേൾക്കുന്ന ദേ വതകളാക്കി മാറ്റാൻ പണ്ടേ കഴിഞ്ഞിട്ടുണ്ട്.

ക്ഷേത്ര നിർമ്മാണ രീതിക്ക് ദ്രാവിഡമെന്നും, നാഗരമെന്നും മറ്റും വകഭേദം ഉള്ളതിൽ നാഗരരീതി യാണ് കേരള ക്ഷേത്രങ്ങളിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള ത്. നാലുകെട്ടും (ചുറ്റമ്പലം), തിരുമുറ്റവും, ശ്രീകോ വിലും, മണ്ഡപവും, വിളക്കുമാടവും, കൊടിമരവും, ആനക്കൊട്ടിലും, ബലിക്കൽപ്പുരയും, ഗോപുരവും, മതിലും ചേർന്നതാണ് സാധാരണ കേരളക്ഷേത്രം. ഇവയ്ക്കു പുറമെ കൂത്തമ്പലം, ഓത്തമ്പലം എന്നി വയോടുകൂടിയ ക്ഷേത്രങ്ങളുമുണ്ട്.

ഭരണ സംബന്ധമായിട്ടുള്ള പ്രത്യേകതകളിൽ യതീശ്വര പ്രാധാന്യം, മേലാണ്മ പ്രാധാന്യം, ഊരാണ്മ പ്രാധാന്യം എന്നിങ്ങനെയാണുള്ളത്. ഇവ പരശുരാമ നിയമിതമാണെന്ന് കരുതുന്നതിനാൽ അതിപ്രാചീന സമ്പ്രദായമാണെന്ന് ഊഹിക്കാം. ദേവന്റെ ഊരാ ണ്മക്കാരുടെ ദേവൻ ഇത്യാദിഭേദനയുള്ള വ്യവസ്ഥ കൾ ഇവിടെ സ്മരണീയമാണ്. ഇപ്രകാരം തന്നെ ക്ഷേത്രാധീനരായിരിക്കുന്ന ജനങ്ങൾ എന്നും മറ്റും ഇനിയും വകഭേദങ്ങളുണ്ട്.

ജീവ ചൈതന്യത്തിന്റെ ഇരിപ്പിടം ശരീരമാ കുന്നതുപോലെ ദൈവചൈതന്യത്തിന്റെ ഇരിപ്പിടമാ ണ് ദേവാലയം. കല്ലും മണ്ണും തടിയും ഉപയോഗിച്ചു നിർമ്മിതമാകുന്ന ക്ഷേത്രപ്രകാരങ്ങൾ മനുഷ്യദേ ഹത്തെ പ്രതിനിധാനം ചെയ്യുന്നു.

'ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീ യതേ' എന്ന ഗീതാവചനം സ്മരിക്കുക. ബാഹ്യപ്ര പഞ്ചത്തിന്റെയും അതീന്ദ്രീയ ശക്തികളായ ദേവത കളുടെയും മൂർത്തരൂപമാർന്ന താന്ത്രികയന്ത്രമാണ് ക്ഷേത്രം. ക്ഷേത്രത്തിലെ പഞ്ചപ്രാകാരങ്ങൾ സ്ഥൂ ലമായ ശരീരാവയവങ്ങളേയും പ്രതിഷ്ഠിക്കപ്പെട്ട വിഗ്രഹത്തിനടിയിലുള്ള പീഠം നപുംസകശിലയോ ഗനാളം , കൂർമ്മം, പത്മം, നിധികുംഭം, ആധാരശില എന്നീ ഘടകങ്ങൾ അനുക്രമം സഹസ്രാരം മുതൽ മൂലാധാരം വരം സ്ഥിതി ചെയ്യുന്ന സ്ഥൂലേതര ദേ ഹാവയവങ്ങളേയും പ്രതിനിധീകരിക്കുന്നു. ഒരു ക്ഷേ ത്രത്തിന്റെ ആകൃതി മനുഷ്യശരീരതുല്യമാണ് എന്ന് വാസ്തു ശാസ്ത്ര പണ്ഡിതനായിരുന്ന ശ്രീ. സി. എൽ. രാഘവൻ കർത്താങ്ങനെ സ്ഥാപിക്കുന്നു.

ശ്രീകോവിൽ താൻ തലമുഖം ബലിവട്ടമാണ്
ദേവന്റെ തൊണ്ട മുഴയായതു മണ്ഡപം താൻ
ചുറ്റമ്പലം കരമതാം, വലിയമ്പലം നൽ
കുക്ഷിപ്രദേശമതുതാൻ തുടബാഹ്യഹാര
ചുറ്റും പ്രദക്ഷിണ വഴിക്കു സമം ച മുട്ടും
പറ്റുന്ന ഗോപുരമതായതു പാദയുഗ്മം
ഇത്ഥം ശയിക്കുമൊരു സാധകദേഹമായി
കല്പിച്ചിതമ്പല ശരീരമൃഷീശ്വരന്മാർ

തല ശ്രീകോവിലിൽ വെച്ചു മലർന്നു കിടക്കുന്ന ഒരു ഭഗവദ് രൂപം ഭാവന ചെയ്യുമ്പോൾ അന്തർമ ണ്ഡപം മുഖവും നമസ്കാരമണ്ഡപം തൊണ്ട മുഴയുമത്രേ. വലിയമ്പലം വയറും പുറത്തെ ബലിവ ട്ടം തുടയും പ്രദക്ഷിണ വഴി കാൽമുട്ടും ഗോപുരം പാദങ്ങളുമാകുന്നു.

കേരളത്തിലെ മിക്ക ക്ഷേത്രങ്ങളും കാണു മ്പോൾ തന്നെ നാം അറിയാതെ ഭക്തി നമ്രരായി പോകാറുണ്ട്. ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനു മുള്ള ഉൽക്കടമായ ഒരാന്തരീക പ്രേരണ അപ്പോൾ സംജാതമാകുന്നു. ആ ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശം ആ പ്രദേശവും ക്ഷേത്രവും തമ്മിലുള്ള പൊരുത്തങ്ങൾ, ക്ഷേത്രത്തിന്റെ ശില്പഘടന തു ടങ്ങിയ ഭൗതിക ഘടകങ്ങൾ എല്ലാം ഇതിന് പ്രേര കമാകുന്നുണ്ട്.





## 2018 ഒക്ടോബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ശങ്കരൻ നായർ ആർ**
L/0845, ശശാങ്ക, 34/1483, ടെമ്പിൽ ലെയിൻ
കടവന്ത്ര, കൊച്ചി - 682020



**എം. ഗോപാലകൃഷ്ണൻ**
L/4428, മനയ്ക്കപ്പറമ്പിൽ
ആസാദ് റോഡ്, കലൂർ, കൊച്ചി - 682017



**വിമൽ മേനോൻ**
L/4864, സൗത്ത് കോവ്, 3 എ
ജനത റോഡ്, വൈറ്റില, കൊച്ചി - 682019



**സുകുമാരൻ കെ**
L/4259, കൈരളി
കലൂർ. പി. ഒ, കൊച്ചി - 682017



**രാധ എസ്. മേനോൻ**
L/0503, ചാക്യാട്ട് ഹൗസ്, മഹാകവി ജി റോഡ്
കാരിക്കാമുറി, കൊച്ചി - 682011

### ജൂലൈമാസം അന്തരിച്ച കരയോഗാംഗം



**സരോജിനി അമ്മ**
പോഴോത്ത് ഹൗസ്, കെ. കെ. റോഡ്
എളംകുളം, കൊച്ചി - 20

## 1-ാം ചരമവാർഷികം

**23.11.2018**



**കെ. ശേഖരമേനോൻ**
**വടക്കേ കാരിയിൽ ഹൗസ്**
**ലിസ്സി ഹോസ്പിറ്റൽ റോഡ്**
**കൊച്ചി - 682018**

## 1-ാം ചരമവാർഷികം

**25.11.2018**



**വിമല ദേവി**
**കൃഷ്ണപ്രസാദം, എഴുത്തുള്ളിൽ**
**ആലപ്പാട്ട് ക്രോസ് റോഡ്**
**രവിപുരം, കൊച്ചി - 682016**

# കൊച്ചിയെ പ്രകമ്പനം കൊള്ളിച്ച് അയ്യപ്പഭക്തരുടെ ബ്രഹ്മാണ്ഡ നാമജപയാത്ര

## പതിനായിരങ്ങൾ പങ്കെടുത്ത യാത്ര നഗരത്തെ ശരണമുഖരിതമാക്കി

ശബരിമലയിലെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും എതിരായ സുപ്രീം കോടതി വിധി ധൃതിപ്പിടിച്ച് നടപ്പാക്കുന്നതിന് എതിരെയും ശബരിമലയുടെ വിശുദ്ധി സംരക്ഷിക്കണമെന്നാവശ്യപ്പെട്ടും വിവിധ ഹൈന്ദവ സംഘടനകളുടെയും സമുദായ സംഘടനകളുടെയും നേതൃത്വത്തിൽ നഗരത്തിൽ നടത്തിയ ബ്രഹ്മാണ്ഡ നാമജപയാത്രയിൽ പതിനായിരങ്ങൾ അണി നിരന്നു. മൂന്നു മണിക്കൂറോളം നഗരത്തെ ഭക്തിസാന്ദ്രമാക്കിയ നാമജപയാത്ര എറണാകുളം ശിവക്ഷേത്രത്തിന്റെ പടിഞ്ഞാറേ നടയിൽ നിന്നാരംഭിച്ച് നഗരം ചുറ്റി കിഴക്കേ നടയിൽ സമാപിച്ചു. ശരണമന്ത്രങ്ങൾ ഉരുവിട്ട് ആയിരക്കണക്കിന് സ്ത്രീകളും നാമജപയാത്രയിൽ പങ്കെടുത്തു. എറണാകുളം കരയോഗത്തിന്റെയും എറണാകുളം ക്ഷേത്രക്ഷേമ സമിതിയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച നാമജപയാത്രയിൽ 27 സമുദായ സംഘടനകളും മുപ്പതോളം ഹൈന്ദവ സംഘടനകളും പങ്കെടുത്തു. കോൺഗ്രസ്, ബി. ജെ. പി നേതാക്കളും യാത്രയിൽ അണിചേർന്നു. പ്രായഭേദമെന്യേ ആയിരക്കണക്കിന് സ്ത്രീകളാണ് യാത്രയുടെ മുൻനിരയിൽ അണിനിരന്നത്. ആലങ്ങാട് സംഘത്തിന്റെ പ്രതിഷേധ പേട്ട തുള്ളലും ഭജനയും ശരണമന്ത്ര ധ്വനികളും അയ്യപ്പഭക്തരുടെ ശക്തമായ മുന്നറിയിപ്പായി മാറി.

രാവിലെ പതിനൊന്ന് മണിക്ക് ഗുരുവായൂർ തന്ത്രി ഡോ. ദിനേശൻ നമ്പൂതിരി തിരി തെളിച്ചതോടെയാണ് നാമജപയാത്രയ്ക്ക് തുടക്കമായത്. വിശ്വഹിന്ദുപരിഷത് സംസ്ഥാന അധ്യക്ഷൻ എസ്. ജെ. ആർ കുമാർ അയ്യപ്പ ചിത്രത്തിൽ മാല ചാർത്തി. തന്ത്രി പ്രമുഖരായ പുലിയന്നൂർ ശശി നമ്പൂതിരിപ്പാട്, ചേന്നാസ് ചെറിയ നാരായണൻ നമ്പൂതിരിപ്പാട് , ഏഴിക്കോട് ശശി നമ്പൂതിരിപ്പാട്, എടമന ദാമോദരൻ നമ്പൂതിരിപ്പാട്, പന്തളം രാജകുടുംബ പ്രതിനിധി ശശികുമാർ വർമ്മ, സുരേഷ്ഗോപി എം. പി, പ്രൊഫ. കെ. വി. തോമസ് എം. പി, യു.ഡി. എഫ് കൺവീനർ ബെന്നി ബെഹനാൻ, ഹൈബി ഈഡൻ എം എൽ എ, ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എ.എൻ രാധാകൃഷ്ണൻ, ഗായകൻ ബിജു നാരായണൻ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. ക്ഷേത്ര കാര്യങ്ങളിൽ അന്തിമ തീരുമാനം എടുക്കേണ്ടത് തന്ത്രി ആണെന്നും തന്ത്രി കുടുംബങ്ങളുമായി ആലോചിച്ചു മാത്രമേ ഇത്തരം കാര്യങ്ങളിൽ നിലപാടെടുക്കാൻ പാടുള്ളൂ എന്നും ചേന്നാസ് ദിനേശൻ നമ്പൂതിരി പറഞ്ഞു.

തുടർന്ന് മേനക, ഹൈക്കോടതി ജംഗ്ഷൻ ചുറ്റി ടി. ഡി. റോഡ് വഴി ശിവക്ഷേത്രത്തിന് കിഴക്കേ നടയിൽ യാത്ര സമാപിച്ചു. ദർബാർ ഹാൾ ഗ്രൗണ്ടിൽ ഒത്തു ചേർന്ന ഭക്തർ ശരണമന്ത്രങ്ങൾ മുഴക്കിയും ശബരിമല സംരക്ഷണ പ്രതിജ്ഞ ചൊല്ലിയുമാണ് പിരിഞ്ഞത്.

അൻപതിനായിരത്തിലേറെ അയ്യപ്പഭക്തർ നാമജപയാത്രയിൽ പങ്കെടുത്തുവെന്ന് എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ, ശിവക്ഷേത്ര ക്ഷേമസമിതി പ്രസിഡന്റ് പി. രാജേന്ദ്രപ്രസാദ്, സി.ജി. രാജഗോപാൽ എന്നിവർ പറഞ്ഞു. കൊച്ചിയിൽ നടന്ന ഈ നാമജപയാത്രയ്ക്ക് ഡോ. കെ. എസ്. രാധാകൃഷ്ണൻ, അഡ്വ. ഗോവിന്ദ്. കെ ഭരതൻ, എൻ.എസ്.എസ്. താലൂക്ക് യൂണിയൻ പ്രസിഡന്റ് എം. എം .ഗോവിന്ദൻകുട്ടി മാസ്റ്റർ, ബി. ജെ. പി ജില്ലാ പ്രസിഡന്റ് എൻ. കെ മോഹൻദാസ്, ജി. സി. ഡി. എ മുൻ ചെയർമാൻ എൻ. വേണുഗോപാൽ, പി. ആർ. ദേവൻ, ബി. ഗോപകുമാർ (ബി ഡി ജെ എസ്), പി. എസ്. രാമൻ (ബ്രാഹ്മണസഭ), പി. രംഗദാസ പ്രഭു (ആൾ കേരള ബ്രാഹ്മണ ഫെഡറേഷൻ വൈസ് പ്രസിഡന്റ്), കൃഷ്ണബാലൻ പാലിയത്ത് (പാലിയത്ത് ട്രസ്റ്റി), എൻ. അനിൽകുമാർ (മലയാള ബ്രാഹ്മണ സമാജം), ഹരികൃഷ്ണൻ പോറ്റി (ഉഡുപ്പി മാധ്വ ബ്രാഹ്മണസഭ), കെ. പി. ഹരിഹരകുമാർ, കെ.പി. കെ. മേനോൻ, അഡ്വ. സുബ്ബലക്ഷ്മി, ശ്രീകുമാരി രാമചന്ദ്രൻ, ദീപ്തി മേരി വർഗീസ്, ജി. പത്മനാഭൻ നായർ തുടങ്ങിയവർ നേതൃത്വം നൽകി.

### വിമൻസ് ഫോറം 2018 നവംബർ മാസത്തെ പരിപാടി

| തീയതി | പരിപാടി | സമയം |
|---|---|---|
| 28.11.2018 | Get Together | 4.00 p.m. |





ഭൂമിക്കൊരു സങ്കീർത്തനം 10

# ഭൂകമ്പവും സുനാമിയും

സി. രാമചന്ദ്രൻ

മുന്നറിയിപ്പില്ലാത്ത അത്യാഹിതം പോലെ പൊടുന്നനെ ഉണ്ടാകുന്ന, പ്രകൃതിയുടെ ഒരു പ്രതിഭാസമാണ് ഭൂകമ്പം. കടലിലെ ഭൂകമ്പത്തെ അനുഗമിക്കുന്ന മറ്റൊരു പ്രതിഭാസമാണ് സുനാമി. 2004 ഡിസംബറിൽ ഇന്തോനേഷ്യയിലെ സുമാത്രാദ്വീപിനു സമീപം സമുദ്രാന്തർഭാഗത്തുണ്ടായ ഭൂകമ്പവും തുടർന്നുണ്ടായ സുനാമിയും നമ്മുടെ അനുഭവത്തിലുള്ള ഒന്നാണ്. അന്നത്തെ ആന്തമാൻ - സുമാത്ര ഭൂകമ്പ സുനാമിയിൽ ഇന്തോനേഷ്യ, തായ്‌ലന്റ്, ശ്രീലങ്ക, ഇന്ത്യ, മാലി തുടങ്ങിയ രാജ്യങ്ങളിലാകെ മരിച്ചവർ രണ്ടു ലക്ഷത്തിൽ താഴെ വരും.

പ്രകൃതിയുടെ പ്രതിഭാസങ്ങൾ അതാതിന്റെ വഴിക്കു പോകുന്നവയാണ്. അതിൽ ചിലത് മനുഷ്യന് ദുരന്തമായും മറ്റു ചിലത് അനുഗ്രഹമായും തീരുന്നു എന്നു മാത്രം. ബൈബിളിൽ പറയുന്നതുപോലെ മനുഷ്യനു വേണ്ടി ആരും ഉണ്ടാക്കിയിട്ടുള്ളതല്ല പ്രപഞ്ചം. ഇന്നത്തെ കണക്കിൽ പ്രപഞ്ചമുണ്ടായിട്ട് 1500 കോടി വർഷം ആയി വരുന്നു. ഭൂമിയുണ്ടായിട്ടു തന്നെ 450 കോടി വർഷങ്ങളായി. മനുഷ്യനായി മാറിയ ഇരുകാലികളുണ്ടായിട്ട് ഇരുപത് ലക്ഷം വർഷങ്ങളേ ആകുന്നുള്ളൂ. പ്രകൃതിക്കനുസരിച്ചു ജീവിച്ചാൽ മനുഷ്യനു കൊള്ളാം.

രക്ഷപ്പെടുവാൻ സമയം നൽകാതെയാണ് ഭൂകമ്പങ്ങളുണ്ടാകുന്നത്. ആ സന്ദർഭത്തിൽ ഭൂമി കുലുങ്ങുകയും തറയിൽ വിള്ളലുണ്ടാകുകയും കെട്ടിടങ്ങൾ ഇടിയുകയും സിവിൽ നിർമ്മിതികൾക്കു തകരാറുണ്ടാകുകയും ചെയ്യും. ഭൂകമ്പത്തിന്റെ തീവ്രത, കേന്ദ്രത്തിൽ നിന്നുള്ള അകലം, അതിന്റെ വ്യാപ്തി എന്നിവയെ ആശ്രയിച്ചിരിക്കും നാശനഷ്ടങ്ങളുടെ കണക്ക്.

ഉരുൾപൊട്ടൽ, ശിലാപാതം, മൺപാതം മുതലായവയ്ക്ക് ഭൂകമ്പങ്ങൾ കാരണമാകാറുണ്ട്. 1970 ൽ പെറുവിൽ ഭൂകമ്പത്തെ തുടർന്നുണ്ടായ ശിലാപാതത്തിൽ ഇരുപതിനായിരത്തിൽ താഴെ ജനങ്ങൾ മരിക്കുകയുണ്ടായി. കേരളത്തിലെ പശ്ചിമഘട്ടത്തിൽ പതിവായിട്ടുണ്ടാകുന്ന ശിലാപാതങ്ങളും മൺപാതങ്ങളും പക്ഷെ ഭൂകമ്പംകൊണ്ടുണ്ടാകുന്നതല്ല.

ചില ഭൂകമ്പങ്ങളുണ്ടാകുമ്പോൾ ഭൂതലഭൗതിക ദ്രവീകരണം എന്ന ഒരു പ്രക്രിയയ്ക്ക് അതു കാരണമാകുന്നു. അതായത് ഭൂമിയുടെ ഉപരിതലത്തിലെ ചില അടരുകൾ ദ്രാവകം പോലെ ഒഴുകുന്ന പരുവത്തിലാകുന്നു. ഭൂകമ്പ തരംഗങ്ങൾ കടന്നു പോകുമ്പോൾ മണ്ണിന്റെ തരിഘടന വികൃതമാകുകയും തകർന്നു ദ്രവാവസ്ഥയിലാകുകയും ചെയ്യുന്നു. മൺപാളി 150 മീറ്റർ വരെ ഒഴുകി പരക്കുവാനിടയാക്കിയേക്കാം. 1964 ൽ അലാസ്കായിലുണ്ടായ ഇത്തരമൊരു ഭൂകമ്പത്തിൽ നൂറ്റമ്പതോളം പാലങ്ങൾ തകർന്നു പോയി. 1906 ൽ സാൻഫ്രാൻസിസ്കോയിൽ ഇത്തരമൊരു സംഭവത്തിൽ പൈപ്പ് ലൈനുകൾ പൊട്ടിത്തകരുകയും ജലവിതരണം സ്തംഭിക്കുകയും ഭൂചലനത്തോടനുബന്ധിച്ചുണ്ടായ അഗ്നിബാധ നിയന്ത്രിക്കാനാകാതെ വരികയുമുണ്ടായിട്ടുണ്ട്. 1920 ൽ ചൈനയിലെ കാൻഡുവിലുണ്ടായ ഇത്തരമൊരു ഭൂകമ്പത്തിൽ രണ്ടു ലക്ഷം പേർ മരിച്ചു. 1964 ൽ ജപ്പാനിലെ നിഗതാ പ്രദേശത്തുണ്ടായ ഭൂകമ്പത്തിൽ നിരവധി കെട്ടിടങ്ങൾ 60 ഡിഗ്രി വരെ ചരിഞ്ഞു പോയി. അവയെ ജാക്കി വച്ചുയർത്തി പുനസ്ഥാപിച്ചു എന്നത് അന്ന് എഞ്ചിനിയറിംഗിന്റെ വിസ്മയമായിരന്നു. (ഇന്നിപ്പോൾ നമ്മുടെ നാട്ടിലും താഴ്ന്ന തലത്തിലുള്ള പഴയ കെട്ടിടങ്ങൾ അത്തരത്തിൽ ഉയർത്തി പ്രതിഷ്ഠിക്കുന്നുണ്ടല്ലോ.

സമുദ്രാന്തർഭാഗത്തുണ്ടാകുന്ന ഭൂകമ്പം മൂലം കടലിന്റെ അഗാധതലത്തിൽ ഉണ്ടാകുന്ന ദ്രുതചലനവും ആഘാതതരംഗവുമാണ് സുനാമിയുണ്ടാക്കുന്നത്. സുനാമികൾക്കു പേരുകേട്ട ഭൂപ്രദേശമാണ് ഹവായ് ദ്വീപുകൾ. 90% സുനാമികളും അവിടെയാണ്. 1975 ൽ അവിടെയുണ്ടായ സുനാമിയുടെ ഫലമായി തിരമാലകൾ അറുപതടി വരെ ഉയർന്നു പൊങ്ങി. ജപ്പാൻ, ഇന്തോനേഷ്യ, അമേരിക്ക മുതലായ രാജ്യങ്ങളുടെ തീരപ്രദേശങ്ങൾ അടിക്കടി സുനാമിക്കു വിധേയമാകാറുണ്ട്. ഭൂചലനങ്ങളുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളെ സീസ്മിക് മേഖല എന്നു പറയുന്നു. സർക്കം - പസഫിക്, ആൽപൈൻ- ഹിമാലയ, അറ്റ്ലാന്റിക് - ഇന്ത്യ മുതലായവയാണ് ഇതിൽ പ്രധാനം.

ഇന്ത്യയിൽ വലിയ ഭൂകമ്പങ്ങൾ ഉണ്ടായിട്ടുള്ളത് ബറൂച്, കൊയ്ന, ലാത്തൂർ, മിഡ്നാപൂർ ഭദ്രാചല, ഓങ്കോൾ തുടങ്ങിയിടങ്ങളിലാണ്.

ലോകമാകെ ഭൂകമ്പത്തെ സംബന്ധിച്ച വലിയ ഗവേഷണങ്ങൾ നടക്കുന്ന ഒരു കാലഘട്ടമാണിത്. എന്നാൽ ഭൂകമ്പങ്ങളെ പ്രവചിക്കുവാൻ ഇന്നുമായിട്ടില്ല. എവിടെയെല്ലാമാണ് ഇതുണ്ടാകുക എന്നതിന് സീസ്മിക് മേഖലാ വിഭജനവും അവലോകനവും ഏതാണ്ട് പര്യാപ്തമാണ്. ഭൂകമ്പം എങ്ങിനെ ഉണ്ടാകുന്നു എന്ന ചോദ്യത്തിനും തൃപ്തികരമായ ഉത്തരങ്ങളുണ്ട്. എന്നാൽ എപ്പോൾ ഉണ്ടാകുമെന്ന പ്രവചനം നടത്തുവാൻ തക്കവണ്ണം ഇന്നത്തെ ശാസ്ത്രം എത്തിയിട്ടില്ല. 1975 ൽ ചൈനയിലെ ഹാങ്ങ്ചെങ്ങിൽ ഉണ്ടായ ഭൂകമ്പം കൃത്യമായി പ്രവചിക്കപ്പെട്ടു. അതു പക്ഷെ പൊട്ടക്കണ്ണന്റെ മാവേലേറുപോലുള്ള യാദൃശ്ചികതയായിരുന്നിരിക്കണം. ഭൂമിക്കടിയിൽ കിലോമീറ്ററുകൾക്കു താഴെ നടക്കുന്ന ഒരു സങ്കീർണ്ണ പ്രക്രിയയുടെ അവസാനഘട്ടത്തിലുണ്ടാകുന്ന സംഭവമാണ് വിസ്ഫോടനം. അത് ടൈംബോംബുപോലെ കൃത്യമല്ല. എന്നാൽ പഠനം തുടരുകയാണ്. അത് വിജയത്തിലേക്കെത്തി ചേരും.

ഭൂകമ്പം മൂലം ലോകത്തിൽ ജീവഹാനി സംഭവിച്ചവർ ദശലക്ഷങ്ങളാണ്. നാശനഷ്ടങ്ങളുടെ കണക്ക് വേറെയും. ചരിത്രത്തിൽ രേഖപ്പെടുത്തിയ ഒരു വലിയ ഭൂകമ്പം 1554 ൽ ചൈനയിലെ ഷാൻസ്കി പ്രദേശത്തുണ്ടായതാണ്. അന്ന് ആറു ലക്ഷം പേർ മരിച്ചു. 1201 ജൂലൈ മാസം 5 ന് ഈജിപ്റ്റ്– സിറിയ പ്രദേശത്തുണ്ടായ ഭൂകമ്പമാണ് രേഖപ്പെടുത്തിയ ചരിത്രത്തിലെ ഏറ്റവും വലുത്. പതിനൊന്നു ലക്ഷം പേരാണതിൽ മരിച്ചത്. നമ്മുടെ കൺമുന്നിൽ 2004 ഡിസംബർ 26 നുണ്ടായ ആന്തമാൻ– സുമാത്ര ഭൂകമ്പ– സുനാമിയിൽ ഇന്തോണേഷ്യ, തായ്‌ലന്റ്, ശ്രീലങ്ക, ഇന്ത്യ, മാലിദ്വീപ് തുടങ്ങിയ രാജ്യങ്ങളിലാകെ മരിച്ചവർ രണ്ടു ലക്ഷത്തിൽ താഴെ വരും. ഇന്ത്യയിലുണ്ടായ ഏറ്റവും വലിയ ഭൂകമ്പങ്ങളിലൊന്ന് 1737 ഒക്ടോബർ 11 ന് കല്ക്കത്തയിലുണ്ടായതാണ്. അന്ന് മരിച്ചത് 3 ലക്ഷം പേരാണ്.

നാം കഴിഞ്ഞ അധ്യായത്തിൽ മനസ്സിലാക്കുകയുണ്ടായ പ്ലേറ്റ് ടെക്ട്രോണിക്സിന്റെ സിദ്ധാന്തത്തെ ആസ്പദമാക്കിയാണ് ഇന്ന് ഭൂകമ്പങ്ങളെ വിശദീകരിക്കുന്നത്. ഭൂവല്ക പാളികളുടെ സമ്പർക്ക സീമയിൽ വൻതോതിലുണ്ടാകുന്ന ഉരസലുകളും സംഘാതങ്ങളുമാണ് ഭൂകമ്പങ്ങൾക്കു കാരണം. അഗ്നിപർവ്വത പ്രതിഭാസങ്ങളുമായി ബന്ധപ്പെട്ടും ഭൂകമ്പങ്ങളുണ്ടാകാറുണ്ട്. മനുഷ്യനിർമ്മിതമായ അണക്കെട്ടുകളും ഖനികളും ഭൂകമ്പങ്ങൾക്കു നിമിത്തമാകാറുണ്ട്. വടക്കേ അമേരിക്കയിലെ മീഡ്, ഇന്ത്യയിലെ കൊയ്നാ, ഈജിപ്റ്റിലെ അസ്വാൻ എന്നിവിടങ്ങളിൽ ഇത്തരംഭൂകമ്പങ്ങളുണ്ടായിട്ടുണ്ട്. മനുഷ്യനിർമ്മിതമായ മറ്റൊന്ന് ഭൂമിക്കടിയിലെ ആണവ പരീക്ഷണങ്ങളാണ്.

ഭൂകമ്പങ്ങളെ സംബന്ധിച്ച പഠനങ്ങൾ തുടരുകയാണ്. അതിന്റെ ഫലമായി ഭൂകമ്പസാധ്യതയുള്ള പ്രദേശങ്ങളെ തിട്ടപ്പെടുത്തുവാനും ദുരിതാശ്വാസപ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുവാനും ധാരണകളുണ്ട്. കാലാവസ്ഥാപ്രവചനം കൃത്യതയാർന്ന് വരുന്നതുപോലെ തന്നെ ഭൂകമ്പവും പ്രവചിക്കാൻ കഴിയുന്ന കാലം വരും. വിവിധ ശാസ്ത്രശാഖകളെ സംയോജിപ്പിച്ചും ഉപകരണങ്ങൾ പുതിയതു പലതും ഇണക്കിയും വസ്തുനിഷ്ഠമായ പഠനങ്ങൾ തുടരുകയാണ്. ഭൂകമ്പം വിതക്കുന്ന മഹാദുരന്തങ്ങളിൽ നിന്നും പൂർണ്ണമായി മോചിതമാകാനായില്ലെങ്കിലും അതിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുവാൻ ശാസ്ത്രത്തിനാകും.

## അറിയിപ്പ് / കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***





# ധാർമ്മിക മൂല്യങ്ങൾക്ക് ശാസ്ത്രീയ അടിസ്ഥാനമുണ്ട്

**വി.കെ. വേണുഗോപാൽ**

എല്ലാ മതഗ്രന്ഥങ്ങളും മനുഷ്യരോട് ധാർമ്മിക മൂല്യങ്ങൾ പാലിച്ചു ജീവിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. മനുഷ്യശരീരം ഒരു ഭൗതിക വസ്തുവാണ്. ഈ മനുഷ്യശരീരത്തെ പ്രവർത്തിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും അദൃശ്യമായ പലതരം ഊർജ്ജം (Energy) ആണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. Fellow of Andhra Research University of India ആയ Dr. Joseph Murphy DRS, DD, Ph.D, LLD യെപ്പോലെ മനുഷ്യമനസ്സിനെപ്പറ്റി പഠനം നടത്തുന്ന പല ജ്ഞാനികളും മനുഷ്യ മനസ്സിനെപ്പറ്റി പല നിഗമനങ്ങളിലും എത്തിയിട്ടുണ്ട്. ദൈവങ്ങളുടെയും ദിവ്യപുരുഷന്മാരുടെയും ചിത്രങ്ങളിൽ ശിരസ്സിനു ചുറ്റും തിളങ്ങുന്ന ഒരു പ്രഭാവലയം കാണാറുണ്ട്. ഈ രീതിയിലുള്ള ഒരു പ്രഭാവലയം മനുഷ്യനുൾപ്പടെയുള്ള സകല ജീവികളിലും ഉണ്ടെന്നാണ് ശാസ്ത്രം കണ്ടെത്തിയിട്ടുള്ളത്. ശാസ്ത്രജ്ഞന്മാരും ഭിഷഗ്വരന്മാരും മാത്രമല്ല ഇന്ദ്രീയദർശനശക്തിയുള്ളവരും ഈ ഊർജ്ജ്യക്ഷേത്രത്തെപ്പറ്റി പഠനം നടത്തുന്നുണ്ട്. അതിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത് ഈ പ്രപഞ്ചം പ്രപഞ്ചത്തിന്റെ നിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നുവെന്നതാണ്. ഓറാ (Aura)എന്നു വിളിക്കപ്പെടുന്ന മനുഷ്യനു ചുറ്റുമുള്ള പ്രഭാവലയം ഒരു Electromagnetic Field ആണെന്നും ഇതിന് നാം ആഗ്രഹിക്കുന്നവയെ നമ്മളിലേക്ക് ആകർഷിക്കാൻ കഴിവുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്.

അദൃശ്യമായ ഈ പ്രകാശവലയം ഒരാളുടെ ആരോഗ്യം, പ്രായം, ലിംഗഭേദം, മാനസ്സികാവസ്ഥ എന്നിവ അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും കണ്ടെത്തിയിട്ടുണ്ട്. യോഗയിലൂടെയും, ധ്യാനത്തിലൂടെയും, പ്രാർത്ഥനയിലൂടെയും ഈ പ്രപഞ്ചത്തിലുള്ള പോസിറ്റീവ് എനർജി നമ്മുടെ മനസ്സിലേക്ക് ആവാഹിച്ച് മനസ്സിലൂടെ ശരീരത്തിലെ ഓരോ സെല്ലിലേക്കും പ്രവേശിപ്പിച്ച് മനസ്സാ, വാചാ, കർമ്മണാ സൽപ്രവർത്തികൾ ചെയ്യുമ്പോൾ നമുക്ക് ആരോഗ്യവും, സുഖവും, സന്തോഷവും സമൃദ്ധിയും ഉണ്ടാകുന്നു. ഈ രീതിയിലുള്ളവരുടെ ശരീരത്തിനു ചുറ്റുമുള്ള ഈ പ്രഭാവലയം വളരെ ശക്തവും വ്യക്തവും ആയിരിക്കുമെന്നാണ്. ശാസ്ത്രം കണ്ടെത്തിയിട്ടുള്ളത്. ചിലരിൽ ഈ ഓറാ നാലടിച്ചുറ്റളവിലും കൂടുതലുണ്ടാകും. ഒരാൾ പോകുന്നിടത്തെല്ലാം ഈ ഓറയും ഉണ്ടാകും. നല്ല വർണ്ണത്തിലുള്ള വസ്ത്രവും ഒരാളുടെ ഓറയെ ശക്തിപ്പെടുത്തും. അതേ സമയം കാറ്റും വെളിച്ചവും കുറഞ്ഞഇരുണ്ട സ്ഥലങ്ങളിലിരുന്നാലും, ഇരുണ്ട വസ്ത്രം ധരിച്ചാലും ഓറയുടെ ശക്തി കുറയും. ശുദ്ധവായുവും സൂര്യപ്രകാശവും ഓറയുടെ ശക്തി വർദ്ധിപ്പിക്കും. ഈശ്വരൻ നമ്മളിൽ ഉണ്ടെന്നും ഈശ്വരൻ നമ്മോട് കൂടെയുണ്ടെന്നും പറയാനുള്ള കാരണം ഇതുതന്നെയാകാനാണ് സാധ്യത. നല്ല ജീവിതത്തിനായി നമ്മുടെ പല ചിന്താഗതികളെയും സമയത്തിനും സാഹചര്യത്തിനും അനുസരിച്ച് നാം മാറ്റിക്കൊണ്ടിരിക്കണം എന്നതാണ് പ്രധാനം. ഉള്ളിൽ പോസിറ്റീവ് എനർജി കൂടുതൽ ഉള്ളവർ ഉയരങ്ങളിലേക്ക് പോകുമ്പോൾ ഉള്ളിൽ നെഗറ്റീവ് എനർജി ഉള്ളവർ അധ:പ്പതനത്തിലേക്ക് പോകുന്നു.

ധാർമ്മിക മൂല്യം പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും നിയമങ്ങൾ തന്നെയാണ്. നിർഭാഗ്യവശാൽ പ്രകൃതിയുടെ പല നിയമങ്ങളെയും ലംഘിച്ചുകൊണ്ട് സമാധാനപരമായ വിപ്ലവത്തിലൂടെ സാമ്പത്തികവും സാമൂഹ്യവുമായ പല അസമത്വങ്ങളെയും ഇല്ലാതാക്കി സമത്വം നേടിയെടുക്കേണ്ടി വന്നവരാണ് നമ്മൾ. അങ്ങനെ നഷ്ടപ്പെട്ടുപോയ പല മൂല്യങ്ങളെയും പുനസ്ഥാപിക്കേണ്ട സമയമാണിത്. The law of attraction പറയുന്നത് ''Like attracts like" എന്നാണ്. അതായത് നമ്മുടെ ഉള്ളിലുള്ളവ പുറമെ ഉള്ളവയെ ആകർഷിക്കും. നമ്മുടെ ഉള്ളിൽ നെഗറ്റീവ് ആയിട്ടുള്ള ചിന്തകളും വികാരങ്ങളും ആണ് ഉള്ളതെങ്കിൽ നെഗറ്റീവ് ആയിട്ടുള്ള സാഹചര്യങ്ങളും വ്യക്തികളും നമ്മളിലേക്കു വരും. നാം രോഗങ്ങളിലേക്കും അധ:പ്പതനത്തിലേക്കും പോവുകയും ചെയ്യും. സുഖം സുഖത്തെ ആകർഷിക്കും, സ്നേഹം സ്നേഹത്തെ ആകർഷിക്കും, പണം പണത്തെ ആകർഷിക്കും, ധനവാൻ ധനവാനെ ആകർഷിക്കും, ദു:ഖം ദു:ഖത്തെ ആകർഷിക്കും , മറ്റൊരു നിയമം " To every action there is an equal and opposite reaction" എന്നാണ്. ആക്ഷനുകളും അതിന്റെ റിയാക്ഷനുകളുമാണ് നാം എന്നും പത്രങ്ങളിൽ വായിക്കുന്ന വാർത്തകൾ. അതുകൊണ്ട് നെഗറ്റീവ് ആയിട്ടുള്ള വാർത്തകൾ വായിച്ച് നമ്മുടെ ഉള്ളിലേക്ക് നെഗറ്റീവ് എനർജി കടത്തി വിടാതെ നോക്കേണ്ടതുണ്ട്. നാം മറ്റുള്ളവർക്ക് കൊടുക്കുന്നതാണ് നമ്മളിലേക്ക് തിരിച്ചു വരുന്നത്. നാം ഒരാളോടു

കോപിച്ചാൽ അയാൾ അല്ലെങ്കിൽ മറ്റൊരാൾ നമ്മോടു കോപിക്കും. നാം ഒരാളോട് സ്നേഹം പ്രകടിപ്പിച്ചാലും അയാൾ അല്ലെങ്കിൽ മറ്റൊരാൾ നമ്മളോട് സ്നേഹം പ്രകടിപ്പിക്കും. നാം ഒരാൾക്കു ദു:ഖം കൊടുത്താൽ ദു:ഖം തന്നെ നമ്മളിലേക്ക് തിരിച്ചു വരും. നമ്മുടെ പുരാണങ്ങളിലെ കഥകളെല്ലാം വ്യക്തമാക്കുന്നത് ഈ വസ്തുതകളാണ്.

നാം ഓരോ ദിവസവും രാവിലെ മുക്കാൽ മണിക്കൂറോളം ട്രാഫിക് കുറവുള്ള സ്ഥലത്തു കൂടെ നടന്നാൽ നമ്മുടെ മനസ്സിലുള്ള വ്യർത്ഥമായതും നെഗറ്റീവ് ആയിട്ടുള്ളതുമായ എല്ലാ ചിന്തകളും ഇമോഷൻസും പോയി മനസ്സും ശരീരവും ഫ്രഷ് ആകും. വേഗത്തിലാണ് നടക്കുന്നതെങ്കിൽ ഹൃദ്രോഗത്തിനുള്ള സാധ്യതയും ഇല്ലാതാകും. ശ്വസനം കൂടുന്നതുകൊണ്ടും വ്യായാമം കിട്ടുന്നതുകൊണ്ടും ആ ദിവസം മുഴുവൻ സന്തോഷമുള്ള കാര്യങ്ങൾ നമ്മളിലേക്കു വരികയും ചെയ്യും. അതിനും പുറമെ 'ഞാൻ സന്തോഷവാനാണ്' അല്ലെങ്കിൽ ആരോഗ്യവാനാണ് എന്ന് എല്ലാ ദിവസവും ഉറങ്ങുന്നതിനു മുമ്പും രാവിലെ ഉണരുന്ന സമയത്തും പല പ്രാവശ്യം ആവർത്തിച്ച് പറയുകയാണെങ്കിൽ നാം സന്തോഷവാനും ആരോഗ്യവാനും ആയിത്തീരും. കാരണം നമ്മുടെ ചിന്തകൾക്കും വാക്കുകൾക്കും ആരോഗ്യത്തെയോ രോഗത്തെയോ ആകർഷിക്കാനുള്ള കഴിവുണ്ട്. നമ്മുടെ ഉപബോധമനസ്സ് ഈ ആശയം നമ്മളിൽ നടപ്പിലാക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. നമ്മുടെ ഓരോ പ്രശ്നങ്ങളെയും നാം പോസിറ്റീവ് ആയി കൈകാര്യം ചെയ്യുമ്പോൾ പോസിറ്റീവ് റിസൽട്ട് വന്നുകൊണ്ടിരിക്കും. പ്രശ്നങ്ങളെ ഉയരങ്ങളിലേക്കുള്ള ചവിട്ടുപടികളായിട്ടാണ് നാം എടുക്കേണ്ടത്. പ്രശ്നങ്ങളില്ലെങ്കിൽ നാം ആരുമല്ലാതാകും. പ്രശ്നങ്ങൾ ഇല്ലാത്തവർ ആരും ആകാറില്ല. പ്രശ്നങ്ങളെ അതിജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതത്തിൽ ത്രിൽ ഉണ്ടാകുന്നത്.

പലതരം ഊർജ്ജം നമ്മളിലൂടെ ഒഴുകുന്നവയായതിനാൽ ഈ ഊർജ്ജത്തെ അറിഞ്ഞോ അറിയാതെയോ നാം തടസ്സപ്പെടുത്തുകയോ ത്വരിതപ്പെടുത്തുകയോ ചെയ്യുന്നുണ്ട്. ഉദാഹരണത്തിന് ഒരാൾക്ക് പണമില്ലാതാകാൻ കാരണം അയാൾ അയാളുടെ ചിന്തകളും വാക്കുകളും ഉപയോഗിച്ച് പണത്തിന്റെ ഒഴുക്കിനെ തടയുന്നതുകൊണ്ടാണ് എന്നാണ്. ഒരാൾ ഇല്ല ഇല്ല എന്നു ചിന്തിക്കും തോറും അതുപോലെ തന്നെ പറയും തോറും അയാൾ ഇല്ലാത്തയാളായിത്തീരും. ധനത്തെപ്പറ്റി വികാരപ്പെട്ടു ചിന്തിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ധനത്തെ സ്നേഹിക്കുകയും, ധനത്തെ ബഹുമാനിക്കുകയും, ധനികനെപ്പോലെ ചിന്തിക്കുകയും, ആർഭാടം ഒഴിവാക്കി ധനികനെപ്പോലെ പെരുമാറുകയും, ആത്മീയത നിലനിർത്തുകയും, ധനത്തെയും ധനികനെയും വിമർശിക്കാതിരിക്കുകയും, തന്റെ ധനത്തിന്റെ ഒരു ഓഹരി മറ്റുള്ളവർക്കു കൊടുക്കുകയും, പണം തരുന്നയാളിനോട് നന്ദി പറയുകയും, പണം കൊടുക്കുമ്പോൾ ഒരുപാട് ഇരട്ടിയായി തിരികെ വരണമെന്ന് അനുഗ്രഹിച്ചുകൊണ്ട് പണം കൊടുക്കുകയും ചെയ്യുമ്പോൾ ഒരാൾ ധനികനായിത്തീരുന്നു എന്നാണ് കണ്ടെത്തിയിട്ടുള്ളത്. മനുഷ്യരോടുള്ള സ്നേഹത്തേക്കാൾ സ്നേഹം പണത്തിനോടായാലും ജീവിതം കഷ്ടത്തിലാകും. ഗുരുത്വാകർഷണം മനുഷ്യനും മറ്റെല്ലാ വസ്തുക്കൾക്കും ബാധകമായ മറ്റൊരു ഊർജ്ജമാണ്. ഈ പ്രപഞ്ചത്തിലെ ഏറ്റവും ശക്തമായ എനർജി സ്നേഹമാണ്. സ്നേഹത്തെ നല്ല രീതിയിൽ ഉപയോഗപ്പെടുത്തിയാൽ നമുക്ക് എന്തും നേടാം. മനുഷ്യന്റെ ഉയർച്ചയ്ക്കു തടസ്സമായി നിൽക്കുന്നത് ഈ വസ്തുത അറിയാത്തതാണ്. മനുഷ്യനെ സ്നേഹിക്കുന്നതിൽ കൂടുതൽ ഭൗതിക വസ്തുക്കളെ സ്നേഹിക്കുമ്പോൾ ജീവിതത്തിന്റെ ബാലൻസ് തന്നെ തെറ്റിപ്പോകുന്നു. നെഗറ്റീവിനെ ഒഴിവാക്കി നല്ലതിനെപ്പറ്റി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ നമ്മളിലേക്ക് നല്ലത് വന്നുകൊണ്ടേ ഇരിക്കും. വെളിച്ചം വരുമ്പോൾ ഇരുട്ടു പോകും. അതുപോലെ തന്നെ പോസിറ്റീവിനെ സ്വീകരിക്കുമ്പോൾ നെഗറ്റീവ് തന്നെ പോയിക്കോളും. അതിനുവേണ്ടി പരിശ്രമിക്കേണ്ടതില്ല. സ്നേഹം വർദ്ധിക്കുന്നതിനനുസരിച്ച് നമ്മുടെ സന്തോഷവും വർദ്ധിക്കും. നാം നമ്മളെയും മറ്റുള്ളവരെയും സ്നേഹിക്കണം. നാം നമ്മളെ സ്നേഹിക്കാതെ മറ്റൊരാളെ സ്നേഹിക്കുന്നതിൽ അർത്ഥമില്ല. അതുപോലെ തന്നെ Self Respect ഉം ആവശ്യമാണ്. Take Care of You എന്ന ആശയവും നാം നമ്മളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കണം. കാരണം മാധ്യമങ്ങൾ കാരണം അവനവനെപ്പറ്റിയുള്ള ചിന്ത കുറഞ്ഞു കൊണ്ടിരിക്കുന്ന ഒരു കാലമാണിത്. ഭാവിയെപ്പറ്റി അമിതമായി ചിന്തിച്ച് വർത്തമാനകാലം നഷ്ടപ്പെട്ടു പോകാതെയും നോക്കേണ്ടതുണ്ട്. നമ്മുടെ ശ്രദ്ധ നമ്മളിലേക്കു കൊണ്ടുവന്നാൽ നമുക്കെല്ലാം നേടിയെടുക്കാൻ കഴിയും. ഈശ്വരൻ നമ്മുടെ ഉപബോധ മനസ്സിലുണ്ട്. നമ്മൾ ധ്യാനിക്കുന്ന സമയത്ത് ഈശ്വരനിൽ നിന്നുള്ള മെസ്സേജ് നമ്മളിലേക്ക് വരുന്നു. ഈ രീതിയിൽ നമ്മുടെ ആറാം ഇന്ദ്രിയം വികസിപ്പിച്ചെടുക്കാം. എല്ലാ ദിവസവും കുറച്ചു സമയം ധ്യാനത്തിനായി ഉപയോഗിക്കണമെന്നു മാത്രം. മൂല്യങ്ങൾ നഷ്ടപ്പെട്ടതിന്റെ ഫലമായി നമ്മളിൽ ചിരി ഇല്ലാതായിക്കൊണ്ടിരിക്കയാണ്. ആരോഗ്യത്തിന് ചിരി അത്യാവശ്യമാണ്. ചിരി വൃദ്ധനെ ചെറുപ്പക്കാരനാക്കുന്നു. ചിരിച്ചുകൊണ്ട് സംസാരിക്കാൻ വളരെ എളുപ്പമാണ്. നാം എവിടെയായിരുന്നാലും ഓരോ നിമിഷവും ആസ്വദിച്ചുകൊണ്ട് സന്തോഷിക്കുന്നവരായിരിക്കണം. സന്തോഷം അതായിരിക്കണം നമ്മുടെ ലക്ഷ്യം.





# വൈറ്റമിൻ ബി12

ഡോ. ദേവിദാസ് വെള്ളോടി ഫോൺ : 9747480903

**VITAMIN B 12 ( COBALAMIN )**

നമ്മുടെ ശരീരത്തിന്റെ വളർച്ചയ്ക്കും ആരോഗ്യത്തിനും വിറ്റാമിനുകൾ വലിയ പങ്കു വഹിക്കുന്നുണ്ട്. അത്യാവശ്യമായ 13 തരം വിറ്റാമിനുകളിൽ ഇന്ന് ചർച്ച ചെയ്യുന്നത് വിറ്റാമിൻ ബി12 നെക്കുറിച്ചാണ്. സാധാരണ ഗതിയിൽ നാം കഴിക്കുന്ന സമീകൃതാഹാരത്തിൽ നിന്ന് നമുക്ക് വേണ്ട വിറ്റാമിനുകൾ ലഭിക്കും. അതിന്റെ പോരായ്മയോ വിറ്റാമിനുകളെ ആഗീരണം ചെയ്യാനുള്ള കഴിവ് ശരീരത്തിന് നഷ്ടപ്പെടുകയോ ചെയ്യുമ്പോഴാണ് വിറ്റാമിനുകളുടെ അപര്യാപ്തത (Vitamin Deficiency) എന്ന് പറയുന്നത്.

വിറ്റാമിൻ ബി12 വളരെ പ്രാധാന്യമർഹിക്കുന്ന വിറ്റാമിനാണ്. തലച്ചോറിന്റെ സുഗമമായ പ്രവർത്തനത്തിനും ചുവന്ന രക്താണുക്കളുടെ (Red Blood Cell) ഉത്പാദനത്തിനും ഇത് അത്യന്താപേക്ഷിതമാണ്. നാഡീവ്യൂഹത്തിന്റെ പ്രവർത്തനത്തിന് വിറ്റാമിൻ ബി12 അത്യാവശ്യമാണ്. വാതസംബന്ധമായ അസുഖങ്ങളും രക്തക്കുറവും വൈറ്റമിൻ ബി12 ന്റെ കുറവിനാൽ സംഭവിക്കുന്നു.

## വിറ്റാമിൻ ബി12 ന്റെ പ്രധാന ഗുണങ്ങളെന്തൊക്കെയാണെന്ന് നോക്കാം.

1. നാഡീവ്യൂഹത്തിന്റെ ശരിയായ പ്രവർത്തനത്തിനെ സഹായിക്കുന്നു.

2. ചുവന്ന രക്താണുക്കളുടെ ഉത്പാദനത്തിന് ഇത് കൂടിയേ തീരൂ. അല്ലെങ്കിൽ വിളർച്ചയുണ്ടാകും. ബി12 ന്റെ കുറവുണ്ടെങ്കിൽ ചുവന്ന രക്താണുക്കളുടെ വലുപ്പത്തിലും ആകൃതിയിലും വ്യത്യാസം വരും. ഹീമോഗ്ലോബിന്റെ അളവ് കുറയുവാനും വിളർച്ച (Anemia) ആയി തീരുകയും ചെയ്യുന്നു.

3. ശരിയായ ഗർഭധാരണത്തിനും ആരോഗ്യമുള്ള കുഞ്ഞുണ്ടാകുവാനും വ്യക്തമായ സ്വാധീനം ചെലുത്തുന്നു. ഗർഭിണികളിൽ വിറ്റാമിൻ ബി12 ന്റെ കുറവുണ്ടായാൽ ഗർഭസ്ഥ ശിശുവിന്റെ വളർച്ചയെ ബാധിക്കും. ചിലപ്പോൾ ഗർഭഛിദ്രത്തിനും കാരണമായി തീരും.

4. വിറ്റാമിൻ ബി12 ശരീരത്തിലെ എല്ലുകളുടെ വളർച്ചയേയും ശക്തിയേയും (Mineral Density) നേരിട്ട് ബാധിക്കുന്നു. Bone Density കുറവായാൽ എപ്പോഴും ക്ഷീണം അനുഭവപ്പെടും. എല്ലുകളുടെ ദ്രവീകരണത്തിന് (Osteo Porosis) കാരണമാകുന്നു

5. കണ്ണിന്റെ കാഴ്ചശക്തിയെ സാരമായി ബാധിക്കുന്ന 'മാക്കുലർ ഡീ ജനറേഷൻ' എന്ന രോഗത്തെ തടയുന്നതിന് ബി12 ന് കഴിയും.

6. നമ്മുടെ മാനസിക പിരിമുറുക്കത്തെ കുറയ്ക്കുന്നതിനും വിഷാദരോഗത്തെ അകറ്റി നിർത്തുന്നതിനും ബി12 അത്യന്താപേക്ഷിതമാണ്. നമ്മുടെ മനസ്സിന്റെ മൂഡ് (Mood) നിയന്ത്രിക്കുന്നതും നിലനിർത്തുന്നതുമായ സെറോട്ടീൻ ഉത്പാദനത്തിന് ബി12 സഹായിക്കുന്നു.

7. ബി12, തലച്ചോറിന്റെ ഓർമ്മശക്തി പ്രത്യേകിച്ച് പ്രായമായവരിലെ ഓർമ്മശക്തി നിലനിർത്തുന്നതിന് സഹായിക്കുന്നു. ബി12 കുറഞ്ഞാൽ ഓർമ്മക്കുറവ് വരും.

8. ശരീരത്തിന് ഊർജ്ജവും ഉന്മേഷവും നൽകുന്നു. പ്രവർത്തി ചെയ്യുവാനുള്ള ചുറുചുറുക്കു തരുന്നു.

9. വേണ്ട അളവിലുള്ള ബി12 ഹൃദ്രോഗത്തെ തടയുന്നു.

10. നല്ല ആരോഗ്യത്തോടെയുള്ള തൊലി (Skin) മുടി (Hair) നഖങ്ങൾ എന്നിവയ്ക്ക് ബി12 അത്യാവശ്യമാണ്. ഒരാളുടെ നഖങ്ങളിലും മുടിയിലും തൊലിയിലും നോക്കിയാൽ അയാളുടെ വിറ്റാമിൻ ബി12 അപര്യാപ്തത മനസ്സിലാകും.

വിറ്റാമിൻ ബി12 ശരീരത്തിൽ സ്വന്തമായി നിർമ്മിക്കുവാൻ കഴിയില്ല. ഭക്ഷണത്തിൽ കൂടെയോ മരുന്നായിട്ടോ ലഭിക്കുക തന്നെ വേണം.

## ആർക്കൊക്കെയാണ് വിറ്റാമിൻ ബി12 അപര്യാപ്തത വരാൻ സാധ്യതയുള്ളത്.

1. ജന്മനാൽ വിറ്റാമിൻ ബി12 അപര്യാപ്തതയുള്ളവരുണ്ട്. ഇവർക്ക് സ്ഥിരമായി ഈ വിറ്റാമിൻ മരുന്നായോ ഇഞ്ചക്ഷനായോ നൽകേണ്ടി വരും.

2. സമീകൃതാഹാരം കഴിക്കാത്തവരിൽ ബി12 അപര്യാപ്തത ഉണ്ടാകും. പ്രത്യേകിച്ച് സസ്യഭുക്കുകളിൽ ശരിയായ പച്ചക്കറികൾ, പാൽ, വെണ്ണ, മോര് എന്നിവ കഴിച്ചില്ലെങ്കിൽ ബി12 ന്റെ അളവ് കുറഞ്ഞു കാണുന്നു.

3. പ്രായമാകുമ്പോൾ ശരീരത്തിലെ ആഗീരണശേഷി കുറയുന്നതിനാൽ ബി12 കുറഞ്ഞ് കാണാറുണ്ട്.

4. വയറ്റിൽ പുണ്ണ് (Ulceration), ഇറിറ്റബിൾ ബൗവൽസ് (IBS) ക്രോൺസ് ഡിസീസ് (Crohn's Disease) എന്നിവ ഉള്ളവർക്ക് ബി$_{12}$ ആഗിരണശേഷി കുറയും.

5. വയറ്റിൽ ഓപ്പറേഷൻ നടത്തിയവർക്കും ബി$_{12}$ അപര്യാപ്തത വരും.

6. പ്രമേഹത്തിനുള്ള ചില അലോപ്പതി മരുന്നുകളാൽ ബി$_{12}$ കുറവ് വരും.

7. ശക്തമായ കെമിക്കൽ മരുന്നുകൾ കഴിക്കുന്നവരിൽ ബി$_{12}$ കുറവ് വരാം.

## VITAMIN B 12കുറഞ്ഞാലുള്ള ലക്ഷണങ്ങൾ:-

1. ശരീരത്തിന്റെ നിറത്തിൽ മഞ്ഞ കലർന്നു കാണുക. മഞ്ഞപ്പിത്തം വന്ന പോലെ തോന്നാം.

2. പ്രത്യേകിച്ച് കാരണമൊന്നുമില്ലാതെ ശരീരത്തിന് ക്ഷീണം, തളർച്ച തോന്നുക.

3. പ്രായമായവരിൽ പ്രത്യേകിച്ച് സൂചികൊണ്ട് കുത്തുന്നമാതിരി വേദന തോന്നുക. പേശികളിൽ വേദന തോന്നുക. സന്ധികളിൽ വേദന തോന്നുക.

4. വളരെ കുറഞ്ഞ ബി$_{12}$ ഉള്ളവരിൽ നാഡീവ്യൂഹത്തെ ബാധിച്ച് ശരിയായ രീതിയിൽ നടക്കാൻ തന്നെ പ്രയാസം അനുഭവപ്പെടും.

5. വായ്ക്കകത്തും നാവിലും തൊലി പോവുക (വായ് പുണ്ണ്)

6. തലകറക്കം, ശ്വാസത്തിന് ബുദ്ധിമുട്ടു എന്നിവ ബി$_{12}$ വളരെ കുറഞ്ഞാൽ വരാം.

7. കാഴ്ച ശക്തി കുറയുക

8. Mood Change മനസ്സിലെ മൂഡ് ശരിയാകാതെ വരിക. വിഷാദം അനുഭവപ്പെടുക

മുകളിൽ പറഞ്ഞ ലക്ഷണങ്ങളെല്ലാം കൂടി വരണമെന്നില്ല. ഇവയെല്ലാം മറ്റു അസുഖങ്ങളിലും കാണുന്ന ലക്ഷണമാകയാൽ ബി$_{12}$ ന്റെ അപര്യാപ്തത ആണെന്ന് ഉറപ്പിക്കാൻ രക്ത പരിശോധന നടത്തുന്നതാണ് നല്ലത്. നിങ്ങളുടെ കുടുംബ വൈദ്യന് നിങ്ങൾക്കു വേണ്ട നിർദ്ദേശം തരാനാകും.

## രക്തപരിശോധന

രക്തപരിശോധനയിൽ ബി$_{12}$ കുറവുണ്ടോ എന്ന് അറിയാം.

പ്രായപൂർത്തിയായവരിൽ 200 മുതൽ 600 pg/ml അളവ് നോർമലാണ്. 150 pg/ml ന് താഴെയാണെങ്കിൽ മരുന്നു കഴിക്കേണ്ടി വരും.

## വിറ്റാമിൻ ബി$_{12}$ ലഭിക്കുന്ന ഭക്ഷണങ്ങൾ

നമ്മുടെ ശരീരത്തിൽ ബി$_{12}$ ഉത്പാദിപ്പിക്കാത്തതിനാൽ ഭക്ഷണത്തിൽ കൂടെ ലഭിക്കുകയേ മാർഗ്ഗമുള്ളൂ. താഴെ പഫയുന്ന ഭക്ഷണങ്ങളിൽ ബി$_{12}$ ധാരാളമുണ്ട്.

1. മത്സ്യം
2. ബീഫ്, പോർക്ക്, ലിവർ
3. ചിക്കൻ , മുട്ട
4. സോയമിൽക്ക്
5. പാൽ, ചീസ്, വെണ്ണ തുടങ്ങിയ പാൽ ഉത്പന്നങ്ങൾ
6. ചീര വർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങളിൽ വിറ്റാമിൻ ബി 12 ലഭ്യമല്ല. ഫോളിക് ആസിഡ് ലഭ്യമാണ്.

## സസ്യഭുക്കുകൾ ശ്രദ്ധിക്കണം

പാൽ ഉത്പന്നങ്ങൾ മാംസാഹാരമാണെന്ന് പറയുന്ന പച്ചക്കറികളും പഴങ്ങളും മാത്രം കഴിക്കുന്ന 'വേഗാൻ' (Vegans) എന്ന വിഭാഗത്തിൽ പെടുന്ന സസ്യഭുക്കുകൾക്ക് ബി$_{12}$ അപര്യാപ്തത വരാൻ നൂറു ശതമാനം സാധ്യതയുണ്ട്.

## ചികിത്സ

വിറ്റാമിൻ ബി$_{12}$ അപര്യാപ്തമാണെന്ന് കണ്ടാൽ ഉടൻ തന്നെ വൈദ്യ നിർദ്ദേശാനുസരണം നിർദ്ദേശിക്കുന്ന കാലം മുഴുവനും മരുന്ന് കഴിക്കണം. വർഷത്തിലൊരിക്കൽ രക്തപരിശോധന നടത്തണം. ബി$_{12}$ ഗുളികരൂപത്തിലും ഇഞ്ചക്ഷനായും നൽകാറുണ്ട്.

## ആയുർവ്വേദത്തിൽ മരുന്നുണ്ടോ ?

ആയുർവ്വേദത്തിൽ മരുന്നുണ്ട്. വിറ്റാമിൻ ബി$_{12}$ നേരിട്ട് നൽകുന്ന രീതിയല്ല ആയുർവ്വേദത്തിൽ ഉള്ളത്. ബി$_{12}$ ന്റെ ആഗീരണ ശേഷി വർദ്ധിപ്പിക്കുകയും കഴിക്കുന്ന ഭക്ഷണത്തിൽ നിന്ന് ബി$_{12}$ ഉൾക്കൊള്ളാനുള്ള ശരീരത്തിന്റെ ശേഷി വർദ്ധിപ്പിക്കുകയുമാണ് ചെയ്യുന്നത്.

ദ്രാക്ഷാരിഷ്ടം, ദ്രാക്ഷാദി കഷായം , മണ്ടൂരവടകം, ത്രിഫലചൂർണം തുടങ്ങി നിരവധി ഔഷധങ്ങൾ അവസ്ഥാനുസരണം കഴിച്ചാൽ വിറ്റാമിൻ ബി$_{12}$ ന്റെ അളവ് സാധാരണ ഗതിയിലാകും.

മാംസാഹാര ഭോജികളാണെങ്കിൽ ചെറിയ മത്സ്യങ്ങൾ മുട്ട, ബീഫ് എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. സസ്യാഹാരഭോജികൾ പാൽ ഉത്പന്നങ്ങൾ ദിവസേന കഴിക്കണം.

## ദിവസേന ശീലിക്കാവുന്നത് ഃ -

1. ത്രിഫലചൂർണം 1 ടീസ്പൂൺ രാത്രി കിടക്കാൻ നേരത്ത് ചൂടുവെള്ളത്തിൽ കഴിക്കുക
2. ദ്രാക്ഷാദി ലേഹ്യം 10 ഗ്രാം ദിവസേന കഴിക്കുക
3. കുട്ടികൾക്ക് അഷ്ടചൂർണം 15 വയസ്സുവരെ ദിവസത്തിലൊരിക്കൽ ശീലിപ്പിക്കുക
4. 1 ഗ്ലാസ്സ് മോരോ പാലോ ദിവസേന കുടിക്കുക
5. ചെറുമത്സ്യം, മുട്ട, ചിക്കൻ എന്നിവ നല്ലതാണ്.





# ഈശോപനിഷത്ത് - ആശയാനുവാദം

എ.ബി. സി. കൈമൾ

### ധ്യാനം

അതും പൂർണ്ണമിതും പൂർണ്ണം
പൂർണ്ണജാതമിതേ പൂർണ്ണം
പൂർണ്ണത്തിൽ നിന്നും പൂർണ്ണത്തെ -
യെടുത്താൽ ശിഷ്ടവും പൂർണ്ണം

മന്ത്രം ഒന്ന് : ഈശ്വരാധീനമേ സർവ്വ -
ചരാചരങ്ങളീ ഭൂവിൽ
പരധനം മോഹിക്കാതെ
തൻ, മാത്രം സ്വീകരിക്കുക,

മന്ത്രം രണ്ട് : ഏവം കർമ്മരതൻ ജീവ -
കാംക്ഷിയാകാം ശതാബ്ദവും
ഹേതു, കർമ്മപാശഛേദം
നരനില്ലന്യ മാർഗ്ഗങ്ങൾ.

മന്ത്രം മൂന്ന് : ആത്മഹന്താക്കളാം മർത്ത്യർ
ദേഹാന്തശേഷമജ്ഞാന -
തമോമയമാസുരമാം
ലോകങ്ങൾ നൂനമാർന്നിടും

മന്ത്രം നാല് : അചഞ്ചലൻ ദേവവരർക്കലഭ്യൻ
മനോജവാദികൃഗതിപ്രഭാവൻ
സ്ഥിരൻ, സ്ഥിതൻ സർവ്വമതിക്രമിപ്പോ -
നിവന്നധീനം മഴയും മരുത്തും.

മന്ത്രം അഞ്ച് : ചലിക്കുവോൻ തന്നെ ചലിച്ചിടാത്തോൻ
അടുത്തുമുള്ളോനകലത്തുമുള്ളോൻ
ഇവൻ പ്രഭു, സർവ്വചരാചരത്തി -
ന്നകത്തുമുള്ളോൻ പുറമേയുമുള്ളോൻ.

മന്ത്രം ആറ് : സർവ്വവുമാത്മസമമായ്
ദർശിച്ചീടുന്നതാരുതാൻ
എല്ലാം ബ്രഹ്മാംശമായ് കണ്ടു
ദ്വേഷിക്കില്ലവനൊന്നുമേ.

മന്ത്രം ഏഴ് : ഏവംചരാചരമെല്ലാം
ആത്മവത് നിലനിൽപ്പതായ്
ഒന്നായ് കാണുമാ ജ്ഞാനിക്കോ
ശോകമോഹങ്ങളെങ്ങുതാൻ !

മന്ത്രം എട്ട് : ആവ്യക്തി, സർവ്വജ്ഞനരൂപിപൂർണ്ണൻ
അഭീഷ്ടദായി, സ്വയംഭൂവിശുദ്ധൻ
അത്യുന്നതൻ പാപസിരാവിഹീന -
നാമീശ്വരൻ തന്നെ ഗ്രഹിച്ചിടുന്നോൻ.

മന്ത്രം ഒമ്പത് : അജ്ഞാനോപാസകൻ പ്രവേ -
ശിച്ചീടുന്നതിരുട്ടിലായ്
മിഥ്യാജ്ഞാനമുപാസിപ്പോൻ
പ്രാപിപ്പുകൂരിരുട്ടിനെ.

മന്ത്രം പത്ത് : വിദ്യാവിദ്യകൾ തൻ ഭിന്ന -
ഫലങ്ങളുക്തമീവിധം
ആചാര്യരിതു ഞങ്ങൾക്കായ്
ഉപദേശിച്ചു തന്നതാം.

മന്ത്രം പതിനൊന്ന് : ജ്ഞാനമജ്ഞാനമൊരുപോൽ
അറിയുന്നവർ മൃത്യുവേ,
തരണം ചെയ്തജ്ഞാനത്താൽ,
ജ്ഞാനത്താലമൃതം നേടും.

മന്ത്രം പന്ത്രണ്ട് : അധിദേവോപാസകർ ചെ -
ന്നെത്തുന്നന്ധതമസ്സിലായ്
നിരപേക്ഷാനിരാകാരാ -
രാധകർകൂരിരുട്ടിലും.

മന്ത്രം പതിമൂന്ന് : സംഭവാസംഭവങ്ങൾ തൻ
സേവാഫലം വിഭിന്നമായ്
കേൾപ്പൂ, ജ്ഞാനികളീവണ്ണം
ചൊല്ലിത്തന്നു നമുക്കായി.

മന്ത്രം പതിനാല് : ഉൽപ്പത്തിയും വിനാശവും
ഒരുപോലറിവോൻ മൃത്യു
തരണം ചെയ്താസ്വദിപ്പു
ഐശ്വരാമൃതസിദ്ധിയെ.

മന്ത്രം പതിനഞ്ച് : സ്വർണ്ണപാത്രം കൊണ്ടുമൂടും
സത്യത്തിൻ മുഖാവരണം
നീക്കിത്തരൂ. പുഷാവേ നീ -
യീസത്യാർത്ഥിക്കു കാണുവാൻ.

മന്ത്രം പതിനാറ് : ഏകചാരി, യമ, സൂര്യ, പാലകാ
ബ്രഹ്മസംഭവ തവോഗ്രരശ്മികൾ
പിൻവലിക്കു പുരുഷാംശമൊന്നു നാ -
മേകു ദീപ്തശുഭരൂപദർശനം

മന്ത്രം പതിനേഴ് : ഭസ്മമാകട്ടെയീഗാത്രം
ചേരട്ടെവായുവിൽ പ്രാണൻ
തുണവൻ യജ്ഞഭുക് നീ ഞാൻ
ചെയ്തതൊക്കെ സ്മരിക്കണേ

മന്ത്രം പതിനെട്ട് : അഗ്നിതേജോമയോ സർവ്വവൈജ്ഞാനികാ
വിഘ്നങ്ങൾ നീക്കി നിന്നന്തികത്തെത്തുവാൻ
നല്ല വഴിക്കു നയിക്കണേ ഞങ്ങളെ
ദേവാ നിനക്കായസംഖ്യം പ്രണാമങ്ങൾ

# പ്രളയ ചിന്തകൾ

ഹരിപുല്ലൂറ്റ് ഫോൺ : 9846120349

ബോട്ടിതാ, കേറിക്കോളൂ, മുതുകു കാട്ടി ജയ്സൺ
കേട്ടുനിന്നവർക്കെല്ലാമത്ഭുതം സമാശ്വാസം
അമ്മമാർ തുടക്കമിട്ടേറെപ്പേർ കേറിപ്പറ്റി
വേങ്ങരചൊല്ലി, ജയ്സൺ സ്നേഹത്തിൻ ദിശ കാട്ടി !
വീടുവിട്ടോടുന്നോർക്ക് തുണയായ് കൈത്താങ്ങായി
പാടുപെട്ടനേകം പേർ മുന്നോട്ടു കുതിച്ചപ്പോൾ
ഭക്ഷണപൊതികളും വസ്ത്രവുമായി ക്യാമ്പിൽ
എത്തിയോർ പകർന്നതു വലിയ സമാശ്വാസം

ഒരുമ മാത്രം കൊണ്ടു പെരുമ നല്കി നാട്ടിൽ
പ്രളയക്കെടുതികൾ നെഞ്ചിലേറ്റിയോർ നമ്മൾ
ആലുവാ തോട്ടിൻമുഖത്തമ്മയെ രക്ഷിച്ചവൻ
ആ വെള്ളപ്പാച്ചിൽ മണികണ്ണനെത്തുണച്ചില്ല
മുങ്ങിയ മണികണ്ണൻ രക്തസാക്ഷിയായ് മാറി
കണ്ണീരിൻ കഥയിലെ കേവലമൊരു ബിന്ദു !

ദുരന്തമുഖങ്ങളിലാശ്വാസനാളങ്ങളായ്
കടലിൻ മക്കൾ വന്നു വള്ളവും തുഴയുമായ്
ഉപജീവനമായ ചെറുവെള്ളങ്ങൾ മുതൽ
വരുന്നൂ ലോറിൽകേറ്റി വലിയവള്ളങ്ങളും
ദുരന്തനിവാരണസേനകൾക്കഭിമാനം
പകർന്ന മീൻപിടുത്ത തൊഴിലാളികളവർ
കരനാവികവ്യോമസേനകൾ, കോസ്റ്റ് ഗാഡ് പോലീസ്
ഫയർഫോഴ്സ് ഒന്നൊന്നായി സേനകൾ ചേരുംമുമ്പേ,
കൈമെയ് മറന്നു കൊണ്ടായിരങ്ങൾ രക്ഷാ
നീക്കങ്ങളുമായിട്ടിറങ്ങി കയങ്ങളിൽ !

ബലിതർപണമില്ല, പെരിയാർതീരത്തതാ
പുതിയക്ഷേത്രത്തിന്റെ മേൽക്കൂരവരെ മുങ്ങി!
തർപ്പണം ചെയ്യാമിപ്പോൾ പൊലിഞ്ഞൊരാത്മക്കൾക്കായ്
അർപ്പണബോധത്തോടെ നീങ്ങിടാം മുന്നോട്ടേയ്ക്ക് !

തീവ്രമായ് ഡാമുകളിൽ നിന്നൊഴുകിയ ജലം
ജീവനുവേണ്ടി വീടുവിട്ടിറങ്ങിയ ജനം
ഡാമുകളൊന്നൊന്നായി തുടരേത്തുറക്കുമ്പോൾ
നാമൊന്നുമാറിത്തന്നെ ചിന്തിക്കും വരും നാളിൽ !
ഹെലിക്കോപ്റ്ററിൽ പൂർണ്ണഗർഭിണിയേയും കേറ്റി
നേവലാസ്പത്രിയിലെത്തിച്ചോരാ സാഹസം
പിറന്ന പിഞ്ചോമന ഭാവിയ്ക്കായ് സമ്മാനിച്ച
ചെറുപുഞ്ചിരി നമുക്കേകുന്നു പ്രതീക്ഷകൾ

ദുരന്തമുഖത്തു നിന്നീവിധമൊന്നൊന്നായി
പടരുമാശ്വാസത്തിൻ വാർത്തകളെത്തിച്ചപ്പോൾ
ഇഞ്ചിഞ്ചായ് ജലനിരപ്പിടുക്കീലുയരുമ്പോൾ
നെഞ്ചിടിപ്പായി മുല്ലപെരിയാർ നിറയുമ്പോൾ,
ചെങ്ങന്നൂർ മുങ്ങുന്നേരം ജീവനുവേണ്ടി ജനം
എങ്ങോട്ടെന്നില്ലാതോട്ടം തുടങ്ങിക്കഴിഞ്ഞപ്പോൾ
നിറഞ്ഞു കവിഞ്ഞതാപന്തളമച്ചൻ കോവിൽ
നിറഞ്ഞദൃശ്യം നമ്മളാദ്യമായതാ കണ്ടു !

കുട്ടനാടാകേമുങ്ങി നാട്ടുകാർ ബോട്ടുകാത്തു
കൂട്ടമായ് സുരക്ഷയ്ക്കായ് നെട്ടോട്ടമോടിടുമ്പോൾ
അപ്പർ ഷോളയാർ വെള്ളമൊഴുകി, ചാലക്കുടി
പട്ടണപ്രാന്തം വരെയെത്തുവാൻ ശ്രമിക്കുമ്പോൾ
മുങ്ങിയ പാലം ചെറുതോണിയെ വിഴുങ്ങുമ്പോൾ
മുങ്ങുന്നു ബാണാസുരസാഗർഡാം പരിസരം

ഉരുൾപൊട്ടൊന്നൊന്നായി നാശങ്ങൾ വിതക്കുമ്പോൾ
നിറയും പരിഭ്രാന്തിനാടെങ്ങും പടരുമ്പോൾ
ശബരിഗിരിയിൽ നിന്നെത്തുന്നു പമ്പാനദി
ഗതിമാറിയ വാർത്ത നിറപുത്തിരിനാളിൽ!
പമ്പയിൽ ഗണപതിക്ഷേത്രത്തിലെത്താനുള്ള
പാതയും പടികളും മുങ്ങിയ വിവരങ്ങൾ !
ഈശ്വരൻപോലും വിറപൂണ്ടൊരു പ്രതിഭാസം
ശാശ്വതമല്ലൊന്നു മെന്നോതുന്ന മഹാദൃശ്യം !
മരണം പലരേയും ഗ്രസിച്ചവെള്ളപ്പാച്ചിൽ.
മഴയും ഡാമുമുരുൾപൊട്ടലും കൂടിച്ചേർന്ന്
ദുരന്തമുഖം കാട്ടിനിന്നൊരാ ദിവസങ്ങൾ !
ഡാമുകൾ ചിന്തക്കേറെ വക നല്കിയ നാൾകൾ
ഡാമുകൾ തുറക്കുമ്പോളൊരുക്കമേറെ വേണം !
മഴവെള്ളവും ചേർന്നാലുണ്ടാകും വെള്ളപ്പാച്ചിൽ
തുഴഞ്ഞു മുന്നേറുവാനാത്മധൈര്യവും വേണം !
മാറുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ തന്നെ
നീറുന്ന സത്യങ്ങളിൽ കയ്പേറെ നിറയ്ക്കുന്നു !
മലകളിടിക്കുന്നു, കടലോരത്തു നിന്നും
മണൽവാരുന്നു ;ഭൂമിക്ഷോഭിക്കാതിരിക്കുമോ?
ഉരുൾപൊട്ടലിൽ ഭൂമിയിളകിയാടീടുമ്പോൾ
ദുരിതം താങ്ങാൻമാത്രം നിസ്സഹായരോ നമ്മൾ ?





ദുരന്തമുഖത്തിലെ നായകരൊന്നൊന്നായി
നിറഞ്ഞുനിന്നാശ്വാസ വാർത്തകൾ സൃഷ്ടിച്ചപ്പോൾ

ഹീറോസായ് മത്സ്യത്തൊഴിലാളികൾ വാഴ്ത്തപ്പെട്ട
റോയിട്ടർ റിപ്പോർട്ട് ലണ്ടൻ ഉയർത്തിക്കാണിച്ചതും
ദുരന്തമുഖത്തിലെയോട്ടേറെ പ്രവർത്തകർ
ഒരുമെയ്യായി നാടിൻ രക്ഷയ്ക്കായ് കുതിച്ചതും,

ശുഭവാർത്തകളായ് നമുക്കോർത്തിടാമൊരുമിച്ചു
നവകേരളം കെട്ടിപ്പടുക്കാൻ ശ്രമിച്ചിടാം.

പ്രളയം സൃഷ്ടിയ്ക്കണം പുതിയ കാഴ്ചപ്പാട് !
പ്രളയമുർണർത്തണം പുതിയ പ്രതീക്ഷകൾ
പ്രളയജലത്തിലൊരാലില പോലെ പൊങ്ങി -
ത്തെളിഞ്ഞു ചെന്നെത്തും നാം പുതിയ തീരങ്ങളിൽ.

# എന്റെ ഗ്രാമം

സ്വർണ്ണലത നന്ദകുമാർ

കുന്നും മലകളുമില്ലാത്തൊരു കടൽ-
ത്തീരപ്രദേശമാണെന്റെ ഗ്രാമം
തോടും വയലും കുളങ്ങളുമെല്ലാമെൻ
ഗ്രാമത്തെ സുന്ദരിയാക്കിടുന്നു

വേമ്പനാട്ടു കായൽ കൈവഴിയെന്നുടെ
ഗ്രാമത്തെ തഴുകിയൊഴുകിടുമ്പോൾ
കേരങ്ങൾ തിങ്ങി നിറഞ്ഞൊരാ തീരവും
പച്ചവിരിച്ചൊരാ പാടങ്ങളും
കൊയ്ത്തു കഴിഞ്ഞൊരാപ്പാടങ്ങളിൽ
കൂട്ടമായെത്തിടും കൊറ്റികളും
കായൽപ്പരപ്പിലെ ഓളങ്ങൾക്കൊപ്പമായ്
തുള്ളിക്കളിക്കും ഇരണ്ടകളും

പാടത്തിനപ്പുറം ചെറുമികൾ പാർത്തിടും
ഓലമേഞ്ഞ ചെറു കുടിലുകളും
തോടിൻ വരമ്പത്തു പൂത്തുലഞ്ഞങ്ങനെ
സുഗന്ധം പരത്തും പൂക്കൈതകളും

കന്നിക്കൊയ്ത്തു കഴിഞ്ഞാലോയെത്തുന്നു
നാവേറുപാടാനായ് പുള്ളുവനും
സന്തതിയുണ്ടാവാൻ സമ്പത്തുണ്ടാവാൻ
സന്തതിക്കാപത്തുതീർക്കുവാനായ്

കാവും കുളങ്ങളും വള്ളിപ്പടർപ്പും നൽ
കാതിന്നിമ്പമുണർത്തും കിളിമൊഴിയും
കാലങ്ങളേറെ കഴിഞ്ഞാലും ഓർക്കുമാ
ഗ്രാമത്തിൻ സൗന്ദര്യ ചാരുഭംഗി

**പറയാൻ ബാക്കിവെച്ചത്.....**

**(36-ാം പേജിൽ നിന്ന് തുടർച്ച)**

ഴുകുന്നുണ്ടായിരുന്നു. ഞാൻ എന്നെ പറ്റി ഒന്നും പറഞ്ഞില്ലല്ലോ........ പറയാൻ ബാക്കി വെച്ചത്. വേണ്ടാ...... ഒന്നും എനിക്കറിയണ്ട. മരിച്ചുപോയ ഇന്നലകളെപ്പറ്റിയോ....വരാനിരിക്കുന്ന നാളെയേപ്പറ്റിയോ ഞാൻ ചിന്തിക്കാറില്ല. ജീവിക്കുന്ന ഇന്ന് അതാണ് എന്റെ ജീവിതശൈലി. ഇനി ഈ കണ്ണുകൾ നിറയരുത്. അദ്ധ്യാപന ജോലിയിൽ നിന്ന് ഞാൻ വിരമിച്ചു. തന്റെ കമ്പിനി വാങ്ങി ഇവിടേക്ക് വന്നതിന്റെ കാരണവും മുത്തുലക്ഷ്മിയാണ്. ഇതാ ഇതു വാങ്ങിച്ചോളൂ എന്നു പറഞ്ഞ് തനിക്കു നേരെ പേപ്പർ നീട്ടി. ഈ മഠം ഞാൻ തനിക്ക് ഇഷ്ടദാനമായി തന്നിരിക്കുകയാണ്. അവൾ ആ പേപ്പറും പിടിച്ച് അസ്തപ്രജ്ഞയായി നിന്നു. ഒടുവിൽ അവൾ ചോദിച്ചു എന്തിനാ എന്നെ ഇങ്ങനെ ഇഷ്ടപ്പെടുന്നത്..... അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു ഇഷ്ടത്തിന് കാരണങ്ങളില്ല എന്ന്. അതു സംഭവിക്കുകയാണ്. അപ്പോഴാണ് കൽപ്പാത്തി രഥോത്സവത്തിന്റെ ആരവം കേട്ടത്. ഇഷ്ടവര പ്രദായകനായ മഹാദേവനും ഐശ്വര്യപ്രദായിനിയായ പാർവ്വതിദേവിയും നാടുകാണാൻ വരികയാണ്. അവർ രണ്ടുപേരും പെട്ടെന്ന് പുറത്തേയ്ക്ക് പോയി നിന്നു. തൈലാംബാൾ മാമി ഓടി അടുത്തേക്ക് വരുന്നുണ്ട്. മാപ്പിളെ എന്നു വിളിച്ചുകൊണ്ട് ഈ മാമി എന്ത് ഭാവിച്ചാണ് എന്നു വിചാരിക്കുമ്പോഴെക്കും പരസ്യം സാറിന് കാണിച്ച് കൊണ്ട് പറഞ്ഞു. പാക്കേജ് മാപ്പിളൈ..... യൂറോപ്യൻ ടൂറ് രണ്ടുപേരും ജോളിയായി പോയിട്ട് വാങ്കോ...... എന്ന് പറഞ്ഞ് മാമി തന്റെ കവിളിൽ നുള്ളി 'സൗഖ്യം താനേടി' എന്ന് ചോദിച്ചിട്ട് പോയി. വിശ്വപ്രസിദ്ധമായ ഈ കൽപ്പാത്തി രഥോത്സവം സാറിന്റെ സുരക്ഷിത വലയത്തിനുള്ളിൽ മുട്ടിയുരുമ്മി നിന്ന് കണ്ടു തൊഴുത് അനുഗ്രഹം കിട്ടുന്നതിനെക്കാൾ സുഖവും ആനന്ദവും നിർവൃതിയും ഒന്നും ഒരു യൂറോപ്യൻ ടൂറിനും ഇല്ലാ എന്ന് അവരുടെ അന്ത:കരണം ഒരുപോലെ മന്ത്രിക്കുന്നുണ്ടായിരുന്നു........

# രണ്ടാം ജന്മം

മൃണാളിനി ഫോൺ: 9567763643

ഞാൻ എന്റെ വസ്ത്രങ്ങൾ മടക്കി അടുക്കി വയ്ക്കുകയായിരുന്നു. നാളെ എന്റെ വിവാഹം കഴിഞ്ഞ് യാത്രയ്ക്കുള്ള വസ്ത്രങ്ങൾ. എനിക്ക് അദ്ദേഹത്തിന്റെ പേര് മാത്രമേ അറിയുമായിരുന്നുള്ളൂ – ഹരികുമാർ. ഒരു ഫോട്ടോ, അതും പാസ്പോർട്ട് അളവിൽ കണ്ടപ്പോൾ ഞാൻ ശരിയെന്ന് തലകുലുക്കി. എത്ര മടക്കിയിട്ടും തൃപ്തി വരാതെ ഞാൻ വസ്ത്രങ്ങൾ വീണ്ടും വീണ്ടും മടക്കി അടുക്കിക്കൊണ്ടിരുന്നു. അതൊക്കെ വയ്ക്കുവാനുള്ള പെട്ടിയായിരുന്നു എന്റെ മനസ്സിലെ പ്രശ്നം. എന്റെ മുമ്പിലുള്ള പഴയ പെട്ടി ഞാൻ നോക്കി. ആദ്യ വിവാഹത്തിനു വാങ്ങിയത്. അതും വളരെ വലുത്. ചെറിയ പെട്ടിയുണ്ടാകുവാൻ ഞാനും ഉണ്ണ്യേട്ടനും എങ്ങോട്ടും യാത്രയൊന്നും പോയിട്ടില്ലല്ലോ. എനിക്കറിയാമായിരുന്നു, ഞാൻ പുനർവിവാഹം എന്ന യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോടാൻ ശ്രമിക്കുകയാണെന്ന് . ഞാൻ വസ്ത്രങ്ങൾ കൈയ്യിലെടുത്ത് തീരത്തണയാത്ത തിരമാലകൾ പോലെ ഏതോ അമൂർത്തമായ ചിന്തകൾ മനസ്സിൽ താലോലിച്ചു കൊണ്ടു നിന്നു.

ആദ്യ വിവാഹം തീർത്ത ആഘാതങ്ങളിൽ നിന്ന് ഒരു വിവാഹമോചനം നേടിത്തന്ന സ്വാതന്ത്ര്യം ആഘോഷിച്ച് തീർന്നിട്ടില്ലായിരുന്നു. ഞാനും ഉണ്ണിയേട്ടനും സമാന്തര രേഖകളായിരുന്നു. നിശ്ചയിച്ചുറപ്പിച്ച വിവാഹം. ഒരു ഫോറിൻ നാഷണൽ കമ്പനിയിൽ ഉയർന്ന ഉദ്യോഗം. കാണാൻ സുഭഗൻ. എന്തുകൊണ്ടും ചേരുന്ന വിവാഹം. പക്ഷെ എന്റെ പഠിപ്പ് തീർന്നിട്ടില്ലായിരുന്നു. പോസ്റ്റ് ഗ്രാജുവേഷൻ തീർത്ത് ഒരു നല്ല ഉദ്യോഗസ്ഥാനത്ത് എത്തണമെന്ന ആഗ്രഹം മനസ്സിലുണ്ടായിരുന്നു. വിവാഹത്തിനു മുമ്പ് അതെല്ലാം ചർച്ച ചെയ്യാവുന്ന പരിതസ്ഥിതി എനിക്കില്ലായിരുന്നു. സാധാരണ വിവാഹം ഉറപ്പിക്കൽ പോലെയായിരുന്നില്ല എന്റെ വിവാഹം. ഉണ്ണിയേട്ടൻ എന്നെ ഒന്നു നോക്കി, സംസാരിക്കുവാൻ താല്പര്യമൊന്നും കാണിച്ചില്ല. അച്ഛനില്ലാത്ത എനിക്ക് എന്റെ മോഹങ്ങളും സ്വപ്നങ്ങളും പങ്കുവയ്ക്കുവാൻ ആരുമില്ലായിരുന്നു. യാതാസ്ഥിതികയായ അമ്മ. പത്തുവരെ പഠിച്ച് പഠിത്തം നിർത്തിയ ചേച്ചി. കച്ചവടക്കാരനായ അവരുടെ ഭർത്താവ് രമേശൻ ചേട്ടൻ. നല്ല സ്ഥിതിയിലുള്ള വിവാഹം എന്നതിൽ മയങ്ങിവീണ അവർ മറ്റൊന്നും ചിന്തിച്ചില്ല. പക്ഷെ ഉണ്ണിയേട്ടന്റെ അമ്മ എത്ര സ്വർണ്ണം വേണമെന്നും സ്ത്രീധനം എത്രയെന്നും ചർച്ച ചെയ്തപ്പോൾ എനിക്ക് ഒരു കല്ലുകടി തോന്നി. എന്റെ വിമ്മിഷ്ടങ്ങൾ ആരോട് പറയാൻ.

ഞാൻ പറഞ്ഞില്ലെ ഞങ്ങൾ സമാന്തര രേഖകളായിരുന്നു. ഞാനൊരു വികാര ജീവിയാണെന്ന് വിവാഹം കഴിഞ്ഞപ്പോൾ എനിക്ക് എന്നെപ്പറ്റി തോന്നി. ഉണ്ണിയേട്ടനാകട്ടെ ഭാവാത്മകത എന്തെന്നറിഞ്ഞു കൂടാത്ത പുരുഷനും. സാമാന്യം വശ്യതയുള്ള എന്നോട് നുണയായിട്ടെങ്കിലും നീ ഇന്ന് സുന്ദരിയായിരിക്കുന്നു എന്ന് പറഞ്ഞു കേൾക്കുവാൻ ഞാൻ ദാഹിച്ചു. കാര്യമാത്രപ്രസക്തമായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു യന്ത്രം കണക്കെയായിരുന്നു ഉണ്ണിയേട്ടൻ. ഒറ്റ മകനായി അമ്മയുടെ മേൽക്കോയ്മയിൽ വളർന്നതുകൊണ്ടാവാം ഇത്ര അനുതാപം ഇല്ലാതായിപ്പോയത്. ഉണ്ണിയേട്ടന്റെ അച്ഛൻ അടുത്തിടെ മരിച്ചതുകൊണ്ട് എനിക്ക് ഒരു താങ്ങായി ആരും ഉണ്ടായിരുന്നില്ല.

പഠിപ്പ് മുഴുവനാക്കണമെന്ന ആഗ്രഹം ഞാൻ ഉണ്ണിയേട്ടനോട് അവതരിപ്പിച്ചു. അമ്മയോട് ചോദിച്ചിട്ട് ചെയ്താൽ മതി എന്നായിരുന്നു മറുപടി. ഉണ്ണിയേട്ടൻ അമ്മയോട് പറയാമോ ? ഞാൻ ചോദിച്ചു. നീ തന്നെ ചോദിക്ക്, ഉണ്ണിയേട്ടൻ ഒഴിഞ്ഞു മാറി. വിഷയം എങ്ങനെ അവതരിപ്പിക്കുമെന്ന് ആലോചിച്ച് എനിക്ക് ഉറക്കമില്ലാതായി. ഒടുവിൽ കിട്ടാവുന്ന ധൈര്യം സംഭരിച്ച് (എനിക്ക് അവരെ എന്നും പേടിയായിരുന്നു ) ഞാൻ നേരിട്ടു. ഒന്നാം വർഷ എം.എ. കഴിഞ്ഞിരുന്ന ഞാൻ മുഴുവനാക്കിക്കൊള്ളട്ടെ എന്ന് അപേക്ഷിച്ചു. പഠിച്ചിട്ട് ഇപ്പോൾ നിനക്ക് എന്തിനാണ് ? കലക്ടർ ഉദ്യോഗത്തിനോ ? എം. എ കഴിഞ്ഞാൽ ബാങ്കിലോ മറ്റോ ഓഫീസർ പരീക്ഷ എഴുതാം, ഞാൻ വിറച്ചു വിറച്ചു പറഞ്ഞു. ഇവിടുന്ന് ,സ്ത്രീകളൊന്നും ജോലിക്ക് പോകേണ്ടതില്ല. നിന്നെ നോക്കാനുള്ള പ്രാപ്തി എന്റെ മകനുണ്ട്. വീടും കുടുംബവും ഒന്നും നോക്കിയില്ല, അത്യാവശ്യം വിദ്യാഭ്യാസമുണ്ട്. കാണാനും ചൊവ്വുണ്ട് എന്ന് കണ്ടിട്ടാണ് കെട്ടിയെടുത്തത്. അടങ്ങിയൊതുങ്ങി അവന്റെ ഭാര്യയായി ജീവിച്ചാൽ മതി. അവരുടെ നിശ്ചയത്തിന് ഇളക്കമില്ല എന്ന് എനിക്ക് മനസ്സിലായി. അവിടന്നങ്ങോട്ട് ഒരു പാവയുടെ ജീവിതമായിരുന്നു എന്റേത്. ഉണ്ണിയേട്ടന് കുളിക്കാൻ ടൗവ്വൽ എടുത്തു വയ്ക്കുക. ഹീറ്റർ ഓൺ ചെയ്തു വെയ്ക്കുക, ഉടുക്കുവാൻ വസ്ത്രങ്ങൾ എടുത്തു വെയ്ക്കുക. ജോലിക്കാരി മേശപ്പുറത്തു കൊണ്ടു വയ്ക്കുന്ന ഭക്ഷണം വിളമ്പി കൊടുക്കുക, ചുരുക്കിപ്പറഞ്ഞാൽ ഞാൻ ഉണ്ണ്യേട്ടന്റെ പരിചാരികയായി മാറി.





സ്വാതന്ത്ര്യത്തോടെ ഒന്നു ശ്വാസം വിടുവാൻ സാധിക്കാത്ത ചുറ്റുപ്പാടുകൾ. സംസാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട വീട്. എന്റെ വീട്ടിൽ അമ്മയോടും രാധേച്ചിയോടും തല്ലു കൂടുകയും രമേശൻ ചേട്ടനോട് കളിവാക്കു പറയുകയും ക്ലാസ്സിൽ ധാരാളം കൂട്ടുകാരുമായി ഇടപെടുകയും ചെയ്തിരുന്ന ഞാൻ ഇങ്ങിനെ പോയാൽ ഭ്രാന്തിയാകുമെന്ന് എനിക്കു തോന്നാൻ തുടങ്ങി. വികാരഹീനനായ ഭർത്താവ്, തൊട്ടതിനെല്ലാം പുളുവച്ചു സംസാരിക്കുന്ന അമ്മായിയമ്മ. വലിയ വീട്ടിൽ നിന്നുള്ള പെണ്ണല്ല എന്നുള്ള പരാമർശങ്ങൾ കൊണ്ട് പുച്ഛിക്കുമ്പോൾ ജോലിക്കാരിക്കു പോലും നിന്ദ.

ജീവിതത്തിന്റെ ചവർപ്പു മുഴുവൻ അനുഭവിച്ചനുഭവിച്ച് ഞാൻ കണ്ടാലറിയാത്ത കോലമായി. അതിനിടെ വിവാഹം കഴിഞ്ഞ് എട്ടൊമ്പതു മാസമായിട്ടും ഗർഭം ധരിച്ചിട്ടില്ലെന്നു പറഞ്ഞ് മച്ചിയാണെന്ന പ്രസ്താവന. ഞാൻ മാത്രം വിചാരിച്ചാൽ മതിയോ ? ഞങ്ങളുടെ കിടപ്പറയുടെ സ്വകാര്യതയിൽ നിഷേധിക്കപ്പെട്ട വികാരപ്രകടനങ്ങൾ ഒരു തേങ്ങലായി അടക്കി ഞാൻ എന്റെ അന്ത്യം കാണാൻ വരെ മോഹിച്ചു. ഞാൻ കടുംകൈയ്യൊന്നും ചെയ്യാൻ തോന്നാതിരിക്കാൻ രഹസ്യമായി രമേശൻ ചേട്ടനെ ഫോണിൽ വിളിച്ച് എന്നെ വന്നു കാണണമെന്നു പറഞ്ഞു. രണ്ടു ദിവസം കഴിഞ്ഞ് ചേട്ടനെത്തി. ഞാൻ ഓടിയണഞ്ഞ് ആശ്വാസത്തോടെ ചേട്ടന്റെ അരുകിൽ ചെന്നിരുന്നു. 'എനിക്കു തിരിച്ചു വരണം.' ഞാൻ വാശി പിടിച്ചു. 'വിവാഹമെന്നത് കുട്ടിക്കളിയല്ല മോളെ തോന്നുമ്പോൾ വേർപ്പെട്ടു പോവാൻ'. രമേശൻ ചേട്ടൻ എന്റെ തോളിൽ ചേർത്തു പിടിച്ചു പറഞ്ഞു. അതുകണ്ടുകൊണ്ട് ഉണ്ണ്യേട്ടന്റെ അമ്മയെത്തി. ചായയുണ്ടാക്കി കൊണ്ടുവരാനായി ഞാൻ അടുക്കളയിലേക്ക് നീങ്ങി. മുൻവശത്ത് അമ്മയുടെ സ്വരമുയർന്നു. ഞാൻ ആപത്ശങ്കയോടെ ശ്രദ്ധിച്ചു. അപ്പോൾ അമ്മ കുപിതയായി അടുക്കളയിലെത്തി. ഇവിടെയാർക്കാണ് സത്കാരങ്ങൾ നടത്തുന്നത് ? ഞാൻ അയാളെ പറഞ്ഞു വിട്ടു കഴിഞ്ഞു. ഞാൻ ഇതികർത്തവ്യഥാമൂഢയായി നോക്കി നിന്നു. അമ്മ വീണ്ടും തുടർന്നു. സ്വന്തം വീട്ടിൽ അഴിഞ്ഞാടി നടന്നതാണല്ലെ. ഇപ്പോൾ ഇവിടെ കയറി വന്ന് കൺമുമ്പിലായി പ്രകടനം. ഇതൊന്നും ഇവിടെ നടക്കില്ല. എന്റെ മനസ്സിൽ ജ്യേഷ്ഠനായി പ്രതിഷ്ഠിച്ച ചേച്ചിയുടെ ഭർത്താവ് രമേശൻ ചേട്ടനെപ്പറ്റിയാണീ പറയുന്നത്.

ഞാൻ എന്റെ സഹനത്തിന്റെ പരിസമാപ്തിയിലായിരുന്നു. വൈകിട്ട് ഉണ്ണ്യേട്ടൻ വന്നപ്പോൾ ദൃഢമായിപ്പറഞ്ഞു എന്നെ എന്റെ വീട്ടിൽ കൊണ്ടുപോയാക്കണമെന്ന്. കാരണം പറയേണ്ടി വന്നില്ല. അവർ ഒരു ഭൂകമ്പം പോലെ ഞങ്ങളുടെ മുറിയിൽ വന്ന് ഉണ്ണ്യേട്ടനോട് എന്നെപ്പറ്റിയുള്ള അപവാദകഥ പറഞ്ഞു. ഉണ്ണ്യേട്ടൻ തലയ്ക്കു കൈകൊടുത്തു ബെഡ്ഡിലിരുന്നു. ഞാൻ എന്നെ ഉടനെ വീട്ടിൽ കൊണ്ടുപോകണമെന്ന ആവശ്യം ആവർത്തിച്ചു. അവർ അറിയാതെ ഞെട്ടിപ്പോയി. എന്നെയും ഉണ്ണ്യേട്ടനേയും മാറി മാറി നോക്കി. പതുക്കെ മുറിക്കു പുറത്തേക്കു വലിഞ്ഞു.

ഒരു ചെറിയ ഇടവേള, ഉണ്ണ്യേട്ടൻ എഴുന്നേറ്റു. നിന്റെ പെട്ടിയെടുക്ക്, ഞാൻ കൊണ്ടുവിടാം. ഞാനെന്റെ വലിയ പെട്ടിയെടുത്തു.കല്യാണത്തിന് രമേശൻ ചേട്ടൻ എങ്ങിനെയോ ഒപ്പിച്ചു വാങ്ങിത്തന്ന വസ്ത്രങ്ങളെല്ലാം അതിലെടുത്തു വച്ചു. നിർവികാരയായി പറഞ്ഞു 'പോകാം' . ഉണ്ണ്യേട്ടനെ നോക്കി. ആദ്യമായി പറയാൻ പറ്റാത്ത ഏതോ വികാരം ദ്യോതിപ്പിക്കുന്ന ഉണ്ണിയേട്ടന്റെ കണ്ണുകൾ നിറയുന്നപോലെ. പക്ഷെ എന്റെ മനസ്സ് മരവിച്ചു കഴിഞ്ഞിരുന്നു.

വീട്ടിൽ കൊണ്ടുപോയി കാർ നിറുത്തിയപ്പോൾ ഞാൻ ഡോർ തുറന്നിറങ്ങി. എന്റെ ഭാരമുള്ള പെട്ടിയുമെടുത്ത് തിരിഞ്ഞു നോക്കാതെ വീട്ടിലേയ്ക്ക് നടന്നു. അമ്മയും രാധേച്ചിയും ഓടിവന്ന് ഉണ്ണികൃഷ്ണൻ എവിടെ എന്നു ചോദിക്കുമ്പോൾ പുറകിൽ കാർ സ്റ്റാർട്ടാക്കി പോകുന്ന ശബ്ദം. അവർ എന്നെ ചോദ്യങ്ങൾ കൊണ്ടു പൊതിഞ്ഞു. എനിക്ക് കുറച്ചു സ്വൈര്യം തരൂ എന്നു പറഞ്ഞ് ഞാൻ എന്റെ മുറിയിൽ കടന്നു വാതിലടച്ചു. കട്ടിലിൽ കിടന്നു കണ്ണടച്ചപ്പോൾ ഒരു വല്ലാത്ത ശാന്തി എന്നെ പൊതിഞ്ഞു. പാറക്കെട്ടിൽ തലതല്ലാൻ അലറി വരുന്ന തിരമാലകളിൽ കിടന്ന പൊങ്ങുതടി ശാന്തമായ തീരത്തണയുമ്പോലെ. വാതിലിൽ മുട്ടുകേട്ടപ്പോൾ ഞാൻ പതുക്കെ എഴുന്നേറ്റു മുടി വാരിക്കെട്ടി സാരി നേരെയാക്കി വാതിൽ തുറന്നു. രമേശൻ ചേട്ടൻ. ഞാൻ അകത്തേക്കു വരുവാൻ വഴിമാറി കൊടുത്തു. മേശയുടെ അടുത്ത് കസേര വലിച്ചിട്ട് ചേട്ടൻ ഇരുന്നു. ഞാൻ ചോദ്യശരങ്ങൾക്ക് തയ്യാറായി. എന്റെ ഭർതൃഗൃഹത്തിലെ ജീവിതം മുഴുവൻ വിസ്തരിച്ചു പറഞ്ഞു. നിനക്ക് ഇനി ഒത്തുതീർപ്പാക്കി തിരിച്ചു പോകണമോ എന്ന ചോദ്യത്തിന് ' 'വേണ്ട'എന്നായിരുന്നു എന്റെ മറുപടി. രമേശൻ ചേട്ടൻ എന്നോട് കിടന്നുകൊള്ളുവാൻ പറഞ്ഞ് വാതിൽ ചാരി പുറത്തിറങ്ങി. അവർ മൂന്നുപേരും കൂടി ഊണുമുറിയിൽ ഇരുന്ന് ചർച്ച ചെയ്യുന്നതു കേട്ടു. ഊണുകഴിക്കുവാൻ വിളിച്ചപ്പോൾ ഞാൻ തലവേദനയാണെന്ന് പറഞ്ഞ് ഒഴിഞ്ഞു. രാത്രി

ദീർഘനേരം ഉറങ്ങി. ദുഷ്ചിന്തകൾ ആക്രമിച്ചിരുന്ന മനസ്സ് സ്വസ്ഥത അറിഞ്ഞു.

ഒടുവിൽ അമ്മയുടെ സമ്മതത്തോടെ വിവാഹ മോചനം എളുപ്പത്തിൽ നടന്നു. ഉണ്ണ്യേട്ടൻ ഒരു വാക്ക് എന്നോട് ചോദിച്ചില്ല. രണ്ടുപേർക്കും സമ്മതം എന്ന ധാരണാപത്രത്തോടെ ആറു മാസം കൊണ്ട് വേർപിരിയൽ നിയമപരമായി നടന്നു.

ഇതിനിടെ ഞാൻ എന്റെ നിർത്തിവച്ച പഠനം തുടരാൻ തുനിഞ്ഞു. ഇത്തവണ അമ്മ എതിർപ്പൊന്നും പറഞ്ഞില്ല. അങ്ങനെ ഞാൻ വീണ്ടും കോളേജിൽ ചേർന്നു. പഠിച്ച് ഒരു ഉയർന്ന ഉദ്യോഗത്തിൽ എത്തണമെന്ന മോഹം പുനർജ്ജനിച്ചു. ജീവിതത്തിന് അർത്ഥമുണ്ടായി. ആരോടൊക്കെയോ ഉള്ള മത്സരബുദ്ധിയോടെയാണ് ഞാൻ ജീവിച്ചിരുന്നത്. ഇതിനിടെ അമ്മ വീണ്ടും പുനർ വിവാഹത്തിന് നിർബന്ധിക്കുവാൻ തുടങ്ങി. പ്രായം കടന്നുപോയാൽ വിവാഹം നടക്കില്ലെന്നാണ്, സ്ത്രീക്ക് വിവാഹമാണ് ആത്യന്തികമായ ലക്ഷ്യമെന്ന് കരുതുന്ന അമ്മയുടെ ഭീതി.

പക്ഷെ ഞാൻ പിടിച്ചു നിന്നു. ഒരു ഉദ്യോഗമില്ലാതെ വിവാഹത്തെക്കുറിച്ച് ചിന്തിക്കുകയില്ലെന്ന് ഞാൻ തീർത്തു പറഞ്ഞു. വാസ്തവത്തിൽ എനിക്ക് മറ്റൊരു വിവാഹത്തിന് യാതൊരു മോഹവുമില്ലായിരുന്നു. ഒരുവിധം എം. എ. നല്ലമാർക്കോടെ വിജയിച്ചു. സാമ്പത്തികശാസ്ത്രം എടുത്ത ഞാൻ ബാങ്ക് ഓഫീസർ പരീക്ഷക്കുവേണ്ടി തയ്യാറെടുക്കുവാൻ തുടങ്ങി. ഞാൻ ഉദ്ദേശിച്ച സ്ഥിതിയിലെത്തുമെന്ന് എനിക്ക് വിശ്വാസം വന്നു തുടങ്ങി. ഒടുവിൽ ബാങ്ക് ഉദ്യോഗം എന്റെ കൈയിൽ വന്നു വീണു. പരീക്ഷ കഴിഞ്ഞ് ഇന്റർവ്യൂവിന് ക്ഷണിച്ചപ്പോൾ പരിഭ്രമത്തോടും ഭയപ്പാടോടുമാണ് പോയത്. പക്ഷെ വിചാരിച്ചതിലും എളുപ്പമായിരുന്നു അപ്പോയ്മെന്റ് ഓഡർ കൈയിൽ കിട്ടിയപ്പോൾ, എന്റെ കണ്ണു നിറഞ്ഞു. ഒരു പുതിയ ജീവിതമാണ് എന്റെ കൈയിൽ എന്ന് തോന്നി.

ഈശ്വരൻ ഓരോ സമയത്ത് ഭാഗ്യവും നിർഭാഗ്യവും തരും മാറി മാറി, നാം പോലും അറിയാതെ, ഉദ്യോഗം എന്ന ലക്ഷ്യം കൈവന്നപ്പോഴാണ് ഉണ്ണ്യേട്ടൻ റോഡ് ആക്സിഡന്റിൽപെട്ട് ആശുപത്രിയിലാണെന്ന വാർത്ത കേട്ടത്. കുടിച്ചിട്ട് വണ്ടി ഓടിച്ചിട്ട് ഉണ്ണ്യേട്ടൻ ഒരു ട്രക്കിൽ ചെന്നിടിച്ചു. എനിക്ക് വിശ്വസിക്കാൻ സാധിച്ചില്ല. ഉണ്ണ്യേട്ടൻ കുടിക്കുകയോ ? എന്നു തുടങ്ങി. ഞാൻ ആരോടും സമ്മതം ചോദിക്കുവാൻ നിൽക്കാതെ നേരെ ഹോസ്പിറ്റലിലേയ്ക്ക് ഓടി. ഐ.സി.യുവിന്റെ മുന്നിൽ നിൽക്കുന്ന ഉണ്ണ്യേട്ടന്റെ അമ്മയെ ശ്രദ്ധിക്കാതെ വാതിൽ തുറന്നു വന്ന നേഴ്സിനോട് ചോദിച്ചു. ഒന്ന് എനിക്ക് കാണാമോ ? ആരാണ് ? അവർ ചോദിച്ചു. ഞാൻ സംശയം കൂടാതെ മറുപടി പറഞ്ഞു. ഭാര്യ. അവർ ഒന്നാലോചിച്ച് അകത്തു പൊയ്ക്കൊള്ളാൻ പറഞ്ഞു. ഞാൻ അകത്തു കടന്നു. ദേഹമാസകലം ബാന്റേജുകളും മൂക്കിലും വായിലും ഓക്സിജൻ മാസ്കും ട്യൂബുകളുമായി കിടക്കുന്ന ഉണ്ണ്യേട്ടനെ ഞാൻ പതുക്കെ വിളിച്ചു. ആ കണ്ണുകൾ പിടഞ്ഞു തുറന്നു. ചുറ്റും പരതുന്ന കണ്ണുകൾ എന്നിൽ തറഞ്ഞു. അതിൽ നിമിഷനേരം ആശയവും പ്രേമവും ഞാൻ കണ്ടു. പിന്നെ കണ്ണുകൾ കൂമ്പി. ഇ. സി. ജി. മെഷിനീൽ ഗ്രാഫ് നേർവരയായി. ഞാൻ ദീനയായി വിളിച്ചു ഉണ്ണ്യേട്ടാ.

നേഴ്സ് ഓടി വന്നു. നാഡി പരിശോധിച്ചു. ഡോക്ടറെ വിളിക്കുവാൻ പോയി. ഉണ്ണ്യേട്ടന്റെ അമ്മ അകത്തു കയറി. മകന്റെ മൃതശരീരം ഒരുനോക്കു നോക്കി. എന്റെ നേരെ നോക്കി തീപാറുന്ന കണ്ണുകളോടെ പറഞ്ഞു. നീയാണ് എന്റെ മകനെ കൊന്നത്. എന്റെ മനസ്സ് അവരോടുള്ള വിരക്തിയിൽ പൊതിഞ്ഞു. ഞാൻ വേച്ചു വേച്ചു പുറത്തിറങ്ങി. മുമ്പിലതാ രമേശൻ ചേട്ടൻ എന്നെ കൈപിടിച്ച് നടത്തിക്കൊണ്ടു പറഞ്ഞു. ഞാൻ ടാക്സി വിളിച്ചിട്ടുണ്ട്. എന്നെ ടാക്സിയിൽ കയറ്റി തിരിച്ച് വീടെത്തിച്ചു, അമ്മ മുൻവശത്ത് കാത്തു നിന്നിരുന്നു. എന്നെ അണച്ചു പിടിച്ചു. അമ്മയ്ക്ക് പതിവില്ലാത്ത ഒരു ഭാവമായിരുന്നു. രാധേച്ചി വന്ന് എന്നെ തോളിൽ വട്ടം പിടിച്ച് മുറിയിൽ കൊണ്ടു വന്ന് കട്ടിലിൽ കിടത്തി. ഞാൻ വീണ്ടും മയക്കത്തിലേയ്ക്ക് മടങ്ങി. രണ്ടുമൂന്ന് ദിവസം ആ കിടപ്പ് കിടന്നു. തിരിച്ച് ഉണർവ്വിലേക്ക് വന്നപ്പോൾ ബാങ്കിൽ നിന്ന് അന്വേഷണം വന്നു എന്ന് അറിഞ്ഞു. ഞാൻ വീണ്ടും ഉദ്യോഗജീവിതത്തിലേയ്ക്ക് മടങ്ങി. പക്ഷെ അതിന്റെ നിർവൃതി നഷ്ടപ്പെട്ടതുപോലെ ഞാൻ ഒരു വിധവയായി തീർന്നിരിക്കുന്നു. മരണം കൊണ്ട് ഉണ്ണ്യേട്ടൻ എന്നെ തോല്പിച്ചു.

ഇന്ന് വീണ്ടും വിവാഹം കഴിക്കുവാൻ തയ്യാറായി നിൽക്കുന്നത് മോഹന സ്വപ്നങ്ങളൊന്നുമില്ലാതെയാണ്. സത്യത്തിൽ ഭയമാണ് എന്നെ ഭാവിയിലേക്ക് നോക്കുവാൻ ഭരിക്കുന്ന വികാരം. അമ്മയും രാധേച്ചിയും ചേട്ടനും കൂടി നിർബന്ധിച്ചപ്പോൾ ഞാൻ ഒരു നിബന്ധന മാത്രം വെച്ച് വഴങ്ങി. വിവാഹച്ചടങ്ങ് രജിസ്ട്രാഫീസിൽ വച്ച് ഒപ്പിടുന്നതിൽ ഒതുക്കണം.ഞാൻ നേരിട്ട് കണ്ടിട്ടില്ല. രാധേച്ചി വർണ്ണിച്ചു തന്ന രൂപം മാത്രമേ അറിയൂ. ഞാൻ തിരിച്ച് എന്റെ വസ്ത്രങ്ങളുടെ ലോകത്തിലേക്കു വന്നു. ആദ്യ വിവാഹത്തിനെടുത്ത വസ്ത്രങ്ങളല്ലാതെ പുതിയതായി ഒന്നും ഇല്ല എന്ന് ഞാൻ വിസ്മയത്തോടെ ഓർത്തു. പുതിയ വസ്ത്രങ്ങളില്ലാത്തതിൽ എനിക്കു മോഹഭംഗമൊന്നുമില്ലായിരുന്നു. എനിക്കു നവവധുവാകാനുള്ള കെല്പുണ്ടായിരുന്നില്ല.

'നീ ഇവിടെ എന്തു ചെയ്യുകയാണ്.'? രാധേച്ചി പുറകിൽ നിഴലനക്കി. ഞാൻ ഒന്നും പറഞ്ഞില്ല.





